KOTTAYAM

മുഖവുര

അനാദ്യന്തനും, സർവ്വവ്യാപിയും, സർവ്വശക്തനും, സൃഷ്ടിസ്ഥിതിസംഹാരകനും, കരുണ, നീതി, വിശുദ്ധി എന്നിവയിൽ സംപൂർണ്ണനും, സ്നേഹസ്വരൂപനുമായ ദൈവം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായി കൃപയോടെ ദാനം ചെയ്തിരിക്കുന്ന നിർമ്മലകാതോലിക്ക വിശ്വാസം(മതം)പാലിച്ചുകൊണ്ടുപോകുന്ന ആകമാനക്രൈസ്തവസഭയുടെ*പൊതുനാഥയും പൗരസ്ത്യമഹാഇടവകയുടെ*പ്രത്യേകനായികയുമാകുന്ന വി: അന്ത്യോഖ്യാ ശ്ലൈഹികസിംഹാസനസന്നിധിയിൽ ഈ പ്രകരണം സനാതിപൂർവം സമർപ്പിച്ചുകൊള്ളുന്നു.

പൗരസ്ത്യമഹാ ഇടവകയിൽപെട്ട മലങ്കര എവുപ്രക്കിയാ ഇടവകയിലെ കണ്ടനാട്ട ഭദ്രാസന ഇടവകാതൃത്തിയിലുള്ളതെങ്കിലും വി: അന്ത്യോഖ്യാസിംഹാസനത്തിന്റെ ഉടമസ്ഥതയിലും തന്നുഭരണത്തിലുമിരിക്കുന്നതും കുറിഞ്ഞി, പുത്തൻകുരിശു എന്ന പള്ളികളോട്ട വളരെ സമീപ്യമുള്ളതുമായ മലേൽകുരിശു സിംഹാസന ദയറാവകയായി പ്രസിദ്ധീകരിക്കുന്നതു.

അച്ചടിച്ചതിനുശേഷവും "എഴുത്തു പുസ്തകം" എന്നു തന്നെ നാമകരണം ചെയ്യപ്പെട്ടിരിക്കുന്ന ഈ പുസ്തകം ഒരു വിശിഷ്ട കൃതിയാണെന്നു ഒരാവൃത്തി എങ്കിലും വായിക്കുന്ന എവർക്കും ബോദ്ധ്യപ്പെടാതിരിക്കയില്ല.

പരിശുദ്ധ കാതോലിക്കാ സഭയുടെ നേതൃത്വം വഹിക്കുന്നതും നിർമ്മല കാതോലിക്ക വിശ്വാസത്തെ പാലിച്ചു പ്രചരിപ്പിക്കുന്നതുമായ വി: അന്ത്യോഖ്യാ ശ്ലൈഹിക സിംഹാസനത്തോടും ആ സിംഹാസനത്തെ അലങ്കരിക്കുന്ന കുലപതിയും ശ്രേഷ്ഠ മഹാപു

---

* വി: കാതോലിക്ക് വിശ്വാസത്തെ പാലിക്കുന്ന എല്ലാ സിംഹാസനത്തിനും പൊതുവായും പ്രത്യേകമായുമുള്ള ഉടമസ്ഥതാധികാരങ്ങൾക്കു അവകാശമുള്ളതും പ്രസ്തുത വിശ്വാസമില്ലാത്ത യാതൊരുവനുമാകട്ടെ സഭയിൽ ഒരു സ്ഥാനവുമില്ലാത്തതുമാകുന്നു.

രോഹിതനുമായ മോറാൻ പാത്രിയക്കീസുബാവാ തിരുമേനിയോടും മല്ലപ്പിള്ളിൽ ഗീവറുഗീസു മാർ ദിവന്നാസ്യോസു മെത്രാപ്പോലിത്താ അവർകൾ നിശ്ശങ്കം മല്ലുകെട്ടാൻ തുടങ്ങിയ കാലം മുതൽ, അദ്ദേഹത്തെ സംബന്ധിച്ചുണ്ടായിരുന്ന എന്റെ പ്രത്യാശ വിഫലമാകാൻ പോകുന്നല്ലൊ എന്നു തന്നിമിത്തം ഞാൻ വല്ലാതെ വ്യസനിപ്പാൻ തുടങ്ങി. ഒന്നിലധികം എഴുത്തുകൾ അദ്ദേഹത്തിന്റെ പേൎക്കു ഞാനയച്ചു. പ്രയോജനമുണ്ടാകുന്നില്ലെന്നു കണ്ടപ്പോൾ മുതല്ക്കാണു ആ എഴുത്തുകളും മററും കൂട്ടിച്ചേൎത്തു ഇങ്ങിനെ ഒരു പുസ്തകം ചമക്കണമെന്നു തോന്നിയതു. കൂടാതെ സഹൃദയന്മാരായ ചില സ്നേഹിതന്മാരും ഇതിലേക്കു എന്നെ നിർബന്ധിച്ചിട്ടുമുണ്ടു. എന്നിരുന്നാലും ഓരോ കാരണങ്ങളാൽ ഇതുപൎയ്യന്തം വിഘ്നപ്പെട്ടു. ദൈവം കൃപചെയ്തു ഇപ്പോഴെങ്കിലും ആഗ്രഹം നിറവേററിയതിൽ ദൈവത്തെ ഹൃദയപൂൎവ്വം സ്തുതിക്കുന്നു.

ഇതിനുവേണ്ടി വളരെ ബുദ്ധിമുട്ടു സഹിച്ചു എന്നെ സഹായിച്ച ദിവ്യശ്രീ പുല്ല്യാട്ടുകലൻ സ്കറിയാകത്തനാരവർകളോടും വേറൊരു പ്രതി എഴുതിത്തന്ന രാ. രാ. ചോളോത്തിൽ മിസ്റ്റർ ചാക്കൊ എന്ന യുവാവിനോടും എനിക്കു വളരെ നന്ദിയുണ്ടു.

യഥാൎത്ഥകാതോലിക്കാ പള്ളി ഏതെന്നും, ആ പരിശുദ്ധ സ്ഥാപനത്തിൽ കാതലായ രക്ഷാകരനിഷ്കളങ്കവിശ്വാസം എന്തെന്നുമുള്ള വിവരണവും, മത്സരിയായിത്തീൎന്നു ഭ്രഷ്ടനാക്കപ്പെട്ട പാലക്കുന്നത്തു മത്തിയൂസ് അത്താനാസ്യോസിന്റെ അധീനതയിൽനിന്നു ഈ മലങ്കര ഇടവകയെ വീണ്ടെടുത്തു സ്വാതന്ത്ര്യപ്പെടുത്തുവാൻ പരേതനായ വി: മോറാൻ പത്രോസ് തൃതീയൻ പാത്രിയക്കീസുബാവാ തിരുമനസ്സുകൊണ്ടു തന്റെ ആഗമനംമൂലം തുറന്നുതന്ന മാൎഗ്ഗേ കാലംചെയ്ത പുലിക്കോട്ടിൽ യൗസേപ്പു മാർ ദിവന്നാസ്യോസുമെത്രാപ്പോലീത്താ തിരുമേനി ആ വി: പിതാവിന്റെ വലത്തുകൈയ്യായിനിന്നു ആജ്ഞാനുസരണം ശക്തിമത്തായ പോരാട്ടം നടത്തി ദൈവകൃപയാൽ പ്രസ്തുത മത്തിയൂസ് അത്താനാസ്യോസിൽനിന്നു ഈ ഇടവകയെ വീണ്ടെടുത്തു സ്വാതന്ത്ര്യപ്പെടുത്തിയെങ്കിലും

ആ വന്ദ്യമേല്പട്ടക്കാരന്റെ കാലശേഷം നമ്മുടെ * വട്ടശ്ശേരിൽ
ഗീവറുഗീസു മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ അവർകൾ
—മനുഷ്യൻ എന്നും അടിമയാണു, ഒരിക്കലും അവൻ സ്വതന്ത്രന
ല്ല; എന്നുകിൽ മരണത്തിന്നായി പാപത്തിന്റെ, അന്തിക്രിസ്തുവി
ന്റെ, പിശാചിന്റെ ദാസന്മാർ അതായതു കായേൻതൊട്ടു നാശ
പുത്രനായ പാപത്തിന്റെ മനുഷ്യൻ വെളിപ്പെടുന്നതുവരെ മുൻ
ഗാമികൾ (ദുരുപദേഷ്ടാക്കൾ) മുഖാന്തിരവും അവൻ വെളിപ്പെട്ട
തിനുശേഷം ദൈവപുത്രനാൽ നിഗ്രഹിക്കപ്പെടുന്നതുവരെ നേരി
ട്ടും അനുഗാമികൾ വഴിയായും; അല്ലെങ്കിൽ ജീവന്നായി നീതിക്കും
വിശുദ്ധിക്കും അനുസരണത്തിന്റെ, യേശുക്രിസ്തുവിന്റെ, ദൈ
വത്തിന്റെ ദാസന്മാർ അതായതു ഹാബേൽതൊട്ടു ദൈവപുത്രന്റെ
മനുഷ്യാവതാരംവരെ മുൻഗാമികൾ മുഖാന്തിരവും തന്റെ ആരോ
ഹണം മുതൽ രണ്ടാമത്തെ എഴുന്നെള്ളത്തുവരെ വി: പത്രോസു ശ്ലീ
ഹാതുടങ്ങി പിൻഗാമികൾ (പാത്രിയർക്കീസന്മാർ) വഴിയായും അ
ടിമകളത്രെ എന്നുള്ള സത്യാവസ്ഥ നല്ലപോലെ അറിയാവുന്ന മെ
ത്രാപ്പോലീത്താ അവർകൾ-- (റോമ. 6: 15-23; ഗലാ. 5: 1- 9;
2 കോരി. 6: 14-18) തന്റെ മുൻഗാമി, സഭതലവനെ അനു
സരിച്ചു നിന്നു യുദ്ധംചെയ്തു സമ്പാദിച്ച പ്രസ്തുത സ്വാതന്ത്ര്യവും
അതായതു ഇടത്തുട്ടുകാരനായ മത്യൂസു അത്താനാസ്യോസിൽനിന്നു വി
ടുത്തപ്പെട്ട വി: സിംഹാസനത്തിന്നും അതിന്മേൽ വാണരുളുന്ന
മോറാൻ പാത്രിയർക്കീസുബാവാതിരുമേനിക്കും കീഴ്പെട്ടിരിക്കയെന്നു
ള്ള സാക്ഷാൽ ക്രിസ്തീയ സ്വാതന്ത്ര്യവും--കേവലം അടിമതന്നെ
യാണു, മലങ്കര ഇടവക ഒരു സ്വതന്ത്ര സഭയാണു എന്നെല്ലാം ശ
ഠിച്ചും ആ വിധത്തിൽ ഇടവകാംഗങ്ങളിൽ പലരേയും തെററിദ്ധ
രിപ്പിച്ചും കാൽശതാബ്ദകാലത്തോളമായി ഈ ഇടവകയിൽ എ
ന്നെന്നില്ലാത്ത കുഴപ്പങ്ങളും കലാപങ്ങളും ഉണ്ടാക്കിയിരിക്കുന്നതും
ഇപ്പോഴും യാതൊരു ശമനവുമില്ലാതെ നിലവിലിരിക്കുന്നതുമായ മ

---

*മല്ലപ്പിള്ളിൽ എന്നും വട്ടശ്ശേരിൽ എന്നും പറയാറുണ്ടു. ആ
ദ്യത്തേതു ദേശപ്പേരും രണ്ടാമത്തേതു വീട്ടുപേരുമാണു.

സംഗതിവിവരം

1	നി. വ. ദി. ശ്രീ. മലങ്കരയുടെ ഗീവറുഗീസു മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമേനിയെ മുടക്കുന്നതിനുമുമ്പു അദ്ദേഹത്തിൻെറ പേക്കയച്ച എഴുത്തു.	1—14
2	ടി എഴുത്തൊന്നിച്ചയച്ച സുറിയാനി പാട്ടിൻെറ തർജ്ജിമ	14—21
3	പ്രസ്തുത പാട്ടുസഹിതമയച്ച എഴുത്തിനു തന്ന മറുപടി കല്പന	22—23
4	മനോരമാ മനേജൎക്കയച്ച എഴുത്തു	23—34
5	കടമററത്തുകാരായ രണ്ടു ശെമ്മാച്ചന്മാൎക്കയച്ച എഴുത്തു	34—41
6	ടി എഴുത്തിനെപ്പററിയും മററുമുള്ള നിരൂപണം	41—45
7	ഇതെസംബന്ധിച്ചുള്ള രേഖകൾ	45—46
8	എം. പി. പത്രോസുകത്തനാരുടെ എഴുത്തു	47—48
9	പ്രസ്തുത എഴുത്തിനുകൊടുത്ത മറുപടി	48—53
10	കെ. ടി. ഗീവറുഗീസു ശെമ്മാച്ചൻെറ എഴുത്തു	53—55
11	ടി എഴുത്തിനയച്ച മറുപടി	55—58
12	പുന്നൂസുറമ്പാച്ചൻെറ എഴുത്തും അതുസംബന്ധിച്ചുള്ള മററു വിവരങ്ങളും	59—62
13	സി. എം. തോമസിൻെറ എഴുത്തുകളും അതെപ്പററിയുള്ള മററു സംഗതികളും	63—74
14	ഫാദർ പി. ററി. ഗീവറുഗീസിൻെറഎഴുത്തുകളും അതുസംബന്ധിച്ചുള്ള വിമൎശനങ്ങളും	74—84

15 അവരെയ തുടന്നുള്ള എഴു ആവത്തന ചോദ്യോത്തരങ്ങൾ 84—2
(1) ഇതരസ്വഭാവാംഗീകരണ വിഡ്ഢിത്വം 84… 86
(2) പരിശുദ്ധാത്മദയപുറപ്പാടിലുള്ള ആശ്രയ മൌഢ്യം 86… 91
(3) നിജ്ജീവ പത്തിരാ നമ്പൽസാഹസം '91… 95
(4) അമലോത്ഭവ സ്വീകരണ ദോഷത്വം 95… 99
(5) വ്യാജ ബസ്പുക്കാനാഭയാജ്ഞത്വം 99…102
(6) വി: കാതലായ കാതോലിക്സഭാ കൈവെടിയൽ നീചത്വം 102…117
(7) പരിശുദ്ധാഭിഷേകമാകുന്ന മൂറോൻ നിഷേധ കിണ്ടം 117…12
16 "സ്വദൃഷ്ടിയാൽ കണ്ടിട്ടും ഇതുപര്യന്തം സഹിച്ചപാത്തല്ലൊ" എന്ന ലേഖനവും അതേപ്പററിയുള്ള വിവരണവും 129
17 മടക്ക മെത്രാച്ചൻ മട്ടിനിൽനിന്നു മടങ്ങിവന്നശേഷം അങ്ങേതുടെ പേർക്കയച്ച എഴുത്തും മറുപടിയും വിമശനവും 142
18 റിവിഷ്യൻകേസ്സുജയിച്ചശേഷം ടി. മെത്രാച്ചൻറ പേർക്കയച്ച എഴുത്തു 153—
19 പ്രസ്തുത എഴുത്തുസംബന്ധിച്ചുമററുമുള്ള വിവരണം
20 വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാച്ചൻറ മറുപടിക്കത്തു 158—160
21 മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവറുഗീസു കത്തനാരുടെ മറുപടിക്കത്തു 160—161
22 ഇതുസംബന്ധിച്ചുമററുമുള്ള വിവരണങ്ങൾ 161—162
23 ഒപ്പത്തഞ്ചു സാധാരണ ചോദ്യോത്തരങ്ങൾ 163—181
181—206

എത്രയും സാരവത്തായ

ഒരു

എഴുത്തുപുസ്തകം

[നി. വ. ദി. മ. ശ്രീ. രണ്ടാമത്തെ അബ്ദേദമ്ശിഹാ എന്ന തിരുനാമധാരിയായി അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും വി. പത്രോസിനടുത്ത ശ്ലൈഹികസിംഹാസനത്തിന്മേൽ വാണരുളിയ മോറാൻ മോർ ഇഗ്നാത്തിയോസു പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു നി. വ. ദി. ശ്രീ. മലങ്കരയുടെ ഗീവറുഗീസു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ അവർകളെ സ്ഥാനഭ്രംശം ചെയ്യുന്നതിനു മുമ്പു അദ്ദേഹത്തിൻെറ പേൎക്ക അയച്ച എഴുത്തിൻെറ പകൎപ്പ്]

തന്നെ ഭയപ്പെടുന്നവരെ കാത്തുകൊള്ളുകയും, പ്രധാന ഗുരുത്വത്തെ ഉന്നതപ്പെടുത്തുകയും, സത്യമാനസാന്തരക്കാരെ ... ഗീകരിക്കയും, എളിയവരെ കുപ്പയിൽ നിന്നുയൎത്തി സിംഹാസ... ങ്ങളിൽ ഇരുത്തുകയും, എന്നാൽ നിഗളികളെയും അഹങ്കാരിക... യും അവരുടെ സ്ഥാനങ്ങളിൽ നിന്നു വീഴിക്കയും ചെയ്യുന്ന കൎത്താ... വിൻെറ തിരുനാമത്തിൽ തനിക്കു സ്തുതി:—

മലങ്കരയുടെ മഹാനും ശ്രേഷ്ഠനുമായ ഗീവറുഗീസ് മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ എന്ന ഭാഗ്യശാലിയായ പിതാവേ!

അങ്ങെ പ്രാൎത്ഥന ഞങ്ങളോടു കൂടെ ഉണ്ടായിരിക്കണമെ.
ആമ്മീൻ.

വന്ദ്യപിതാവെ! തിരുമനസ്സിലെ ആത്മീക പുത്രനും ശുശ്രൂഷകനും ആയിരിക്കുന്ന ബലഹീനനും പാപിയുമായ ഞാൻ അവിടത്തെ വി: തൃക്കൈ മുത്തിക്കൊണ്ടു താഴ്മയായി തിരുമനസ്സറിയിച്ചു കൊള്ളുന്നു:— ഈ എഴുത്തു തിരുമനസ്സിലേക്കു അയക്കുന്നതിനു എന്നെ ഉത്സാഹിപ്പിച്ചതു നമ്മുടെ വി. പിതാവായ നി. വ. ദി. മ. ശ്രീ. മോറാൻമോർ ഇഗ്നാത്തിയോസു പാത്രിയക്കീസുബാവാ തിരുമേനിയെക്കുറിച്ചു ഞാൻ ഉണ്ടാക്കിയിട്ടുള്ളതും ഇതോടൊന്നിച്ചു അയക്കുന്നതുമായ ഒരു സ്തിത്തോ(പാട്ടു)യാണു. ഞാൻ തിരുമേനിയെക്കുറിച്ചു ആദ്യമായി കേട്ടതു എന്റെ ചെറുപ്പത്തിലെ സഹപാഠികളായ രണ്ടു കൊച്ചുശെമ്മാച്ചന്മാരിൽ നിന്നാണു. ഇവർ ഞങ്ങളുടെ ഗുരുവിനോടുകൂടെ പരുമലേയോളം എന്തോ കാരണവശാൽ പോകാനിടയായി. അവിടെവച്ചു അവർ തിരുമേനിയെ കണ്ട സമയം തിരുമനസ്സുകൊണ്ടു അവരോട് "നിങ്ങൾ ക്രിസ്തുവിനെ കണ്ടിട്ടുണ്ടോ," എന്നു ചോദിക്കയും അവർ ഇല്ലെന്നു മറുപടി പറഞ്ഞപ്പോൾ നമുക്കുവേണ്ടി മരിച്ച നമ്മുടെ രക്ഷകനെ നിങ്ങൾ അറിയാത്തതു കഷ്ടമല്ലെയെന്നു പറഞ്ഞുംവച്ചു ഇന്ന വിധത്തിലായാൽ നിങ്ങൾക്കു ക്രിസ്തുവിനെ കാണ്മാൻ കഴിയുമെന്നും നിങ്ങൾ അങ്ങിനെയാകണമെന്നും മററും അവരോടു ഒരു ഗുണദോഷം പറകയും ചെയ്തുയെന്നു അവർ തിരിച്ചു വന്നപ്പോൾ എന്നോടു പറകയുണ്ടായി. ഈ സംഭവം ഞങ്ങൾ ആദ്യപാട്ടമേററ കാലത്തു നന്നാ ചെറുപ്പത്തിൽ നടന്നതാണു. എന്റെ സഹപാഠികളിൽ നിന്നു തിരുമേനിയെക്കുറിച്ചും അവിടന്നു പറഞ്ഞ ഗുണദോഷത്തെക്കുറിച്ചും കേട്ടപ്പോൾ കുട്ടി പ്രായത്തിലിരുന്ന എന്നിലുണ്ടായ സന്തോഷവും മതിപ്പും അന്നു മുതൽ തിരുമേനിയെ ഒന്നു കാണണമെന്നുണ്ടായ ആഗ്രഹവും അല്പമല്ലാഞ്ഞു. ഇതുപോലെ തന്നെയായിരുന്നു അഞ്ചേ സഹമല്പാനായ പാമ്പാക്കുടെ അച്ചനെക്കുറിച്ചും എനിക്കു

ചെറുപ്പത്തിലെ ഉണ്ടായിരുന്ന മതിപ്പും സ്നേഹവും. ഇങ്ങിനെ എന്നിൽ കടന്നുകൂടിയ സ്നേഹവും മതിപ്പും നിമിത്തം സിമ്മനാരിയിൽ വന്നു നിങ്ങളിരുവരുടെയും അടുക്കൽ പഠിക്കണമെന്നു ആഗ്രഹം ജനിക്കയും ഈ ആഗ്രഹം ബ: തട്ടമ്പാറെലച്ചൻെറ ഗുണദോഷത്താൽ ശക്തിപ്പെടുകയും അങ്ങിനെ ഞാനും എൻെറ സഹപാഠികളായ ചില കൊച്ചു ശെമ്മാച്ചന്മാരും സിമ്മനാരിയിലേക്കു പുറപ്പെടുകയും ചെയ്തു. ഞങ്ങൾ അവിടെ വന്ന അവധിയ്ക്കിൽ പാമ്പാക്കടെയച്ചൻ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. അവിടുന്നു എന്തോ സുഖക്ഷയം നിമിത്തം സ്ഥലത്തില്ലായിരുന്നതിനാലും, ആ അവധി കഴിഞ്ഞതോടുകൂടി സിമ്മനാരിയിലെ പഠനം വിഘ്നമായതിനാലും അങ്ങേ അടുക്കൽ ശിഷ്യപ്പെടുവാനെന്നല്ല ഒരു കണ്ണു കാണാനും ഞങ്ങൾക്കു കഴിഞ്ഞില്ല. പിന്നീടു വളരെ നാളുകളുടെ ശേഷം (ഒരു കൂട്ടത്തിനോ മറേറാ എന്നു തോന്നുന്നു) ഞാൻ സിമ്മനാരിയിൽ വന്നിരുന്നപ്പോഴാണു കാണ്മാൻ ഭാഗ്യം കൂടിയതു. അന്നുമുതൽ പല അവസരങ്ങളിലും കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ടു. എന്നിരുന്നാലും വലിയ അടുപ്പത്തിനൊ പരിചയത്തിനൊ ഇടയായിട്ടില്ല. എങ്കിലും ചെറുപ്പകാലത്തു തിരുമേനിയെക്കുറിച്ചു എന്നിൽ കടന്നുകൂടിയ സ്നേഹവും മതിപ്പും ഓരോ കാരണങ്ങളാൽ വദ്ധിച്ചുവരികയല്ലാതെ ഒട്ടുംതന്നെ കുറയുകയല്ല ചെയ്തതു. എന്തിനു പറയുന്നു നമ്മുടെ സഭയിലെ കുഴപ്പങ്ങളെ സംബന്ധിച്ചു മിക്കപ്പോഴും പറയുമ്പോൾ അവിടുന്നു ഒരു മലങ്കര മെത്രാപ്പോലീത്താ ആയാൽ വല്ലതും ഗുണമുണ്ടായേനെ എന്നൊരു പറച്ചിൽ എന്നിൽ സാധാരണയായി. അങ്ങിനെയിരിക്കുമ്പോൾ ഒരിക്കൽ എൻെറ സ്നേഹിതന്മാരായ ചിലരോട് സഭയിലെ കുഴപ്പങ്ങളെയും നിവൃത്തിമാർഗ്ഗങ്ങളെയും പററി പതിവുപോലെ സംസാരിപ്പാൻ ഇടയായ അവസരത്തിൽ മല്ലപ്പിള്ളിലച്ചൻ മലങ്കര മെത്രാപ്പോലീത്താ ആയിതീന്നെങ്കിൽ സഭയ്ക്കു വല്ല ഗുണവുമുണ്ടായേനെ എന്നു ഞാൻ പറഞ്ഞു. അപ്പോൾ ഒരാൾ റമ്പാ

ച്ചൻ അങ്ങേരെ വേണ്ടപോലെ അറികയില്ല, അദ്ദേഹം അവിശ്വാസിയും കള്ളനുമാണ്, അദ്ദേഹം മലങ്കരയായാൽ ഗുണത്തിനു പകരം ദോഷമല്ലാതെ ഒരിക്കലും ഉണ്ടാകുന്നതല്ല എന്നു പറഞ്ഞു. ഞാൻ അതിനു മറുപടിയായിട്ടു അദ്ദേഹം ഒരിക്കലും അവിശ്വാസിയുംകള്ളനുമല്ലാ, വിശ്വാസിയും സത്യവാനുമാണെന്നു അദ്ദേഹം ഉണ്ടാക്കിയ മത സംഗതി തന്നെ മതിയായ തെളിവാണെന്നു പറഞ്ഞപ്പോൾ, പുസ്തകംകണ്ടതു കൊണ്ടായില്ല, അറിവും പഠിപ്പും ഉണ്ടെങ്കിൽ അതിലും കേമപ്പെട്ട പുസ്തകം എഴുതുവാൻകഴിയും. പുസ്തക രചനയിലല്ലാ ഭക്തിയും, വിശ്വാസവും, സൽസ്വഭാവവും ഇരിക്കുന്നതെന്നു പറഞ്ഞു എന്നെ ജയിക്കാൻ തുടങ്ങി. എങ്കിലും എനിക്കു അത്ര സമ്മതമായില്ല. കലാശം എന്റെ ആഗ്രഹംപോലെ അങ്ങേ ഒരു മെത്രാപ്പോലീത്താ ആയി പട്ടം കെട്ടുന്നതിനു യോഗം തെരിഞ്ഞെടുക്കയും സ്ഥാനാരോഹണത്തിനായി ഊർശ്ലേമ്മിലേക്കു പോകാൻ തിരുമാനിക്കയും ചെയ്തപ്പോൾ എനിക്കുണ്ടായ സന്തോഷം പറയാവതല്ല. ഈ സന്തോഷാധിക്യം നിമിത്തം യാത്ര അയപ്പാനായി ആലുവായിലോളം ഒന്നെത്തുപ്പെടാൻ ഈ കാലില്ലാത്ത ഞാൻ എത്രത്തോളം ശ്രമിച്ചുയെന്നു എനിക്കേ അറിഞ്ഞുകൂടു. വണ്ടി കിട്ടായ്കയാൽ സാധിച്ചില്ലെന്നെയുള്ളു. പിന്നീടു സ്ഥാനമേററു തിരിച്ചു വന്ന കാലത്തു എതിരേല്പിനു സിമ്മനാരിയിൽ എത്താനാഗ്രഹിച്ചപ്പോൾ എതിരേൽപു ദിവസം വരെയുണ്ടായ പെരുമഴ എന്നെവളരെ തടഞ്ഞുയെങ്കിലും അശ്ലേഷം കൂട്ടാക്കാതെ എതിരേല്പിനു വന്നെത്തുകയും ഈ അസ്വസ്ഥനായ ഞാൻ നിരണത്തെക്കുള്ള നീക്കംവരെ സിമ്മനാരിയിൽ താമസിക്കയും നീക്കം കഴിഞ്ഞതിനുമേൽ മാത്രം തിരിച്ചു പോരുകയും ചെയ്തു. അങ്ങിനെ ഇവിടെ വന്നു താമസിക്കുമ്പോൾ തിരുമേനിയെകുറിച്ചും എം. എ അച്ചനെക്കുറിച്ചും "ദുഷ്ടശിരോമണികളായ" എന്നും മററും അനേകം ദൂഷികളടങ്ങിയ ഒരു ദൂഷിപത്രം കാണാനിടയായി. അതിന്റെ നിർമ്മാതാവു ആരാണെന്നു എനിക്കു അ

റിവും കിട്ടി. എന്റെ തിരുമേനി! ആ സമയം എന്നിലുണ്ടായ ഭാവപ്പകച്ച പറയാവതല്ല. എന്റെ ദേഹം ആസകലം വിറച്ചു. അതിനു ഒരു നല്ല സമാധാനമെഴുതണമെന്നു എനിക്കു നിർബ്ബന്ധമായി. എന്നാൽ ഞാനൊരു റമ്പാനാണല്ലൊ; ചിലപ്പൊഴന്നതു നന്നല്ലല്ലോ എന്നുവച്ചു അടങ്ങുകയത്രെ ചെയ്തതു. ഇതും തിരുമനസ്സറിയിച്ചതു കൊണ്ടു തിരുമേനിയോടു എന്റെ ഹൃദയം ഏതുപ്രകാരം ഇരുന്നിരുന്നുവെന്നു ഞാൻ ബോധിപ്പിക്കാതെ അറിയാവുന്നതാണല്ലൊ.

എന്നാൽ അവിടുന്നു വി: പാത്രിയക്കീസു ബാവായ്ക്കു എതിരാളിയായി തീൎന്നിരിക്കുന്നുവെന്നു കേട്ടമാത്രമുതൽ ഞാൻ മഹാ വ്യസന സാഗരത്തിൽ മുങ്ങിയിരിക്കയാണു. നെറിവു വിട്ടു അറിവു സമ്പാദിച്ച പിതൃദ്രോഹികളായിത്തീൎന്നിരിക്കുന്ന ചില ആഭാസ നാല്ക്കല്യന്മാരും മററും വി: പിതാവിനെക്കുറിച്ചു പത്രങ്ങൾ വഴിയായും ലഘുലേഖകൾ വഴിയായും ദൂഷണങ്ങൾ വാരിച്ചൊരിയുന്നതു കണ്ടുകൊണ്ടു ഒരു സമാധാനവും കല്പിക്കാതെയും വേണ്ട വിധത്തിൽ പരസ്യമായ കല്പനമൂലം അവരെ തടയാതെയും ഇരിക്കുന്നതു ഓൎക്കുമ്പോൾ തിരുമേനിയുടെ നേരെ അങ്ങേ ഭാവിശ്രേയസ്സിനെ കാംക്ഷിക്കുന്ന എനിക്കും വേറെ ചിലൎക്കും അനല്പമായ ക്രോധവും ഈൎഷ്യയും ഉണ്ടെന്നു പറയാതെ തരമില്ല. വി: സിംഹാസനത്തിന്റെ ആത്മിക ലൌകിക മേലധികാരങ്ങൾക്കെതിരായുള്ള ഈ വ്യാപാരം ദൈവത്തോടു മത്സരികളായിത്തീൎന്നു തള്ളപ്പെട്ട പൈശാചിക ഗണങ്ങളായി നരകാവകാശികളായി തീൎന്നിരിക്കുന്ന പ്രധാന ദൂതന്മാരുടെ പ്രേരണയാൽമാത്രം നടക്കുന്നതാണെന്നു തിരുമനസ്സുകൊണ്ടു അടങ്ങിയിരുന്നു ആലോചിച്ചാൽ അറിയാവുന്നതാണു. അവർ ശിക്ഷിക്കപ്പെട്ടിട്ടും മത്സരിക്കുന്നു. അവർ ആദ്യമനുഷ്യരെ തെററിച്ചു, ദൈവം മനുഷ്യൎക്കു രക്ഷ വാഗ്ദത്തം ചെയ്തപ്പോൾ അതിനെ നടത്താതിരിപ്പാൻ അവർ ഉത്സാഹിച്ചു, രക്ഷകൻ ജനിച്ചപ്പോൾ ഹേറോദേസിനെക്കൊണ്ടു കൊല്ലിപ്പാൻ നോക്കി, തന്റെ പരസ്യ ശുശ്രൂഷയുടെ ആരംഭകാലത്തു തന്നെ പരീക്ഷിച്ചു

വീഴിക്കാമെന്നുറച്ചു; അനുഭവം തൊലച്ചിൽ തന്നെ. എങ്കിലും "കക്കുന്തോറും മുടിയും, മുടിയുന്തോറും കക്കും" എന്നതിനെ ആശ്രയിച്ചാണു പോക്ക. ഗുരു ദേശത്തുവച്ചു പന്നികളുടെ ഉടമസ്ഥന്മാരെക്കൊണ്ടു തന്നെ തോല്പിക്കുവാൻ വിചാരിച്ചു. യഹൂദാ സ്കറിയോത്തായെക്കൊണ്ടും, ഹന്നാൻ, കയ്യാപ്പാ മുതൽ പേരെക്കൊണ്ടുള്ള പ്രയോഗത്താൽ പൊടിശങ്കരമാക്കിക്കളയാമെന്നുറപ്പായി തീരുമാനിച്ചു. എങ്കിലും ഗോല്ഗുൽത്തായുടെ മുകളിൽ വച്ചു സ്വന്തം തലയും വല്ലം തന്നെ തകരുകയാണുണ്ടായതു. എന്നിട്ടും പിറകോട്ടുമാറുവാൻ ഭാവമില്ല. സ്വാധിനമുള്ളിടംകൊണ്ടു (വാലുകൊണ്ടു) ഉപദ്രവിക്കാമെന്നു തന്നേ തീരുമാനിച്ചു ഉയൎപ്പിനെ മറയ്ക്കുവാനുനോക്കി. പെന്തിക്കൊസ്തിയിൽ അപ്പോസ്തോലന്മാരെ കള്ളു കുടിയന്മാരാക്കി. അനന്തരം യഹൂദന്മാരെക്കൊണ്ടും പുറജാതികളെക്കൊണ്ടും കൊല്ലും കൊലയും നടത്തിച്ചു. ഒന്നിനെ കൊല്ലുമ്പോൾ നൂറുണ്ടാകും. വഞ്ചനയല്ലാതെ നാശമില്ലെന്നു കണ്ടു. പിന്നെ നല്ലൊരു കമ്മാറിക്കൂടി 'ശിഷ്യന്മാരെ അവരുടെ പിന്നാലെ പോകുവാൻ തക്കവണ്ണം മനസ്സു മറിപ്പാൻ മറുപാടുകൾ സംസാരിക്കുന്നവർ നിങ്ങളിൽനിന്നുതന്നെ ഉണ്ടാകും' (അ:പ്ര:20-30)എന്നുള്ള നമ്മുടെ എതിരാളിയും ക്രിസ്തുവിൻെറ ഒരു പ്രധാന ഭടനുമായ പൌലോസ് അപ്പോസ്തലൻെറ പ്രവചനത്തെ നിവൎത്തിപ്പാൻ നാം ശ്രമിക്കുന്നപക്ഷം നമ്മുടെ അഭിലാഷം ഏറെക്കുറെ എങ്കിലും നിറവേറും, അതിനാൽ നാം അപ്രകാരം ചെയ്യാം എന്നുതീരുമാനിച്ചു പ്രവൎത്തി ആരംഭിച്ചു. അതിൻെറ ഫലമായി ഉടനെ നെസ്തോർ, അറിയോസു മുതലായ ഇടത്തൂട്ടുകാർ എഴുന്നേററു. വി. സുന്നഹദോസു ആ ഇടത്തൂട്ടുകാരെ ബഹിഷ്കരിച്ചു സഭയെ രക്ഷിച്ചു വേണ്ട ഉറപ്പുവരുത്തി. എങ്കിലും കാലക്രമേണ ആ ബീജത്തിൽ നിന്നുതന്നെ മല്ലനായ ലേയോനെ എഴുന്നേല്പിച്ചു മഹാ അക്രമം നടത്തി സഭയെ ഛിന്നഭിന്നമാക്കി. പ്രാണനെ കൊതിച്ചു ഒരു വലിയഭാഗം അവനോടു ചേൎന്നു നാശവഴിയിലായി. ആ കൂട്ടത്തിൽ നിന്നു പിന്നീടു ലൂഥർ മുതലായവരെ എഴുന്നേല്പിച്ചു. പി

ഴച്ചിടത്തുനിന്നും പിഴച്ച അനേക വിഭാഗങ്ങളുണ്ടായി. പിന്നിട്ട രക്ഷിക്കപ്പെടുവാനുള്ള ശേഷിപ്പാകുന്ന നമ്മുടെ വി. സഭയിൽ നിന്നു മത്യൂസ് അത്താനാസ്യോസിനെ എഴുനേല്പിച്ചു വലിയൊരു സമരം നടത്തി ഒരു ഭാഗം കൊണ്ടുപോയി. എന്നാൽ ഇപ്പോഴത്തെ ശ്രമം "എന്നാലും അതിൽ ദശാംശം ഇരിക്കും അതും തിരിച്ചു വന്നു ഭക്ഷിക്കപ്പെടും" എന്നു പറയും പോലെ ശേഷിപ്പുള്ളതും കൂടെ കൊണ്ടുപോകുന്നതിനാണു—നല്ല കരുക്കളെയാണുപയോഗിക്കുന്നതും—ഈ ശ്രമം പൂർവ്വാധികം എത്രതന്നെ സഫലമായാലും "നെയിൽവൃക്ഷവും കരുവേലക വൃക്ഷവും അവയുടെ ഇലകളെ പൊഴിച്ചു കളയുമ്പോൾ അവയുടെ വിത്തും അവയിലിരിക്കുന്ന പ്രകാരം തന്നെ പരിശുദ്ധ വിത്തു അതിന്റെ വിത്തുമായിരിക്കും" (എശാ:6-13) എന്നെഴുതിയിരിക്കുന്ന പ്രകാരം കുറെ പേരെങ്കിലും ബാവായുടെ കൂട്ടത്തിൽ ഉണ്ടായിരിക്കുമെന്നാണു എന്റെ വിചാരം. പക്ഷെ അവൎക്കു പാലക്കുന്നന്റെ പൊടിപൂര വാഴ്ചക്കാലത്തെ ബാവാകക്ഷിക്കാരെ പോലെ ഓലപ്പള്ളികൾ കെട്ടേണ്ടതായി വന്നേക്കും. എന്തു ചെയ്യാം? അങ്ങിനെയുള്ള കാലംവന്നാൽ അതും അനുഭവിക്കാതെ തരമില്ലല്ലൊ. അവൎക്കു സഭവക മുതലുകളും കിട്ടുകയില്ലായിരിക്കും. പൊയ്ക്കൊള്ളട്ടെ. എന്നാലും മേലധികാരത്തിനു കീഴ്‌വഴങ്ങി നില്ക്കുന്നതിനാൽ തങ്ങൾ അനുഗ്രഹ പാത്രങ്ങളാണല്ലൊ എന്നൊരു വലിയ സമാധാനം അവൎക്കുണ്ടാകാതിരിക്കയില്ല. അതിനെ നഷ്ടപ്പെടുത്തിയിട്ടു അവൎക്കു മറ്റൊന്നും വേണമെന്നാഗ്രഹവുമില്ല. നമ്മുടെ കൎത്താവിന്റെ അവസാനഎഴുന്നെള്ളത്തിനെ കുറിച്ചു റവ: ഹ്യൂബെട്ട് ബ്രൂക്കു എം. എ. അവർകളുടെ പ്രസംഗം (സഭാതാരക പുസ്തകം 6 ലക്കം 6, 8; 9, 11, 12; പുസ്തകം 7 ലക്കം 1 2) ഞാൻ വായിച്ചതു ഓൎക്കുമ്പോൾ 2. തെസ്സ:2:4-ൽ പറയുന്ന സംഭവം ഇക്കാലത്തായിരിക്കുമൊ നടക്കാനിരിക്കുന്നതു എന്നു തോന്നിപ്പോകുന്നു.

ഇനി നമ്മുടെ ഇപ്പോഴത്തെ പലവകയിൽ ചിലതു ബോധിപ്പിച്ചു കൊള്ളട്ടെ. മല്പാൻ കാനോനാ പരിഭാഷപ്പെടുത്തിയ കാ

ച്ചത്തുപുതിയ മാർ അത്താനാദേസ്യാസു മെത്രാപ്പോലീത്താ തിരു
സ്സിലെ റജിസ്റ്റ് ഉടമ്പടിയിൽ സാക്ഷിനില്ക്കേണ്ടി വരുമെന്നു അ
ഞ്ഞിരുന്നില്ലല്ലൊ" എന്നൊരു എതിരാളി പറയുന്നു. ("സമുദായ
മാനികൾ ദൃഷ്ടിവെപ്പാൻ" എന്നു പേരായ ലഘുലേഖ പുറം 6
ന്റെ മറുപടിയായിട്ടു പട്ടശ്ശേരി മല്പാൻ "പ്രധാന മേല്പട്ടക്കാരനാ
ൽ മാത്രം കൂദാശ ചെയ്യപ്പെടുന്ന മൂറോൻ" എന്നു മതസംഗതി
സ്തകം 9-ാം സംഗതിയിലും "സഭയുടെ പട്ടത്വത്തിന്നടുത്ത
ധികാരം അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാ
മാർ ഇഗ്നാത്തിയോസു പാത്രിയക്കീസു ബാവാ തിരുമനസ്സിലേ
ളുരിക്കുന്നതാകുന്നു." എന്നു 10-ാം സംഗതിയിലും പറഞ്ഞിരി
ന്നതു ഓർക്കുമ്പോൾ അദ്ദേഹം പിന്നീടു ഒരു മെത്രാപ്പോലീത്താ
യിത്തിന്നു വി. പാത്രിയക്കീസുബാവായ്ക്കു എതിരാളി ആകുമെന്നു
സ്തുത പുസ്തകം എഴുതിയ കാലത്തു ഒട്ടും കരുതിയിരുന്നില്ലെന്നു
റയുന്നതിൽ വല്ല അബദ്ധവും ഉണ്ടൊ? "എട്ടോല മാറിയാൽ പ
ട്ടോല" എന്ന വിധത്തിലായിരിക്കുന്ന കയ്യെഴുത്തു സുറിയാനിശ്രു
ഷക്രമ പുസ്തകങ്ങൾ അച്ചടിക്കാൻ പുറപ്പെടുന്നവർ പ്രസ്തുത
ഷയിലും പള്ളി ശുശ്രൂഷകളിലും കുറെ പരിജ്ഞാനം ഉള്ളവർ
യിരുന്നില്ലെങ്കിൽ ദൂഷ്യമുണ്ടെന്നുള്ളതു *റ. പ്രസ്സുകളിൽ നിന്നും
ളുനത്തിൽ അടിച്ചിറക്കിയിരിക്കുന്ന സുറിയാനിപുസ്തകങ്ങൾ "വാ
നക്കാരൻ" വല്ലവരെക്കൊണ്ടും ഒന്നു വായിപ്പിച്ചു മനസ്സിലാക്കാ
വെട്ടി, തിരുത്തി, തന്നിഷ്ടം കാണിച്ചു എന്നൊക്കെ ജല്പിച്ചു
വെച്ചുയാണൊ? (ഇടവകപത്രിക പുസ്തകം 19-ലക്കം 8-ൻ
വർ). ഭാഷാലോകം ഉറങ്ങിച്ചു കിടന്നകാലത്തു എഴുതപ്പെട്ട അഥ
ജ്ജിമ ചെയ്യപ്പെട്ട പുസ്തക കർത്താക്കളെ ഭാഷാലോകം ഉ
ണരുന്ന കാലത്തു അവർ കുററം പറയുവാൻ പുറപ്പെടുന്നതില
യാ ലജ്ജിക്കേണ്ടതു? ബ: കായംകുളം പീലിപ്പോസു റമ്പാച്ച
ൻ എന്നു തോന്നുന്ന തർജ്ജിമ ചെയ്യപ്പെട്ട വേദപുസ്തകത്തിൽ വ
ന്നു ആയി, പോകുന്നുആയി എന്നും മററും ഈ കാലത്തു ഭ്രാന്തു

* മാർ യൂലിയോസ്സു പ്രസ്സ്, മാർ തോമ്മാ പ്രസ്സ

ന്നുതോന്നിക്കുന്ന അനേകം പ്രയോഗങ്ങൾ ഉള്ളതിനെ കണ്ടു കൊ ണ്ടു അദ്ദേഹത്തെ നാം ആക്ഷേപിക്കുവാൻ പുറപ്പെടുന്ന പക്ഷം നാം ആരാണു? ഭാഷ ദൂഷിച്ചു കിടക്കുന്ന ഒരു കാലത്തു അതിനു അനുസരണമായി പുസ്തകം എഴുതുകയൊ ഭംഗിമ ചെയ്കയൊ ചെ യ്യുന്നതും വേണ്ട ഉപകരണങ്ങൾ കൂടാതെ (ഇടവകപത്രിക-ടി-ത ന്നെ)ഒരു പ്രവൃത്തിക്കു* പുറപ്പെടുന്നതുംതമ്മിൽ കൂട്ടിനോക്കുമ്പോ ൾ ഏതിനെയാണു കുററം പറയേണ്ടതു? ആദ്യത്തേതിൽ കുററ ത്തിനു കാരണമില്ലെന്നും രണ്ടാമത്തേതു കത്തിയും കൂടം കൂടാതെ ചിരയ്ക്കാൻ പുറപ്പെടുന്ന ക്ഷുരകൻെറ സമ്പ്രദായം പോലെ ആ ണെന്നുമാണു എൻെറ അഭിപ്രായം. വി: വേദവായനക്കുറിപ്പു ത ർജ്ജിമയിൽ ശരിപ്പെടുത്തേണ്ടിയിരുന്നതും സിമ്മനാരിയിൽ അച്ചടിച്ച സുറിയാനി കുറിപ്പിൽ ശരിപ്പെടുത്തിട്ടില്ലാത്തതും✤ കുറെ ഏറെ പ ണിപ്പെട്ടെങ്കിലല്ലാതെ ശരിപ്പെടുത്താൻ സാധിക്കാത്തതുമായ ഒരു പ്രധാനതെററു് തായിയിലുണ്ടായിരുന്നതു ഭംഗിമക്കാരൻെറ ദൃഷ്ടിയി ൽപെടാഞ്ഞിട്ടോ അഥവാ പെട്ടെങ്കിൽ പ്രയാസമോർത്തിട്ടോ, ശരി പ്പെടുത്താനിടയാകാഞ്ഞതു വലിയ ഭാഗ്യമായി. ശരിപ്പെടുത്തിയിരു ന്നുയെങ്കിൽ'വായനക്കാരൻ' ചല്ലവരും പറഞ്ഞുകേട്ടു ആവകക്കു തന്നിഷ്ടംകാണിച്ചെന്നോ മററൊ പറഞ്ഞേനെ. പ്രസ്തുത തെററു ശരിപ്പെടുത്തിയിരുന്നാൽതന്നെയും അത്രസൂക്ഷ്മദൃക്കുകളല്ലാതെ ഈ കൂട്ടരാരും കണ്ടുപിടിക്കുമെന്നു എനിക്കുതോന്നുന്നില്ല. തെററു എന്തെങ്കിലുമാകട്ടെ അതിനെ അഗണ്യമാക്കുന്ന ചിലതും ഉണ്ടാ യേക്കാവുന്നതുകൊണ്ടു ഇവിടെ പ്രസ്ഥാവിക്കുന്നില്ല. മല്പാനച്ചൻ

---

* ഇവിടെ അച്ചടിയെ ഉദ്ദേശിക്കുന്നു.

✤ ഈച്ച ചത്തിരുന്നതിൻെറയൊ മററൊ അടയാളം പു സ്തകത്തിലുണ്ടായിരുന്നാൽ ആ ആകൃതിയും യാതൊരു വ്യത്യാസവും കൂടാതെ അച്ചടിക്കയാണല്ലൊ സിമ്മനാരിക്കാരുടെ പതിവു; ഇതു കൊണ്ടു അവരുടെ പാണ്ഡിത്യം പ്രത്യക്ഷപ്പെടുന്നുണ്ടല്ലൊ.

ബാവായുടെ നമസ്കാരപ്പുസ്തകത്തിൽനിന്നു മററും ചിലഭാഗങ്ങ
ൾ തന്നിഷ്ടമായി എടുത്തുകളഞ്ഞുവെന്നു പറയുന്നതു ശരിയാണെ
ങ്കിൽ അതു ഏതൊ തക്കന്യായം കാണാതെയല്ലായിരിക്കാമെങ്കിലു
ം ആ ഭാഗം കളയാതെ അവശ്യംവല്ല പ്രത്യേക അടയാളവും കൊ
ടുത്തുകൊണ്ടു അടിച്ചിരുന്നെങ്കിൽ ഉത്തമമായിരുന്നേനെ എന്നു ചി
ലർക്കു തോന്നാം. പക്ഷെ അങ്ങിനെ ചെയ്യുന്നതായാൽ വല്ല
ന്യായവുമുണ്ടെന്നു കണ്ടിട്ടു മേലാവുകളുടെ അനുമതി സിദ്ധിച്ചിട്ടു
മായിരിക്കാം. മാററാവുന്നതു മാററുക തന്നെയെന്നുറച്ചു മാററിയതു
ബാവാന്മാരുടെയൊ മെത്രാപ്പോലീത്തന്മാരുടെയൊ മററൊ എ
ഴുത്തുകയൊ അവർ സ്ഥാനമേററൊ തങ്ങളുടെ സ്ഥലത്തേ
ക്കു വരുന്നുവെന്നൊ കേൾക്കുകയൊ ചെയ്യുമ്പോൾ ഒന്നു കുരിശു
വരച്ചു പോയതുകൊണ്ടു വല്ല പാപവുമുണ്ടോ? ഉണ്ടെങ്കിൽ പി
ന്നെ ആ സന്ദർഭങ്ങളിൽ എന്താണു ചെയ്യേണ്ടതു? സലാം ചെ
യ്കയൊ തൊഴുകയൊ ആണൊ? അതും വിരോധമാണെങ്കിൽ എ
ങ്ങിനെവേണമെന്നു കല്പിച്ചാൽ അപ്രകാരം ചെയ്കയും ചെയ്യിക്ക
യും ചെയ്തുകൊള്ളാം. ബാവായ്ക്കു ലൌകിക കാര്യങ്ങളിൽ മേലധി
കാരമില്ല. ആത്മിക കാര്യങ്ങളിലേയുള്ളു. അതും സംശയ സ്ഥാ
നത്തും വല്ലവരും ദയവായി കൊടുത്തുവെങ്കിൽ മാത്രവുമാണെന്നു
ചില തോന്ന്യാസക്കാർ പറയുന്നു. ഇതൊക്കെ എടേനോട്ടു പറയു
ന്നു എന്തിനാണെന്നു തിരുമേനിക്കു തോന്നുമായിരിക്കും. അതു
മററൊന്നുകൊണ്ടുമല്ല. ഈവക ആഭാസങ്ങൾ എഴുന്നള്ളിക്ക
ന്നതു തിരുമേനിയുടെ മേൽനോട്ടത്തിൻ കീഴും അവിടന്നറിഞ്ഞു
കൊണ്ടും ആണല്ലൊ എന്നും, വി: പാത്രിയർക്കീസ് ബാവാ തിരുമ
നസ്സുകൊണ്ടു അബേസാദേഹ്യന എതിരാളിആണെന്നു അരുളിച്ചെ
യ്ത ഒരുകല്പന (ഇടവകപത്രിക പുസ്തകം 19. ലക്കം. 3) ഒരുവ
ന്റെ ആവശ്യപ്രകാരമാണെങ്കിലും തിരുമനസ്സുകൊണ്ടു അയക്ക
കയും അതു ഇടവകപത്രികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്ത
ട്ടുവെന്നും. വി. പിതാവിനെ മറിച്ചും മററും സാധ്യമില്ലാത്ത

അധിക്ഷേപങ്ങൾ എഴുതുന്ന കൂട്ടർ അങ്ങിനെ ചെയ്യുന്നതു ചേൎച്ച യല്ലെന്നു രണ്ടക്ഷരമെങ്കിലും കല്പിച്ചെഴുതുവാൻ ഇതുവരെ ശ്രമിച്ചിട്ടില്ലെന്നുമാത്രമല്ലാ മൌനം അനുവാദമെന്ന നിലയിൽ അവരെ താങ്ങുകയാണല്ലൊ ചെയ്യുന്നതു എന്നോൎക്കുമ്പോഴുള്ള വേദനനിമിത്തം പറഞ്ഞുപോകുന്നതാണു. വി: പാത്രിയക്കീസ് ബാവാ തിരുമനസ്സുകൊണ്ടു ഡെപ്യൂട്ടേഷ്യൻകാൎക്കു കൊടുത്ത കല്പനയിൽ (സഭാതാരക പുസ്തകം 6. ലക്കം 10.) താൻ അസോസേഷ്യനു അനുകൂലിയാണെന്നു കാണുന്ന സ്ഥിതിക്കു അവിടന്നു ആ വി: പിതാവു അസോസേഷ്യനു പ്രതികൂലിയാണെന്നു വിധിച്ചതു മുളന്തുരുത്തി സുന്നഹദോസിനെക്കുറിച്ചുള്ള അവിടത്തെ വ്യാഖ്യാന പിശകാണെന്നു പറയേണ്ടിയിരിക്കുന്നു.

തിരുമനസ്സുകൊണ്ടു വിചാരിച്ചാൽമറ്റു തിരുമേനികളെപ്പോലെ ബാവാ തിരുമനസ്സിലെ രണ്ടുപ്രകാരത്തിലുള്ള മേലധികാരത്തിനു കീഴ്വഴങ്ങിയും വല്ലവനുംഎതൃക്കുന്നപക്ഷം അവനെ എങ്ങിനേയും അനുസരിപ്പിച്ചും മലങ്കര സമുദായത്തെ ശരിപ്പെടുത്തുവാൻ കഴിയുമെന്നു എനിക്കു പൂൎണ്ണ വിശ്വാസമുണ്ടു. നല്ലവഴികിടക്കുമ്പോൾ കാട്ടേകയറുന്നതു എന്തിനു? പാപമല്ലാത്തതും കഴിവുള്ളതുമായ കാൎയ്യങ്ങളിൽ മക്കൾ പിതാക്കന്മാരെ ധിക്കരിക്കുന്നതൊ അനുസരിക്കുന്നതൊ ഏതാണു മാനം? വി: സിംഹാസനം അതിനു തമ്മുടെ മലങ്കരസഭമേലുള്ള ആത്മികലൌകിക മേലധികാരങ്ങൾ എപ്പോഴുകാലത്തു സ്വമനസ്സാലെ ഇങ്ങു വിട്ടുതരുന്നുവൊ അന്നു സന്തോഷത്തോടെ സ്വീകരിച്ചുകൊള്ളുകയല്ലാതെ സിംഹാസനത്തോടു മത്സരിച്ചു അവയെ കൈവശപ്പെടുത്തുവാൻ ശ്രമിക്കുന്നതു ഒട്ടും ചേൎച്ചയല്ലെന്നു മാത്രമല്ല ഈശ്രമം സഫലമായാൽ തന്നെയും കലാശം മഹാവ്യസനത്തിനിടയായി തീരുന്നതല്ലാതെ ഒരിക്കലും ശുഭകരമായി പരിണമിക്കയുമില്ല.

അതിനാൽ പിതാവെ! എനിക്കു അങ്ങേടെ തൃക്കാലുകളിലുള്ള അപേക്ഷ അവിടന്നു ഇത്തരം വഷളന്മാരുടെ കൂട്ടത്തിൽ ചേരുകയും

മേലധികാരത്തെ നിഷേധിക്കയും ചെയ്യാതിരിക്കണമെന്നു
ല്ല അവരെ ശാസിച്ചമർത്തുകയും വി: സിംഹാസനത്തിന്റെ
ത്മികമായും ലൌകികമായുമുള്ള മേലധികാരങ്ങൾക്കു കീഴ്
ന്നുകൊണ്ടു സഭയിലെ കുഴപ്പങ്ങൾതീർത്തു നാട്ടേക്കമനസ
വേണ്ട നടപടികൾ ഏർപ്പെടുത്തേണ്ടതിലേക്കു ആവശ്യപ്പെട്ട
ലോചനകൾ ഒരിഷ്ടപുത്രന്റെ നിലയിൽ നിന്നുകൊണ്ടു
തിരുമനസ്സിലേക്കു പറഞ്ഞുകൊടുക്കയും അവിടത്തെ ആജ്ഞ
സരണം മാത്രം ഭരണം നടത്തുകയും ചെയ്യണമെന്നാക
അല്ലാതെ (മേല്പറയപ്പെട്ട ലഘുലേഖ പുറം 6)
ന മൂറോൻ കൂദാശ ചെയ്യാമെന്നും കശ്ശീശ്ശാ ഉള്ള റമ്പാന
ത്രിയർക്കീസിനെ വാഴിക്കാമെന്നും മററും ലക്കില്ലാതെ കാനോ
പറയുന്ന കൂട്ടരോടു ചേർന്നു് ധിക്കാരിയാകരുതെ. മൂറോൻ ഏ
സാധനം ഏന്താണു തിരുമേനി? ത്രിത്വത്തിൽ മൂന്നാമനായ
രിശുദ്ധ റൂഹായുടെ സാമ്യമല്ലയോ? വി: കുർബ്ബാന ത്രിത്വത്തി
രണ്ടാമനായ മിശിഹാ തമ്പുരാന്റെ തിരു ശരീര രക്തങ്ങളല്ലയോ
ഈ രണ്ടു സാധനങ്ങളും തമ്മിൽ നോക്കിയാൽ ഏതാണു വലു
ന്നു തിരുമേനി കല്പിച്ചേച്ചാൽ മതി. ഒരു പട്ടക്കാരനു നമ്മുടെ
ത്താവിന്റെ തിരു ശരീര രക്തങ്ങളെ ഉണ്ടാക്കുവാനുള്ള അധി
രമുണ്ടെങ്കിൽ അവനു പരിശുദ്ധറൂഹായുടെസാമ്യമാകുന്ന വി: മൂ
ൻ ഉണ്ടാക്കുവാൻ പാടില്ലാത്തതു ഏന്തുകൊണ്ടു? മേല്പറഞ്ഞ
നോനാക്കാർ ഇനിയൊരു കാലത്തു വല്ല ധിക്കാരികളായ അച്ചു
രോടൊ കശ്ശീശ്ശായുള്ള റമ്പാന്മാരോടൊ ചേർന്നു ഇത്തരം യുക
പറഞ്ഞു തിരുമേനികളുടെ തലയിൽ കയറുകയില്ലയൊ? ഇവർ
ബാവായെ നിഷേധിക്കുന്നതു? ഏന്തു തോന്നുന്നു? ഈയിടെ വി
പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു വടകര പള്ളിയിൽ ഏ
ഴുന്നള്ളിയിരുന്ന സമയം "പാത്രിയർക്കീസു മലങ്കര മെത്രാപ്പോല
ത്താ തിരുമേനിയോടു ഉടൻ സമാധാനപ്പെടാത്ത പക്ഷം പാത്രി

യക്കീസിനെ ഞങ്ങൾ വെടിവച്ചു കളയും" എന്നും മററും വി: മൃ
ദറാൻ പൂശപ്പെട്ട വർഗ്ഗക്കാരിൽ ആരും പറയാത്ത അത്രക്ക കഠി
നവും ഭയങ്കരവുമായ ധിക്കാരങ്ങൾ അടങ്ങിയിരിക്കുന്ന ഒരെഴുത്തു
തിരുമേനിയുടെ കൂട്ടരിൽ ചിലർ അയച്ചതു എനിക്കു അറിവുണ്ട്.
മലങ്കര സഭ ശരിപ്പെടുത്തുവാൻ പാത്രിയക്കീസിനെയാകട്ടെ മററാ
രെയെങ്കിലുമാകട്ടെ കൊന്നിട്ടു വേണമെന്നുണ്ടോ? ഇവർ 'നന്മ
വരുവാനായിട്ടു തിന്മ ചെയ്യുകതൊ' (റോമ: 3: 8) എന്നു പറയു
ന്ന ദോഷികളുടെ കൂട്ടരല്ലയൊ? മിശിഹായെ ക്രൂശിക്കുകയും താ
ൻ അയച്ചവരെ പീഡിപ്പിക്കയും ചെയ്യുവരുടെ കൂട്ടത്തിൽ ഇവരെ
എണ്ണരുതൊ? ഇവർ വി. യോഹന്നാൻ 8: 44-ൽ പറയുന്ന ആ
ളിന്റെ കരുക്കളായി നിന്നു കൊണ്ടു അവന്റെ ഹിതാനുവർത്തിക
ളാണെന്നു ഞാൻ മുൻപറഞ്ഞതു ശരിയാണെന്നു ഇപ്പോഴെങ്കിലും
തിരുമനസ്സു കൊണ്ടു ധരിക്കയും ഈ കൂട്ടരുടെ നായകനായിരിക്കു
ന്നതിൽനിന്നു കഴിയുന്നത്ര വേഗം പിൻവലിയുകയും ചെയ്യണമെ.
പിതാവേ! നമ്മുടെ സഭയിലെ വൈദികന്മാരിൽ ആക്കും ഇല്ലാത്ത
വണ്ണമുള്ള ജ്ഞാനവും സാമത്ഥ്യവും ദൈവം അവിടത്തേക്കു നൽ
കിയിരിക്കുന്നതു അവയെ നിഗളംകൊണ്ടു കണ്ണറിയാൻവഹിയാതെ
തിന്മ സ്വയത്തിലാശ്രയിക്കയും മേലാവിനെ നിഷേധിക്കയും ചെ
യ്തു ദുഷ്പ്രകാരമായി ചെലവഴിപ്പാനല്ല; ദൈവത്തിൽ ആശ്രയി
ച്ചുകൊണ്ടും തന്നിൽനിന്നുള്ള മേലധികാരത്തിനു കീഴ്‌വഴങ്ങികൊ
ണ്ടും നല്ലവിഷയങ്ങളിൽ ചിലവഴിക്കാനാണെന്നോത്തു വി. ബാ
വാ തിരുമനസ്സിലെ സന്നിധിയിൽ ചെന്നു മാപ്പപേക്ഷിച്ചു സമാ
ധാനപ്പെടുകയും അനുഗ്രഹം പ്രാപിക്കയും ചെയ്യണമെന്നു താ
ഴ്മയോടെ നിർബന്ധമായി അപേക്ഷിച്ചു കൊള്ളുന്നു. അല്ലാ
ഞ്ഞാൽ "മൂത്തന്തയ്ക്കു എന്നന്തയിലെങ്കിൽ എന്നന്തയ്ക്കു എന്നുമില്ല"
എന്നുള്ള പുലയ ആപ്തവാക്യത്തെ മുറുകെ പിടിക്കാനും വല്ലവരു
മൊക്കെകണ്ടേക്കും. എന്റെ ഹൃദയനൊമ്പരം സഹിച്ചുകൂടാഞ്ഞു
ഇത്രത്തോളമെഴുതിയതിൽ വല്ല വീഴ്ചകളും വന്നുപോയിട്ടുണ്ടെങ്കിൽ
എഴെഴ എഴുപതു പ്രാവശ്യമെന്നുള്ള നമ്മുടെ രക്ഷകന്റെ കല്പന

അനുസരിച്ച എന്നോട ക്ഷമിക്കണമെന്നും അങ്ങെ അംഗീകൃ
യോഗ്യമായ നമസ്കാരങ്ങളിലും കുർബാനകളിലും ഈ പാപിയു
അരിഷ്ടനുമായ എന്നേയുംകൂടെ ഓക്കണമെന്നും വാഴ്വു നിറഞ്ഞ
വലത്തുകൈ നീട്ടി അനുഗ്രഹിക്കണമെന്നും അനുഗ്രഹത്തിന്റെ
ഒരു മറുവടികല്പന അയച്ചുതരണമെന്നും അപേക്ഷിക്കുന്നു.

ബാറെക്മോർ അൽശ്രുബ്ക്കോനൊ.

ക്രിസ്താബ്ദം 1910 കന്നിമാസം 16-ാംനു-
കുഴിക്കാട്ടകുന്നേൽ പള്ളി.

തിരുമനസ്സിലെ ആത്മികപുത്രനും ശുശ്രൂഷകനുമായി ബല
ഹീനനുംപാപിയുമായ കൊച്ചുപറമ്പിൽ ഗീവറുഗീസുറമ്പാച്ചൻ.

(ഒപ്പ്)

* [വി: ശ്ലീഹാശ്ഘട്ടത്ത അന്ത്യോഖ്യാ സിംഹാസനത്തി
ന്മേൽ വാണരുളിയ പരേതനായ നി. ച. ദി. മ. ശ്രീ.
മോറാൻമോർ ഇഗ്നാത്തിയോസ് അബ്ദേദാലോഹൊ
ദ്വിതിയൻ പാത്രിയക്കീസുബാവാ തിരുമനസ്സു കൊണ്ട
വടകരെ കുഴിക്കാട്ടകുന്നേൽപള്ളിയിൽ എഴുന്നെള്ളിയ
അവസരത്തിൽ ബലഹീനനായ ഞാൻ രചിച്ചതും
സന്നിഹിതരായിരുന്ന വൈദികന്മാർ തിരു സന്നിധി
യിൽ പാടി സമപ്പിച്ചതുമായ സുറിയാനി സ്തിത്തോ(പാ
ട്ട) യുടെ തർജ്ജിമ]

1 അത്യുന്നതനും ഭയങ്കരനുമായ ദൈവത്തിന്റെ തിരുനാ
മത്തിനു സ്തുതി. നാറപ്പെട്ടവരായി പാപികളും അരിഷ്ടന്മാരുമായ
നമ്മുടെമേൽ തന്റെ കരുണ ഉണ്ടായിരിക്കട്ടെ.

* ഈ പാട്ട "എന്താഷേലാഷ മിതെന്താഷേലാഷ മെഴുന്നാരുള്ള
ഹിതരഹോ, യെരുശലേം ദേവാലയമതിലെ ക്ഷേത്ര മഹാരാജൻ"
എന്നരീതിയിൽ 62 നിരുത്തുകളുള്ളതാകുന്നു.

2 എന്റെ പ്രേമഭാജനങ്ങളായ മാതാപിതാക്കളും സോ
ദരീസോദരങ്ങളും സഖികളുമെ, ക്ഷമയോടെ എന്റെ വചനങ്ങ
ളെ ശ്രദ്ധിക്കണമെന്നപേക്ഷിക്കുന്നു.

3 ഹാ, ഇതെന്തൊരാഘോഷം! ഇതെന്തൊരാഘോഷം!!
ഇതെന്തൊരാനന്ദം!!! നാം ചിന്തിക്കുന്നതായാൽ ഇതുപോലുള്ള
കരെഴുന്നെള്ളത്തു കാണ്മാനുണ്ടാകുമൊ?

4—6 അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാണരുളുന്ന
രണ്ടാമത്തെ അബ്ദേദാലോഹൊ എന്ന മഹാനായ ഈ മോറാൻ
മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ തിരുമേനി തന്റെ
മക്കളായ നമ്മെ ദർശിപ്പാൻ മലങ്കരയിലേക്കു ഇപ്പോൾ എഴുന്നെ
ള്ളിയിരിക്കുന്നതു വഞ്ചകനായ ദുഷ്ടൻ നമ്മിൽവിതച്ച വികടതക
ളെ നീക്കിക്കളഞ്ഞു സമാധാനമുണ്ടാക്കുവാനും, പ്രയോജനകരങ്ങ
ളായ ചട്ടങ്ങളും ന്യായങ്ങളും ഏർപ്പെടുത്തുവാനും, സത്യവിശ്വാസ
ത്തിൽ നമ്മെ സ്ഥിരപ്പെടുത്തുവാനുമാകുന്നു.

7 എന്നാൽ തിരുമനസ്സിലെ മക്കളിൽ ചിലരെഴുന്നേററു
തനിക്കു അവരുടെമേൽ ആത്മികമായും ലൌകികമായുമുള്ള അധി
കാരത്തെ അപഹരിപ്പാൻ തുടങ്ങിയിരിക്കുന്നു.

8 അവർ പിതാവിനെ ആക്ഷേപിക്കയും തന്റെ തിരു
നാമത്തെ താനൊരു ദോഷിയെന്നവിധത്തിൽ പത്രങ്ങൾ വഴിയാ
യി എല്ലാദിക്കിലും പരസ്യപ്പെടുത്തുകയും ചെയ്തു. ഇപ്പോഴും അവ
രുടെ അഹങ്കാരത്താൽ അങ്ങിനെ തന്നെ പ്രവൎത്തിക്കുകയും
ചെയ്യുന്നു.

9 എങ്കിലും മൂശയെപ്പോലെ ശാന്തനും വിനീതനുമായ
തിരുമേനി അതിശയം തോന്നുമാറു അവരുടെ കുററങ്ങളെ ക്ഷമി
ച്ചു, ക്ഷമിക്കയും ചെയ്യുന്നു.

10 ഈ നമ്മുടെനാഥൻ ക്ഷമയാൽ നിങ്ങളുടെ ആത്മാക്ക
ളെ ആദായപ്പെടുത്തുവിൻ എന്നുള്ള നമ്മുടെ മിശിഹാതമ്പുരാന്റെ
തിരുവചനത്തെ ആചരിക്കുന്ന ആളാകുന്നു. (വി. മത്താ: 24:13:
വി. ലൂക്കൊ: 21:19)

11 പ്രിയരെ! നിങ്ങൾക്കെന്തു തോന്നുന്നു? പാത്രിയക്കീ
സ് ബാവാ തിരുമനസ്സിലേക്ക രണ്ടുപ്രകാരത്തി (ആത്മികവും ലൌക
കവും) ലുമുള്ള അധികാരങ്ങളില്ലയൊ?
12 വിശ്വാസികളുടെ ആത്മാക്കൾ പാത്രിയക്കീസിങ്കൽ
ഭരമേല്പിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ സഭാ സ്വത്തുക്കൾ എത്രയധിക
മായി അദ്ദേഹത്തിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു? (ഏലായക
ന്നാൻ 1: 2)
13 നമ്മുടെകർത്താവു തന്റെ ശിഷ്യന്മാരോട മനുഷ്യ
ർ ഞാനാരാകുന്നുവെന്ന എന്നെക്കുറിച്ചു പറയുന്നുവെന്ന ചോദിച്ചു
14—15 അവർ തന്നോട ചിലർ സ്നാപകനായ യോഹന്നാൻ
എന്നും പിന്നെ ചിലർ ഏലീയാ എന്നും വേറെ ചിലർ ഏറെമ്യ
യായോ ദീർഘദർശിമാരിൽ ഒരുവനൊ എന്നും പറയുന്നുവെന്ന മറു
പടി പറഞ്ഞു.

16 അനന്തരം താൻ അവരോട ഞാൻ ആരാകുന്നുവെ
ന്ന നിങ്ങൾ പറയുന്ന എന്ന ചോദിച്ചു.

17 ഇതിന്ന ശെമഊൻ തന്നോട അവിടുന്ന ജീവനുള്ള
ദൈവത്തിന്റെ പുത്രനായ മ്ശിഹായാകുന്നുവെന്ന ഉണർത്തിച്ചു.

18—21 ഉടൻ കർത്താവു അവനോട യൌനായുടെ പുത്ര
നായ ശെമഊനെ! നി ഭാഗ്യവാൻ, ഇതു നിനക്ക വെളിപ്പെടു
ത്തിയതു ജഡവും രക്തവുമല്ല, ആകാശത്തിലുള്ള എന്റെ പിതാ
വത്രെ. ഞാനും നിന്നോട പറയുന്നു നീ പാറയാകുന്നു ഈ പാ
റമേൽ എന്റെ പള്ളി (സഭ) യെ ഞാൻ പണിയും, പാതാള
വാതിലുകൾ അതിനോട ബലം ചെയ്കയില്ല. ആകാശ മോക്ഷ
ത്തിന്റെ താക്കോലുകൾ നിനക്ക ഞാൻ തരും, ഭൂമിയിൽ നീ കെ
ട്ടുന്നതെല്ലാം ആകാശത്തിലും കെട്ടപ്പെട്ടിരിക്കും, ഭൂമിയിൽ നീ അ
ഴിക്കുന്നതു ആകാശത്തിലും അഴിഞ്ഞിരിക്കും എന്നരുളിച്ചെയ്തു
(വി:മത്താ: 16: 13—19)

22 പ്രിയപ്പെട്ട മതാപിതാക്കളും സോദരീ സോദരന്മാരുമാ
യ ശ്രോതാക്കളെ! മേലെഴുതിയ അരുളപ്പാടിൽനിന്ന ശെമഊന്റെ

CATHOLICATE ARAMANA LIBRARY
Reg: No..................

ശ്രേഷ്ഠതാം സുസ്പഷ്ടമാകുന്നുണ്ടല്ലൊ.

23 നമ്മുടെ യേശുനാഥൻ മീൻ പിടിത്തക്കാരെ വിളിച്ചു തന്റെ ശിഷ്യന്മാരാക്കി സുവിശേഷം മൂലം മോക്ഷരാജ്യത്തിലേക്ക മനുഷ്യരെ പ്രവേശിപ്പിപ്പാൻ അവരെ നിയമിച്ചു.

24 എന്നാൽ വിളിക്കപ്പെട്ടവരെ അവരുടെ തലവനായ ശെമഓന്റെ മാദ്ധ്യസ്ഥംമൂലമല്ലാതെ മോക്ഷത്തിലേക്ക പ്രവേശിപ്പിപ്പാൻ അവൎക്ക കഴികയില്ല.

25 എന്തെന്നാൽ ആകാശമോക്ഷത്തിന്റെ താക്കോലുകൾ അവന്റെ കൈകളിൽ ഏല്പിച്ചു ഒരുവനു തുറന്നുകൊടുപ്പാനും വേറൊരുവനു തുറന്നുകൊടുക്കാതിരിപ്പാനും അവനെ അധികാരപ്പെടുത്തിയിരിക്കുന്നു.

26 മൂശ പഴയ നിയമത്തിന്റേയും ശെമഓൻ പുതിയ നിയമത്തിന്റേയും തലവന്മാരാകുന്നു. ഇരുവരും അന്യോന്യം സാമ്യമുള്ളവരും ദൈവ ആവാസമുള്ളവരുമാകുന്നു.

27 എങ്ങിനെയെന്നാൽ മൂശ വേദപ്രമാണ പലകകളെ ഏറ്റുവാങ്ങുകയും സഭയിൻകൂടാരം പണിയുകയും ചെയ്തു. ശെമഓനൊ ആകാശമോക്ഷത്തിന്റെ താക്കോലുകളെ ഏറ്റു വാങ്ങുകയും പള്ളി (സഭ) പണിയുകയും ചെയ്തു.

28 ഈ ശ്ലീഹായുടെ സ്ഥാനത്തു മൊറാൻ പാത്രിയക്കീസ ബാവാ തിരുമേനിയും സഖിമാരായ ശേഷം ശ്ലീഹന്മാരുടെ സ്ഥാനത്തു ആ വി: പിതാവിന്റെ അധികാരത്തിൻ കീഴ മറ്റു മേല്പട്ടക്കാരും സഭയിൽ നിലനിന്നുപോരുന്നു.

29 പ്രധാന മഹാ പുരോഹിതനായ മോറാൻ പാത്രിയക്കീസു ബാവാ തിരുമനസ്സിലെ സഹായം കൂടാതെ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിപ്പാൻ നമുക്കു സാധിക്കുന്നതല്ല.

30 എന്നാലൊ നിശളാനിമിത്തം തള്ളപ്പെട്ട പിശാചുക്കളായിത്തീൎന്ന ആയാറിൽ പതിയിരിക്കുന്നവരായ ദുഷ്ടന്മാരുടെ കൈകളാൽ നാം പിടിക്കപ്പെട്ടുപോകും.

31 എന്തെന്നാൽ പണ്ടു തലവനായ മൂശെയുടെ വാക്കനു
സരിക്കാതെ ചിലർ കനാൻനാട്ടിൽ പ്രവേശിപ്പാൻ തുനിഞ്ഞു.
32 എന്നാൽ അവർ ആവാസദേശത്തു പ്രവേശിപ്പാനിട
യായില്ലെന്നുമാത്രമല്ലാ അവരുടെ ധിക്കാരം നിമിത്തം, ശത്രുക്കളാൽ
പട്ടുപോകുന്നതിനിടയായിത്തിരുകയും ചെയ്തു. (സംഖ്യ: 14:
40—45)
33 അതിനാൽ നാം മോറാൻപാത്രിയർക്കീസ് ബാവാ തിരുമ
റസ്സിലെ ശ്രേഷ്ഠാധികാര (കർതൃത്വം) ത്തെ ഭയപ്പെട്ട് അവിട
ന്നു നമ്മുടെ മിശിഹാതമ്പുരാന്റെ സ്ഥാനാപതിയെന്ന നിലയിൽ
നാമദ്ദേഹത്തെ കീഴ്വഴങ്ങിയിരിക്കണം.
34 നമ്മുടെകർത്താവു തന്റെ ഉയിർപ്പിന്റെശേഷം ഒരിക്കൽ
ശെമഊൻകീപ്പായോടു നിന്റെസഖാക്കളായ ഈ എന്റെശിഷ്യ
ന്മാരേക്കാൾ നീയെന്നെ സ്നേഹിക്കുന്നുവൊ? എന്നുചോദിച്ചു.
35 അവൻതന്നോടു എന്റെകർത്താവെ! ഉവ്വ്, ഞാൻഅങ്ങ
യെ സ്നേഹിക്കുന്നുയെന്നു അവിടെ അറിയാമല്ലൊ എന്നുണർത്തിച്ചു.
ഇതിങ്കൽ തനിക്കുപ്രസാദം തോന്നി അവനോടു നീഎന്റെ കു
ഞ്ഞാടുകളെ എനിക്കായിട്ടുമേയിച്ചു കൊള്ളുക എന്നരുളിച്ചെയ്തു.
36 വീണ്ടും താനവനോടു നീ ഇവരേക്കാൾ എന്നെ സ്നേഹി
ക്കുന്നുവൊ? എന്നുചോദിച്ചു. കർത്താവെ! ഞാൻഅങ്ങയെ സ്നേ
ഹിക്കുന്നുയെന്നു അവിടേക്കു തന്നെ അറിയാമല്ലൊ എന്നു ശെമ
ഊൻ പിന്നേയും മറുപടിപറഞ്ഞു.
37 അപ്പോൾ കർത്താവു അവനോടു നീയെന്റെ മുട്ടാടുക
ളെ മേയിക്കായെന്നു കല്പിച്ചുംവച്ചു മൂന്നാംപ്രാവശ്യവും നീയെന്നെ
സ്നേഹിക്കുന്നുവൊ? എന്നവനോടു ചോദിച്ചു.
38 ഈപ്രാവശ്യം ശെമഊൻ മഹാ സങ്കടത്തോടെ കണ്ണു
നീർ വാർത്തുകൊണ്ടു ഹാ! അവിടന്നു സകലവുംഅറിയുന്നു. ഞാ
ൻ അങ്ങയെ സ്നേഹിക്കുന്നുണ്ടെന്നും അറിയുന്നുവെന്നു മറുപട
ി ബോധിപ്പിച്ചു.

39 ശെമഊൻെറ കണ്ണുനീരു കണ്ടപ്പോൾ നമ്മുടെ കത്താവു നീയെൻെറ പെണ്ണാടുകളെയുംകൂടി മേയിച്ചുകൊള്ളുക എന്നു കല്പിച്ചു (വി. യൂഹാ: 21:15--17)

40 വിവേചനാശക്തിയുള്ള കോൻവിക്കാരെ! നമ്മെയും നമ്മുടെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും ശെമഊൻകീപ്പായുടെ കൈകളിൽ താനേല്പിച്ചിരിക്കുന്നുവെന്നു അറിഞ്ഞുകൊള്ളുവിൻ.

41 സത്യവാനും വിശ്വസ്തനുമായ ഈ ശെമഊൻകീപ്പാ ഇടയന്മാരുടെ ഇടയനും, പാത്രിയക്കീസന്മാരിൽ ആദ്യനുമല്ലാതെ പിന്നെ ആരാകുന്നു?

42 നമ്മെയും നമ്മുടെ സ്ത്രീകളേയും കുഞ്ഞുങ്ങളേയും പാത്രിയക്കീസിൻെറ കൈകളിൽ ഏല്പിച്ചിരിക്കുന്ന സ്ഥിതിക്കു അവിടത്തേക്കു പള്ളികൾമേലും സ്വത്തുക്കൾമേലും അധികാരമില്ലെന്നു വരുമൊ?

43 ആ തിരുമേനിക്കു തൻെറ മക്കളുടെമേൽ ആത്മികമായും ലൌകികമായുമുള്ള അധികാരമുണ്ടു. രണ്ടു പ്രകാരത്തിലുമുള്ള അധികാരങ്ങൾ അവിടത്തേക്കു ഉണ്ടെന്നുള്ളതു സത്യം തന്നെ.

44 ഈ പൌരോഹിത്യാധികാരത്തെ നമ്മുടെ രക്ഷകൻ അതിൻെറ അപരിഷ്കൃതാവസ്ഥയിൻ കാലമായിരുന്ന ഊറൈത്തായുടെ അന്ത്യകാലത്തു പരിഷ്കരിച്ചു.

45 ഈ അധികാരം പരിഷ്കരിക്കപ്പെട്ട കാലംമുതൽ പരിഷ്കൃതകാലമെന്നൎത്ഥമുള്ള പുതിയനിയമ കാലമെന്നു പറഞ്ഞു വരുന്നു. (2 കോറി: 5: 17,18),

46 ഇതുകൊണ്ടു ഈ അധികാരം നാകമക്കളുടെ അഭിപ്രായംപോലെ ഇനി എന്നേക്കും ഭേദപ്പെടുന്നതല്ല.

47 കാലഭേദഗതിയനുസരിച്ചു ഈ അധികാരം വ്യത്യാസപ്പെടുമെന്നും ഇക്കാലത്തു കമ്മട്ടിക്കാൎക്കു ഇരിക്കേണ്ടതാണെന്നും അവർ പറയുന്നു.

48 അവരുടെ ഈ അഭിപ്രായം യഥാൎത്ഥ്യം അറിവില്ലാത്ത

ളു ആയിരിക്കുന്നാപക്ഷം ഭാവികാലത്തു ഈ അധികാരം സ്ത്രീകൾ ക്കുമാവാകിക്കം.

49 ഇംഗ്ലണ്ടിൽ വോട്ടസംബന്ധിച്ചുണ്ടായ സ്ത്രീകളുടെ ബഹളം സാക്ഷിയാണ. ആ സ്ത്രീകളെക്കുറിച്ചു മനോരമയിൽ നിങ്ങൾ വായിച്ചിട്ടുണ്ടായിരിക്കുമല്ലൊ.

50 എന്റെ സഹോദരങ്ങളെ! സ്നേഹവും പ്രധാനജ്ഞാനമാകുന്ന ദൈവഭയവും ഇല്ലാത്ത അറിവിന്റെ ഫലമാണ ഇതെന്ന നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. (സുഭാ 6:10; 1 കോറി:8:1)

51 ആചാര്യത്വം സംബന്ധിച്ചു ഇങ്ങിനെ (അവരുടെ അഭിപ്രായം പോലെ) സംഭവിക്കുമെങ്കിൽ ആസ്ഥനാശത്തിന്റെ അടയാളമാകുന്നുയെന്നുള്ളതിന്ന യാതൊരുസംശയവുമില്ല. (വി. മത്താ: 24: 29)

52 അതിനാൽ മഹാനും വളരെ ക്ഷമാവാനുമായ ഈ വി. പിതാവിന്റെ തിരുസന്നിധിയിൽ വച്ചു നിങ്ങളോട ഞാൻ ഗുണദോഷിക്കയും അപേക്ഷിക്കയും ചെയ്യുന്നു.

53 എല്ലാവരും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടേണ്ടിയിരിക്കുന്നു. അധികാരത്തോട മറുക്കുന്നവൻ ദൈവകല്പനയോടാകുന്നു മറുക്കുന്നതു. (റോമ: 13: 1,2)

54 കോറാഹ്, അബ്ശാലോം ആദിയായവക്കെന്ന പോലെ നിങ്ങൾക്കു ഭവിക്കാതിരിപ്പാൻ മറുതലക്കാരോടും അനുസരണമില്ലാത്തവരോടും നിങ്ങൾ ഒരിക്കലും ചേരരുതേ. (സംഖ്യാ. 16: 32, 2 ശമു :18: 14)

55 അനുസരണം ബലിയേക്കാളും ചെവിക്കൊള്ളുന്നതു മുട്ടാടുകളുടെ കൊഴുപ്പിനെക്കാളും നല്ലതാകുന്നു. ആകയാൽ മോറാൻ പാത്രിയക്കീസുബാവാ തിരുമനസ്സിലെ അധികാരത്തിനു കീഴ്‌വനായി നാം അനുസരിച്ചിരിക്കണം. (1 ശമു. 15: 22)

56—57 എന്തെന്നാൽ വി. മോറാൻ തിരുമനസ്സുകൊണ്ടു അധികാരം വഹിച്ചിരിക്കുന്നതു നമ്മുടെ വകകൾ കവരുകയോ

ണ്ടുപോകുവാനല്ല. ഇരിമ്പുവടി കൊണ്ടെന്നപോലെ (മസ്സ: 2: 8) യേശു തമ്പുരാന്റെ തിരുവചനങ്ങളിൽ നമ്മെ മേയിപ്പാനും, കാനോൻ വിധികളനുസരിച്ചു സർവ്വ സ്വാതന്ത്ര്യത്തോടെ നമുക്കവേണ്ടുന്ന നിബന്ധനകൾ ഏൎപ്പെടുത്തുവാനും, മേലുള്ള (സ്വൎഗ്ഗ) ഊർശ്ലേമിലേക്ക കൊണ്ടുപോകുന്ന വഴിയിൽ നമ്മെ നടത്തുവാനുമത്രെ.

58 ഇനി നാം വി. പിതാവിന്റെ ശ്രേഷ്ഠതയിൻ മുമ്പാകെ മുട്ടുകുത്തി വണക്കത്തോടെ അനുഗ്രഹം അപേക്ഷിക്കാം.

59—62 മഹാനും സൗന്ദര്യ ശ്രേഷ്ഠനും പ്രധാന ഇടയനുമായ ഞങ്ങളുടെ നാഥാ! പിതാവെ! കരുണയും സൎവ്വാനുഗ്രഹങ്ങളും നിറഞ്ഞിരിക്കുന്ന അങ്ങേ വലത്തു തൃക്കൈ നീട്ടി. പരിശുദ്ധ കർത്തൃ ത്തപ്പാദ കരങ്ങളെ ചുംബിക്കയും, അവിടത്തെ വിശുദ്ധിയിൻ പ്രാൎത്ഥനകളും കർബ്ബാനകളും അപേക്ഷിക്കയും, തിരുമനസ്സിലെ പിതൃ സ്ഥാനത്തിനു വേണ്ടി പ്രാൎത്ഥിക്കയും. അവസാനമായി കടങ്ങളുടെ പരിഹാരം കണ്ണുനീരോടെ യാചിക്കയും. "നാഥാ! മോചനം തന്നു അനുഗ്രഹിക്കണമെ" എന്നു അൎത്ഥമുള്ള "ബാറെക്മോർ അൽശൂബ്ക്കോനൊ" ആകാംക്ഷയോടെ അട്ടഹസിക്കയും ചെയ്യുന്ന എല്ലാ വാത്സല്ല്യമക്കളേയും അവൎക്കുള്ള സകലത്തേയും വാഴ്ത്തി അനുഗ്രഹിക്കേണമെ. ആമ്മീൻ.

[പ്രസ്തുത പാട്ടസാഹിതമയച്ച എഴുത്തിന്നുള്ള മറുപടിക്കല്പന.]

ദൈവകാരുണ്യത്താൽ
മലങ്കരയുടെ ബലഹീനനായ ശിവുശിസ്
ദീവന്നാസ്യോസ് മെത്രാപ്പോലിത്താ.

നമ്പർ 413.

നമുക്ക എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ശിവുശിസ് റമ്പാച്ചന ബർക് ...(വാഴ്‌വ്)

റമ്പാച്ചൻ അയച്ച എഴുത്തും അച്ചടിച്ച ബാവായ്ക്ക സമൎപ്പിച്ച മിമ്മ്റായുടെ കോപ്പിയും കിട്ടി. വായിച്ചു കണ്ടതിൽ സന്തോഷിക്കുന്നു. റമ്പാച്ചന്മാർ തങ്ങളുടെസ്ഥാനത്തിന്നനുസരിച്ചു പാലേണ്ടതും പ്രവൎത്തിക്കേണ്ടതുമായ ഗുണദോഷങ്ങളാണ അതിൽ പറഞ്ഞിരിക്കുന്നതെന്നു നാം സമ്മതിക്കുന്നു. എന്നാൽ സഭയുടെ ഭരണക്കാരായ മെത്രാന്മാർ, ദൈവം അവൎക്ക കൊടുത്തിട്ടുള്ള അറിവിൻ പ്രകാരം സഭയുടെ ക്ഷേമത്തിന്നു ഉതകുന്നവ എതു പ്രകാരമെന്നു ആലോചിച്ചു പ്രവൎത്തിക്കണമെന്നുള്ള ഒരു ചുമതല അവൎക്കുണ്ട. മലയാളത്തെ കീഴ്നടപ്പിന്നും വിധികൾക്കും വി. സഭയുടെ കാനോനാകൾക്കും, സത്യവിശ്വാസത്തിന്നും എതിരായി നില്ലുണമെന്നോ വല്ലതും പ്രവൎത്തിക്കണമെന്നോ നമുക്ക അശ്ശേഷം ആഗ്രഹമില്ല. ഇപ്പോഴത്തെ കുഴപ്പങ്ങളെക്കുറിച്ചു റമ്പാച്ചന വളരെ വ്യസനമുള്ളതായി അറിയുന്നു. നിങ്ങളെപ്പോലെയുള്ളവരുടെ പ്രാൎത്ഥനാ ശക്തിമൂലം ഇങ്ങിനെയുള്ള കുഴപ്പങ്ങൾ മാറി സഭയിൽ സമാധാനവും ഐശ്വൎയ്യവും വൎദ്ധിക്കുമെന്നു വിശ്വസിക്കുന്നു. അതിലേക്ക റമ്പാച്ചനും ഉത്സാഹിച്ചു പ്രാൎത്ഥിക്കണം. കുഴപ്പങ്ങൾക്കുള്ള കാരണം ഇന്നവയെന്നു ഒരു ഭാഗത്തു നിന്നുമാത്രമാണ റമ്പാച്ചൻ മനസ്സിലാക്കിയിരിക്കുന്നതെന്നു തോന്നുന്നു. വസ്തുതകളുടെ സത്യസ്വഭാവം എന്തെന്നു മനസ്സിലായാൽ നമ്മെ സ-

ബാധിച്ചുംമററും റമ്പാച്ചനുണ്ടായിട്ടുള്ള തെററിദ്ധാരണകളും അഭിപ്രായ വ്യത്യാസങ്ങളും മാറിപ്പോകാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. നാം വി: പിതാവിനെകാണ്മാനായി മുളന്തുരുത്തിക്കു പോയിരുന്നു. ഒരാഴ്ചയോളം അവിടെ താമസിക്കയും ചെയ്തു [illegible] സന്തോഷത്തിലാണു പെരുമാറിയതു. ഇവിടത്തെ 29-ാംനു അടിയന്തിരം അടുത്തതിനാൽ അതിലേക്കായി ഇങ്ങോട്ടു പോരികയാണു ചെയ്തതു. 20-ാംനു അടിയന്തിരത്തിനു സുഖവും സൗകര്യവുമുള്ളപക്ഷം റമ്പാച്ചനും വന്നു സംബന്ധിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ശേഷം പിന്നാലെ—

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും
സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1910 തുലാം 9-ാംനു,
പരുമല സിമ്മനാരിയിൽ നിന്നും.
ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ... ഇത്യാദി
(ഒപ്പ്)

[മനോരമാ മാനേജർക്കു അയച്ച എഴുത്തു]

കുഴിക്കാട്ടു കുന്നേൽ പള്ളി, 1911 ചിങ്ങം 31.

എഴുത്തു കിട്ടി. ഈ അടുത്ത നാളുകൾക്കിടയിൽ ഒന്നിലധികം എഴുത്തുകൾ നിങ്ങളുടെ പേർക്കു ഞാനയച്ചിരുന്നല്ലൊ. അവയിൽ വി: പിതാവിനെ (മോറാൻ അബ്ദേദാലോഹോ പാത്രിയർക്കീസ്ബാവാ തിരുമേനി) സംബന്ധിച്ചുള്ള കാര്യംമാത്രമല്ല പത്രസംബന്ധമായ നമ്മുടെ തനതു കാര്യവുമുണ്ടായിരുന്നു. വി: പിതാവിനെ സംബന്ധിച്ചു നിങ്ങൾ ചീത്ത പറഞ്ഞിരിക്കുന്നതു മനോരമ. സംരക്ഷകൻ, ലഘുപത്രങ്ങൾ ഇവയിൽ എത്രയോ ഭാഗങ്ങളിലാ

ണ്ണെന്നു ഞാൻ വ്യക്തമായി എഴുതാതെ പൊതുവായി ആക്ഷേപിക്കുന്നുയെന്നു മാത്രം പറഞ്ഞാൽ അതിൽ കഴമ്പൊന്നുമില്ലെന്നും സമാധാനം പറവാൻ തയ്യാറില്ലെന്നും നിങ്ങൾ എഴുതിയിരിക്കുന്നു. എന്നാൽ നമ്മുടെ തനതു കാര്യമാകുന്ന പത്രത്തെ സംബന്ധിച്ചതന്നെ ആദ്യമായി പറയാം. "തൻകാര്യംപൊൻകാര്യം" എന്നുണ്ടല്ലോ. "പത്രവരിക്കാരെ ചേർത്തു തരികയും, വല്ലവരും പത്രം ഉപേക്ഷിക്കുന്ന പക്ഷം മുറപ്രകാരം പകരം ആൾ ചേർത്തു തരികയും ചെയ്യുന്നവർക്കു മാത്രമെ പത്രം വില കൂടാതെ അയക്കയുള്ളൂ" എന്നു നിങ്ങളുടെ ഇപ്പോഴത്തെ എഴുത്തിൽ കാണുന്നു. ഇതു "ആ പേരിൽ ഒരാണ്ടത്തേക്കു ദാനമായി മനോരമ പത്രം അയക്കുന്നതിനു മി. മാമ്മൻ മാപ്പിള ആവശ്യപ്പെട്ടതനുസരിച്ചു പത്രമയച്ചു കൊള്ളുന്നു. ഒരാണ്ടു കഴിഞ്ഞാൽ പകുതി വിലക്കു അയക്കാമെന്നുള്ള വിവരം അറിയിച്ചുകൊള്ളുകയും ചെയ്യുന്നു" എന്നുള്ള നിങ്ങളുടെ ആദ്യത്തെ 22-9-1909-ലെ എഴുത്തിനു പ്രതിക്കൂലമാണെന്നു നിങ്ങൾക്കു തന്നെ അറിയാവുന്നതാണല്ലോ. ആണ്ടു തികഞ്ഞു വന്നതോടുകൂടി നിങ്ങൾ എന്നോടു ആവശ്യപ്പെടാതെ തന്നെ ഒരു * വരിക്കാരനെ ചേർത്തു തന്നപ്പോൾ നിങ്ങളയച്ച കാർഡു ഇപ്രകാരമായിരുന്നു. "30-7-1910. പത്രവരിക്കാരെ ചേർത്തു തരുന്നതിൽപരം ഉപകാരം വേറൊന്നുമില്ല. ഇപ്പോൾ ചേർത്ത പേരുകാരന്റെ പണവും കൂടി ഉടനേ അയപ്പിക്കുമെന്നു വിശ്വസിക്കുന്നു. ഒരു മൂന്നു വരിക്കാരെ കൂടി ചേർത്തിരുന്നെങ്കിൽ അവർക്കു പത്രമുള്ള കാലത്തെല്ലാം അവിടെയും ഫ്റീ (Free)ആയി പത്രമയച്ചു കൊള്ളാമായിരുന്നു." ഇതനുസരിച്ചു മൂന്നു വരിക്കാരെ കൂടി ഞാൻ ചേർത്തുതന്നു. ഈ കാർഡിനയച്ചിരുന്ന മറുപടിയിൽ നിന്നു എന്റെ ആഗ്രഹം വരിക്കാരിലല്ലാ നിങ്ങളുടെ ദാനത്തിൽ മാത്രമാണെന്നു നിങ്ങൾക്കറിയാവുന്നതാണു. എന്നിരുന്നാലും വാദത്തിനു വേണ്ടി ഈ തവണയും അല്പം അവകാശം ചാർത്തുകൊള്ളട്ടെ നാലുവരിക്കാരെ ചേർത്തു തന്നവർക്കു അ

* നെല്ലിത്താനത്തു പുത്തമ്പുരയിൽ കയ്യൻ മത്തായി, മണ്ണത്തൂർ

വർ ചേൎത്ത വരിക്കാൎക്കു പത്രമുള്ള കാലത്തോളം ദാനമായി പത്രം
കൊടുക്കുമെന്നാണല്ലോ മനോരമാ നിയമം. ഇങ്ങിനെ നിയമം
പാസ്സാക്കാനിടവായതു നാലുവരിക്കാരെ ചേൎത്തു തന്നാൽ ആദ്യത്തു
ഒരാളുടെ ന്യായമായ വരിസംഖ്യ അടക്കുന്നതുപോലെ ആകുമെ
ന്നും അതിൽ പത്രക്കാൎക്കുനഷ്ടമില്ലെന്നും കണ്ടിട്ടായിരിക്കണമല്ലോ.
നഷ്ടംകൂടാതെ പ്രതിഫലം പററിക്കൊണ്ടു ചെയ്യുന്ന ഈ പ്രവൎത്തി
ദാനമെന്നു വരുമോ? ഒരുകൊല്ലത്തേക്കു നിങ്ങൾ ദാനമായി എ
നിക്കു പത്രമയച്ചു തന്നുവെന്നുള്ളതു ഞാൻ സമ്മതിക്കുന്നകാൎയ്യമാ
ണു. ഇതിനേക്കുറിച്ചു നിങ്ങളുടെനേരെ വിടാത്ത നന്ദിയുമുണ്ടു. എ
ന്നാൽ അതുമുതൽ ഞാൻ വരിക്കാരെ ചേൎത്തു തന്നതിനിടായിട്ടാ
ണു നിങ്ങളെനിക്കു പത്രമയച്ചുതന്നതു. എങ്കിലും പൂൎവ്വസ്നേഹം
നിമിത്തം ഞാൻ അതിനേയും ദാനമായിട്ടാണു വിചാരിച്ചിരുന്നതു.
ഞാൻചേൎത്ത നാലുവരിക്കാരിൽ മൂന്നുപേർ പത്രമുപേക്ഷിച്ചതു എ
ന്നോടു ഒരക്ഷരം പോലും മിണ്ടാതെയാണു. അവർ ഉപേക്ഷിച്ച
വിവരം അറിഞ്ഞതുതന്നെ നിങ്ങളിൽനിന്നാണു. അവർ എന്നോ
ടുപറയാതെ ഉപേക്ഷിച്ചതു അങ്ങോട്ടു പേരുവിവരം അയച്ചുതന്ന
കാലത്തു പത്രം ഉപേക്ഷിക്കരുതെന്നു പ്രത്യേകം അവരോടു ശട്ടം
കെട്ടു ചെയ്തിരുന്നതുകൊണ്ടു ഉപേക്ഷിക്കുന്നകാൎയ്യം എന്നോടു ചോ
ദിച്ചിട്ടാകാമെന്നു വെക്കുന്നപക്ഷം ഞാൻ സമ്മതിക്കയില്ലെന്നു കരു
തിയിട്ടുകൂടെ ആയിരിക്കാം. നിങ്ങളിൽ നിന്നു വിവരമറിഞ്ഞശേ
ഷം ഞാൻ അവരോടു ചോദിക്കയുണ്ടായി. അവരുടെ മറുപടി
"ബാവായെ ചീത്തപറയുന്ന പത്രമാകയാൽ മേലാൽ വേണ്ടായെ
ന്നുറച്ചു ഞങ്ങൾ മടങ്ങിയതാണു. ശരിയായി കിട്ടുന്നുമില്ല" എന്നാ
യിരുന്നു. ഒരാളാകുന്ന പ്രസ്തുത കൎത്തൻമത്തായി ഇതുവരെ പത്രം
ഉപേക്ഷിച്ചിട്ടില്ലല്ലോ. മററവരെക്കൊണ്ടു ഞാൻ ഉപേക്ഷിപ്പിച്ച
താണെങ്കിൽ ആ പ്രയോഗം ഇവൻെറമേലും ചെല്ലേണ്ടതല്ലേ. ഇ
വിടങ്ങളിലെ കാൎയ്യം ഞാൻ പറയുന്നു. ചുരുക്കം ചിലരൊഴിച്ചു
ശേഷമെല്ലാവൎക്കും ബാവായെ നിഷേധിക്കുന്നു എന്ന കാരണ

ത്താൽ പത്രത്തോടു വിരസതയാണുള്ളതു. ചുരുക്കം ചിലർ എന്നു ഞാൻപറഞ്ഞതു ബാവായുടെ എതിരാളികളെയാകുന്നു. ബാവായ്ക്കു അനുകൂലികളായിരിക്കുന്ന എല്ലാവരും പത്രം ഉപേക്ഷിക്കാത്തതു എന്തായിരിക്കുമെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. അതു ഞാൻ പത്രമുപേക്ഷിക്കാതിരിക്കുന്നകാരണം ഇന്നതെന്നു എന്റെ മുന്നെഴുത്തിൽ വിവരിച്ചിട്ടുണ്ടല്ലൊ. അതുതന്നെയായിരിക്കാം. അല്ലാതെ, ലോകവർത്തമാനം അറിവാൻ മനോരമ മാത്രമേയുള്ളു, അതുപേക്ഷിച്ചാൽ കാര്യം കുഴപ്പത്തിലാകും എന്നു ഭയന്നിട്ടാണെന്നു സ്വപ്നേപി തോന്നുന്നില്ല. മററു റമ്പാച്ചന്മാരെ അപേക്ഷിച്ചു എല്ലാക്കാര്യത്തിലും വിശിഷ്യ പണത്തിലും ഏററം അധഃപതനത്തിലിരിക്കുന്നവനും യഥേഷ്ടം സഞ്ചാരം ചെയ്യുന്നതിനുപോലും തരമില്ലാതെ പ്രായേണ ഒരു പ്രത്യേകസ്ഥലത്തു സ്ഥിതിചെയ്യുന്നവനുമായ എന്റെമനസ്സിനെ രമിപ്പിക്കുന്നതിനു മനോരമപത്രം ഉപകരിക്കുമല്ലോയെന്നുള്ള വിശ്വാസത്തിൽ അല്പമെങ്കിലും എനിക്കു പരിചിതനായിരിക്കുന്ന മാമ്മൻമാപ്പിള അവർകളോടു പത്രംദാനമായി അയച്ചുതരണമെന്നു ആവശ്യപ്പെടുകയും അയാളുടെ വാക്കു പ്രമാണിച്ചു ഒരുകൊല്ലത്തേക്കു ദാനമായിട്ടും അവിടം കഴിഞ്ഞാൽ പകുതി വിലക്കും തന്നുകൊള്ളാമെന്നു വിവരിക്കുന്ന മാനേജർ അവർകളുടെ എഴുത്തോടുകൂടെ പത്രം വന്നുതുടങ്ങുകയും ചെയ്തു. പണത്തിനുള്ള എന്റെ മുട്ടുംമററും ആലോചിച്ചാൽ എനിക്കു പത്രം നിറുത്താതെ അയച്ചുതരുവാൻ തോന്നേണ്ടതായിരുന്നു. അങ്ങിനെ തോന്നാഞ്ഞതു എന്റെ കഷ്ടകാലം. ഒരുവരിക്കാരൻ ഇപ്പോഴും ഉപേക്ഷിക്കാതിരിക്കുന്നതു കൊണ്ടു ആ പേരിലുള്ള കാലംശംകൂടെ പകുതിവിലയിൽനിന്നു കുറച്ചു കാലംശം വിലയെങ്കിലും അടയ്ക്കാൻ നിവൃത്തിയുണ്ടോയെന്നു എന്നോടു ചോദിച്ചതിനുമേൽ പത്രംനിറുത്തിക്കളയാമെന്നു തോന്നാഞ്ഞതും എന്റെ കഷ്ടകാലം. അതും പോകട്ടെ. വരിക്കാർ പത്രം നിറുത്തിക്കളഞ്ഞതു കൊണ്ടു ഞങ്ങളുടെ പൂർവ്വ എഴുത്തനുസരിച്ചു പകുതി വിലയടച്ചു പത്രംവാ

ങ്ങിക്കണം, മുഴുവൻ ദാനത്തിനു നിവൃത്തിയില്ല എന്നെങ്കിലും പറയാൻ തോന്നാഞ്ഞതു എന്റെ ഏററവും വലിയ കഷ്ടകാലമെന്നേ പറയാനുള്ളു. "തന്റേടത്തിനു ആണിയിട്ടിട്ടു മാറാത്തവൻ" എന്നു സങ്കീർത്തനം 15: 4-ൽ നാം വായിക്കുന്നുണ്ടല്ലോ. തങ്ങൾ ആണിയിട്ടിട്ടില്ലെന്നു പറയുമായിരിക്കും. വാക്കിനെ ആണിപോലെ വിചാരിക്കുന്നവരും ആണിയടിച്ചപ്പോഴും നിസ്സാരമെന്നെണ്ണുന്നവരും ഉണ്ടെന്നു അറിഞ്ഞിരിക്കണം. കാലംശം വിലക്കൊ പകുതിവിലക്കൊ പത്രമെടുക്കാമൊ എന്നു നിങ്ങൾ ആവശ്യപ്പെട്ടിരുന്നെങ്കിൽ ഞാൻ വല്ലവന്റേയും കാലോ കയ്യോ പിടിച്ചിട്ടെങ്കിലും ആ സംഖ്യ അടയ്ക്കാൻ കഴിയുമോയെന്നു നോക്കുകയും സാധിക്കയില്ലെന്നു കണ്ടാൽ പത്രം നിറുത്തിക്കൊള്ളുകയും ചെയ്യുമായിരുന്നു. വല്ലവരോടും ഞെരുങ്ങി പണമെടുപ്പിക്കാനും പത്രപ്രവർത്തകന്മാരോടു നിങ്ങൾ ധാരാളം പ്രസിദ്ധീകരിക്കുന്ന പത്രത്തിന്റെ കാരോപ്രതി ദാനമായി അയച്ചുതരണമെന്നു അപേക്ഷിക്കാനും തമ്മിൽ കൂട്ടി നോക്കിയപ്പോൾ പത്രക്കാരോടു അപേക്ഷിക്കുന്നതാണുത്തമമെന്നു കണ്ടതിനാലാണു നിങ്ങളെ നിർബന്ധിച്ചതു. എന്തെന്നാൽ 'പൂച്ചക്കു അരി വേറെ വക്കേണ്ട"ന്നു പ്രമാണമുണ്ടല്ലോ. എന്റെ എഴുത്തുകൾ ശരിയായി വായിച്ചുനോക്കി അവയിൽ വിവരിച്ചിരുന്ന കാരോന്നിനും ന്യായമായ സമാധാനം തന്നിരുന്നുവെങ്കിൽ ഇത്രത്തോളം എഴുതി കഷ്ടപ്പെടുവാൻ ഇടയാകയില്ലായിരുന്നു. ഞാൻ പലരോടും പത്രം നിറുത്തുന്നതിനു ഉണദോഷിച്ചു വരുന്നുവെന്നു വിവരിക്കുന്നതായി ഇവിടങ്ങളിൽനിന്നും നിങ്ങൾക്കു കിട്ടിയിരിക്കുന്ന എഴുത്തുകളൊ അവയുടെ പകപ്പുകളൊ നിങ്ങളുടെ പേരു, മേല്പ്പ്, പത്രമുദ്ര ഇതുകൾസഹിതം അയച്ചു തരണമെന്നു ആവശ്യപ്പെട്ടിരുന്നതിനു യാതൊരു സമാധാനവും തരാതെ എന്നെക്കൊണ്ടു മനോരമാലക്കങ്ങൾ, സംരക്ഷകൻ, ലഘുപത്രികകൾ എന്നിവ വരുത്തിക്കാൻ ശ്രമിക്കുന്നതുകൊണ്ടും മററും "ഇഷ്ടമില്ലാപ്പെണ്ണിനു തൊട്ടതെല്ലാം കുററം" എന്നുപറയുമ്പോലെ വല്ലകാരണവും പ

ന്നതു പത്രാന്തരാതെ കാനോനാമെന്നുള്ളതാണ നിങ്ങളുടെ പരമോ ദ്ദേശമെന്നു എനിക്കിപ്പോൾ നല്ലപോലെ മനസ്സിലായിരിക്കുന്നു. ഒരുവേള അങ്ങിനെയാണെന്ന മനസ്സെങ്കിൽ ആയിക്കൊള്ളു. ഇപ്പോഴത്തെ കക്ഷിവഴക്കിന്നു മുമ്പെന്നല്ല വി. പിതാവു മലയാളത്തേക്കു എഴുന്നെള്ളുന്നതിന്നു മുമ്പുതന്നെ മനോരമ പാത്രിയക്കീസിനെ മെത്രാനാക്കും, മെത്രാനെ പാത്രിയക്കീസാക്കും........" എന്നു സ്വല്പം തലച്ചോറുള്ള ഒരുമാന്യൻ എന്നോടു പറഞ്ഞതു പ്രസ്തുതസംഗതിയിലുമൊരു നിവൃത്തിയായി വരുന്നതോക്കുമ്പോൾ ഇക്കാര്യത്തിൽ വളരെ സമാധാനത്തിന്നു വഴികാണുന്നുണ്ടു.

ഇനി "വി: പിതാവിനെ സംബന്ധിച്ചു ഞങ്ങൾ അനാവശ്യമായും അതിരുകടന്നും ആക്ഷേപിച്ചിരിക്കുന്നതു മനോരമ, സംരക്ഷകർ മുതലായവയുടെ ഏതേതു ഭാഗങ്ങളിലാണെ"ന്നുള്ള നിങ്ങളുടെ ചോദ്യത്തിന്നു മറുപടിയായി നിങ്ങളോടു ചുരുക്കം ചില സംഗതികൾ ചോദിക്കുന്നതിന്നു മുമ്പു ഏവനും അറിഞ്ഞു വർത്തിക്കേണ്ടതായ ഒരു കാര്യം പറയുന്നു. ആയതു ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും ആരും ആരേയും വിശേഷാൽ മക്കൾ മാതാപിതാക്കളേയും അതിലും വിശേഷാൽ നമ്മെ ദൈവമക്കളാക്കിത്തീർക്കുന്ന പൗരോഹിത്യസ്ഥാനമുള്ള ആത്മിക പിതാക്കന്മാരേയും ചീത്ത പറയുന്നതു കുററകരമാണെന്നും വല്ല ദുർഗതികൊണ്ടോ മററൊ നമ്മിൽ ആരെങ്കിലും അങ്ങിനെ ചെയ്തു പോയിട്ടുണ്ടെങ്കിൽ തെററാന്നു സമ്മതിക്കയും മേലാൽ കഴിയും മട്ട് സൂക്ഷിച്ചു പെരുമാറുകയും ചെയ്യേണ്ടതു മുറയാണെന്നുമുള്ളതാണ. നേരെമറിച്ചു കാര്യമുണ്ടായിട്ടാണു എന്നും മററും പറഞ്ഞു ദുഷിക്കുവാൻ പുറപ്പെടുന്നവർ പിതൃലജ്ജകണ്ടു അപഹസിച്ച ഹാമിന്റെ അനന്തരകാരികളും തൽഫലമായുണ്ടായ ശാപത്തിന്നർഹനായിത്തീർന്ന കനാന്റെ കൂട്ടവകാശികളും ആകുന്നു എന്നു പറയാതെ ഗത്യന്തരമില്ലല്ലൊ. ഒരു കാര്യവുമില്ലാതെയല്ലല്ലൊ; കൊക്കരാ ഉള്ള വീഞ്ഞെല്ലാം കുടിച്ചു ഇണിയും ദകാണാകവുമില്ലാതെ കാട്ടകണ്ണനെ

പ്പോലെ മലൎന്നു കിടക്കുന്നതു കണ്ടിട്ടല്ലെ ഞാൻ ചിരിച്ചു പോയതു; എഴുന്നേററിട്ടും നല്ല തുമ്പു വിഴാഞ്ഞിട്ടല്ലെ ചിരിച്ചു എന്നൊ ശപി ക്കേണ്ടതിനു പകരം വൃഥാ ഇതന്ന ചെറുക്കനെ ശപിച്ചതു, അ ല്ലെങ്കിൽ എന്നൊ പ്രാകിയാൽ നല്ല കണക്കല്ലെന്നു കണ്ടിട്ടായിരി ക്കാം എന്നെല്ലാം "ബാവാക്കു നല്ല രക്ത തിളപ്പില്ലാ ...."എന്നും. ".................കോട്ടവിധിയെ ഭയന്നി ട്ടായിരിക്കാം" എന്നും മററും ഇക്കാലത്തു നമ്മുടെ കൂട്ടരിൽ ചിലർ ജല്പിക്കുന്നതു പോലെ ഹാം ചെയ്തിട്ടില്ലായിരിക്കുമല്ലൊ. ഇങ്ങിനെ പറവാൻ നോക്കിയാൽ വേദത്തിൽ ധാരാളം തെളിവുകൾ കാണു മെന്നു എന്നെപ്പോലെയും അധികവും നിങ്ങൾക്കറിയാവുന്നതാ ണു. ചോദ്യത്തിനു ചോദ്യം കൊണ്ടു മറുപടി കൊടുക്കുന്ന സമ്പ്ര ദായം ഉള്ളതുകൊണ്ടും എന്റെ എഴുത്തുകൾക്കു നിങ്ങൾ ശരിയാ യ സമാധാനം തന്നിട്ടില്ലാത്തതുകൊണ്ടും താഴെ കാണുന്ന ചോദ്യ ങ്ങൾക്കു സമാധാനം പറയണമെന്നാഗ്രഹിക്കുന്നു.

1 കഴിഞ്ഞതിന്റെ മുമ്പിലത്തെ വൃശ്ചികത്തിൽ കൂടിയ സു ന്നഹദോസിൽവച്ചു ബാവാ തനിക്കു പണ്ടില്ലാത്ത ലൗകികാധികാ രം ആവശ്യപ്പെട്ടു എന്നും മററും വെറും പച്ചക്കള്ളം പറഞ്ഞു സു ന്നഹദോസു കലക്കി വി. പിതാവിനോടു നേരിട്ടു യുദ്ധം വെട്ടാൻ തുനിഞ്ഞിറങ്ങിയതുവരെ ആ തിരുമേനി മനോരമമുതലായ നമ്മുടെ പത്രങ്ങൾക്കു " നി. വ. ദി. മ. ശ്രീ മോറാൻ മാർ ഇഗ്നാത്തി യോസു പാത്രിയക്കിസു ബാവാ തിരുമേനി" ആയിരുന്നതും, " വി. പിതാവു, എഴുന്നെള്ളി, നിങ്ങി" എന്നെല്ലാം ഉപയോഗിച്ചിരുന്ന തും അന്നുമുതൽ ഇങ്ങോട്ടു ഓരോ പടി താണു താണു ഇപ്പോൾ വെ റും "അബ്ദുള്ളാ പാത്രിയക്കിസാ" യിരിക്കുന്നതും "പോയി, വന്നു" എന്നെല്ലാം ഉപയോഗിക്കുന്നതും എന്തുകൊണ്ടു? അദ്ദേഹം റോ മായിൽ പോയി എന്നു പറയുന്നതും വി. പത്രോസു പാത്രിയക്കി സു ബാവാ തിരുമേനിയിൽ നിന്നു അദ്ദേഹത്തിനുണ്ടായിട്ടുണ്ടെന്നു പറയുന്ന മുടക്കും ടി. സുന്നഹദോസിനുപിമ്പായിരിക്കുമൊ?

2 നമ്മിൽ ചില യോഗ്യന്മാരുടെ, "സീനിയർ" എന്ന

ദമൽസ്ഥാനവും "അബ്ദേദ് മിശിഹാ എന്ന തിരുനാമവുമുള്ള" ഇപ്പോഴത്തെ "ഇഗ്നാത്തിയോസു പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു്" ഇത്രനാളും എവിടെയായിരുന്നു? ഇദ്ദേഹത്തിനു സീനിയർ എന്ന സ്ഥാനം സിദ്ധിച്ചതു കൊണ്ടായിരിക്കുമൊ ദൈവവും, ആകാശങ്ങളിലിരിക്കുന്നതും, നന്മനിറഞ്ഞ മറിയവും, പുണ്യവാളന്മാരും വേണ്ടെന്നു വച്ചു കളഞ്ഞതു? നമ്മുടെ പുന്നൂസ് വക്കീലിന്റെ, ഇപ്പോഴത്തെ "ശിവറുശിസുജേഷ്ടൻ" എങ്കിലും ഇദ്ദേഹത്തിന്റെ അടുക്കലേക്കു പോകാതെ ഊർശ്ലേമിലേക്കു ബുദ്ധിമുട്ടിയതു എന്തിനു?

3 നമ്മിൽ ചില മഹാന്മാരുടെ ഇപ്പോഴത്തെ "അബ്ദുള്ളാ പാത്രിയർക്കീസി"നു വിരോധമായി 'താരക' അഹോരാത്രം ധാരമുറിയാതെ ശകാരങ്ങളും ദൂഷികളും വർഷിപ്പിച്ചു കൊണ്ടിരുന്ന കാലത്തു ഈ ഭാഗത്തു നിന്നു അവരോടു വർത്തിച്ചതു എങ്ങിനെയായിരുന്നു? ഇന്നീ യോഗ്യന്മാർ ഉപയോഗിച്ചു വരുന്ന കാനൻലാകളിൽ വല്ലതും അന്നു അവക്കെതിരായി ഉപയോഗിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ഏവ?

4 "പാത്രിയർക്കീസു ബാവാ എന്തുചെയ്തു?" എന്നുള്ള പ്രത്യേക ലക്കം സംരക്ഷകനിൽ പറയുന്ന 85 വൃശ്ചികത്തിനു മുമ്പുള്ള "ഗൗരവാവഹങ്ങളായ സംഗതികൾ" അറിയാതെ ആയിരിക്കുമൊ നമ്മുടെ യോഗ്യന്മാർ വി. പിതാവിനെ ബോംബെമുതൽ വായുവിമാനത്തിലെന്നപോലെ കെങ്കേമമായി ഇങ്ങു കൊണ്ടുപോന്നതു? ഉദ്ദിഷ്ടകാര്യം സാധിച്ചിരുന്നെങ്കിൽ മുമ്പും പിമ്പും നടന്നു എന്നു ജല്പിക്കുന്ന വല്ല കുററങ്ങളും വി. പിതാവിന്റെമേൽ ആരോപിക്കുമായിരുന്നുവൊ? പരമാത്മമേ പറയാവൂ.

5 (എ) റോമ്മാ വടക്കംഭാഗത്തേക്കു ആരെ മെത്രാനായി വാഴിക്കണമെന്നു ആൾ തെരിഞ്ഞെടുക്കുവാൻ ആരോടാണു ആവശ്യപ്പെട്ടതു? ആക്കൂട്ടത്തിലെ വല്ല കത്തങ്ങളോടൊ അരത്തേമനികളോടൊ ആണൊ?

(ബി) കുര്യാളശ്ശേരിൽ തോമാക്കത്തനാർ തെരിഞ്ഞെടു-

ക്കപ്പെട്ടവരിൽഉൾപ്പെട്ട ആളാണൊ? അദ്ദേഹത്തെ തെരിഞ്ഞെടുത്തു മാപ്പാപ്പാ തനിച്ചല്ലയൊ?

(സി) പാപ്പായുടെ ഈ തെരിഞ്ഞെടുപ്പിനെ, ഇപ്പോൾ നമ്മിൽ ചിലരെപ്പോലെ നിഷേധിക്കുന്നവരായി അവരിൽ വല്ലവരുമുണ്ടൊ?

(ഡി) നാട്ടിന്റെ സ്ഥിതിയറിഞ്ഞു ഭരണം നടത്തുന്നതിനു മെത്രാന്മാരെ തെരിഞ്ഞെടുക്കുന്നതു നാട്ടിൽ നിന്നു തന്നെ ആയിരുന്നാലും ആ സ്ഥാനത്തേക്കു ആരാണു യോഗ്യനെന്നുള്ള പരിജ്ഞാനം അങ്ങു റോമായിലിരിക്കുന്ന മാപ്പാപ്പാക്കും കർദ്ദിനാളന്മാർക്കുമൊ ഈനാട്ടിലെ മെത്രാന്മാർക്കൊ ആർക്കാണു?

(ഇ) പാപ്പാ അവർകളുടെ ഈ അഭിപ്രായചോദ്യത്തേയും തെരിഞ്ഞെടുപ്പിനേയും താങ്ങുന്നവയായി വല്ലകാനൻലാകളുംനമ്മുടെ ഹുദായകാനോനായിൽ ഉണ്ടൊ? ഉണ്ടെങ്കിൽ ഏവ?

(എഫ്) ഇതിനെ ആസ്പദമാക്കി നോക്കുന്നതായാൽ കമ്പിമാർഗ്ഗേ മലങ്കരയൊ പ്രസിഡണ്ടൊ ഏതാണ്ടെല്ലാമായെന്നൊ ആണെന്നൊപറഞ്ഞു പൊങ്ങുന്നയാളൊ, ബ. മെത്രാപ്പോലീത്താമാരാദിയായ വൈദികഗണങ്ങൾ പള്ളി പ്രതിപുരുഷന്മാർ മുതലായവരുൾപ്പെട്ട വി. സുന്നഹദോസിൽവച്ചു പുരോഹിതശ്രേഷ്ഠനും സഭത്തലവനുമായ നി. വ. ദി. മ. ശ്രീ വി. പാത്രിയക്കീസുബാവാ തിരുമേനിയാൽ പ്രസ്തുതസ്ഥാനത്തേക്കു തെരിഞ്ഞെടുക്കപ്പെട്ടആളൊ ആരാണു അംഗീകാരയോഗ്യൻ?

(ജി) നമ്മുടെ വി. പാത്രിയക്കീസുബാവാതിരുമേനി പിടിക്കുന്നെന്നുപറയുന്ന മക്കടമുഷ്ടികളിലൊന്നും പ്രസ്തുത സംഗതിയിൽ മാപ്പാപ്പാ പിടിച്ചിട്ടില്ലായിരിക്കുമൊ?

(എച്ച്) മനോരമ വിശേഷാൽ എടുത്തു പറഞ്ഞു ഭിന്നിക്കുന്നതും വിട്ടുകളഞ്ഞവയുമായി പാപ്പാഅവർകൾ ഇക്കാര്യത്തിൽ കാണിച്ച നയങ്ങളിൽ വല്ലതും നമ്മുടെ വി. പിതാവിൽ ഉണ്ടൊ ഇല്ലയൊ?

(ഐ) ഈ സംഗതികളിലൊന്നും മനോരമയ്ക്കു

ദൃഷ്ടിയിൽ പെടാതെ, റോമ്മാ വടക്കെ ഭാഗത്തെ അപേക്ഷപ്രകാരം അവക്ക മേലദ്ധ്യക്ഷനെ നിയമിച്ച പാപ്പാ അവർകളെ മന്നോടെ അഭിനന്ദിക്കയും മററു ചില മതാദ്ധ്യക്ഷന്മാരെ മക്കടെമൂഷ്ടി പിടുത്തക്കാരെന്നു പരിഗണിക്കയും ചെയ്തതു എന്തുകൊണ്ടു? ഈ ചില മതാദ്ധ്യക്ഷന്മാർ ആരെല്ലാം?

6 നോഹ് തന്റെ വീഞ്ഞിൽ നിന്നു സുബോധമായി തന്റെ ഇളയ പുത്രൻ തന്നോടു ചെയ്തതിനെ ഗ്രഹിച്ചപ്പോൾ അവനെ ശപിക്കുന്നതിനു പകരം കനാനേ ശപിച്ചതു എന്തുദ്ദേശത്തിലായിരിക്കാം? വി: പുസ്തകം കുററം ആരോപിക്കുന്നതു ആരുടെ മേൽ? നോഹിന്മേലോ ഹാമിന്മേലോ?

7 ഈയിടെ സഭാതാരക മുതലായ പത്രങ്ങൾ മനോരമ മുതലായവക്കെതിരായി പറഞ്ഞിരിക്കുന്ന സംഗതികൾക്കെല്ലാം നിങ്ങൾ സമാധാനം പറഞ്ഞിട്ടുണ്ടോ?

8 കേവലം വിദ്യാവിഹീനന്മാരും, പരിഷ്കാരമില്ലാത്തവരും, ജാത്യാ കോപികളും ദുർവ്വാഗ്രഹികളും ആയുള്ള ജനങ്ങൾ അധിവസിക്കുന്നതും, അഹോവൃത്തിക്കു നിവൃത്തിയില്ലാഞ്ഞു വല്ല ദയറായിലൊ പള്ളിയിലൊ അഭയം പ്രാപിച്ചു അവിടെ താമസിക്കുന്ന റമ്പാന്റെയൊ; കത്തനാരുടെയൊ മററൊ വേലക്കാരനായി തീൎന്നു അടുക്കള വേല ചെയ്യുന്നതിനിടയിൽ കിട്ടുന്ന സഹായം കൊണ്ടു കുർബ്ബാനക്രമം, നമസ്കാരം മുതലായവ പാഠിച്ചു സേവാബലം കൊണ്ടു പട്ടമേററു ക്രമേണ മേല്പട്ടക്കാരായി തീരുന്നവരുടെ ഭരണത്തിൻ കീഴിരിക്കുന്നതും എന്നു നമ്മിൽ ചില യോഗ്യന്മാർ നിഷേധിച്ചിരിക്കുന്ന നാട്ടിലേക്കും ആളുകളുടെ അടുക്കലേക്കും തന്നേ ടി. യാന്മാരുടെ ദൃഷ്ടി ഇപ്പോഴും ഇത്ര ബലമായി ആകർഷിക്കപ്പെട്ടിരിക്കുന്നതിന്റെ ഊനിയം എന്തു?

കാൎയ്യാകാൎയ്യ വിവേചനാ ശക്തിയുള്ളവരുടെ ഗ്രഹണത്തിലേക്കായിട്ടായിരിക്കാമല്ലൊ മനോരമ, സംരക്ഷകൻ മുതലായവയിൽ സഭക്കാൎയ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതു. അതിനാൽ ഈ ഏഴത്തിനെക്കുറിച്ചു നിങ്ങൾക്കു അല്പം രസക്ഷയം തോന്നിയാലും

കാൎയ്യമറിയാകുന്നവർ നിഷേധിക്കയൊ സ്വീകരിക്കയൊ ചെയ്തു കൊള്ളട്ടെയെന്നു സമാധാനപ്പെട്ടുകൊണ്ടു ഇതു നമ്മുടെ പ്രിയപ്പെട്ട മനോരമയുടെ പാകതികളിൽ പ്രസിദ്ധം ചെയ്തു കാണ്മാനാഗ്രഹിക്കുന്നു.

വിശേഷിച്ചും, എന്റെ ഈ ചോദ്യങ്ങൾക്കെല്ലാം നിങ്ങളുടെ ഒരെഴുത്തു മൂലം ഉടനെ സമാധാനം തരുന്നതു കൂടാതെ നിങ്ങൾ എന്നോടു ആക്ഷേപയോഗ്യമായ ഭാഗങ്ങൾ ഏവയെല്ലാമെന്നു ചോദിച്ചേക്കുമെന്നുള്ള മുൻകരുതലില്ലാഞ്ഞതിനാൽ (കരുതൽ ചെയ്യാഞ്ഞതു എന്റെ പേരിൽ വിഴ്ചയാണു.) മനോരമയുടെ ഈ അടുത്ത ലക്കമൊഴിച്ചു ശേഷമുള്ളവയെല്ലാം ഇവിടെ പഠിക്കുന്ന കുട്ടികൾക്കു പുസ്തകം പൊതിയാനും മററുമായി ചെലവഴിച്ചു പോയതുകൊണ്ടു എനിക്കയച്ചു തുടങ്ങിയ ആദ്യലക്കം മുതൽ ഇതുവരെയുമുള്ള എല്ലാ ലക്കങ്ങളും ദയവായി അയച്ചു തരണമെന്നാഗ്രഹിക്കുന്നു. സംരക്ഷകന്റെ ചുരുക്കം ചില പ്രതികളും കിട്ടുവാനാവശ്യമുണ്ടു. അവ ഏവയെല്ലാമെന്നു നിങ്ങളുടെ സമാധാനവും മനോരമയും കിട്ടിയതിനു മേൽ തെരിഞ്ഞെടുത്തറിയിച്ചുകൊള്ളാമെന്നു വിചാരിക്കുന്നു. നിങ്ങളുടെ ജ്ഞാനത്തിനു ഇത്രയും മതിയെന്നു കരുതി ചുരുക്കുന്നു.

എന്നു ഫാദർ, കെ. ജെ. ഗീവറുഗിസു് റമ്പാൻ (ഒപ്പ്)

ഈ എഴുത്തയച്ചിട്ടു രണ്ടാഴ്ചയോളമായിട്ടും മറുപടി കാണാഞ്ഞു ഒരു കാർഡുമൂലം എഴുതിചോദിച്ചപ്പോൾ തുച്ഛമായും പുച്ഛമായും അയച്ചു തന്ന മറുപടി താഴെ ചേൎക്കുന്നു:—

Malayala Manorama Co, Ltd;
Kottayam, 25-9-1911.

അയച്ച കാർഡു കിട്ടി. ഇത്ര കഥയില്ലാതെ എറമ്പാച്ചൻ എഴുതുമെന്നു വിചാരിച്ചിരുന്നില്ല. അതാണു മറുപടി അയക്കാ

ന്നതു. എഴുത്തിലെ സംഗതികൾക്ക ഓരോന്നിനും പ്രത്യേക പ്രത്യേകം മറുപടി തരാൻ സംഗതികളുണ്ടു. പക്ഷേങ്കിൽ അതു മനസ്സിലാക്കാനുള്ള ശക്തിയൊ മനഃപരിഷ്കാരമൊ അവിടത്തേക്കു ള്ളല്ലെന്നു ഈ എഴുത്തു കൊണ്ടു കാണുന്നതിനാൽ മൌനം ദീക്ഷിക്കുന്നു.

(ഒപ്പു)
മാനേജർ

ഇതിനു ഞാനും ഒരു മറുപടി അയക്കാതിരുന്നില്ല. അതിനു അവർ മറുപടി തന്നതുമില്ല. അതോടെ ഞങ്ങൾ തമ്മിലുള്ള എഴുത്തുകുത്തുകളും അവസാനിച്ചു.

[ഔഗേൻ റമ്പാച്ചൻ അവർകൾ കടമററത്തു പള്ളിയിൽ താമസിക്കുന്ന കാലത്തു ആ പള്ളിയിലെ രണ്ടു ശെമ്മാച്ചന്മാൎക്ക സംഗതിവശാൽ അയച്ച ഒരെഴുത്തു]

ആലുവാ സിമ്മനാരി,
26-9-1912.

വാത്സല്യ ആത്മിയ മക്കളായ ആനിക്കാശ്ശേരിൽ പൗലൂസ ശെമ്മാച്ചനും, പൂവത്തുമ്മൂട്ടിൽ യൗസേപ്പു ശെമ്മാച്ചനും കൂടി അറിവാൻ,

പ്രിയരെ! കുറെ നാളുകൾക്ക മുമ്പു നിങ്ങളിരുവരുടേയും പേൎക്ക ഞാൻ ഒരു സുറിയാനി കത്തയച്ചിരുന്നല്ലൊ. സ്റ്റാമ്പു പതിക്കാതെയാണു അയച്ചിരുന്നതു. അതുകൊണ്ടു അതു നിങ്ങൾക്ക കിട്ടിയിട്ടുണ്ടെന്നുള്ളതു നിശ്ചയമാണ്. ഞാൻ നിങ്ങളെ എന്നും ഓൎക്കുന്നുണ്ടെന്നുള്ളതിനു ദൈവം സാക്ഷി. എന്റെ കൈവശമുള്ള കൊച്ചുശെമ്മാച്ചന്റെ പേനാക്കത്തി നിത്യവും തന്നെ

പ്രാവശ്യം എൻെറ കൈ കൊണ്ടു എടുക്കനാവശ്യം വരും. ആ സമയങ്ങളിലെല്ലാം നിങ്ങളെ കാണുന്നതു പോലെ തോന്നിപ്പോകാറുണ്ടു. നിങ്ങളും എന്നെ സംബന്ധിച്ച ഇങ്ങിനെ തന്നെയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. ഈയിടെ തേനങ്കൽ മല്പാനച്ചനവർകൾ ഇവിടെ വന്നിരുന്ന സമയം കോലഞ്ചേരി മുതലായ ആ പ്രദേശങ്ങളിലെ വത്തമാനങ്ങൾ എല്ലാമില്ലെങ്കിലും കാശ്ശഭാഗം ഏറാക്കുറെ എന്നോടു പറഞ്ഞറിഞ്ഞു. ഇതിനു പുറമെ കഴിഞ്ഞ ശനിയാഴ്ചത്തെ മനോരമ വായിച്ചപ്പോൾ രുചിയുമായി. നിങ്ങളുടെ ഗുരുവും എൻെറ പ്രിയപ്പെട്ട സഹോദരനുമായ ബ: ഔഗേൻ റമ്പാച്ചൻെറ അദ്ധ്യക്ഷതയിൽ കോലഞ്ചേരിലെ സ്കൂളിൽ ഒരു യോഗം നടത്തിയതായും മററും ആ പത്രത്തിൽ നിന്നു വായിച്ചറിഞ്ഞപ്പോൾ ഉണ്ടായ മനോവികാരങ്ങൾ പറയാവതല്ല. ഈ ഗഡുവിൽ നിങ്ങളിരുവരുടേയും വല്യപ്പനും എൻെറ സ്നേഹിതനും നിങ്ങൾ എൻെറ അടുക്കൽ വരുന്നതിനു മുമ്പും അതിൽ പിന്നിട്ടും ചില എഴുത്തുകൾ എൻെറ പേക്കു എഴുതിയിട്ടുള്ളയാളും ഞാൻ അവിടെ വന്നു താമസിച്ചപ്പോൾ സഭാസംബന്ധമായും മററുംപല വത്തമാനങ്ങൾ എന്നോടു പറഞ്ഞിട്ടുള്ളയാളുമായ ബ: വല്യച്ചനെ സംബന്ധിച്ചും നിങ്ങളുടെ ഭാവിയെപ്പററിയും ഓത്തു വ്യസനിക്കാൻ തുടങ്ങി. ബ: റമ്പാച്ചനെ സംബന്ധിച്ചും അങ്ങിനെതന്നെ. "സംസർഗ്ഗജാഃ ദോഷ ഗുണ ഭവന്തി" എന്നുണ്ടല്ലോ. നല്ല സംസർഗ്ഗമായിരുന്നാൽ ഗുണവും അല്ലാഞ്ഞാൽ നേരെ വിപരീതവുമാണുണ്ടാകുന്നതു. ഈ അവസരത്തിൽ 1910. ഇടവം 6-ാം നു- വല്യച്ചൻ എൻെറ പേക്കയച്ച എഴുത്തിനെ സംബന്ധിച്ചും ഓമ്മ വന്നു. ഉടനെ എഴുത്തെടുത്തു. അതു നിങ്ങളെ എൻെറ അടുക്കൽ അയക്കുന്നതിനെ പററി നമ്മുടെ യൗനാൻ കഞ്ഞിൻെറ അപ്പൻ വശം അയച്ച എഴുത്താണു. അതിനു ശേഷമാണു നിങ്ങൾ എൻെറ അടുക്കൽ വന്നു ചേന്നതു. അതിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "നമ്മുടെ ഏററവും വാത്സല്യപ്പെട്ട ഫ്രിയ

പുത്രന്മാരായ രണ്ടു ശെമ്മാച്ചന്മാരെ അവിടത്തെ അടുക്കൽ സുറി യാനി ... ...അയക്കാൻ തിച്ചയാക്കിയിരിക്കുന്നു. അവർ കർബ്ബാന ശുശ്രൂഷ........ ...ഗ്രമത്തിയുടെ എതാനും ഭാഗം ഇതുവരെ ബലഹീനന്മാരായ ഞങ്ങളിൽ നിന്നു അഭ്യസിച്ചിട്ടുണ്ടു. അതുകളുടെ പോരായ്മയും................ . അഭ്യസിപ്പിച്ചു നമ്മുടെ സഭയോടു ഉപദ്രവിക്കുന്ന ചെന്നായ്ക്കളോടു എതിർപ്പാൻ തക്കവണ്ണമുള്ള ദീപസ്തംഭങ്ങളാക്കി തീർത്തു തരണമെന്നു അവിടത്തെ സ്നേഹത്തെ നിർബ്ബന്ധിക്കുന്നു. ” ഇനി നിങ്ങളെ എന്റെ അടുക്കൽ നിന്നു വിടുത്തി കൊണ്ടുപോകുന്നതിനായി പൗലൂസു ശെമ്മാച്ചന്റെ അപ്പൻ വശം അയച്ച എഴുത്തിൽ നിന്നു ആവശ്യമുള്ള എതാനും ഭാഗം കൂടെ ഇവിടെ ഉദ്ധരിക്കട്ടെ. ഇതു 1911 വൃശ്ചികം 12-ാം നു- എഴുതിയതാണു. ഇതിലെ താല്പര്യം താഴെ വരുന്നപ്രകാരമാകുന്നു. “..............എന്നാൽ വി: പിതാവിന്റെ എഴുന്നെള്ളത്തിനു ശേഷം അവിടന്നും നമ്മുടെ ഔഗേൻ റമ്പാച്ചനും ആലുവായിൽ താമസിക്കണമെന്നും ഒരു ശരിയായ സുറിയാനി പഠിത്തം നടത്തിക്കണമെന്നും ബലഹീനനായ ഞാൻ സദാ വിചാരിച്ചു കൊണ്ടിരുന്നു.........ഇതുകൾ എല്ലാററിനേയും തടുക്കുന്നതായ ഭ്രംശം നമ്മുടെ സമുദായത്തിനു നേരിട്ടിരിക്കുന്നതിനാൽ ഈ വിചാരങ്ങളെല്ലാം നിഷ്പ്രയോജനങ്ങളായിരിക്കയാണു. ഇനി ഈ കാര്യങ്ങൾ നിറവേറുന്നതിനു എപ്പോൾ ദൈവം തിരുവുള്ളമാകുന്നുവൊ അതുവരെ നാമെല്ലാവരും നിർഭാഗ്യവാന്മാരായിരിക്കുകതന്നെ. വിശേഷിച്ചും ഔഗേൻ റമ്പാച്ചനവർകൾ ആലുവായിൽനിന്നു പിരിഞ്ഞതിന്റെ ശേഷം........ ...ഇവിടെ എത്തുകയും............ഞങ്ങൾ ആലോചിച്ചതിൽ അദ്ദേഹം ഈ പള്ളിയിൽ സ്ഥിരമായി താമസിക്കണമെന്നു ഈ പള്ളിയോഗക്കാർ കൂടി നിശ്ചയിക്കയും പള്ളിയിലെ ചിലപണികൾ, സ്കൂളിന്റെ മേലധ്യേപ്രഷണങ്ങൾ, നവീകരണ്യ ഉപദ്രവങ്ങൾ നമ്മുടെജനങ്ങ

ളിൽ പ്രചരിക്കാതിരിപ്പാനുള്ള ഉപദേശങ്ങൾമുതലായ പലകാൎയ്യങ്ങളിലും നമുക്ക അദ്ദേഹത്തിന്റെ താമസം ഒരു വലിയ താങ്ങായിരുന്നതിനാൽ അതിനെ ബലഹീനനായ ഞാനും സമ്മതിച്ച സഹിക്കപ്പെട്ടതായിരിക്കുന്നു. എന്നാൽ......... ...നമ്മുടെ ശെമ്മാച്ചന്മാരും അദ്ദേഹത്തിന്റെകൂടെ താമസിച്ച പഠിക്കുന്നതിനു വളരെ സൌകൎയ്യമുണ്ടെന്നു വിചാരിക്കുന്നതുകൊണ്ടു............ അയപ്പാറാകണം " രണ്ടെഴുത്തുകളിലെയും സാരഭാഗം ഇപ്രകാരമാകുന്നു. അവ കൊട്ടേഷ്യൻ കൊണ്ടു അടയാളപ്പെടുത്തിട്ടുമുണ്ട. അവകളിൽ അടിയിൽഞാൻ വരയിട്ടിരിക്കുന്നവ പ്രത്യേകം ചിന്തിക്കേണ്ടവയാണു. നമ്മുടെഉദ്ദേശങ്ങൾ ചിലപ്പോൾ കാരണവശാൽ നിറവേറാതെ വന്നുവെയ്യുവച്ച അവയ്ക്കുള്ളമാൎഗ്ഗം എന്നേക്കുമായി നശിച്ചുപോയി എന്നുള്ള വിധത്തിൽ ശവിഷ്ടന്മാരായിത്തീൎന്ന സഭയിൽ നാശമുണ്ടാകുന്നതു വിഹിതമാണൊ? ബഹുജന സംസാരം ഞാൻ വിശ്വസിക്കാതെ യിരിക്കയായിരുന്നു. ഇപ്പോൾ എനിക്കും നല്ലബോദ്ധ്യംവന്നു. വിചാരിതാവു തിരിച്ചെഴുന്നെള്ളിയശേഷം സഭാസംബന്ധമായി ചില കാൎയ്യങ്ങൾ ചെയ്യണമെന്നു അടുത്തദിവസംതന്നെ ആലുവാ സിമ്മനാരിയിൽവച്ച ഞാൻ റമ്പാച്ചനോടു പറഞ്ഞപ്പോൾ "തനിക്കൊന്നും കഴികയില്ലെന്നും പ്രാപ്തിയില്ലെന്നും ഒന്നിലും ഉൾപ്പെടാതെ വല്ലസ്ഥലത്തും സ്വസ്ഥമായിരിക്കണമെന്നും അവയെല്ലാം പ്രാപ്തിയെനിക്കാണു; അതിനാൽ അവചെയ്യേണ്ടതു ഞാനാണു എന്നുംമററും" പറഞ്ഞു പിരിയുകയാണുണ്ടായതു. അങ്ങിനെയെങ്കിൽ വല്ല മലയിലൊമറെറാ പോയിരിക്കയൊണു നല്ലതു എന്നുംമററും ഞാനും ചില മറുപടികൾ പറഞ്ഞു. എന്നാലിപ്പോൾ കിഴക്കൻമലക്ക പോകാനുള്ള നിൎബന്ധശ്രമമാണെന്നു കേൾക്കുന്നു. എന്റെ അഭിപ്രായം കളിയായിട്ടുള്ളതായിരുന്നുവെങ്കിലും അതിനെ സ്വീകരിച്ചല്ലോയെന്നുള്ളതിൽ എനിക്ക ചാരിതാൎത്ഥ്യമുണ്ടാകാമെന്നിരുന്നാലും കുടിയിടകളിൽ താമസിക്കുന്നവൎക്ക കിടക്കപ്പൊറുതിയില്ലാത്തവണ്ണം അവരു

ടെ ഇടയിൽ വഴക്കും ദ്വേഷപക്ഷങ്ങളും ഉണ്ടാക്കിയും വച്ചു കോ
കാർ തമ്മിലുള്ളതിൽ എനിക്ക അല്പമല്ലാത്ത വേദനയുണ്ട്. ഒരി
ക്കൽ എന്റെ പേക്കൽ: എന്തെന്നാൽ ഈ ദിവന്നാസ്യോസ് സ
ഭയിൽ കലഹമുണ്ടാക്കുന്നു; മേലാൽ അധികമുണ്ടാക്കുകയും ചെയ്യും"
എന്നെഴുതിയ ആളാണൊ ഇതു എന്നു തോന്നിപ്പോകുന്നു. ദി
വന്നാസ്യോസിന്റെയും കൂട്ടരുടെയും പ്രേരണയാൽ ഇപ്പോൾ വ
ന്നിരിക്കുന്ന അബ്ദൽമിശിഹ് ബാവായിന്റെയും അവരുടെ അടുക്കൽ
തലകുനിക്കനിമിത്തം കാണാൻപോയിട്ട ഉണ്ടായിരുന്ന വ്യവസ്ഥ
"പോയി" എന്നുപറയുന്ന മട്ടിലായിരിക്കുന്നു നമ്മുടെ മനോരമ കാ
ര്യാലിക്കാരേയും മററും ആദരിക്കാനും അതിലേക്ക സഹായം വി
ളിച്ചുകൂട്ടി അദ്ധ്യക്ഷം വഹിക്കാനും മററും പുറപ്പെട്ടിരിക്കുന്നതു ഒ
ക്കുമ്പോൾ ഇതിൽ ഒന്നാം വട്ടശ്ശേരി, പുന്നൂസ് മുതൽപേർ തന്നെ
യാണെന്നു പറയേണ്ടിയിരിക്കുന്നു. അവർ വഴക്ക തുടങ്ങിയതി
ന്റശേഷം രണ്ടുവേഷം കാട്ടിയിട്ടില്ല. എതിരാളികളായി ഉറച്ചു
തന്നെ നില്ക്കുന്നു. ഇതു അതിശയമല്ല. രണ്ടു കൂട്ടരെക്കൊണ്ടും
ചിതപറയിക്കാനും കലഹം വർദ്ധിപ്പിക്കുവാനുമായിട്ട കടവാവലി
ന്റെ ഒരുഭാവ മനത്തിന്റെ വേഷം കെട്ടിക്കൊണ്ടിറങ്ങിയിരിക്ക
യാണ. കഷ്ടംതന്നെ. ഇനിയെങ്കിലും നല്ലബുദ്ധി തോന്നിയെങ്കിൽ
മതിയായിരുന്നു. (വെളി: 3:14-22) ആ പള്ളിയിലെ ചെലവു
പാറിതാമസിക്കുന്ന റമ്പാച്ചൻ വല്യച്ചനുംകൂടി മനസ്സു വക്കാതെ
നിരന്തരം പോയി മുടക്കപ്പെട്ടവരുടെ ശുശ്രൂഷ മുതലായവക
ളിൽ സംബന്ധിക്കയും കോലഞ്ചേരിക്കപോയി അദ്ധ്യക്ഷംവഹിക്ക
യും ചെയ്തതു എന്തിനെന്നറിയുന്നില്ല. ശെമ്മാച്ചന്മാരെ സൌ
കര്യമായി പഠിപ്പിക്കുന്നമെങ്കിൽ തല്ക്കാലം റമ്പാച്ചനെ ആശ്രയി
ക്കാതെ ഗത്യന്തരമില്ലാത്തതുകൊണ്ടു താൻ എന്തുതന്നെ ചെയ്താലും
ആരും ഉരിയാടുകപോലും ചെയ്കയില്ലെന്നുറച്ചു സ്വമേധാ പുറ
പ്പെട്ടതായിരിക്കാമെന്നും ആ കാര്യംതന്നെ ഓർത്തു വല്ലതും കാട്ടി
ക്കൊള്ളട്ടെയെന്നു വല്യച്ചനും മററും മൌനം ദീക്ഷിച്ചതാണെന്നും
സംശയിക്കുന്നു. "മരിച്ചവരെ മരിച്ചവർ അടക്കിക്കൊള്ളട്ടെ" എ

ന്നു നമ്മുടെ രക്ഷകൻ കല്പിച്ചിരിക്കുന്നതുപോലെ മരിച്ചവരെ മരിച്ചവർ അനുമോദിക്കയോ ആദരിക്കയോ മററൊ ചെയ്തുകൊള്ളട്ടെ എന്നുവെച്ചെങ്കിൽ നന്നായിരുന്നു. ജീവനെ ആഗ്രഹിക്കുന്നവർ ആ കൂട്ടത്തിൽ കൂടുന്നതെന്തിനു? (മസ്മു: 34: 12-21) നമ്മുടെ ഗുരുക്കൾ മല്പാനച്ചന്റെ പേർക്കു കുറെമുമ്പു ഞാനയച്ച എഴുത്തിനുത്തര മറുപടിയിൽ ഇപ്രകാരമെഴുതിയിരിക്കുന്നു. "തിരുമേനി തന്നോടു പോകാൻകാലത്തു ഞങ്ങളിൽ ചിലർ തടസ്സം പറഞ്ഞപ്പോൾ വടകരെവച്ചു നിങ്ങളുടെ ആലോചന കേട്ടതുകൊണ്ടു എനിക്കു ദുഃഖത്തിനിടയായി. എന്റെ സ്വന്ത ഇഷ്ടപ്രകാരം ചെയ്താൽ ഈ ദോഷവും വരികയില്ല" എന്നിപ്രകാരം കല്പിച്ചുകൊണ്ടു പോകയാണു ചെയ്തതു എന്നത്രെ. പ്രിയമക്കളെ! ഇതിനെക്കുറിച്ചു വിചാരിക്കുന്നപക്ഷം വെളിപ്പെടുന്നതു തന്റെ മക്കളുടെ ആലോചന കേട്ടതുകൊണ്ടു വന്ന ദുഃഖ്യാ കെസ്റ്റുകൾ അല്പം കുറവു വന്നുവെന്നുള്ളതല്ലാതെ മററൊന്നുമല്ലെന്നു ഭൂതകാലചരിത്രന്മാർക്കു നിഷ്പ്രയാസം ഗ്രഹിക്കാവുന്നതാണു. ആ കുറവു നികത്തുവാനുണ്ടായ ശ്രമം തനിക്കും അനുചരന്മാർക്കും പക്ഷെ സഫലമായി, സഫലമാകും എന്നിരുന്നാലും തനിക്കുണ്ടായിരുന്ന സ്ഥാനമാനങ്ങൾ കൂടെയും വാസ്തവത്തിൽ നഷ്ടപ്പെടുകയാണുണ്ടായിട്ടുള്ളതെന്നു ഏതു കൊച്ചുകുഞ്ഞിനുപോലും അറിയാവുന്ന കാര്യമാണല്ലോ. ഈവിധം അത്യാഗ്രഹത്തിൽ മുഴുകിയിരിക്കുന്ന ആളിനെ അല്ലെങ്കിൽ ആളുകളെ ആദരിക്കുന്നതു സത്യമക്കൾക്കു വിഹിതമല്ല. (1 കോറി: 5: 9-13) ആത്മിക ലൌകിക മാതാപിതാക്കൾ ഗുരുക്കന്മാർ മുതലായവരെ അനുമോദിക്കയും ബഹുമാനിക്കയും ചെയ്യേണ്ടതു അവനവനു തോന്നുന്നതുപോലെയല്ല. കർത്താവിന്റെ ഹിതത്തിനൊത്തവണ്ണമത്രെ. എന്തെന്നാൽ മക്കളെ! കർത്താവിൽ നിങ്ങളുടെ മാതാപിതാക്കളെ അനുസരിപ്പിൻ എന്നു പറഞ്ഞിരിക്കുന്നുവല്ലോ. (എപ്പെ: 6:1) ഇടത്തൂട്ട എന്നു പറയുന്നതു പാലക്കുന്നത്തു മത്യൂസിന്റേയും കൂട്ടരുടേയും മററു ചില ശാഖക്കാരുടേയും ഉപദേശം മാത്രമല്ല ഹെർമ്മാത്തു് അമ്പ്രൂമിശിറിസ് മുതലായി ഇപ്പോഴത്തെ നവീന കട-

ളേളും ഇടത്തൂട തെറ്റായാണ. പറുദൈസായിൽവച്ചു ആത്മാക്ക
ളിയാനെ കേൾക്കുന്നതാമറും പോയിട്ടില്ലല്ലോ. വിലക്കപ്പെട്ടക
നി പാപ്പതിനായേയുള്ളു. തൻനിമിത്തം പിശാചിന്റെ അടി
മയിലായിപ്പോയില്ലേ? വി. സഭാ തലവനായ പാത്രിയർക്കീസുബാ
വാ തിരുമനസ്സിലേക്ക ദൈവത്തിന്റെ സ്ഥാനാപതി അല്ലെങ്കിൽ
നരന്റെ സഭയുടെ വികാരിയായുള്ള നിലയിൽ മേൽനിന്നു സ്വ
ലിച്ചിട്ടുള്ള രണ്ടുവിധ അധികാരം അതായത്ര ; ആത്മിക ലൌകിക
അധികാരങ്ങളുണ്ടെന്നു ആ സ്ഥാനത്തു നിന്നുകൊണ്ടു കല്പിക്കുന്ന
ു അതിനെ ഭയഭക്തിയോടുകൂടി സസന്തോഷം അനുസരിക്കുന്ന
ു ഒരിക്കലും ഇടത്തൂടാകയില്ല. ലോകാവസാനംവരെ എല്ലാർക്കും
ഴ. വലത്തൂടായിത്തന്നെ ഇരിക്കയുള്ളു. പക്ഷേ ചിലപ്പോൾ
ആൾപ്പെരുപ്പവും ലോകശ്രേഷ്ഠതകളും കുറെ കുറഞ്ഞു പോകുമാ
യിരിക്കും. അതു വി. സഭയുടെ ലക്ഷണങ്ങളിലൊന്നാകയാൽ
അശേഷം ശങ്കിക്കുവാനില്ല. (1കോറി; 1: 18-31) എന്നാൽ നേ
രെമറിച്ചു പട്ടത്വത്തിനടുത്ത യാതൊരു നൽവരമൊ തത്സംബന്ധ
മായി ആത്മികമാകട്ടെ ലൌകികമാകട്ടെ വല്ല അധികാരമൊ ഒ
ന്നുംതന്നെ ഇല്ലാതെ കേവലം അത്മേനി മൂപ്പീന്നന്മാർ മാത്രമായി
രിക്കെ തങ്ങൾക്കു എന്താണ്ടെല്ലാം ഉണ്ടെന്നുഭാവിച്ചു ഞെളിയുന്ന
വരും അവരുടെ അനുകാരികളുമാണു ഇടത്തൂട്ടുകാർ. അവരുടെ
സിംഹാസനത്തിനു ദൈവത്തോടു യാതൊരു സമ്പന്ധതയുമില്ല. (മ
സ; 94 നമ്മുടെ തർജ്ജിമ) അതുകൊണ്ടു കുറച്ചു നാളെങ്കിലും ഈ
പാപിയായ എന്റെകൂടെ താമസിക്കയും പിരിച്ചിൽസമയത്തു എ
ന്നെകരവിച്ചു കണ്ണുനീർ കണ്ടുംകൊണ്ടു പിരിഞ്ഞുപോകയും ചെയ്ത
വാത്സല്യ കുഞ്ഞുങ്ങളെ! നിങ്ങളിരുവരും ഇരു ക്ഷമയോടുകൂടെന
ല്ലവണ്ണം ശ്രദ്ധവച്ചും അവിടവിടെ കുറിച്ചിരിക്കുന്ന വേദാംശങ്ങൾ
പ്രാർത്ഥനയോടെ ശോധനചെയ്തും വായിച്ചുമനസ്സിലാക്കുകയും അ
നന്തരം ബ. റബാച്ചന്റെയും വല്യച്ചന്റെയും അടുക്കൽ കൊണ്ടു
ചെന്നുകാണിച്ചു ദോഷികളുടെ കൂട്ടത്തിലേക്കു ചാഞ്ഞുപോകാതെ
അവരിൽനിന്നു വേർപെട്ടിരിക്കണമെന്നു കൈകൾ മലത്തി

എനിക്കും നിങ്ങൾക്കും വേണ്ടി കത്താവിൻെറ നാമത്തിൽ അവരോടപേക്ഷിക്കയും ഈ താഴെ വരുന്ന വേദഭാഗം വായിച്ചു കേൾപ്പിക്കയും വേണം. (2 കൊറി. 6: 14—18) അവർക്ക ഇതൊന്നും അറിഞ്ഞുകൂടാഞ്ഞിട്ട പറയുന്നതല്ല; പിന്നെയൊ പൈതങ്ങളുടെ അപേക്ഷ ദൈവവും മാതാപിതാക്കളും കേൾക്കമല്ലൊ എന്നുള്ളതുകൊണ്ടും അവരെ ഓമ്മപ്പെടുത്തുവാൻ വേണ്ടിയും ഇങ്ങിനെ ചെയ്യണമെന്നു നിങ്ങളുടെ സ്നേഹത്തെ നിർബന്ധിക്കുന്നതാകുന്നു. എൻെറ ഹൃദയ വേദന സഹിച്ചു കൂടായ്കയാൽ ഇത്രത്തോളം കടത്തി എഴുതിപ്പോയതിൽ അവർ എൻെറ നേരെ പരിഭവിക്കയില്ലെന്നാണ എൻെറ വിശ്വാസം. ഒരുവേള പരിഭവിച്ചാലും അവർ എൻെറ ഇഷ്ടന്മാരെന്ന നിലയിൽ, ഇത്രത്തോളം എന്നെ ദുഃഖിപ്പിക്കയും വിഷമിപ്പിക്കയും ചെയ്യതിനു പുറമെ അതും ഞാൻ അവരിൽ നിന്നു അനുഭവിക്കേണ്ടതാകുന്നെന്നു സമാധാനപ്പെട്ടുകൊള്ളാം. "ഒരു വലിയ താങ്ങൽ" ഒരു വലിയ തടങ്ങലാകാൻ തുടങ്ങുന്നതുകണ്ടാൽ ആൎക്കാണ ഖേദംതോന്നാത്തതു? എന്നാൽ തിൎച്ചക്ക അവരുടേയും നിങ്ങളുടേയും നിങ്ങൾക്കുള്ള ശേഷമെല്ലാവരുടേയും നിങ്ങളുടെ കൂട്ടസഖികളുടേയും അവിടെയുള്ള സകലമാന പേരുടേയും വിശേഷാൽ എനിക്ക ഒരു പിതാവിനെപ്പോലെ ഇരിക്കുന്ന ബ. വികാരിഅച്ചൻെറയും. ബ. മുണ്ടഞ്ചിറ അച്ചൻെറയും, പ്രിയപ്പെട്ട പൂക്കാട്ട ശെമ്മാച്ചൻെറയും സുഖ ദുഃഖാദിവാൎത്തകൾ അറിഞ്ഞു പങ്കുകൊള്ളുവാൻ ആഗ്രഹമുള്ളതുകൊണ്ടു ആ കാൎയ്യങ്ങളെപ്പററിയും ശേഷം വൎത്തമാനങ്ങളെക്കുറിച്ചും ഒരു മറുപടി അയച്ചുതരണം. ദൈവകൃപയാൽ നിങ്ങളെല്ലാവരുടേയും പ്രാൎത്ഥനമൂലം ഞങ്ങൾക്ക ഒരുവിധം സുഖമാണു. കത്താവിൽ സുഖമായിരിപ്പിൻ. ഞങ്ങൾക്കവേണ്ടി പ്രാൎത്ഥിക്കയുംചെയ്യിൻ. എന്നു നിങ്ങളുടെ റമ്പാച്ചൻ. (ഒപ്പ്)

മേൽ വാകത്തിയ എഴുത്തിൽ "തിരുമേനി തെക്കോട്ട പോകാൻകാലത്തു ഞങ്ങൾ ചിലർ തടസ്സംപറഞ്ഞതുകൊണ്ടു വടക്കരെ വച്ച

നിങ്ങളുടെ ആലോചന കേട്ടതുകൊണ്ടു എനിക്കു ഭൂപെത്തിനിടയാ യി. എന്റെ സ്വന്തഇഷ്ടപ്രകാരം ചെയ്താൽ ഒരുദോഷവും വരി കയില്ലാ എന്നിപ്രകാരം കല്പിച്ചുകൊണ്ടു 'പോകയാണു ചെയ്തതു" എന്നെഴുതിയിട്ടുണ്ടല്ലൊ. അതേപ്പറ്റിയും സ്വല്പം പറഞ്ഞുകൊ ണ്ടു തത്സംബന്ധമായ ചുരുക്കം ചില രേഖകൾക്കൂടെ ചേൎക്കുന്നതു നന്നായിരിക്കുമെന്നു വിചാരിക്കുന്നു.

വലിയബാവാ തിരുമനസ്സുകൊണ്ടു മത്സരിയായ മല്ലപ്പിള്ളിമെ ത്രാച്ചനെ മുടക്കി. അദ്ദേഹത്തിനും അനുചരന്മാൎക്കും പരിഭ്രമവും ബാവായോടു പൂൎവ്വാധികം കോപവുമുണ്ടായി. രണ്ടുപേർ ഫാദർ പി. റ്റി. ഗീവറുഗീസ്; ഇപ്പോൾ റീത്തു വേഷമെത്രാൻ, കെ. സി. മാമ്മൻമാപ്പിള എന്നവർകൾ വടക്കോട്ടു ഓടി, മണ്ണത്തൂർ പ ള്ളിയിലെത്തി; അവിടെ സ്വസ്ഥമായി താമസിച്ചിരുന്ന വയോവൃദ്ധ നായ മാർ ഈയവാനിസു മെത്രാച്ചനെ മന്ത്രതന്ത്രങ്ങൾ പറഞ്ഞി ളക്കി, അദ്ദേഹം വശീകരത്തിൽപെട്ടു. ഞങ്ങൾ വണ്ടിയും ആളു മയക്കുമ്പോൾ തിരുമേനി കോട്ടയം സിമ്മനാരിയിൽ എത്തണമെ ന്നു ശട്ടംകെട്ടിക്കൊണ്ടു അവർ മടങ്ങിപ്പോയി. ഈവിവരം കണ്ടനാ കണ്ണിക്കയാ വടകര, പാലക്കുഴ, കൂത്താട്ടുകുളം എന്ന ഇടവക കളിൽ എത്രയുംനിമിഷം പരന്നു. മേല്പറഞ്ഞ പള്ളികളിലെ പ്ര ധാനികൾ വണ്ടിയുടെ വരവും തിരുമേനിയുടെ കോട്ടയം യാത്രയും പ്രതീക്ഷിച്ചിരിപ്പായി. വണ്ടിയും ആളുംവന്നു. വടകരെ കയറി ക്കൊണ്ടു യാത്രതിരിക്കണമെന്നു തിരുമേനി നിശ്ചയിച്ചു. നിശ്ചയ ദിവസം തിരുമേനിക്കു മുമ്പുതന്നെ പ്രസ്തുത പള്ളിപ്രമാണികൾ ത ലപ്പള്ളിയായ വടകരെ എത്തിക്കഴിഞ്ഞു. കുഴിക്കാട്ടു കത്തനാർ നി ന്നും ഞാനും ചെന്നുചേൎന്നു. കോലഞ്ചേരിൽനിന്നു തിരുമേനിയു ടെ അനന്തിരവന്മാരായ ഓമ്പാളേലച്ചനും മുറിമറ്റത്തിൽ കുഞ്ഞു മററും വന്നുകഴിഞ്ഞു. ഞങ്ങളെല്ലാവരും കൂടി തിരുമേനിയോടു മ ത്സരികൾക്കു കൂട്ടുപിടിക്കാൻ തെക്കോട്ടു പോകരുതെന്നു അപേക്ഷി ച്ചു [illegible] തിരുമേനി ചിന്തിച്ചിരിക്കുമ്പോൾ മെത്രാസ്ഥഴ്സു പാത്രി

ള്ളിൽ യൌസേപ്പുവക്കീലും, പുല്യാട്ടുളകലൻപൌലൂസും വരുന്നു. മെത്രാച്ചനെ മുടക്കിയതിനെപ്പററി നമ്മുടെ തിരുമേനി ഒരു പ്രതിഷേധകല്പന കൊടുക്കയുണ്ടായി. അതു ബാവാ തിരുമനസ്സുകൊണ്ട അറിഞ്ഞു, അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഞങ്ങളെ അയച്ചിരിക്കയാണ എന്നു അവർപറഞ്ഞു. അപ്പോൾ മാത്രമാകുന്നു തിരുമേനി ഇങ്ങിനെയൊരബന്ധ കടങ്കെ വെച്ചവിവരം ഞങ്ങളറിഞ്ഞതു. അവർ വിവരമെല്ലാം തിരുമനസ്സറിയിച്ചു; കല്പനയും കാണിച്ചു. മെത്രാപ്പോലിത്താ വല്ലാതെ പരിഭ്രമിച്ചു. തെക്കോട്ടു പോകുന്നില്ലെന്നുള്ളിടമായി. അപ്പോൾ ഇനി തിരുമേനി തെക്കോട്ടു പോകാതിരുന്നാൽ മാത്രാദപോര, ചെയ്ത അബദ്ധത്തിനു വലിയബാവായുടെ അടുക്കൽ ഒരു ക്ഷമായാചന മറുപടി കൊടുക്കണമെന്നു അയക്കപ്പെട്ടവരും കൂടപ്പെട്ടവരായ ഞങ്ങളെല്ലാവരും ഉണർത്തിച്ചു. അതിലേക്കു ഒരു നക്കൽ സുറിയാനിയിലെഴുതിയുണ്ടാക്കി, അനന്തിരവനച്ചന്റെ കൈപ്പടയിൽ അസ്സൽപ്പെടുത്തി. അതിനിടയിൽ മെത്രാപ്പോലിത്താ ഏതാണ്ടെല്ലാം ആലോചിച്ചതിന്റെഫലമായി അങ്ങിനെ ക്ഷമായാചന മറുപടികൊടുപ്പാൻ തല്ക്കാലം നിവൃത്തിയില്ലെന്നും ബാവാ തിരുമുമ്പാകെ നേരിട്ടു ബോധിപ്പിച്ചുകൊള്ളാമെന്നും ശാഠ്യം തുടങ്ങി. അപ്പോൾ വടകരപ്പള്ളിക്കാർ അങ്ങിനെയെങ്കിൽ തിരുമേനി ഇവിടെ താമസിക്കുന്നതു സങ്കടമാണെന്നു അറിയിച്ചു. നാം ഇന്നുതന്നെ കടമററത്തിനൊ കോലഞ്ചേരിക്കൊ പൊയ്ക്കൊള്ളാമെന്നു കല്പിച്ചു. ഉച്ചമേശ കഴിഞ്ഞു ഓമ്പാളേലച്ചൻ മുതൽ പേരൊരുമിച്ചു മൂവാററുപുഴവഴി യാത്രതിരിച്ചു. കുറേക്കഴിഞ്ഞു വലിയബാവാ തിരുമനസ്സുകൊണ്ടു കരിങ്ങാച്ചിറപ്പള്ളിയിൽ എഴുന്നെള്ളി. മെത്രാച്ചനും അവിടെയെത്തി ക്ഷമായാചനം ചെയ്തു അനുഗ്രഹം പ്രാപിച്ചു. ആയിടെ മത്സരക്കാർ കൂട്ടാൻ നിശ്ചയിച്ചിരുന്ന സംഘത്തിൽ പള്ളിക്കാരാരും പോകരുതെന്നും വി: പാത്രിയർക്കിസുബാവാ തിരുമനസ്സുകൊണ്ടു ആലുവായിൽകൂട്ടുന്ന സുന്നഹദോസിനെ പള്ളിക്കാർ പോകരു എന്നും, ത

ൻറ അധികാരത്തിൽപെട്ട എല്ലാപള്ളികൾക്കും കല്പന അയക്ക
യ്യുംചെയ്തു. അനന്തരം ബാവാതിരുമനസ്സുകൊണ്ടു തിരിച്ചെഴുന്നെ
ള്ളുന്നതിനുള്ള കാലംസമീപിച്ചു. അപ്പോഴേക്കും ബാവാതിരുമന
സ്സിലെ റിക്കാട്ടുസഞ്ചയം വയോവൃദ്ധനായ മെത്രാപ്പോലീത്തായെ
ററിയുള്ള പരാതികൊണ്ടു നിറഞ്ഞു. 'വാദ്ധക്യ' വിചാരിച്ചു
പരാതി കൊണ്ടു പൊറുതിയില്ലാഞ്ഞു മെത്രാപ്പോലീത്താ
യുടെ ശിഷ്ടായുസ്സ അദ്ദേഹത്തിനു ഇഷ്ടമുള്ള എവിടെയെങ്കിലും ത
മസിച്ചു സുഖകരമായി കഴിഞ്ഞുകൂടുവാൻവേണ്ട ഏർപ്പാടുകൾ ചെ
യ്തുകൊള്ളണമെന്നു മാർക്കൂറിലോസു മെത്രാപ്പോലീത്തായോടാജ്ഞ
പിച്ചും ഇടവക ഭരണത്തിൽനിന്നു വിടുർത്തി മാർ കൂറീലോസു മെ
ത്രാപ്പോലീത്തായെ ഭരമേല്പിച്ചും രണ്ടുപേക്കും കല്പനകൾകൊടുത്തു
ബാവാ തിരുമനസ്സുകൊണ്ടു തിരിച്ചെഴുന്നെള്ളുകയും ചെയ്തു. അ
ന്നുമുതൽ പള്ളികളിൽ നിന്നുംമററും സ്വകുടുംബത്തിലേക്കുള്ള ത
ൻറ ആദായമാർഗ്ഗം നഷ്ടപ്പെട്ടതിൽ വിഷാദസമ്മിശ്രമായ ഈർഷ്യ
യും കോപവുംപൂണ്ടു പാക്കുമ്പോൾ ഇതാ നമ്മുടെപാത്രിയക്കീസ
യിനുഭ്രഷ്ടാക്കപ്പെട്ട അബ്ദുമിശിഹ് മലങ്കരെ ആഗതനായി
പരുമല നിരണം എന്ന സ്ഥലങ്ങളിലെത്തിച്ചേന്നു. തങ്ങളുടെഅ
ടുക്കൽ കഴിയുന്നത്രവേഗം എത്തണമെന്നു മുടക്കമെത്രാനും കൂട്ട
മായ അഹങ്കാരികളുടെ കണ്ണില്ലാത്തതെല്ലാം പൊന്നാക്കാമെന്നുള്ള
പരാറോടുകൂടിയ അറിയിപ്പു നമ്മുടെ ദുഃഖിതനായ മെത്രാച്ചനു കി
ട്ടുകയുംചെയ്തു. അപ്പോൾമാത്രമെ അദ്ദേഹത്തിൻറ ഊരുനേരെ
വീണു എന്താണ്ടാത ആശ്വാസവും അടക്കവും വന്നുള്ളു. ഉടനെ
തെക്കോട്ടുള്ള യാത്രക്കു ഒരുക്കമായി. പോയിക്കൂടായെന്നു തടസ്സം
തുടങ്ങി. അപ്പോഴുണ്ടായ മറുപടിയാണു ഈ വിവരണത്തിനി
ടയാക്കിത്തീർത്തതായി മുകളിൽ ഉദ്ധരിച്ചിരിക്കുന്ന ഭാഗം. ഇങ്ങിനെ
പറഞ്ഞുകൊണ്ടുപോയ മെത്രാച്ചനുണ്ടായ അഭ്യന്തരാനുഭവങ്ങൾ
എന്തെല്ലാമാണെന്നു പ്രസ്തുത എഴുത്തിൽ വിവരിച്ചിട്ടുള്ളതു കൊ
ണ്ടു ഇവിടെ ആവത്തിക്കുന്നില്ല. ബാഹ്യാനുഭവങ്ങൾ ആയിട

കോലഞ്ചേരി മുതലായ സ്ഥലങ്ങളിൽ തന്മൂലം നടന്ന സംഭവങ്ങളിൽ നിന്നു എല്ലാവൎക്കും അറിയാവുന്നതാകകൊണ്ടു അവയും ഇവിടെ വിസ്തരിക്കുന്നില്ല. ഏകദേശം രണ്ടു വാരത്തോളം മുറിമററത്തുമനയിൽ (സ്വന്ത വീട്ടിലെ തളത്തിൽ) വിഷണ്ഡമാനസനായി കഴിച്ചുകൂട്ടി മെല്ലെ തെക്കോട്ടു തിരിച്ചുപോയെന്നുപറഞ്ഞാൽ മതിയല്ലൊ.

ഇനിയും ഇതു സംബന്ധിച്ചുള്ള രേഖകൾ പകൎത്തട്ടെ.

ഓമ്പാളേലച്ചൻ എന്നുപറഞ്ഞുവരുന്ന മുറിമററത്തിൽ ഗിവൎഗ്ഗീസു കത്തനാരു എന്റെ പേൎക്കയച്ച എഴുത്തു.

1911 മിഥുനം 9-ാം നു-

(യഹ്)

ലാബ്ബൂൻ ദയറൊയോ ഗിവൎഗ്ഗീസു മ് യക്കറൊ വമ് യത്രൊ!

ഞങ്ങൾ അവിടെ നിന്നും പോന്നിട്ടു സന്ധ്യയായപ്പോഴേക്കു മൂവാററുപുഴെ എത്തി. പുന്നൂസു വക്കിൽ പിറകേ എത്തുകയും അവന്റെ വീട്ടിൽ താമസിക്കുന്നതിനു നിൎബ്ബന്ധിക്കയും ചെയ്തു. എങ്കിലും ഞങ്ങൾക്കു സമ്മതമില്ലാഞ്ഞതിനാൽ അവിടെ താമസിക്കാതെ ഇക്കരെക്കു പോരുകയും നെല്ലിക്കന്റെ വീട്ടിൽ താമസിക്കയും ചെയ്തു. കാലത്തു അവിടെ നിന്നും വണ്ടികയറി കടായിയിൽ എത്തി. ഇക്കരെ കടന്നു വേറെ വണ്ടി കയറി പെരുംവഴിയിൽ എത്തി ഇക്കരെ കടന്നു. വേറെ വണ്ടികയറി കടമററത്തു എത്തി താമസിക്കുന്നു. വേണ്ട വിധം പ്രവൎത്തിപ്പിക്കേണമെന്നുള്ള ആലോചനയിന്മേൽ കഴിച്ചു കൂട്ടുന്നു. വിശേഷിച്ചും പുന്നൂസു വക്കിലിന്റെ എഴുത്തു അവിടന്നു വാങ്ങിയതും പാത്രിയൎക്കീസുബാവാക്കു എഴുതിയ പകൎപ്പു തൊകലൻ ശെമ്മാച്ചന്റെ പക്കലുള്ളതും അടുത്ത അഞ്ചലിൽ ഇങ്ങോട്ടയച്ചു തരുവാനപേക്ഷ. മററു വൎത്തമാനങ്ങളെ പററി മറുപടി അയപ്പാൻ അപേക്ഷ. എന്നു മുറിമററ

ത്തിൽ ഗീവറുഗീസു കത്തനാർ (ഒപ്പ്)

പുന്നൂസു വക്കീലിന്റെ എഴുത്തു.

നി. വ. ദി. ശ്രീ. മാർ ഈവാനിയോസു മെത്രാപ്പോലീത്ത
തിരുമനസ്സിലെ തിരുസന്നിധിയിൽ തിരുമനസ്സറിയിക്കുന്നതിനു

ഇന്നലെ ഒരു കമ്പി കിട്ടി. മുടക്കു വായിക്കാൻ വളരെ പ്ര
മവും, അന്യ ആളുകളെ പല ദിക്കിൽ നിന്നും വരുത്തുകയും ഉണ്ട
യിരുന്നു. പേഷ്ക്കാർ വായിച്ചു കൂടായെന്നു ഉത്തരവു കൊടുത്തു. ക
ത്താച്ചനെ ചൊല്ലിപ്പാൻ കോട്ടയംകാർ വളരെ നിർബ്ബന്ധമാണ
വടക്കരായ നമുക്കും തെക്കർക്കും കൂടി യോജിച്ചു ബാവായുടെ അ
ക്കൽ ഒരു സങ്കടം പറച്ചിൽ കൂടെ കഴിച്ചേ ചൊല്ലിക്കാവു. ഇന്ന
ലെ ചൊല്ലിക്കാൻ നിർബ്ബന്ധമുണ്ടായിരുന്നു. അടിയൻ രണ്ടു ക
മ്പി കൊടുത്തു. ഈ സങ്കടം പറച്ചിലിനായി തിരുമേനി ഒരു പ
സ്യ കല്പനയും പ്രത്യേക ആളുകൾക്കു പ്രൈവറ്റു കല്പനയും കോ
ട്ടയത്തു ചെന്നു അടിപ്പിച്ചു അയച്ചു തരണം. ഈ സങ്കടം പ
ച്ചിൽ കഴിയാതെ ഒരു എതിരാ പ്രവർത്തിപ്പിക്കരുതു. ഈ എഴു
ത്തു കോട്ടയത്തു ചെന്നു ഗീവറുഗീസു ജേഷ്ഠനേയും കൂടി കാണിക്ക
ണം. തിരുമേനിയുടേയും അൽവാറീസു മെത്രാച്ചന്റേയും കൂടി
ത കല്പന പരസ്യമായി മേല്പറഞ്ഞ സംഗതിക്കു എത്രയും ഗൗരവ
മായും ശക്തിയായും അയക്കയും അതു തെക്കും വടക്കും പൊതുവെ
അയക്കയും വടക്കരിൽ ഇഷ്ടന്മാർക്കു പ്രത്യേക കല്പന കൂടിയും അയ
ക്കണം. ഇതു മനോരമ അടിച്ചു തരും. ഇതു കൊണ്ടു വളരെ കാ
ര്യ സാദ്ധ്യങ്ങൾ ഉണ്ടാകുന്നതാണ. അതിനാൽ ഈ സംഗതി പ്ര
വർത്തിപ്പിക്കാനായിരിക്കണം തിരുമേനിയുടെ യാത്രയുടെ ഉദ്ദേശ
മിതിനു ശ്രമിപ്പാൻ വേണ്ടി പോകാതിരുന്നുകൂടാ. ചെല്ലാഞ്ഞാൽ
തെക്കർ അവിവേകമായി പ്രവർത്തിപ്പിക്കും. ധൃതിയിലാകയാൽ
ചുരുക്കുന്നു. ആത്മിക പുത്രൻ പുന്നൂസ് (ഒപ്പ്)

CATHOLICATE ARAMANA LIBRARY
Reg: No..............
KOTTAYAM

വലിയ ബാവാക്ക എഴുതിയ പ[illegible] അയച്ചില്ലായെന്നുള്ള കാരണത്താൽ ഇവിടെ ചേക്കാത്തതാകുന്നു.

[ബ: മൂക്കഞ്ചേരിൽ പത്രോസു കത്തനാർ മുടക്കപ്പെട്ടവരിൽനിന്നു ശെമ്മാശ്ശു വേഷം കെട്ടിയതിന്റെശേഷം എന്റെ പേക്കയച്ചിട്ടുള്ള എഴുത്തും അതിനു ഞാൻ കൊടുത്ത മറുപടിയും.]

Rev. M. P. Petros, B. A. B. D. L. T.
Madanapalle, S. India.
August 10, 1919.

ബ: റമ്പാച്ചനവർകൾ ബോധിപ്പാൻ,

നമ്മുടെ സഭയിലെ ആരാധനക്രമങ്ങൾ സുറിയാനിയിലാകകൊണ്ടും അവ മലയാളത്തിലേക്ക തർജ്ജിമ ചെയ്തിട്ടില്ലാത്തതു കൊണ്ടും ജനസാമാന്യത്തിനു ആരാധനയിൽ പൂൎണ്ണമായി സംബന്ധിപ്പാൻ നിവൃത്തിയില്ലാതെ ആണല്ലൊ ഇരിക്കുന്നതു. പട്ടക്കാരിൽ ഭൂരിപക്ഷമാളുകൾക്കും തങ്ങൾ സുറിയാനിയിൽ ചൊല്ലുന്നതു എന്താണെന്നു വിവരമില്ലാത്ത കാൎയ്യം അവിടത്തേക്ക അനുഭവമാണല്ലൊ. സ്വഭാഷയിൽ ആരാധന ക്രമം മുഴുവനായിട്ടുണ്ടെങ്കിൽ മാത്രമെ ലജ്ജാവഹമായ ഈ അനാചാരം നീങ്ങുകയും പട്ടക്കാൎക്കും ജനങ്ങൾക്കും ആരാധന ദൈവ സംസൎഗ്ഗമാണെന്നു അനുഭവമാവുകയും ചെയ്യുകയുള്ളു. സുറിയാനിപഠിത്വം നിൎത്തിക്കളയണമെന്നല്ല പറയുന്നതു. അതു പട്ടക്കാൎക്കു നിർബ്ബന്ധ വിഷയമാക്കിവെച്ചുകൊണ്ടു പള്ളിയകത്തുള്ള സകല ആരാധനയും മലയാളത്തിൽ ആക്കണമെന്നൊ പറയുന്നുള്ളു.

മാമ്മൂദീസാ തർജ്ജിമയുടെ പലഭാഗങ്ങളും മാർ ദിവന്നാസ്യോസു തിരുമേനിതന്നെ പരിശോധിച്ചു തന്നിട്ടുണ്ടു. തിരുമനസ്സിലെ

ക്കു തർജ്ജിമകളെല്ലാം നോക്കുവാൻ സമയമില്ലാത്തതുകൊണ്ടു പുലിക്കോട്ടുശെമ്മാച്ചൻ ആ ഭാരം ഒരു കമ്മററിയെ ഏല്പിച്ചിരിക്കുന്നു. കുർബ്ബാനതക്സാ ആദ്യമായും പിന്നാലെ ആണ്ടുതക്സാ ആന്നിദ്ദാ മുതലായവയും മലയാളത്തിൽ അച്ചടിക്കുന്നതാണു. സഭക്കു ശാശ്വതമായ നന്മയെ പ്രദാനംചെയ്യുന്ന ഈ കാര്യത്തിൽ അവിടന്നു വേണ്ട സഹായസഹകരണങ്ങൾ ചെയ്തുതരാതെയിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

വട്ടിപ്പണക്കേസു വിധിപറയാറായല്ലോ. മാർ അത്താനാസ്യോസു തിരുമേനി ജയിച്ചാലും മാർ ദിവന്നാസ്യോസു തിരുമേനി ജയിച്ചാലും നമ്മുടെസഭ ഇനിയും രണ്ടായിമുറിയാതെ ഒന്നായിനില്ക്കണമെന്നാണു സന്ധിയെ സ്നേഹിക്കുന്ന ഞങ്ങളുടെയൊക്കെ ആഗ്രഹം. ഇതനുസരിച്ചു അവിടന്നു പ്രയത്നിക്കണമെന്നു ആഗ്രഹമുണ്ടു.

അവിടത്തെ സുഖവർത്തമാനം അറിവാനാഗ്രഹിക്കുന്നു.

ഞാനിപ്പോൾ ഇവിടെയാണെന്നറിഞ്ഞിരിക്കുമല്ലോ. അവിടന്നു താമസിക്കുന്ന പള്ളിക്കു ചുററുംകിടക്കുന്ന താണജാതിക്കാരെ മിശിഹാതമ്പുരാൻമൂലമുള്ള രക്ഷയിലേക്കും വെളിച്ചത്തിലേക്കും കൊണ്ടുവരുന്നതിനു ശ്രമിക്കുന്നതു ഉത്തമമായിരിക്കും. വടകരെയുള്ള നമ്മുടെ പുതുക്രിസ്ത്യാനികളുടെ സ്ഥിതി എന്തെന്നറിവാനും ആഗ്രഹമുണ്ടു. ഇവിടത്തെ മിഷ്യനിൽ മിക്കഞായറാഴ്ചയും പുറജാതിക്കാരുടെ മാമ്മൂദിസായുണ്ടു. മറുപടി അയക്കണം. എന്നു;

സ്വന്തം മൂക്കഞ്ചേരിൽ പത്രോസു ശെമ്മാച്ചൻ (ഒപ്പു)

മറുപടി

കുഴിക്കാട്ടുകുന്നു ദയറാ

1919 ചിങ്ങം 14

എഴുത്തുകിട്ടി. പള്ളിയാരാധനക്രമങ്ങൾ സ്വഭാഷയിലായിരിക്കുന്നതു; ആരാധന ദൈവസംസർഗ്ഗമാണെന്നറിവാനും എന്ന

ല്ലാ തനുമലം ദൈവത്തോടു ഹൃദയംഗമമായ സഖ്യമുണ്ടാകാനും ഉ തകുന്നതാണെന്നു പണ്ടേതന്നെ എനിക്കും അഭിപ്രായമുള്ളതാണു. എന്നാൽ ദൈവസംസൎഗ്ഗത്തിനും സഖ്യത്തിനും ഇതിനേക്കാൾ അ ത്യന്താപേക്ഷിതമായിട്ടുള്ളതും, ഇതിനെ മുൻഗമിക്കേണ്ടതുമായ വേ റൊന്നുണ്ടു. അതില്ലാതിരുന്നാൽ കേവലം ആരാധനക്രമങ്ങൾ ത ൎജ്ജിമചെയ്തു നടത്തുന്നതുകൊണ്ടുമാത്രം ദൈവസംസൎഗ്ഗവും സഖ്യ വും ഉണ്ടാകാൻ സാധിക്കുകയില്ല. ക്രമങ്ങൾ അഥവാ ആരാധന കൾ അവയ്ക്കുള്ള മാൎഗ്ഗങ്ങളാണെന്നു നിഷ്പ്രയാസം ഗ്രഹിക്കുവാ ൻ കഴിയുമെന്നേയുള്ളു. ഇതിൽ വലിയ കൃതമൊന്നുമില്ല. പ്രത്യുത "അത്യന്താപേക്ഷിതം" എന്നു ഞാൻ പറയുന്ന കാൎയ്യം ഉണ്ടായിരുന്നാ ൽ ഒരുപക്ഷെ ആരാധനകൾ സ്വഭാഷയിൽ അല്ലാതെപോയാലും വലിയ തരക്കേടൊന്നുമില്ല. ഇങ്ങിനെ അല്ലെങ്കിൽ കഴിഞ്ഞതോ ളം ആളുകളും വെളിയ്ക്കുവന്നതും വരാനിരിക്കുന്നതുമായ തൎജ്ജിമക ൾ ഗ്രഹിക്കാതെ കഴിഞ്ഞുപോകുന്ന ആളുകളും ദൈവസംസൎഗ്ഗ വും സഖ്യവുമില്ലാത്തവരായി നരകാവകാശികൾ എന്നുവരും. അ ത്യന്താപേക്ഷിതമായിട്ടുള്ള വേറൊന്നു എന്നു ഞാൻ പറയുന്നതു മ റ്റൊന്നുമല്ല. 94-ാം മസുമൂർ. 20-ാം വാക്യം "നിന്റെ പ്രമാ ണത്തിനു വിരോധമായി നേരുകേടു നിൎമ്മിച്ചുണ്ടാക്കിയ നേരുകെട്ട കാരുടെ സിംഹാസനത്തിനു നിന്നോടു സഖ്യതയുണ്ടാകയില്ല" ഇ തിന്റെ സുറിയാനി തൎജ്ജമ സുറിയാനി മസുമൂറാ പുസ്തകത്തിൽ നിന്നു പകൎത്തുന്നു. "ലോ ന്ഹാബാർ ആമേക് കുർസ്യാ ദ്ആവോലെ ദഗ്ബാൽ ഔലൊ ആൽ നോമൂസൊക്" ഈ മസു മൂറിന്റെ തലവാചകം സുറിയാനിയിൽ താഴെ വരുന്ന പ്രകാരമാ കുന്നു "ല്ദാവീദ് ആൽക്നശ്ത്തോ ദ്ക്കുറൊഫ് ഉദോതോൻ വാ ബീറാം. ഉറൂഹൊ നോയീസ് മെത്തൽ ർദുഫ്യൊ ദ്ലക്ക് ബാൽ ഈത്തോ" ഇതിന്റെ തൎജ്ജിമ "കോറഹ് ദാഥാൻ അബിറാം എന്നിവരുടെ സംഘത്തിനുവിരോധമായും ആത്മീയപ്രകാരം സഭയ്ക്കു എതിരായുള്ള പിഢയെക്കുറിച്ചും ദാവീദു പാടിയതു" എന്നാകുന്നു.

ദൈവത്തിനു തന്റെ സഭയെ സംബന്ധിച്ച പ്രമാണമുണ്ട. പഴയ നിയമ സഭയെ പററി മാത്രമല്ല, പുതിയ നിയമ സഭയെ പററിയുമുണ്ട. "അഹരോനെന്നപോലെ ദൈവത്താൽ വിളിക്കപ്പെട്ടവനല്ലാതെ ആരും ഈ മാനത്തെ തനിക്കായിട്ട എടുക്കുന്നില്ല." എന്ന വി. പൗലൂസിന്റെ അഭിപ്രായം വിചാരിക്കുക. ഈ വാക്യം കോറഹ് മുതലായവരെ പോലെ പിൻകാലത്തു സഭശ്രേഷ്ഠ മഹാ പുരോഹിതനായ ക്രിസ്തുവിനു വിരോധമായി മത്സരിച്ച എബ്രായക്കു അവരുടെ മത്സരം ബോധപ്പെട്ട മനം തിരിയുമാറു, തങ്ങൾ സ്വീകരിക്കുന്നുവെന്നു ഭാവിക്കുന്ന അഹരോൻ, മോശ എന്നവരെ ചൂണ്ടിക്കൊണ്ടു പ്രബോധിപ്പിക്കുന്ന ലേഖനത്തിലുള്ളതാണല്ലൊ. ക്രിസ്തുവിന്റെ അടുത്ത സ്ഥാനാപതി വി: പത്രോസും പത്രോസിന്റെ സ്ഥാനത്തെ അർഹിക്കുന്ന ആൾ മോറാൻ പാത്രിയക്കീസും ആണല്ലൊ പൗരോഹിത്യം സംബന്ധിച്ചുള്ള ഈ താവഴി പ്രമാണത്തിന്നെതിരായി മത്സരിച്ചു വേണ്ടാത്ത നേരുകേടെല്ലാം നിർമ്മിച്ചുണ്ടാക്കി മുടക്കിനു പാത്രങ്ങളായവരുടേയും അനുചരന്മാരുടേയും സിംഹാസനത്തിനു- അതെ നേരുകെട്ടുകാരുടെ സിംഹാസനത്തിനു തന്നെ- ആരാധന ക്രമങ്ങൾ തർജ്ജിമചെയ്തു നടത്തുകയൊ ജാതികളെ ചേർക്കുകയൊ മാത്രം ചെയ്താൽ ദൈവത്തോടു സംസർഗ്ഗവും സഖ്യവും ഉണ്ടാകയില്ല. മുന്നമെ തങ്ങളുടെ മത്സരം മാററി അനുസരണവും കിഴ്‌വഴക്കവും ഉള്ളവരായിക്കൊണ്ടു പിന്നീട്ട വേണം ആരാധനകൾ ശരിപ്പെടുത്താൻ. (സ്വഭാഷയിലാക്കാൻ) വട്ടിപ്പണക്കേസ്സിലെ ഉഭയ കക്ഷികളുടെ ജയാപജയങ്ങളെ ആശ്രയിച്ചു എങ്ങോട്ടെന്നില്ലാതെ തേങ്ങി നില്ക്കുന്നവർ ധാരാളമുണ്ടു. അവർ അന്ധരന്മാരും അവിശ്വാസികളും ആണെന്നുള്ളതിനു സംശയമില്ല. ആര ജയിച്ചാലും തോററാലും കൊള്ളാം, തമ്മിൽ രാജിപ്പെട്ടാലും കൊള്ളാം. സിംഹാസനത്തിങ്കൽ നിന്നു മുടക്കു തീക്കണം. എങ്കിൽ മാത്രമെ വാസ്തവമായ (സത്യമായ) യോജിപ്പുണ്ടാകയുള്ളു.

ജാതികളുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിച്ചു അവരെ ആത്മിയ വെളിച്ചത്തിൽ ആക്കുന്ന കാര്യത്തിലും എനിക്കു താല്പര്യമാണു. കഴിയുന്ന സഹായ സഹകരണങ്ങൾ ചെയ്വാൻ സന്നദ്ധതയും ഉണ്ടു. പ്രസ്തുത കാര്യങ്ങളിൽ നേർ വഴിയെ പോകുന്നവർക്ക മാത്രം. അല്ലാത്തവർക്കില്ല. ഇവിടത്തെ പുല സഭ ഈ നാട്ടുകാരത്തിന്നനുസരണമായി ഒരു വിധത്തിൽ സ്ഥിതി ചെയ്യുന്നു എന്നല്ലാതെ തത്സംബന്ധമായി മററു വിശേഷമൊന്നും പറവാനില്ല. ദൈവ കൃപയാൽ ഒരു വിധം സുഖമാണു.

എന്നു ഫാദർ, കെ. ജെ. ഗിവറുഗീസു റമ്പാൻ (ഒപ്പ്)

ഈ പത്രോസച്ചൻ മുടക്കു ഭാഗത്തു നിന്നും എറ്റാതെല്ലാം. പരേതനായ വി. അന്ത്യോഖ്യാസിംഹാസന പ്രതിനിധി മാർ ഒസ്താത്തെയോസു ബാവായിൽനിന്നു മാറിഏററു കത്തനാരുപട്ടവും സ്വീകരിച്ചു ദൈവവേല ചെയ്യുന്നുവെന്നുള്ളതിൽ എനിക്കു വളരെ വളരെ ചാരിതാൎത്ഥ്യമുണ്ടു. എങ്കിലും പഴകിയ തഴക്കംമൂലം ഉൾക്കാമ്പിൽ പതിഞ്ഞുപോയിരിക്കുന്ന ചപല സമ്പ്രദായങ്ങൾ അങ്ങേരിൽനിന്നു വെളിക്കുവന്നപ്പോഴെല്ലാം അവയെ പാടെവിപാടനം ചെയ്തുവെടിപ്പാക്കുവാൻ പരേതനായ വി: മാർ ഒസ്താത്തേയോസു, മാർ അത്താനാസ്യോസു, മാർ യൂലിയോസു എന്ന തിരുമേനികൾ ഉചിതമായി പ്രവൎത്തിച്ചതിനാൽ ചില ഗുണങ്ങൾകാണാൻ തുടങ്ങി. എന്നിരുന്നാലും അങ്ങേരോടു ഐക്യാഭിപ്രായമുള്ള മാർ തിമോഥെയോസു തിരുമേനിയുടെ ആനുകൂല്യംനിമിത്തം പൂൎണ്ണ ഫലംകാണാതെ പ്രസ്തുത ചാപല്യങ്ങൾ ഓരോഅവസരങ്ങളിൽ അടച്ചുവിത്തു ഇപ്പോഴും പൊട്ടിക്കൊണ്ടിരിക്കുന്നു എന്നുള്ളതിൽ അത്യധികമായ വ്യസനമുണ്ടു. ഞാൻ ഇങ്ങിനെ വേദനപ്പെട്ടുപറയുന്നതു വൃഥാഅല്ല. അങ്ങേരു മുടക്കുഭാഗത്തുനിന്നു എററതെല്ലാം മാറി എററതിന്നുശേഷമുണ്ടായ സ്ലീബാദാസ സമൂഹത്തിൻെറ റിപ്പോർട്ടിൽ പട്ടംമാറിയേററ വിവരം പറയാതെ ഒസ്താത്തേ

ഗ്യൊഗോമാ എന്നൊ വിളിച്ചു എനിക്ക കത്തനാരുപട്ടം തന്നതെ
ന്നാമറൂം കാണിച്ചിരിക്കുന്നതു അന്ത്യോഖ്യാ പ്രതിനിധി മുടക്കുന്ന
ഗത്തെ പട്ടം അംഗീകരിച്ചു് അതിനെക്കാതെയാണ എനിക്ക കത്ത
നാരുപട്ടം തന്നതെന്ന പിൻകാലത്തു ഒരു ബലമുള്ള റിക്കാട്ടാക്കി
ആളുകളെ തെറിദ്ധരിപ്പിക്കാനല്ലെങ്കിൽ പിന്നെ എന്തിനാണു
ള്ളതുപോലെ പലതു വേറെയുമുണ്ടു. വിസ്താര ഭയംനിമിത്തം വിടു
ന്നു. വേദാനുസരണം വി. സഭയാൽ വിധിക്കപ്പെട്ടിരിക്കുന്ന വേദ
പാടനുഷ്ഠാനം കൂടാതെയുള്ള സുവിശേഷവേലകൊണ്ടു ആയിര
ക്കണക്കിനു എന്നല്ല ആയിരമായിരക്കണക്കിനു ആളുകൾചേന്നു
ലും ആശിർവാദപ്രദമായിരിക്കയില്ല. പ്രത്യുത ചേരുന്നവക്കും ചേ
ക്കുന്നവക്കും "നിങ്ങൾ ഒരുത്തനെ മാഗ്ഗത്തിലാക്കുവാൻ കടലും ക
രയും ചുററിസഞ്ചരിക്കുന്നു, അവൻ ആയതിൻെറശേഷം അവ
നെ നിങ്ങൾ നരകത്തിൻെറ പുത്രനാക്കുന്നു; നിങ്ങളുടെമേൽ ദു
ഷ്ടശിക്ഷ" (വി. മത്താ: 23: 14,15) എന്നു രക്ഷകൻ കല്പിച്ചിരി
ക്കുന്നതുപോലെ ശിക്ഷാർഹമായിതീരുന്നതാണ. പ്രാത്ഥന ആ
ദിയായ വി. കമ്മങ്ങളും സുവിശേഷവേല, സണ്ടേസ്കൂൾപ്രവത്ത
നം മുതലായവയും മനുഷ്യരായ, ദൈവത്തിൻെറ സാക്ഷാൽ ആ
ലയങ്ങളുടെ കെട്ടുപണികളാകുന്നു എന്നും ഇവയിൽ പങ്കുകൊള്ളു
വാൻ അവകാശമില്ലാത്ത ഇടത്തുട്ടുകാർ, മുടക്കപ്പെട്ടവർ, അവി
ശ്വാസികൾ മുതലായവരെചേത്തു നടത്തുകയെന്നുള്ളതു ദൈവ
സന്നിധിയിൽ കുററകരമായിട്ടുള്ളതും തനിക്ക വളരെ വെറുപ്പുവരു
ത്തുന്നതുമാണെന്നു എസ്രാ, നെഹമിയാ മുതലായവരുടെ നിഷ്ഠ
യിൽ നിന്നു തെളിയുന്നുണ്ടെന്നും ബ. അച്ചനുംകൂട്ടരും ധരിക്കാ
തിരിക്കുന്നതു സങ്കടകരമാണ. (എസ്രാ 4: 1—3; 9 അ; നെഹെ:
13. അ; ഹസ്കി. 44: 6—9; വി. മത്താ: 16: 5—12) "യെഹൂദനെ
നേടേണ്ടതിനു ഞാൻ യെഹൂദനെപ്പോലെ ആയി എന്നുംമററും"
1 കോറി: 9: 18—22-ൽ പറഞ്ഞിരിക്കുന്ന വി. പൌലൂസശ്ലീഹായെ
കാരണം പറഞ്ഞുകൊണ്ടു വി. സഭ മാറരോൻ ചൊല്ലിയിരിക്കുന്ന

വരും; മുടക്കപ്പെട്ടവരും, അവിശ്വാസികളുമായ ആളുകളെ ഇംവക കാര്യങ്ങളിൽ കൂട്ടുപിടിക്കുന്നതു യോഗ്യമല്ലെന്നു മേല്പറഞ്ഞവാക്യങ്ങൾതന്നെ തെളിയിക്കുന്നുണ്ടെന്നു മാത്രമല്ല ഈ ശ്ലീഹാതന്നെയാണു "അവരുടെ ഇടയിൽ നിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ. അശുദ്ധമായുള്ളതിനെ തൊടുകയുമരുതു എന്നാദിയായവ" തന്റെ ലേഖനങ്ങളാൽ നിർബ്ബന്ധിക്കുന്നതു. (2 കോറി: 6: 14—18; 2 തെസ്സ: 3: 14,15) എന്നുകൂടെ കരുതി പ്രവൎത്തിക്കാതിരിക്കുന്നതു വി. സഭക്കു ആപല്ക്കരമായിട്ടുള്ളതാണെന്നു പറയേണ്ടതില്ലല്ലോ. ക്രമേണ ശരിപ്പെട്ടു വന്നേക്കുമെന്നും വരണമെന്നുമുള്ള ആശംസയിൽ നമുക്കു വർത്തിക്കാം.

[“കിഴക്കേത്തലയ്ക്കൽ ഗീവറുഗീസു ശെമ്മാച്ചൻ” (ഇപ്പോൾ നാമമാത്ര പീലക്സീനോസ്) എന്റെ പേൎക്കയച്ച എഴുത്തും ഞാൻ അതിനു കൊടുത്ത മറുപടിയും]

എം. ഡി. സിമ്മനാരി, കോട്ടയം.
5 ഡിസം: 1924.

ബ: റമ്പാച്ചൻ ബോധിപ്പാൻ,

നാം തമ്മിൽ സംസാരിച്ചു പിരിഞ്ഞതിൽപിന്നെ യാതൊരു വിവരവും എഴുത്തുമുഖേന അറിയുന്നതിനു സാധിക്കാഞ്ഞതിൽ വ്യസനിക്കുന്നു. ഒരുപക്ഷെ എന്റെ ചുമതല ഞാൻ നിറവേററാഞ്ഞതിനാലായിരിക്കാം ഇങ്ങിനെ വന്നുകൂടിയതു എന്നും എനിക്കു വിചാരമുണ്ടു. അതിനാൽ പ്രത്യേകം ഒരു മാപ്പു അപേക്ഷിക്കുന്നു. എന്നാൽ അവിടത്തെ സുഖത്തെപ്പററിയും മററും ഞാൻ അന്വേഷിച്ചുകൊണ്ടു തന്നെയിരിക്കയാണു. പിറവത്തു പോയിരുന്നപ്പോളും അവിടത്തെകാര്യങ്ങൾ ഭംഗിയായിത്തീർന്നതും മററും ഞാൻ കേട്ടു.

ഇപ്പോൾ തിരികെ എത്തിയിരിക്കുന്നനിലക്കു ഈ എഴുത്തു കിട്ടുമെന്നും സൌകൎയ്യമായി വായിക്കാൻ സാധിക്കുമെന്നും വിശ്വസിച്ചു ഇങ്ങിനെ എഴുതിക്കൊള്ളുന്നു.

ഒന്നാമതായി എനിക്കെഴുതുവാനുള്ളതു നമ്മുടെ സംസാരവിഷയത്തെ സംബന്ധിച്ചാണു. പല കാൎയ്യങ്ങളെസംബന്ധിച്ചു നാം പ്രതിവാദിച്ചുയെങ്കിലും ഒന്നിലും തീൎച്ചവരാതെയാണല്ലൊ പിരിഞ്ഞതു. പലകാലങ്ങളായി ഭിന്നിച്ചിരിക്കുന്ന സാംഗതികളെക്കുറിച്ചു ഒരു ദിവസംകൊണ്ടു അഭിപ്രായം മാറിവീഴണമെന്നു ശഠിക്കുന്നതു ഒരിക്കലും ന്യായമായി ആശിക്കാവുന്നതല്ലല്ലൊ. എന്നിരിക്കിലും അവയെ സംബന്ധിച്ചു ആലോചിക്കുന്നതിനു അവസരം ലഭിക്കുന്നതു വളരെനല്ലതാണു. റമ്പാച്ചൻ ആ കാൎയ്യങ്ങളെക്കുറിച്ചു ദീൎഘമായി ആലോചിക്കാമെന്നു സമ്മതിച്ചിട്ടുള്ളപ്രകാരം ചെയ്യുന്നു എന്നു ആശിക്കുന്നു. ലോകത്തിൽ സത്യമെന്നുള്ളതു ഒരാൾക്കുമാത്രമെ അറിഞ്ഞുകൂടുയെന്നൊ ഒരാളറിഞ്ഞതുമാത്രമെ സത്യമുള്ളുയെന്നൊ വന്നുകൂടുന്നതല്ലല്ലൊ. അതിനാൽ അവനവൻെറ അഭിപ്രായം തുറന്നുപറയുന്നതിൽ വൈമുഖ്യം കാണിക്കാതെയും എന്നാൽ അതേ സമയത്തുതന്നെ എതുഭാഗത്തെവാദംക്ഷമയോടുകൂടെ കേൾക്കയും അതിൻെറ സത്യമെന്തെന്നു സദയം പൎയ്യാലോചിക്കയും വിശകലനംചെയ്തു സത്യം അതിലുണ്ടെന്നു മനസ്സിലായാൽ ഉടൻ അതു സ്വീകരിക്കയുംചെയ്യുന്നതാണു മഹാന്മാരുടെ ലക്ഷണമെന്നുള്ളതു ഞാനിവിടെ എടുത്തുപറയേണ്ട ഒന്നല്ലല്ലൊ. എന്നാൽ ഈ കാലത്തെ ആളുകൾക്കു അവശ്യമുണ്ടായിരിക്കേണ്ട ഒരു ഗുണവും ഇതത്രെ. ഇങ്ങിനെയുള്ള ആളുകൾ നമ്മുടെ സഭയിലുണ്ടാകുന്ന കാലത്തല്ലാതെ നമ്മുടെസഭക്കു ഉന്നതി ലഭിക്കുന്നതുമല്ല. സഭാകാൎയ്യത്തെ സംബന്ധിച്ചു കാൎയ്യമായി ആലോചിക്കുന്നവരൊ അതിലേക്കു പ്രയാസങ്ങൾ സഹിക്കുന്നതിനു ഒരുക്കമുള്ളവരൊ ആയ ആളുകൾ നമ്മുടെസഭയിൽ വളരെച്ചുരുങ്ങും. ഈ മനഃസ്ഥിതി ം ന്നു മാറേണ്ടതുണ്ടു. ഇതിലേക്കു റമ്പാച്ചൻ സൎവ്വാത്മനാ പ്രയത്നിക്കുന്നുണ്ടെന്നു വിശ്വസിക്കട്ടെ. ദീൎഘമായുള്ള ഒരു ആലോചനംകൊണ്ടു

അവിടത്തെ വിഷമിപ്പിക്കണമെന്ന വിചാരമില്ലാത്തതിനാൽ തല്ക്കാലം ചുരുക്കുന്നു. അവിടത്തെ വിശേഷങ്ങളെപ്പററിയും മററും സൌകര്യംപോലെ ഒരു മറുപടിക്കായി കാത്തിരിക്കുന്നു.

കൂടാതെ നമ്മുടെ സംസാരമദ്ധ്യേയുണ്ടായ ഒരു വിഷയശകലം ഞാൻ പറഞ്ഞതു ഒരു തെററിദ്ധാരണ ആയിരുന്നുയെന്നു കൂടി യും സമ്മതിച്ചുകൊള്ളുന്നു. കയ്യാപ്പായാണു കുപ്പായം കീറിയതു. അന്നാസ്സെന്നു വിചാരിപ്പാനുള്ള ന്യായം നാലാമത്തെ സുവിശേഷത്തിൽ സ്വല്പ സംശയഗ്രസ്ഥമായി അല്ലെങ്കിൽ തെളിവില്ലാതെ പ്രസ്ഥാവിച്ചിരുന്നതു കൊണ്ടാണു. ഇതു സമ്മതിക്കേണ്ടതു എൻെറ ചുമതലയെന്നു ഞാൻ കരുതുന്നു. എത്ര വാശിയായിരുന്നാലും സത്യത്തെമറച്ചു പ്രവൎത്തിക്കുന്നതു ഒരുനാളും നന്നല്ലല്ലൊ. എന്തുകൊണ്ടെന്നാൽ "സത്യവന്ദനവുകാരെയത്രെ ദൈവം ആഗ്രഹിക്കുന്നതു" റമ്പാച്ചൻ ഈ കാൎയ്യത്തിൽ ഒരു മാതൃകയായിരിക്കുമെന്നു ഞാൻ ആശിക്കുന്നു. സഭാ ചരിത്രസംബന്ധമായും മററുമുള്ള കാൎയ്യങ്ങളെപ്പററി അനന്തത്തെിൽ കൂടുതലായി തിരക്കുകയുംമററും ചെയ്തു യോജിപ്പിനുവേണ്ട മാൎഗ്ഗങ്ങൾ ശേഖരിക്കുന്നതിൽ അവിടുന്നും പ്രത്യേകം ബദ്ധശ്രദ്ധനായിരിക്കണമെന്നു പ്രാൎത്ഥിച്ചുംകൊണ്ടു തല്ക്കാലം ചുരുക്കുന്നു. എഴുത്തു ദീൎഘമായിപ്പോയതിൽ അനിഷ്ടം തോന്നരുതെ. എന്നു, കിഴക്കേത്തലയ്ക്കൽ ഗീവറുഗീസുശെമ്മാച്ചൻ·

K. T. Geeverghese
വെ. വൃശ്ചികം 20. 1100

മറുപടി

കുഴിക്കാട്ടുകുന്നേൽ ദയറാ.
26—11—'24.

നിങ്ങളയച്ച എഴുത്തു ഇന്നലെകിട്ടി. "എന്തിനാണു അപ്പാ എന്നെ തല്ലുന്നതു? ഞാൻ ഗുണംവരികയില്ല" എന്നു പണ്ടൊരു മകൻ അപ്പനോടു പറഞ്ഞതുപോലെയാണു ഇപ്പോഴത്തെ സ്ഥിതി.

നിങ്ങളുടെ എഴുത്തിൽ അവസാനഭാഗത്തു "യോജിപ്പിനു വേണ്ട മു ന്നുകൾ ശേഖരിക്കുന്നതിൽ അവിടന്നു പ്രത്യേകം ബദ്ധശ്രദ്ധനാ യിരിക്കണമെന്നു പ്രാൎത്ഥിച്ചുംകൊണ്ടു തല്ക്കാലം ചുരുക്കുന്നു" എ ന്നു പറഞ്ഞിരിക്കുന്നു. മെത്രാച്ചനെ വി. പാത്രിയക്കീസു ബാവാ തിരുമനസ്സുകൊണ്ടു മുടക്കുന്നതിനു എഴെട്ടു മാസംമുമ്പു അദ്ദേഹ ത്തിന്റെ പേക്കു ഒരു ലിഖിതം എഴുത്തു ഞാനയച്ചിരുന്നു. അതിനുത്ത രങ്ങളും എനിക്കു മറുപടിയുംതന്നു. അതിൽ ഞാനയച്ച എഴുത്തി ലെ ഗുണദോഷങ്ങളും ശാസനകളും അപേക്ഷകളും റമ്പാച്ചന്മാ രുടെ സ്ഥിതിക്കു ഒത്തതാണെന്നു അദ്ദേഹം സമ്മതിച്ചിട്ടുമുണ്ടു. ന മ്മുടെസഭയേയും അതിന്റെ തലസ്ഥാനത്തേയും മേലധികാരത്തെ യുംപററി അക്കാലത്തു എനിക്കുണ്ടായിരുന്ന അറിവിനേയും അഭി പ്രായത്തെയും ശക്തിപ്പെടുത്തുകയും സ്ഥിരപ്പെടുത്തുകയും ചെയ്യു ന്ന സംഭവങ്ങൾഇതേവരെഒന്നിന്റെപിന്നാലെ ഒന്നായി തുടന്നു ണ്ടായിക്കൊണ്ടാണിരിക്കുന്നതു. നമ്മുടെസഭ അപ്പോസ്തോലഅടി സ്ഥാനത്തിന്മേൽസ്ഥാപിക്കപ്പെട്ടതാണല്ലൊ. അതിന്റെസ്ഥാപക നും നാഥനും യേശുമിശിഹായുമാകുന്നു. ആമുറക്കു എങ്ങിനെയെ ല്ലാം പരിശോധിച്ചാലും എവിടെയെല്ലാം തിരക്കിയാലും എന്റെ അഭിപ്രായങ്ങൾക്കു മേലാലും വ്യത്യാസം വരികയില്ല. മെത്രാച്ച ന്റെപേക്കു ഞാനയച്ച എഴുത്തിൽ പറഞ്ഞിരുന്ന എന്റെ ബല ഹീന ആലോചന അവിടന്നു കേട്ടിരുന്നുയെന്നു വരികിൽ ഈക ഴപ്പങ്ങളൊന്നും ഉണ്ടാകുവാനിടവരികയില്ലായിരുന്നു. അങ്ങിനെ ചെയ്യാതെ "എന്നാൽ സഭയുടെ ഭരണക്കാരായ മെത്രാ ന്മാർ ദൈവം അവക്കു കൊടുത്തിട്ടുള്ള അറിവിൻ പ്രകാരം സഭയുടെ ക്ഷേമത്തിനു ഉതകുന്നവ ഏതു പ്രകാരമെന്നു ആലോചിച്ചു പ്രവൎത്തിക്കേണമെന്നുള്ള ഒരു ചുമതല അവക്കുണ്ടു" എന്നു എന്റെ എഴുത്തിനു തന്ന മറുപ ടിയിൽ പറഞ്ഞിരിക്കുന്നതുപോലെ മത്സര ബുദ്ധ്യാ തനിഷ്ട ആ ലോചനയാൽ അനേകം പരമാൎത്ഥപ്പെട്ട ആളുകളെ വശത്താക്കി ക്കൊണ്ടു ചെയ്ത പ്രവൎത്തിയുടെ ഫലമാണു നമ്മുടെ സഭയിലെ കഴ

പ്പങ്ങൾക്ക കാരണം. അല്ലാതെ മററൊന്നുമല്ല. മെത്രാച്ചനോ
ട എനിക്ക സ്നേഹവും ഭക്തിയും ഉണ്ടെന്നും എന്നാൽ അങ്ങേത
ടെ വക്രബുദ്ധിക്ക ഞാൻ എള്ളോളം പോലും വശംവദനാകുന്ന
വനല്ലായെന്നും അവിടെ അറിയാം. വി: പാത്രിയക്കീസു ബാവാ
അങ്ങേരെ മുടക്കിയതിനെ അശ്ശേഷം വകവയ്ക്കാതെ എതിർ പ്രവ
ൎത്തിച്ചു മുടക്കുകൊണ്ടു ഒരു കുറവുമില്ലെന്നു നടിച്ചു. എങ്കിലും സ
ല്ല സംശയം ആക്കാൎയ്യത്തിൽ തനിക്കുണ്ടെന്നു തോന്നുമാറു, നൽ
വരങ്ങളിൽ നിന്നരിയപ്പെട്ടവനായ അബ്ദുമിശിഹിനെക്കൊണ്ടു മു
ടക്കു തീപ്പിച്ചു സൎവ്വ കുറവും തീൎന്നുയെന്നു നടിച്ചു. പിന്നീടു അ
പ്പീൽ വിധിക്കു ശേഷം തനിക്കു മുടക്കുണ്ടെന്നു ബോധപ്പെട്ടു മട്ടി
നിലോളം ബുദ്ധിമുട്ടി ഇപ്പോൾ വാഴുന്ന വി: പാത്രിയക്കീസുബാവാ
യെക്കൊണ്ടു മുടക്കു തീപ്പിച്ചുയെന്നും മററും പറഞ്ഞു സഭയിൽ ക
ലഹമുണ്ടാക്കുന്നു. കൂട്ടത്തിൽ നാട്ടിലേക്കു വന്നിരിക്കുന്ന മാർ യൂ
ലിയോസുബാവായാകട്ടെ- വി: പാത്രിയക്കീസുബാവായാകട്ടെ- അ
വരെയാണല്ലോ ഇക്കാൎയ്യത്തിൽ ആധാരമായിട്ടെടുക്കേണ്ടിയതു—
അവർ ഒടുവിലത്തെ ചതിവിനെ അതായതു മുടക്കു തീൎത്തു പട്ട
ങ്ങൾ സ്വീകരിച്ചു എന്നും മററുമുള്ള വ്യാജ പ്രസ്ഥാവനകളെ നി
ഷേധിക്കുന്നുയെന്നു മാത്രമല്ല ഉള്ള വാസ്ഥവത്തെ രേഖാമൂലം വെ
ളിപ്പെടുത്തുകയും ചെയ്യുന്നു. നെബാത്തിൻെറ പുത്രനായ യരോ
ബെയാമിൻേറയും അനുയായികളുടെയും കാൽ ചുവടുകളിൽ ചെ
ല്ലുന്നതു മഹാപാതകവും നാശഹേതുകവുമാണെന്നു മെത്രാച്ചനും
കൂട്ടരും അറിഞ്ഞെങ്കിൽ നന്നായിരുന്നു. സത്യത്തിൽ നില്ക്കുന്നവ
രും വശീകരംകൊണ്ടു സ്വല്പാല്പ ചാഞ്ചോ മററൊ ഉണ്ടായിട്ടുള്ളവ
രെങ്കിലും സത്യത്തിൽ തന്നെ അഭയം പ്രാപിക്കണമെന്നു ആഗ്ര
ഹമുള്ളവരും മെത്രാച്ചൻേറയും കൂട്ടരുടെയും കൃത്രിമങ്ങൾക്കു അനു
കൂലിക്കുന്നുമില്ല. എന്നിട്ടും അങ്ങേരും കൂട്ടുകാരായ ദുർബുദ്ധികളും
ഒന്നുകൊണ്ടു സഭയിൽ നാശവും മുടിവും വരുത്തക്കവണ്ണം ദുർവ്യവ
ഹാരങ്ങളും കലഹങ്ങളുംവൎദ്ധിപ്പിക്കാൻ തുടങ്ങിയിരിക്കയാണല്ലോ.

ളുതിനെ കണ്ടിട്ടത്രെ എഴുത്തിന്റെ ആദ്യഭാഗത്തു "എന്തിനാണ അപ്പാ എന്നെ തല്ലുന്നതു? ഞാൻ ഗുണം വരികയില്ല". എന്ന പഴമൊഴി ഞാൻ എഴുതിയതു എന്നു ധരിക്കണം. ഞാൻ ഒരു ബുദ്ധിയവനും അല്പനും ആണെങ്കിലും മെത്രാച്ചന്റെ കഷ്ടാവസ്ഥയെക്കുറിച്ചു അദ്ദേഹത്തോടുള്ള എന്റെ പൂർവ്വസ്നേഹത്തെ ഓക്കുമ്പോൾ വളരെ മനസ്സാപം തോന്നുന്നുണ്ടു. അതിനാൽ കേട്ടാലും കേട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു എന്റെ മനോഴത്തിലെ സംഗതികളെ ഓപ്പിച്ചുകൊണ്ടു മാനസ്സാന്തരത്തിനായി അപേക്ഷിക്കണമെന്നു ഒരു വിചാരം എന്നിലുണ്ടു. ഈ വിചാരം ശക്തിപ്പെട്ടു വരുന്നപക്ഷം അങ്ങേരുടെ അടുക്കൽ പോകുന്നതും അല്ലാത്തപക്ഷം പോകാതിരിക്കുന്നതുമാകുന്നു. എന്റെ എഴുത്തു അങ്ങേരു സൂക്ഷിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾ അടുക്കൽ ചെല്ലുന്ന അവസരത്തിൽ അതു ഒന്നു വാങ്ങി വായിച്ചുനോക്കണം. അതിൽ പറഞ്ഞിരിക്കുന്ന വണ്ണമുള്ള കഷ്ടതരങ്ങളായ സംഭവങ്ങളാണു ഇതേവരെ നടന്നിട്ടുള്ളതെന്നു അപ്പോൾ നിങ്ങൾക്കു മനസ്സിലാകും. മെത്രാച്ചനും കൂട്ടർക്കും ഇനിയെങ്കിലും നല്ലബുദ്ധി തോന്നണമെന്നു ആഗ്രഹിക്കയും അതിനായി ദൈവത്തോടു പ്രാത്ഥിക്കയും ചെയ്യുന്നു.

കുപ്പായംകീറിയതു കയ്യാപ്പായാണെന്നു വെളിവായിപറഞ്ഞിരിക്കുന്നഭാഗം കണ്ടുപിടിച്ചു സമ്മതിക്കുന്ന നിങ്ങളോടു അതു സംബന്ധിച്ചുള്ള എന്റെ അന്നത്തെ വാദങ്ങളെപ്പററി ഇനിയും ആവത്തിക്കണമെന്നു ഞാൻവിചാരിക്കുന്നില്ല. ദൈവകൃപയാൽ ഞങ്ങൾക്കു ഒരുവിധം സുഖമാണു. ശേഷം പിന്നാലെ എന്നു.

ഫാദർ കെ. ജെ. ഗീവറുഗീസുറമ്പാച്ചൻ (ഒപ്പ്)

[വി: മോറാൻ അബ്ദേദാലോറൊ പാത്രിയർക്കീസു ബാവാ തിരുമനസ്സുകൊണ്ടു ആലുവാസിമ്മനാരിയിൽ നിന്നു തിരിച്ചെഴുന്നെള്ളിയ ശേഷം ഞാൻ അവിടെ താമസിച്ചിരിക്കുമ്പോൾ ബ. പുന്നൂസുറമ്പാച്ചൻ (ഇപ്പോൾ വേഷധാരി കാതോലിക്കാ) എനിക്കയച്ച എഴുത്തും അതിനു കൊടുത്ത മറുപടിയും]

യാഹ്

1912 മിഥുനം 7

പഴമല സിമ്മനാരി

ലാബ്ബൂൻ ദയറോയൊ ഗീവറുഗീസു മ്യക്ക്റൊ
ദൻതിർ ബ്മോറാൻ ശ്ലോം,

പൌലോസു ശ്ലീഹായെപ്പോലെയുള്ള വൈരാഗ്യത്തിന് ആലുവായിൽ താമസിക്കുന്നുയെന്നു കേൾക്കുന്നതിൽ വളരെ സന്തോഷമുണ്ടു. പൊന്നിനുടെ വാക്കാരൻ മാർ ഈവാനിയോസിനെ മാർ എപ്പിപ്പ്ഫാനോസു തെവോപ്പീലോസുൾപ്പെട്ട സുന്നഹദോസു മുടക്കി. ആ മുടക്കിനെ അവിടന്നു സ്വീകരിക്കുന്നുണ്ടൊ? ദിവന്ന്യോറൊസിനേയും മാർ ബർസൌമ്മായേയും ലോകത്തിലുള്ള സകല എപ്പിസ്ക്കോപ്പന്മാരും കൂടി മുടക്കി. ആ മുടക്കിനേയും അവിടന്നു സ്വീകരിക്കുന്നുണ്ടൊ? സ്വീകരിക്കുന്നില്ലെങ്കിൽ കാരണമെന്തു? രാജാക്കന്മാരും എപ്പിസ്ക്കോപ്പന്മാരുംകൂടി പിതാക്കന്മാരെ തടവിലിടുകയും സ്ഥാനഭ്രംശം ചെയ്കയുംചെയ്തു. ആ മുടക്കപ്പെട്ട തടവുകാരിൽനിന്നുള്ള പട്ടം സ്വീകാരയോഗ്യമാണൊ? അന്ത്യോഖ്യാസിംഹാസനത്തിലിരിക്കുന്ന ആളിൽനിന്നല്ലയൊ സ്ഥാനം വാങ്ങേണ്ടതു? രാജാവു പിഴിപ്പിച്ചാൽ ഒരു പട്ടക്കാരന്റെയൊ മേല്പട്ടക്കാരന്റെയൊ സ്ഥാനം പോകുമൊ? കുലപാതകംചെയ്ത കക്കിസ്ഥ്

...പ്പെട്ടെന്നുണ്ടായവർ ക്രിസ്തൃാനികളൊ മററമ്മദിയരൊ? ഒരു ആളെ ...പ്പെട്ടന്നവർ ക്രിസ്തൃാനിക്ക അനുവാദമുണ്ടൊ? തള്ളപ്പെ ...വനെ കൊല്ലുവാൻ ക്രിസ്തൃാനിക്ക അനുവാദമുണ്ടൊ? തള്ളപ്പെട്ടാത്ത പരിശുദ്ധന്മാർ ചെയ്യ ട്ടതും ചെയ്യുന്നകുററമൊ തള്ളപ്പെട്ടാത്ത പരിശുദ്ധന്മാർ ചെയ്യ ന്നകുററമൊ ഏതാകുന്നു വലിയതു? കുററംനിമിത്തം തള്ളപ്പെട്ട ഒരാളിൻെറ ക്രിയകംള പിന്നെ അപഹസിക്കണമൊ? നാം ന മസ്കാരങ്ങളിലും പട്ടംകൊടയിലും രപിക്കുന്ന കല്ലെദോനിയരു ...ം പട്ടത്വം സ്വീകരിക്കുന്നുണ്ടൊ? കാരണമെന്തു? ഇവയ്ക്കു ഉ ത്തരമയച്ചാൽ കൊള്ളാമെന്നാഗ്രഹം. ദൈവകൃപയാൽ സുഖമാ യിരിക്കുന്നു. എനിക്കുവേണ്ടിയും പ്രാത്ഥിപ്പാനപേക്ഷ. സത്യം ധരിക്കണം. എല്ലാവക്കംതെററാം. ദയറോയൊ പുന്നൂസു

(ഒപ്പ്) മ്ഹിലൊ ഉഹാത്തോയൊ

അദ്ദേഹത്തിൻെറ ഇവ്വിധമുള്ള ചോദ്യങ്ങളടങ്ങിയ മേൽ പ കത്തിയ എഴുത്തുകണ്ടപ്പോൾ എള്ളോളം നേരും നെറിവും നാണ വുമില്ലാത്തപട്ടതിയിൽ ഇങ്ങിനെ എൻെറപേക്കെഴുതുവാൻ ആ മ നുഷ്യനു തോന്നിയല്ലോയെന്നും അതിനാൽ അദ്ദേഹത്തിൻെറ ചൊവ്വില്ലായ്മയും മത്സര സ്വഭാവവും ലജ്ജയില്ലാത്ത പ്രകൃതിയും ബോധപ്പെടുമാറു ചോദ്യങ്ങളടങ്ങിയ ഒരു ചെറിയമറുപടി ഞാൻ കൊടുത്തതിൻെറ കാര്യഭാഗം എഴുതുന്നതിനു മുമ്പായി അങ്ങേര ടെ ഒരുപഴയ എഴുത്തുകൂടി ഇവിടെ ചേത്തുകൊള്ളട്ടെ. ഗുരുഭ്രത നെ മെദിയാത്തിൽ അബ്ദുമിശീഹിൻെറ അടുക്കൽ കൊണ്ടുപോകാ തെ ഊർശ്ലേമ്മിൽ നി. വ. ദി. മ. ശ്രീ. വി. മോറാൻ അബ്ദുള്ളാ പാത്രിയക്കീസുബാവാ തിരുമേനിയുടെ സന്നിധിയിൽ ആദരപൂവം കൈത്താങ്ങൽ കൊടുത്തു കൊണ്ടുപോയി ശൽമൂസായും വയ്യിച്ചസ്ഥാ നമാനവും ഏല്പിച്ചു ഇങ്ങ് കൊണ്ടുപോന്നതിൻെറ ശേഷം അഭി ലാഷങ്ങൾ അസ്ഥാനത്തായെന്നു കണ്ടപ്പോൾ ഇവ്വിധം രൂപാന്തര പ്പെട്ടിരിക്കുന്ന ആളാണു ഈ മനുഷ്യനെന്നു വായനക്കാർ ധരിച്ചി രിക്കണമെന്നോച്ചിച്ചുംകൊണ്ടു എഴുത്തുപകത്തുന്നു.

1906 കന്നി 27
പരുമല സിമ്മനാരി.

“യഹ്”

അയച്ച എഴുത്തു കിട്ടി. നിങ്ങൾ അഭിപ്രായം ചോദിച്ചിരിക്കുന്ന സംഗതികൾക്കു എന്റെ അല്ല; വി. സഭയുടെ അഭിപ്രായം ഇപ്രകാരമെന്നു വിശ്വസിക്കുന്നു.

വേദ വിപരീതം പോലെ ഭയങ്കരമായ യാതൊരു പാപവുമില്ല. നാം ഏററവും അറപ്പായി വിചാരിക്കുന്ന പാപങ്ങളായ വ്യഭിചാരം, കുലപാതകം മുതലായതിനേക്കാൾ കഠിനമായ പാപമായിട്ടാകുന്നു വേദ വിപരീതത്തെ വിചാരിക്കുന്നതു. പാപി ദൈവത്തോടു എതിർക്കുന്നവനല്ല. * വേദ വിപരീതി ദൈവത്തോടു എതിർക്കുന്നവനാകുന്നു. അതിനാൽ വിവാഹമെന്നല്ല അവരോടു യാതൊരു വിധത്തിലും ഇടപെടാതിരിക്കുന്നതാകുന്നു നല്ലതു. ഒരു സ്ത്രീ ഈ സഭയിലേക്കു ചേർന്നാൽ അവളെ വിവാഹം കഴിക്കുന്നതിനു വിരോധമില്ല. (ഇതിൽ എന്റെ അഭിപ്രായം ഇങ്ങോട്ടു ചേരുകയെന്നതു വിശ്വാസം കൊണ്ടല്ലെന്നു അവളെ ഈ സഭയിലേക്കു തന്ന അവളുടെ മാതാപിതാക്കൾ ഇതര സഭയിൽ തന്നെ നില്ക്കുന്നതു കൊണ്ടറിയാം. ചെറുക്കന്റെ മിടുക്കോ പണമോ കണ്ടിട്ടു ലോകത്തിനു വേണ്ടിയത്രെ അവൾ മാത്രം ചേരുന്നതു. സ്ത്രീകളുടെ സഹതാപം എന്നും തങ്ങളുടെ മാതാപിതാക്കളോടും സഹോദരന്മാരോടും ഇരിക്കുമെന്നുള്ളതു തർക്കമററ സംഗതിയാകുന്നു. മക്കളുടെ മനസ്സു അപ്പനേക്കാൾ അമ്മയെ സ്നേഹിക്കുന്നതാകുന്നു. അതിനാൽ ഇപ്രകാരം ഒരു പെണ്ണിനെ മാത്രം ചേർത്തു വിവാഹം ചെയ്താലും നാം ഉദ്ദേശിക്കുന്ന ഫലം ഉണ്ടാകയില്ല. ആയതുകൊണ്ടു ഇപ്രകാരമുള്ള വിവാഹം ഇല്ലാതെയിരിക്കയാകുന്നു വേണ്ടതു. ദൈവത്തേക്കാൾ പണത്തേയും സൌന്ദര്യത്തേയും സ്നേഹിക്കുന്ന

* സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ വി. പാത്രിയർക്കീസ് ബാവായോടുള്ള എതിർപ്പു ഇക്കൂട്ടർക്കു വേദവിപരീതമല്ല പോലും. (മസ:94)

എവനും ഹാ കഷ്ടം)

നിങ്ങളുടെ ചോദ്യത്തിനു മറുപടി.

1 അന്യ സഭയിൽ നിന്നു ഒരു പെണ്ണുമാത്രം ചേരുകയും ന
മ്മുടെ പള്ളിയിൽ വച്ചു വിവാഹം കഴിക്കയും ചെയ്യുമ്പോൾ പ
ന്സാരം മുതലായതു നമ്മുടെ പള്ളിയിൽ തിക്കകയാണു വേണ്ടിയതു.
മാമ്മൂദിസാ മുഴുകന്ന പള്ളി ഇടവക പള്ളിയായിരിക്കണമെന്നു
നിർബന്ധമില്ല.

2 ഇതര സഭക്കാരുടെ കുറി ഒരിക്കലും സ്വീകരിപ്പാൻ ന
മുക്ക പാടുള്ളതല്ല.

3 റോമ്മാക്കാരും മററുള്ളവരുമായി വ്യത്യാസമുണ്ടു. റോമ്മാ
ക്കാരെ നാം മൂറോൻ മാത്രം പൂശുകയും അവരുടെ വേദവിപരീത
ങ്ങളെ ഉപേക്ഷിപ്പിക്കയും ചെയ്യുന്നു. പ്രോട്ടസ്റ്റണ്ടുകാരേയും മററു
പുറജാതികളെ പോലെ മുഴുവനായി മാമ്മൂദിസാ മുക്കേണ്ടതാകുന്നു.
പാത്രിയർക്കീസു ബാവാ മലയാളത്തു എഴുന്നെള്ളിയപ്പോൾ പ്രോട്ട
സ്റ്റണ്ടുകാരുടെ മാമ്മൂദിസാ മുങ്ങിയിരുന്ന റെ ഹിയമാതിൽ അച്ച
നെ മുഴുവനായി മാമ്മൂദിസാ മുക്കിയതായി അറിവുണ്ടു.

ഇപ്പോൾ ഇതിനെല്ലാററിനും വിരോധമായി ധാരാളം നടപ്പു
ണ്ടു. അവരുടെ കുറി സ്വീകരിക്കയും അവക്ക നാം കുറി കൊടുക്ക
യും മാമ്മൂദിസായും മൂറോനുമില്ലാതെ അവരെ നാം സ്വീകരിക്കയും
എല്ലാം ചെയ്യുന്നുണ്ടു. അതെല്ലാം ഓരോ ഇടവകകളിലെ അച്ച
ന്മാരുടെ ഇഷ്ടം പോലെയിരിക്കും. അല്ലാതെ അന്വേഷിപ്പാൻ
ആരുമില്ല. കഷ്ടം.

സഭയുടെ ന്യായമായ നിയമം മേല്പറഞ്ഞതാകുന്നുവെന്നു തോ
ന്നുന്നു. ദൈവ കൃപയാൽ ഞങ്ങളെല്ലാവരും സുഖമായിരിക്കുന്നു.
ഇവിടെ കമ്പറുങ്കൽ പല നവീകരണക്കാരും, പ്രോട്ടസ്റ്റണ്ടുകാരും,
റോമ്മരും വന്നു നേർച്ചയിടുന്നുണ്ടു. മഹാ വലിയ അത്ഭുതങ്ങളും ന
ടക്കുന്നുണ്ടു. ഞങ്ങൾക്കവേണ്ടി പ്രാർത്ഥിക്കുക.

പൗലൂസു റമ്പാൻ (ഒപ്പു)

ഞാൻ കൊടുത്ത മറുപടിയുടെ കാൎയ്യഭാഗം

ആദാമും ഹവ്വായും പാപം ചെയ്യുന്നതിനു മുമ്പു അവൎക്കു മക്കളുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ പ്രകൃതി എന്തായിരിക്കണം? നാണമില്ലായ്മ അല്ലയോ? ഈ കാലത്തു ആ പ്രകൃതക്കാരായ ആളുകളില്ലയൊ? അവരെ മേല്പറഞ്ഞ വൎഗ്ഗത്തിലല്ലയൊ കൂട്ടേണ്ടതു? നിങ്ങൾ നാണമുള്ള കൂട്ടരാണൊ? മറുപടി കാണ്മാൻ ആഗ്രഹിക്കുന്നു. എന്നിങ്ങിനെയും മറ്റുമായിരുന്നു. ഇതിനുള്ള മറുപടിയും അങ്ങേരയച്ചില്ല. ഇതോടെ ഞങ്ങൾ തമ്മിലുള്ള എഴുത്തുകുത്തും അവസാനിച്ചു.

[തമ്മിൽ കണ്ടു പരിചയപ്പെടുന്നതിനു മുമ്പു എന്റെ പേൎക്കു എഴുത്തുകളയച്ചും ഒരു മാസത്തിൽപരം കഴിക്കാട്ടുകുന്നേൽ ദയറായിൽ കൂടെ താമസിച്ചും അത്യധികമായ സ്നേഹപരിചയങ്ങൾക്കു ഇടയായവനും അന്യോന്യം പല എഴുത്തുകളയച്ചു സ്നേഹ സൌഹാൎദ്ദങ്ങളെ നിലനിറുത്തിക്കൊണ്ടുപോന്നവനുമായ മാവേലിക്കര കല്ലുമ്പുറത്തു പൂവത്തൂർ സി. എം. തോമ്മസു താൻ മുടക്കമെത്രാച്ചനിൽ നിന്നു "ശെമ്മാശ്ശുപട്ടം" എല്ക്കുവാനൊരുങ്ങിയിരിക്കുന്നുവെന്നുള്ള വിവരം കാണിച്ചും അതിലേക്കു എന്റെ പ്രാൎത്ഥന ആവശ്യപ്പെട്ടും അയച്ച എഴുത്തും അതിനു ഞാൻ കൊടുത്തമറുപടിയും.]

The College, Kottayam.
16th November 1911.

ഏറ്റവും പ്രിയപ്പെട്ട എന്റെ പിതാവെ! അടുത്ത ഞായറാഴ്ച (ക്കൂദശ് ഈത്തോ) ചെങ്ങന്നൂർ പള്ളിയിൽ വച്ചു നി. വ. ദി.

ശ്രീ. മലങ്കരഇടവകയുടെ മാർ ദിവന്നാസ്യോസു മെത്രാപ്പോലീത്താ
തിരുമേനിയാൽ പാപിയായ എനിക്ക ശെമ്മാശുപട്ടം നൽകപ്പെ
ട്ടതാണെന്നു അറിയുന്നു. ഇത്ര വലിയ ചുമതലയോ ഉത്ര
ഹത്തരമായ പദവിക്കോ പാപിയും ബലഹീനനുമായ അടിയൻ
യോഗ്യനല്ലെന്നുള്ളതു ദൈവം ഒഴികെ അവിടെയും കുറെയെല്ലാ
എനിക്കും അറിയാവുന്നകാര്യമാണു. എങ്കിലും ഇതു ദൈവവി
ച്ഛയുടെ ഫലമായിട്ടാണെന്നു ഒരു ബോധമുള്ളതുകൊണ്ടു ഇമ്പമുള്ള
ള്ള വലിയ നുകത്തിനു കീഴ്പ്പെടാമെന്നു ദൈവത്തിൽ ശരണ
പ്പെടുന്നു. എല്ലാററിനും വേണ്ടി അവിടത്തെ ഉപദേശങ്ങളും പ്രാ
ർത്ഥനകളും ആവശ്യപ്പെട്ടിരിക്കുന്ന പാപിയായ പുത്രൻ മാവേലിക്ക
ര കല്ലുമ്പുറത്തു പൂവത്തൂർ സി. എം. തോമ്മസു. (ഒപ്പു)

എററം സ്നേഹത്തിലും വാത്സല്യത്തിലുംഇതന്നെ ഈ യുവാവു
യറമിയാ 2 13-ൽ പറയുംപ്രകാരം പൊട്ടക്കിണറുകളെ ആശ്രയി
പ്പാൻ തക്ക കഥയില്ലാത്തവനായി തീന്നല്ലോ എന്നുള്ള മനോവേ
ദനയോടുകൂടി അയച്ച മറുപടിയുടെ സാരാംശം താഴെ എഴുതുന്ന
താകുന്നു;

നിന്റെ എഴുത്തിൽ പറഞ്ഞിരിക്കുന്ന ആളിൽ നിന്നാണ
എിങ്കുന്നതെങ്കിൽ ധരിക്കുന്ന കുപ്പായത്തിന്റെയും ചൂടുന്ന തൊ
പ്പിയുടെയും ഭാരമല്ലാതെ ഒന്നും ധരാനില്ലാത്തതിനാൽ ഞാൻ എ
റെയൊന്നും ഉപദേശിക്കയും പ്രാത്ഥിക്കയും ചെയ്യേണ്ട ആവശ്യമി
ല്ലെന്നു ധരിച്ചിരിക്കണം എന്നും മററുമാകുന്നു.

പിന്നീടു, വേഷമേററതിനു ശേഷമയച്ച ഒരെഴുത്തു. ഇതു മ
ബിലത്തേതിനെക്കാൾ കഥയില്ലാത്തതും സഭാനടപടിക്രമങ്ങൾക്കും
കാനോൻ നിയമങ്ങൾക്കും എതിരായിട്ടുള്ളതുമാണെന്നു വായന
ക്കാക്ക അറിയാവുന്നതാണു. "ഒററിക്കൊടുത്താൽ കെട്ടിത്തൂങ്ങ
ചാകാം" എന്നുണ്ടല്ലോ.

M. D. Seminary Kottayam,
22nd may '12

എററവും പ്രിയപ്പെട്ട എന്റെ പിതാവെ! എല്ലാ തെററിദ്ധാരണകളും നീക്കി നാം തമ്മിൽ മുമ്പിരുന്നതുപോലെ ഇനിമേലും ആയിരുന്നാൽ കൊള്ളാമെന്നു എനിക്കു വളരെ ആഗ്രഹമുണ്ട. സ്നേഹിച്ചശേഷം വെറുക്കുന്നതു എത്രയും ദുസ്സഹമായ കാൎയ്യമാണെന്നു അവിടെയും അറിഞ്ഞാൽ കൊള്ളാമെന്നു എനിക്കു എത്രയും താഴ്മയായ അഭിപ്രായവും അപേക്ഷയുമുണ്ട. എന്നെ വെറുക്കുന്നതിനു നാരായവേരായിതീൎന്നിരിക്കുന്നതു ഞാൻ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽ നിന്നു ശെമ്മാശ്ശ സ്ഥാനം ഏറുവല്ലൊ എന്നുള്ള ഏക സംഗതിയാണെന്നാണു എനിക്കു തോന്നിയിരിക്കുന്നതു. എന്റെ നിശ്ചയമായ ബോധത്തോടും നിൎമ്മലമായ മനസ്സാക്ഷിയോടും കൂടെയാണു ഞാൻ അദ്ദേഹത്തിങ്കൽ നിന്നും പട്ടമേററതു. ഇതിങ്കൽ അവിടത്തേക്കു വൈമനസ്യം വരുമെന്നു ഞാൻ ലേശവും വിചാരിച്ചിരുന്നില്ല. പട്ടത്വമില്ലാത്ത മെത്രാന്റെ കൈയ്യിൽ നിന്നും സ്ഥാനമേററിട്ടു വെറുതെ കുപ്പായമിട്ടുകൊണ്ടു നടന്നുകളയാമെന്നു ഒരു കൌതുകം ഈ ബലഹീനനായ എനിക്കു ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതിനു സാക്ഷി ദൈവം മാത്രമുണ്ടു. അതു എത്രവലിയ ദോഷത്വമാണു. അങ്ങിനെ ഒരുവൻ ബഹിഷ്കരിക്കപ്പെട്ട സ്ഥാനിയിൽ നിന്നും പട്ടത്വമേല്ക്കുന്നതു. ഞാൻ അതിനു ചാടി പുറപ്പെടുകയല്ല ചെയ്തതു. എന്റെ ബലമായ വിശ്വാസം അന്നും ഇന്നും അബ്ദൽമിശിഹാ പാത്രിയൎക്കീസുബാവായെ ഒരുത്തരും മുടക്കിട്ടില്ലെന്നും അദ്ദേഹത്തിന്റെ ലൌകികമായ അധികാരം മാത്രം തുൎക്കി ഗവൎമ്മെണ്ടു എടുത്തുകളഞ്ഞു എന്നും തൻനിമിത്തം അദ്ദേഹത്തിന്റെ ആത്മിക വരം എന്നും സ്ഥായിയായി തന്നെ ഇരിക്കുന്നുവെന്നുമാണു. അതുകൊണ്ടു അദ്ദേഹത്തിന്റെ കൎമ്മാനുഷ്ഠാനങ്ങളെയും നാം ആദരിക്കുന്നതിൽ യാതൊരു തെററുമില്ലെന്നാണു എനിക്കുണ്ടായ ബോധം.

വാക്കി

ളുക്കി ഗവമ്മേണ്ടിന്റെ വിളംബരം എടുക്കപ്പെട്ടു പോയല്ലോ എന്നുണ്ട. അതിനെ ആരു കാൎയ്യമായി ഗണിക്കും? അബ്ദെൽമിശിഹൊ ബാവായിൽ നിന്നും വാഴ്വിന്റെയും ആശിൎവാദത്തിന്റെയും കല്പന ഇവിടെവരികയും മെത്രാച്ചന്റെമുടക്ക കാരണസഹിതമെല്ലാതെ ചെയ്യപ്പെട്ടതാകയാൽ അതു നിൎജ്ജിയിരിക്കുന്നു എന്നു ആ ബാവായിൽനിന്നു അനുഗ്രഹകല്പന വരികയും നമ്മുടെ രണ്ടു എപ്പിസ്കോപ്പന്മാരായ മാർ ഈവാനിയോസും അൽവാറിസും കൂടി ചേൎന്നു മല്ലപ്പിള്ളിമെത്രാച്ചനോടു കൂടി സഹതപിക്കയും അവരുടെ അധികാരപ്രകാരം അദ്ദേഹത്തെ മനസ്സുറപ്പിക്കയും ചെയ്തതിൽപിന്നീട്ടു മാത്രമാണു മെത്രാച്ചൻ ശുദ്ധകൎമ്മങ്ങൾ അനുഷ്ഠിച്ചുതുടങ്ങിയതു. അതിനു മുമ്പായിരുന്നുവെങ്കിൽ അദ്ദേഹത്തിൽനിന്നു പട്ടമേല്ക്കുന്ന ശെമ്മാച്ചന്മാരുടെ സ്ഥാനത്തിനു വല്ല ബലഹീനതയുമുണ്ടെന്നു നമുക്കു വിചാരിക്കാൻ ന്യായമുണ്ടായിരുന്നുവെന്നു പറയാം. എന്തായാലും പിതാവേ! വേഗം സംഗതികൾ ശരിപ്പെടുത്തണമെ.

അബ്ദുൽമിശിഹാ പാത്രിയൎക്കീസുബാവാ ബഗദാദിൽനിന്നും തിരിച്ചിരിക്കുന്നുവെന്നു പറയുന്ന കമ്പി ഇന്നലെ ഇവിടെയെത്തി. ഞാൻ വായിച്ചുകണ്ടു. ഇന്നു അദ്ദേഹത്തിന്റെ ഒരുകല്പനയും ഇവിടെ വന്നിട്ടുണ്ടു. അദ്ദേഹത്തെ സ്വീകരിക്കാനായി ഇവിടെ വേണ്ട എല്പാടുകൾ ചെയ്തുവരുന്നു.

വിശേഷിച്ചും "റമ്പാച്ചനു വകതിരിവില്ലെ"ന്നു എനിക്കഭിപ്രായമില്ല. വേറെചിലർ പറഞ്ഞുകേട്ടിട്ടുണ്ടു. അവിടത്തെ നില എത്രയും പരമാൎത്ഥതയോടു കൂടിയാണെന്നാണു ഞാൻ ധരിച്ചിരിക്കുന്നതു. ഇപ്രകാരമൊക്കെ വന്നതിൽ എനിക്കു വലിയ ദുഃഖമുണ്ടു. എന്റെ പാപവും കുറവുകളും നിമിത്തമത്രെ എന്നു ഞാൻവിചാരിക്കുന്നു. എന്റെനേരെ ഒന്നും തോന്നരുതെ. പാപിയായ എന്നോടു ക്ഷമിക്കണമെ. എന്നെ കേവലം ഒരു അമത്രേമനിഎന്നു അവിടുന്നു വിചാരിക്കുന്നതിൽ എനിക്കു മുഷിച്ചിലില്ല. പക്ഷെ സ

ത്ര്യവും ന്യായവും അതാണോയെന്നു അവിടെത്തന്നെ ആലോചിക്കണമെ. എല്ലാം ക്ഷമിക്കണമെ. പാപിയായപുത്രൻ C. M. T. Deacon. (ഒപ്പ്)

ഫെർമാനില്ലാത്തവൻ പാത്രിയക്കീസല്ല. അങ്ങിനെയുള്ള ആളിനു പാത്രിയക്കീസിനടുത്ത പ്രവൃത്തിചെയ്യാൻ അവകാശമില്ല. അതിരുകടന്നു ചെയ്യുന്ന പ്രവൃത്തിയിൽ പരിശുദ്ധാത്മാവാസം ഉണ്ടാകയില്ല. തന്നിമിത്തം ആ പ്രവൃത്തി സാധുവായിരിക്കയുമില്ല. ഹന്നാനും കയ്യാപ്പായും മഹാപുരോഹിതന്മാരായിരുന്നു. ഹന്നാൻ പ്രായം കൂടിയആളും കാണ്മവസ്ഥാനം ഉള്ളവനും കയ്യാപ്പായാകട്ടെ പ്രായംകുറഞ്ഞവനും മരുമകനും ആയിരുന്നു. എന്നാൽ റൂഹാദക്കുദിശാ തമ്പുരാൻ മൂപ്പോ കാണ്മവസ്ഥാനമൊ ഒന്നും വകവയ്ക്കാതെ ഗവമ്മേണ്ടിൽ നിന്നുള്ള ആണ്ടു പൌരോഹിത്യാവകാശം മാത്രം വകവച്ചുകൊണ്ടു ഇളമുറക്കാരനും മരുമകനുമെങ്കിലും ആണ്ടു പൌരോഹിത്യമുള്ള കയ്യാപ്പാ മൂലമത്രെ മിശിഹാതമ്പുരാന്റെ തിരുമരണബലിയെ സംബന്ധിച്ചുള്ള അവസാന പ്രവചനം നടത്തിയതു. (വി. യോഹ 11:49—53)

യൂദക്കൂട്ടം യേശുമിശിഹാഎന്ന മഹാപുരോഹിതന്റെ ഉപദേശങ്ങളും വിശ്വ പ്രവൃത്തികളും കണ്ടും കേട്ടും വല്ലാതെ വിസ്മയിച്ചു. എന്നാൽ തന്റെയും തന്റെ വിട്ടുകാരുടെയും ധനസ്ഥിതി അക്കാലത്തു ആ ജാതിയിലുള്ള എല്ലാവരുടേതിനേക്കാളും താഴന്നതും കേവലം തച്ചപണി മുതലായവകൊണ്ടു ഉപജീവനം കഴിക്കുന്നതും ആയിരുന്നതിനെ കാര്യമാക്കികൊണ്ടു തന്റെ ദിവ്യ ജ്ഞാനത്തെയും വിശ്വ പ്രവൃത്തികളെയും തുഛീകരിച്ചു തങ്കൽ ഇടറിപ്പോയി(വി. മത്താ. 13: 53—56; വി. മക്കൊ. 6: 1—3; വി. ലൂക്കൊ. 4: 22; വി. യോഹ. 6: 42.) അപ്രകാരംതന്നെ നമ്മുടെ മല്പ്പാനമെത്രാച്ചനും കൂട്ടരും മദ്ബഹാ വഴിയായുംമറും വി. മോറാൻ അബ്ദുള്ളാ പാത്രിയക്കീസുബാവാ തിരുമനസ്സിലെ ഗുണ ഗണങ്ങ

ളേയും സ്ഥാനമാനമാഹാത്മ്യങ്ങളേയും എന്തെന്നില്ലാത്തവണ്ണം അത്ഭുതപൂർവം കീർത്തിക്കയും ; തങ്ങളുടെ ദുരഭിലാഷ നിവൃത്തിക്കു ആ വി. പിതാവു വഴിപ്പെട്ടുന്നില്ലെന്നു കണ്ടപ്പോൾമുതൽ, അവരുംകൂടെ അംഗങ്ങളായിരിക്കുന്ന മലങ്കര സഭയോടൊരുമിച്ചു പണ്ടേ തന്നെ അബ്ദുമിശിഹാ പാത്രിയക്കീസിന്റെ ഭ്രംശത്തെ സർവ്വത്ര സമ്മതിച്ചും സ്വീകരിച്ചുമിരുന്നതിനെ കേവലം ലജ്ജാ വിഹീനം ദൂഷണവല്ക്കരിച്ചും, വി. സുന്നഹദോസു അദ്ദേഹത്തിൽനിന്നു ഉരിഞ്ഞുകളഞ്ഞ പാത്രിയക്കാസ്ഥാനം അദ്ദേഹത്തിനുണ്ടെന്നു സ്വയം ശഠിച്ചും. ഒരു സഭാതലവനു അഥവാ പാത്രിയക്കീസിനു അതില്ലാതിരുന്നാൽ തികഞ്ഞ പാത്രിയക്കീസായിത്തീരും ശ്രേഷ്ഠ മഹാപുരോഹിതനായ യേശുമിശിഹായ്ക്കു തുല്യനാകാനും തദനുസരണമായ പ്രവർത്തനങ്ങൾ നടത്തുവാനും അശ്ശേഷം പാടില്ലാത്തവണ്ണം അത്യന്താപേക്ഷിതമായ ഗവർമ്മേണ്ടു സാക്ഷിതപ ലക്ഷ്യമാകുന്ന വിളംബരം (ഫെർമാൻ) അദ്ദേഹത്തിനില്ലായെന്നുള്ള വലിയ കുറവിനെ (അതിനെ ആരു കാര്യമായിഗണിക്കും"? എന്നലക്ഷ്യമാക്കിയും അബ്ദുമിശിഹായെ സ്വീകരിച്ചുകൊണ്ടു സാക്ഷാൽ പാത്രിയക്കീസിങ്കൽ പടർന്നുപോയി. ഇവിടെ ആ കൊടിയ (പിടലികടുത്ത) യൂദന്മാരും ഇക്കാലത്തുള്ള നമ്മുടെ മത്സരക്കാരായ കൂട്ടരും തമ്മിൽ സാമ്യമുണ്ടെന്നു പറയേണ്ടതില്ലല്ലൊ. ഒരുകൂട്ടർ യേശുമിശിഹാ ഉപേക്ഷിച്ചതു തനിക്കുണ്ടായിരിക്കേണ്ടതാണെന്നും മററവർ താൻ അവശ്യം സ്വീകരിച്ചുകൊണ്ടു തന്നെ താൻ തികഞ്ഞവനാക്കിത്തീർത്ത—അതെ പാത്രിയക്കീസിനടുത്ത ലോകരക്ഷാർത്ഥമുള്ള തന്റെ തിരുദേഹബലി പിതാവാം ദൈവത്തിങ്കൽ അർപ്പിപ്പാൻ യോഗ്യതയുള്ള അധികാരിയാക്കിത്തീർത്ത— ആ സാരവത്തായ കാര്യത്തെ നിർല്ലജ്ജം അപഹസിച്ചുപേക്ഷിക്കയും ചെയ്യുന്നുവെന്നുള്ള വ്യത്യാസമേയുള്ളു. (വി. യോഹ. 19:11—16; വി. ലൂക്കൊ.23: 24; വി. മർക്കൊ. 15: 15; വി. മത്താ. 27: 26.)

അഹങ്കാരംമൂലം കിണ്ടം കണ്ണുത്തിലായെന്നു കണ്ടപ്പോൾമെ

ത്രാച്ചനും കൂട്ടരും അബ്ദമിശിഹിനു ഫെർമാനില്ലന്നെയുള്ളൂ, സ്ഥാന നൽവരങ്ങൾക്കൊന്നിനും കുറവില്ല, സ്വല്പം കാനോനികമല്ലായ്കയില്ലയെന്നറിഞ്ഞില്ല. അതത്ര വക വയ്ക്കാനില്ല, അബ്ദുള്ളാപാത്രിയർക്കീസുബാവാക്ക മുമ്പു വാണിരുന്നയാളാകകൊണ്ടു ആ മുമ്പന്റെ തുമ്പേൽപിടിച്ചുന്യായവാദംചെയ്തു സിനിയറാക്കാം എന്നു, ല്ലാം പറഞ്ഞ് ത്രികഞ്ഞ മഹാപുരോഹിതനായ പാത്രിയർക്കീസിനെ ഉപേക്ഷിച്ചു അവതാളത്തിൽ ചാടിയതുപോലെ നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായ യേശുമിശിഹാ തന്റെ പിതാവിന്റെ നിശ്ചയത്തെ അത്ര വകവയ്ക്കാതെ—ആ തിരുമേനിയെക്കുറിച്ചു ഇങ്ങിനെ വിചാരിക്കപോലും ചെയ്തുകൂടാ. വി. പൗലൂസ്ശ്ലീഹാ ഒരിടത്തു ഞാൻ മാനുഷരീതിയിൽ പറയുന്നുയെന്നു (റോമ. 3: 5, 6.) പറഞ്ഞിട്ടുള്ളതുപോലെ പറയുന്നുയെന്നെയുള്ളൂ—ഇന്നലെയും ഇന്നും എന്നും യഥാവാനായിരിക്കുന്ന അവിടുന്നു (എബ്രാ 13: 8) ഇപ്പോൾ സമ്മതിക്ക ഈ പ്രകാരം നീതികളെയും നിവൃത്തിപ്പാൻ നമുക്ക ന്യായമാകുന്നുയെന്നു പറഞ്ഞുകൊണ്ടു പൗരോഹിത്യ സ്ഥാനമേററ താൻ, (വി മത്താ. 3: 15)— ഇക്കൂട്ടരെ പോലെ നേരുകേടു പ്രവർത്തിക്കുന്നവനല്ലല്ലോ— ഹന്നാനു ഗവമെണ്ടിൽ നിന്നുള്ള തുണ്ടു പൗരോഹിത്യാവകാശം ഇല്ലെന്നൊരു കുറവേയുള്ളൂ. അതു സാരമില്ലാ എന്നുംമററും കരുതി അദ്ദേഹത്തിൽ നിന്നും അദ്ദേഹം വഴിയായിട്ടും രാജത്വം, നിബിയത്വം, പട്ടത്വം എന്ന നൽവരങ്ങൾ യഹൂദ സഭയിൽ നിന്നു നിർത്തലാക്കുവാനും അവയ്ക്കുള്ള അധികാരാവകാശങ്ങൾ താൻ കൈയേല്ക്കുവാനും ഭാവിക്കയും അപ്രകാരം പ്രവർത്തിക്കയും ചെയ്തിരുന്നെങ്കിൽ മേല്പറഞ്ഞ നൽവരങ്ങൾ യഹൂദസഭയിൽ നിന്നു പോകുമായിരുന്നുവൊ? അവയ്ക്കുള്ള അവകാശാധികാരങ്ങൾ തനിയ്ക്കു ലഭിക്കുമായിരുന്നുവൊ? പിതാവാം ദൈവത്തിനു തന്നോടു പ്രസാദമുണ്ടാകുമായിരുന്നുവൊ? എബ്രാ. 10: 5—10 വാക്യങ്ങളിൽ പറയുന്നതുപോലെ സർവശക്തനായ പിതാവാം ദൈവത്തിന്റെ ഇഷ്ടവും നിശ്ചയവും മുഴുവനായി നിറവേററുവാൻ സർവ്വത്ര സന്നദ്ധനെന്നു ശുശ്രൂഷാകൊണ്ടു കാ

ണ്ടു ഇഹത്തിലേക്കു പുറപ്പെട്ട ആ പരിശുദ്ധപുത്രൻ ഈ കൂട്ടരെപോലെ കുബുദ്ധ്യാ നേരുകെട്ട അവതാള ആഴവഴികൾ അന്വെഷിച്ചുപിടിച്ച് പിതാവിന്റെ ഇഷ്ടവും നിർണ്ണയവും (മസ്മൂ. 40:6–10) നീതിമാന്റെ നിറവേറുന്നതിനു പകരം കൊടുത്തശൽമ്മസ്യക്കു എതിരായി അത്ര സാരമില്ല, ഇങ്ങിനെയായാലും യാതൊരു കുറവുമില്ല, എനിക്കും അപ്പനും സ്ഥാന നൽവരങ്ങൾ ഒന്നാണു, ഏറെമൂത്താൽ പ്രിവികൗൺസിലിലോളം ഒന്നു പോകേണ്ടിവരു എന്നെല്ലാം തന്നിഷ്ടംഭാവിച്ചും ധിക്കാരത്തോടും അതുപോലുമെങ്കിലും നീതിവിരുദ്ധം ചെയ്തിരുന്നെങ്കിൽ മനുഷ്യവർഗ്ഗം രക്ഷിക്കപ്പെടുമായിരുന്നുവൊ? വിധിപ്പിൻ വായനക്കാരെ!

ഇക്കൂട്ടർ, യേശുമിശിഹായെന്ന മഹാ പുരോഹിതനെ സംബന്ധിച്ച തന്റെ തിരുവചനമായിട്ട് "സർവ്വഭൂസീമാ വാസികളുമായുള്ളോരെ! എങ്കലെക്കതിരിഞ്ഞു രക്ഷിക്കപ്പെടുവിൻ എന്നും മറ്റും പറയുന്ന മഹത്വമുള്ള എശായാ(45: 22) ദീർഘദർശിയേയും നാം സ്വീകരിച്ചുപറയുന്ന അപ്പോസ്ഥാലനും നമ്മുടെ സ്തോത്രത്തിന്റെ മഹാപുരോഹിതനുമാകുന്ന യേശുമിശിഹായെ നോക്കുവിൻ (എബ്രാ. 3: 1) എന്നുപറയുന്ന വി. പൗലോസു ശ്ലീഹായേയും തൃണപ്രായമാക്കി പ്രവർത്തിച്ചു വരികയാണെന്നുള്ളതിനു വല്ല സംശയവുമുണ്ടൊ? പ്രിയരെ!

ഹറൂനു അന്നത്തെ നിഴൽരൂപേണയുള്ള മഹാപൗരോഹിത്യമുണ്ടായിരുന്നു. അബ്ദുമിശിഹിനു മേല്പട്ടത്വത്തിനടുത്ത യാതൊരു നൽവരവുമില്ലെന്നുള്ളതു ആർക്കാണു അറിഞ്ഞുകൂടാത്തതു?

താഴെ വരുന്നപ്രകാരം ഒന്നുകൂടി വിശദപ്പെടുത്തുന്നതായാൽ ലോകാരംഭംമുതൽ അറുക്കപ്പെട്ട ദൈവകുഞ്ഞാടായ യേശുമിശിഹാ എന്ന മഹാപുരോഹിതനു (ഉല്പത്തി. 3: 15; വെളിപാടു. 13: 8; 1: പത്രോ. 1: 20) തന്റെ ലോകാവതാരം വരെ ഭൂമിയിലും അധോഭുവനമാകുന്ന പാതാളലോകസന്ദർശനം വരെ പാതാളത്തിലും ഹാബേൽ മുതൽ തന്റെരക്ഷാകര നടപടിയെ മുൻകുറിക്കുന്ന അനേകം മുൻഗാമികളുണ്ടായിരുന്നുവെന്നും തന്റെ രക്ഷ

LIBRARY

ത്ത എഴന്നെള്ളത്തുവരെ അങ്ങിനെ തന്നെ ഭൂമിയിലും, സത്യ്വശ്രായിൽ നിദ്രകൊണ്ടവരുടെ ആത്മാക്കൾ അധിവസിക്കുന്ന സ്ഥലത്തും തനിക്ക പിൻഗാമികളുണ്ടെന്നു വിശ്വസിക്കേണ്ടതാണ. മുൻഗാമികളിൽ സർവ്വപ്രധാനമായ സ്ഥാനത്തെ അർഹിക്കുന്നയാൾ ദീഘദശിമാരിൽ തലവനായ മൂശയാകുന്നു. (പുറ. 4: 16; സംഖ്യ 12:) ഈ ദിവ്യൻ പരിശുദ്ധാത്മാവിന്റെ സർവനൽവരങ്ങളാകൊണ്ടു നിറഞ്ഞു കവിഞ്ഞവനായിരുന്നു. തന്റെകീഴിൽ പല ഭരണക്കാരും അതതു സ്ഥാന നൽവരങ്ങളോടു കൂടിയവരായി ഉണ്ടായിരുന്നു. അവർ അഹറോൻ മുതലായ വൈദീക ഗണങ്ങളും എൽദാദും മേദാദും ഉൾപ്പെട്ട മററാളുകളും ആയിരുന്നു. (പുറ. 28: 1; സംഖ്യ. 3: 5, 6; സംഖ്യ. 11: 16—27) ഈ മൂശനിബിയാ ദൈവ പുത്രനായ മഹാ പുരോഹിതന്റെ പരിശുദ്ധാത്മ നൽവര അളവില്ലായ്മയെ (വി. യോഹ. 3: 34) മുൻകുറിക്കുന്നവനായിരുന്നുയെന്നും തല്ക്കാരണത്താലത്രെ "ദൈവമായ കത്താവു നിങ്ങളുടെ സഹോദരന്മാരിൽ നിന്നു എന്നെ പോലെ ഒരു പ്രവാചകനെ നിങ്ങൾക്ക എഴുന്നേല്പിച്ചുതരും, അവൻ നിങ്ങളോടു സംസാരിക്കുന്ന സകലത്തിലും നിങ്ങൾ അവന്റെവാക്ക കേൾക്കണം. ആ പ്രവാചകന്റെവാക്ക കേൾക്കാത്തഏവനും ജനത്തിന്റെ ഇടയിൽനിന്നു ഛേദിക്കപ്പെടും" (അപ്പൊ പ്രവൃ 3: 22, 23.) എന്നുംമററും പ്രവചിപ്പാനും മുൾമരാഗ്നിദശനം, പെസഹാകുഞ്ഞാടറുക്കൽ, മഹത്തേറിയ സീനായിപവ്വതദശനം, പിച്ചളസപ്പമുയത്തൽ ആദിയായ വിവിധസാദൃശ്യ സംഭവങ്ങൾ താൻമൂലം നടപ്പാനും ഇടയായതു. പുതിയനിയമസഭയുടെ നിഴലായ പഴയനിയമസഭയുടെ സ്ഥാപനകാലത്തു അതിന്റെ നടത്തിപ്പുകാരായി ആത്മനൽവര സമൃദ്ധിയുള്ള ഒരു പുരോഹിതശ്രേഷ്ഠനും താന്താന്റെ നൽവര വിളിക്കനുസരണമായി സഹായ ഭരണക്കാരും തന്റെ മുൻഗാമികളായി ഉണ്ടായിരുന്ന സ്ഥിതിക്ക ആ പകാത്ഥസഭയാകുന്ന പുതിയനിയമസഭക്കും അതേ രീതിയിൽ ആത്മനൽവര സമൃദ്ധിപ്രാപിച്ച യേശുമിശിഹായുടെ സ്ഥാനത്തു നി

ള്ളുന്ന ഏക ശ്രേഷ്ഠതലവനും താന്താൻെറ വിളിക്കനുസരണമായു വരപ്രസാദങ്ങളുള്ള കീഴ്ഭരണക്കാരും പിൻഗാമികളായി ഉണ്ടായിരിക്കേണ്ടതു അത്യാവശ്യമാകയാൽ ആ വിധത്തിലത്രെ രക്ഷകൻ സഭ സ്ഥാപിച്ചിരിക്കുന്നതു. (എപ്പെ. 4: 1—13; വി. യോഹ. 21: 15—23; വി. മക്കൊ. 10: 35—45; വി. മത്താ. 18: 1—5; 16: 13—20; വി. ലൂക്കൊ 22: 24—34. 5: 1—11.) ഇങ്ങിനെ തന്നാൽ സ്ഥാപിതമായ പരിശുദ്ധ പുതിയനിയമ സഭയിൽ തൻെറ സ്ഥാനത്തു നില്ക്കുന്ന ഏക ശ്രേഷ്ഠ തലവൻ വി. പത്രോസ്സ്ശ്ലീഹായും സഹായ ഭരണക്കാർ ശേഷം ശ്ലീഹന്മാരാദിയായ മററാളുകളുമത്രെ. ഇപ്രകാരമുള്ള പിൻഗാമിത്വാവകാശമുറയനുസരിച്ച വി. മോറാൻ പാത്രിയക്കീസു പത്രോസ്സ്ശ്ലീഹായുടെ സ്ഥാനത്തും സഹായികളായമററു മേല്പട്ടക്കാർ ശേഷം ശ്ലീഹന്മാരുടെ സ്ഥാനത്തുംനിന്നു സഭാഭരണം തുടൎന്നുപോരുന്നു. അതു കൊണ്ടാകുന്നു സഭയുടെ തലസ്ഥാനമാകുന്ന വി. അന്ത്യോഖ്യാ സിംഹാസനത്തിനു ശ്ലീഹാക്കടുത്ത അഥവ പത്രോസിന്നടുത്ത സിംഹാസനമെന്നു പേർ പറഞ്ഞുവരുന്നതും.

ഇതിൽനിന്നു സിദ്ധമാകുന്നതു. പഴയനിയമസഭയിൽ മാർ മൂശ ദിഖ്ദശിയും പുതിയനിയമസഭയിൽ മാർ പത്രോസ്സ്ശ്ലീഹായും യേശുമിശിഹായെന്ന ശ്രേഷ്ഠ മഹാപുരോഹിതൻെറ സ്ഥാനത്തു ഒരാൾ അളവില്ലാതെ ആത്മനൽവര സമൃദ്ധിപ്രാപിച്ചും തൻെറ മദ്ധ്യസ്ഥതയാൽ കീഴ്ഭരണക്കാൎക്കആവശ്യംപോലെ താന്താൻെറ നിലയിൽ നൽവരങ്ങൾ പകൎന്നുകൊടുത്തും. പിതാവാം ദൈവം തൻെറ പുത്രനു അവൻെറ മനുഷ്യാവതാരകാലത്തു നൽകുന്നആത്മനൽവര അളവില്ലായ്മയെയും അവൻ മൂലം വിവിധ നൽവര വിഭാഗങ്ങൾ പകൎന്നുകൊടുക്കുന്നതിനെയും മുൻഗാമിയായി നിന്നു കൊണ്ടു സമ്പൂൎണ്ണമായി സദൃശികരിച്ചു സഭാഭരണം നടത്തിയവനും. എന്നാൽ മറെറയാളുകളെ പരിശുദ്ധ പുത്രൻ മൂലം താൻ അളവില്ലാതെ പ്രാപിച്ച ആത്മനൽവര സമൃദ്ധിയാൽ ആജ്ഞാനുസരണം കീഴ്ഭരണക്കാൎക്ക താന്താൻെറ നിലയിൽ ...

വരങ്ങൾതന്റെ മാദ്ധ്യസ്ഥം മൂലം പകന്നുകൊടുത്തും ശ്രേഷ്ഠമഹാപുരോഹിതനായ ദൈവപുത്രന്റെ രക്ഷാകര നടപടിയെ പിൻഗാമിയായി നിന്നുകൊണ്ടു ലോകസമക്ഷം പ്രസ്പഷ്ടമാക്കിയും സഞ്ചരണം നടത്തുന്ന ആളുമാകുന്നു.

ആകയാൽ സത്യത്തെ മറച്ചുകൊണ്ടു യാതൊരു കാരണവുമില്ലാതെ (വി. യോഹ. 15: 25) സർവ്വലോക പരിഹാരകനായ എന്നാൽ തങ്ങൾക്കു പ്രത്യേകം വാഗ്ദത്തം ചെയ്യപ്പെട്ട സ്വജാതിയനായ യേശുമിശിഹാ എന്ന മഹാപുരോഹിതനോടു ശങ്കതിന്നു നിർലജ്ജം മല്ലു കെട്ടിയ പിടലികടുത്ത യൂദ പ്രധാനികൾക്കും അനുകാരികൾക്കും, അവർ തങ്ങളുടെ ആശാ പുരുഷനായ സത്തലവൻ മൂശയേയും അവന്റെ എഴുത്തുകളെയും ഗ്രന്ഥ്യമാക്കുകയും അവിശ്വാസം മൂലം ദുരഭിലാഷ നിവൃത്തിക്കായിട്ട് അവയിൽ കൂട്ടിചേർത്തു അലങ്കോലപ്പെടുത്തുകയും ചെയ്കനിമിത്തം അവന്റെ എഴുത്തുകളാലും മറവു വേദ ഭാഗങ്ങളാലും സാക്ഷിപ്പെടുത്തപ്പെട്ട അവതാര പുരുഷനായ രക്ഷകനെ വിശ്വസിക്കുന്നതിനും അനുഗ്രഹം പ്രാപിക്കുന്നതിനും ഇടയാകാതെ വി. യോഹ. 5: 30—47. വാക്യങ്ങളിലും വി. മത്താ. 23-ാം അദ്ധ്യായത്തിലും മറവും കാണുന്നപ്രകാരം നിരാശാവഹമായ അനുഗ്രഹംകെട്ട അരുളപ്പാടുകൾ കേൾപ്പാനാണല്ലോ ഇടയായതു. അങ്ങിനെ തന്നെ ഇക്കാലത്തുള്ള നമ്മുടെ മത്സരക്കൂട്ടരും പരമരക്ഷകന്റെ ഏററം ഉയന്നും സർവ്വപ്രധാനമായുമുള്ള സ്ഥാനാപത്യം വഹിക്കുന്ന സത്തലവനായ വി. മോറാൻ പാത്രിയർക്കീസുബാവായെ രക്ഷിതാവിനെപ്പോലെ തി കീഴ്‌വഴങ്ങി ജീവിക്കേണ്ടതിനു പകരം ആ തിരുമേനിയെ ആക്ഷേപിച്ചും ദണ്ഡിപ്പിച്ചും ഉപേക്ഷിച്ചും സഭയുടെ വേദാന്തസരണമായ സത്യ ഹിന്തുടച്ചാ നടപടികളിൽ വികടതകൾ കലത്തിയും അനേകം പരമാത്ഥപ്പെട്ട ആത്മാക്കളെ അപകടത്തിലാക്കിയും വിചാരശൂന്യന്മാരായി നടക്കുകനിമിത്തം അവസാന നാളിൽ ന്യായവിസ്താരത്തിന്നായി നമ്മുടെ കത്താവു എഴുന്നെള്ളുമ്പോൾ ഇവര

ടെയും അനുഭവം പ്രസ്തുത യൂദന്മാരുടേതുപോലെയല്ലാതെ എന്നു
യിരിക്കുമെന്നു ഊഹിക്കേണ്ടതില്ലല്ലോ. ഇവരുടെമാനസാന്തരത്തി
നായി നിത്യവും കാരുണ്യവാനായ ദൈവത്തോടു ഞാൻ അപേ
ക്ഷിക്കുന്നുണ്ടു. ഇവരെ സ്നേഹമുള്ള എല്ലാവരും ഇങ്ങിനെതന്നെ
ചെയ്യുന്നുണ്ടെന്നാണു എന്റെ വിശ്വാസം. താൻ അവക്കു നല്ല
മനസ്സു കൊടുക്കട്ടെ.

ഈ ദിഷ്ടപടാത്തിനുകാരണമാക്കിത്തീത്ത പരമാത്ഥിയായപ്രി
യപ്പെട്ട സി. എം. തോമസു ഈ വേദതത്വങ്ങളും സാക്ഷാൽ പാ
ത്രിയക്കീസു മുടക്കിയ ആളിനെ ഭ്രഷ്ടൻ പാത്രിയക്കീസും രണ്ടുധിക്കാ
രികളായ മെത്രാന്മാരും കൂടിച്ചേൎന്നു മനസ്സുറപ്പിച്ചു മുടക്കു തീക്കാൻ
ഒരു കാനൻലായും അനുവദിക്കുന്നില്ലെന്നുള്ളതും അറിഞ്ഞു കൂടാത
വണ്ണം അന്ധനായി പോയല്ലോ എന്നോത്തു ദുഃഖിക്കയല്ലാതെ
എന്തുവേണ്ടു? ഇനിയെങ്കിലും സുബുദ്ധിയുണ്ടാകട്ടെ. ഈ സാധു
തോമ്മസിനെ സംബന്ധിച്ചു ഫാദർ പി. ററി. ഗീവറുഗീസു എം.
ഏ. അവർകൾ കാരണവശാൽ എന്റെ പേക്കയച്ച എഴുത്തു
കൂടെ ഇവിടെ പകത്തിക്കൊണ്ടു ആ മനുഷ്യനെപററിയും അല്പം
പറഞ്ഞു ഈ ഭാഗം അവസാനിപ്പിക്കാം.

Rev: Fr, P. T. Geevarghese M. A;
Principal.
The Mar Dionysius Seminary,
Kottayam.
18th Kanni '84

Very Rev: Dear Father,

അവിടത്തെ കത്തുകൾ എത്രമാത്രം നന്ദിയുണ്ടായിരുന്നാൽ തൃ
പ്തി എനിക്കു വരുമെന്നു പറഞ്ഞറിയിപ്പാനും എഴുതി അറിയിപ്പാ
നാ പ്രയാസം. ദൈവം അവിടത്തെ "അനുഗ്രഹിക്കണമെ അ
നുഗ്രഹിക്കണമെ" എന്നു പ്രാത്ഥിക്കുന്നതിനു ബലഹീനനായ

എനിക്കും കൃപനൽകട്ടെ എന്നുമാത്രം പറഞ്ഞവസാനിപ്പിക്കുന്നു. തോമസിനെ പട്ടത്തിനുദ്ദേശിച്ചു പഠിപ്പിക്കയാണു. അവൻ രോഗിയാകയാൽ പൊതുവിലേക്കായിപട്ടംകൊടുക്കുന്നതു വിഹിതമൊ എന്നു വളരെ സംശയിക്കുന്നു. രോഗിയെങ്കിലും ഒരുത്തമ ദറാക്കാരനായിത്തീരും എന്നാണു അവനെക്കുറിച്ചു എനിക്കുള്ള പ്രത്യാശ.

മട്രിക്കുലേഷൻ പരീക്ഷ ജയിക്കാത്തവർക്കു ആർക്കും പൊതുവിലേക്കായി പട്ടംകൊടുക്കുന്നതിനു ഞാൻ ഉത്സാഹിക്കയില്ലെന്നാണു വച്ചിരിക്കുന്നതു. അവിടത്തെ അഭിപ്രായം സാവകാശത്തിൽ എഴുതിഅറിയിക്കണം. പലസംഗതികളും അങ്ങോട്ടു എഴുതി അറിയിക്കുന്നതിനും ആലോചിക്കുന്നതിനുമുള്ളതു സാവകാശത്തിൽ ആവാമെന്നു വിചാരിക്കുന്നു.

തോമസു ഈആണ്ടിൽ പരീക്ഷക്കു കൂടണമെന്നില്ല എന്നു ഞാനും വിചാരിക്കുന്നതു. നാളെ അവനെ അവന്റെ വീട്ടിലേക്കു വള്ളത്തേൽ അയക്കുന്നുണ്ടു. നല്ല സുഖമായിട്ടു ഇങ്ങോട്ടു വന്നാൽ മതിയെന്നാണു ശട്ടംകെട്ടിയിരിക്കുന്നതു. അവിടത്തെ വീണ്ടും വീണ്ടും അഭിനന്ദിച്ചുകൊണ്ടും ദൈവത്തെ സ്തുതിച്ചു കൊണ്ടും ഈ എഴുത്തവസാനിപ്പിക്കുന്നു.

ഫാദർ പി. റ്റി. ഗീവറുഗീസു (ഒപ്പ്)

വന്ദ്യ ദിവ്യ ശ്രീ കൊച്ചുപറമ്പിൽ ഗീവറുഗീസു റമ്പാച്ചൻ അവർകൾക്കു.

എന്താ! നമ്മുടെ എം. എ. അച്ചൻ ആരു—പൊതുവിൽ നിന്നും ചിലവുചെയ്തു സമുദായത്തിനായിട്ടു ഉയന്ന വിദ്യാഭ്യാസം ചെയ്യിച്ചു പാസ്സാക്കപ്പെട്ട ആളു—തരക്കേടുണ്ടോ? കാക്ക തേടി കുമ്പളാച്ചിക്കു കൊടുക്കുക എന്ന പഴമൊഴി പോലെ ആയിത്തീന്നില്ലോ. പരേതനായ പുലിക്കോട്ടു യൗസേപ്പു മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഒരിക്കൽ വടക്കൻ പറ

കത്തോലിക്കാസഭയാകുന്നെന്നറിഞ്ഞതിനാൽ പോയതാണു. വല്ലോ
വരും അങ്ങിനെതന്നെ വേണം. ഞാൻ :- ഇപ്പോൾമാത്രമെ എല്ലാ
ങ്ങൾക്കാരായ നിങ്ങൾ സത്യസഭ അറിഞ്ഞുള്ളുയെന്നു പറഞ്ഞാൽ
ആരു വിശ്വസിക്കും? വയറും മാനവുംനോക്കി പോയവരാണെന്നി
ങ്ങൾ അ :- ശൗൽ അറിവുള്ളവനായിരുന്നല്ലൊ, വെടുന്നു
മാനസാന്തരപ്പെട്ടില്ലെ? ഞാൻ :- അങ്ങിനെയൊക്കെ പറയു
ന്നത നിങ്ങൾ വേണ്ടാതനത്തിൽ ശക്തിപ്പെടുത്തി, കുഴപ്പമെല്ലാ
മുണ്ടാക്കി, കാലേൽ തൊഴിച്ചുംവച്ചു ഓടിക്കളഞ്ഞു, ആകട്ടെ കാ
തോലിക്കാസഭയുടെ ലക്ഷണമെന്താണു? അ :- നാനാദേശത്തു
മുള്ള എല്ലാ മനുഷ്യരേയും സുവിശേഷമറിയിച്ചു സഭയിൽ ചേക്ക
ന്നതും എല്ലാടത്തും പരന്നുകിടക്കുന്നതുമാണു. ഞാ :- നോഹി
ന്റെ കാലത്തു കാതോലിക്കാസഭ ഏതായിരുന്നു? ആ ദിവ്യന്റെ
കുടുംബമൊ വള്ളയായിരുന്ന മററാളുകളൊ? അ :- അന്നു കാ
തോലിക്കാസഭ ഇല്ലായിരുന്നു. ഞാ:- കാതോലിക്കാസഭ അതിനു
മ്പുംവുമുണ്ടു. നിങ്ങൾ കാതോലിക്കാസഭ എന്താണെന്നുപഠിച്ചിട്ടി
ല്ല, പഠിച്ചുംവച്ചു വരിക പറയാം, വയറും മാനവും നോ
യാണു നിങ്ങളുടെ പുറപ്പാടു. അ:- റമ്പാച്ചന്റെ സ്ഥലത്തുവന്നി
ട്ടു ഇങ്ങിനെ എന്നോടു പറഞ്ഞല്ലൊ. അങ്ങേരിതു പറഞ്ഞപ്പോ
ൾ അല്പം വിഷണ്ഡഭാവം എന്നിലുണ്ടായി. എങ്കിലും തത്സമ
ത്തു കൂടെയുണ്ടായിരുന്നവനും ഞാനുമായി പരിചയമുള്ളവനുമായ
ഒരു പഴയ മെത്രാങ്കക്ഷിമാസ്റ്റർ അങ്ങേരേയും എന്നേയും സമാശ്വ
സിപ്പിച്ചുകൊണ്ടു അച്ചാ! തുപ്പിക്കേടു തോന്നരുതു; ഇത്രനാളും കൂട്ട
ത്തിൽനിന്നുംവച്ചു കാലിന്മേൽ തൊഴിച്ചുകൊണ്ടു ഓടിക്കളഞ്ഞതി
ലുള്ള വേദന നിമിത്തം റമ്പാച്ചൻ അങ്ങിനെ പറഞ്ഞെന്നേയുള്ളു.
ആരായാലും അങ്ങിനെ വേദന വരാവുന്നതാണല്ലൊ. എന്നു
റഞ്ഞു. അനന്തരം യാത്രപറഞ്ഞു പിരിയുകയും ചെയ്തു. എന്നോ
തരക്കേടുണ്ടൊ? അങ്ങുങ്ങു പാശ്ചിമദേശത്തു സുറിയാനിക്കാ

ഷിതിചെയ്യുന്ന കത്തോലിക്കാപള്ളി കണ്ടുപിടിച്ച പൂർവിക പൗര സ്ത്യനായവേദ ബി. ഡി. ക്ക നോഫിന്റെ കാലത്തു കാതോലിക്കാ സഭ ഉണ്ടായിരുന്നില്ല പോലും.

കാനോനായിൽനിന്നു ഫാദർ അവർകൾ ഉദ്ധരിച്ചിട്ടുള്ള ഭാഗം സാധാരണ എല്ലാവരും വായിക്കുന്ന രീതിയിൽ താഴെ ചേക്കുന്നു. റിശോ റാബോ ദ്കുലഹ്ലൂൻ എന്ന പദങ്ങൾ ആശയമനുസരിച്ച് മനസ്സിലാക്കുവാനായി അവിടവിടെ ബ്രാക്കററിൽ എഴുതുകയും ചെയ്യുന്നു. "അർബ്ഓ നെഹവൂൻ പാത്രിയർക്കീ: ബ്മെന്യോൻ അർബാ ഫെനിയോസേ ദ്ഒൽമോ. ഉ റീശോ റാബോ ദ്കുല്ഹ്ലൂൻ ഹാവു് ദ്റൂമ്മി; ഉ ആമ്മേ (റീശോ റാബോ ദ്കുല്ഹ്ലൂൻ) ഹാവു് ദാലക്സന്ത്രിയാ; ഉ ആമ്മേ (റീശോ റാബോ ദ്കുല്ഹ്ലൂൻ) ഹാവു് ദ്കുസ്തന്തിനോപോലിസ് ഹോയ് ദ്മെൻ എഫേസൂസ് ല്വോസോ എബ്രാസ് പാത്രിയർക്കൂസോ ഉറൂമ്മീ ഡ്ദാത്തോ എസ്കറിയാസ്; ഉ ആമ്മേ (റീശോറാബോ ദ്കുല്ഹ്ലൂൻ) ഹാവു് ദന്തിയോഖ്യാ ദ് ആൽക്കുലോ മദ്നഹോ ശാലീത്ത്........"

7 പരിശുദ്ധാഭിഷേകമാകുന്ന മൂറോൻ നിഷേധ കിണ്ടം

തൃപ്തികേടു തോന്നരുതു. യേശുമിശിഹായുടെബുദ്ധി ഇവക്കു സ്വല്പമെങ്കിലുമുണ്ടോ? എന്നു ഈ ഒരു പ്രാവശ്യംകൂടെ ചോദിക്കുന്നു. ഇവിടെ തൃപ്തികേടില്ലാതിരിക്കെ ഉണ്ടെന്നുള്ള അർത്ഥത്തിൽ "തൃപ്തികേടു തോന്നരുതു" എന്നു പറയുന്നതു എന്തിനു? ഇല്ലാത്തതു ഉണ്ടാക്കുന്ന സ്വഭാവം നിങ്ങൾക്കുള്ളതുകൊണ്ടായിരിക്കാമല്ലേ? നിങ്ങൾക്കിങ്ങിനെ ഒരു ദോഷം, നിങ്ങളിൽ നിന്നുത്ഭവിച്ച പ്രോട്ടസ്റ്റണ്ടുകാർക്കു ഉള്ളതില്ലാതാക്കുന്ന സ്വഭാവമെന്ന വേറൊരുദോഷം. രണ്ടും മറാ ചിന്ത. രക്ഷിതാവിൽനിന്നു ദൂരെ തള്ളുന്നവ. (ആവ 4: 2; വെളി. 22: 18, 19) ഈ സ്വഭാവവും ഉപേക്ഷിക്കണമെന്നു ഉപദേശിച്ചുകൊണ്ടു മറുപടി പറയട്ടെ. ആ ...

നം ഇവക്കില്ലെ! ഇല്ല!! ലവലേശമെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ പരിശുദ്ധ അഭിഷേകമാകുന്ന മൂറോൻ ഇല്ലാത്തസഭയിൽ, ആ അഭിഷേകവും അതുകൊണ്ടുള്ള പൂർത്തികരണവുമുള്ള നിർമ്മല സഭ വിട്ടുംവച്ച് ആജീവനാന്തം ചേരുകയില്ലായിരുന്നു. അഭിഷിക്തനായ ക്രിസ്തു തന്റെ അഭിഷേകത്തേയും അഭിഷേകംചെയ്ത പിതാവിനേയും ഉപേക്ഷിച്ച ഭോഷ്കുകളുടെ പിതാവിനെ ആദരിച്ചില്ലല്ലൊ. (വി. യോഹ. 8: 55; 43, 44) ക്രിസ്തു അതായത് മിശിഹാ മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായിട്ട് അഭിഷേകംചെയ്യപ്പെട്ടവനാകുന്നു. വിക്രമനും അക്രമിയുമായ ദുഷ്ട പിശാചിൽനിന്നു മനുഷ്യകുലത്തെ വിജയകരമാംവണ്ണം വീണ്ടെടുത്തതു താൻമിശിഹാ(അഭിഷിക്തൻ) ആയതുകൊണ്ടത്രെ. ആദിമുതലേയുള്ള തന്റെ ആശ്രിതന്മാരെല്ലാവരും സ്ത്രീപുരുഷവ്യത്യാസംകൂടാതെ തന്റെ അഭിഷിക്തന്മാരും കൂട്ടുയോദ്ധാക്കളും കൂട്ടവകാശികളുമാകുന്നു. (പുറ. 17: 8—16; യോശു. 10: 12—14; 1 ശമു. 17: 43—54; എഫേ. 6: 10—18; 2 കോറി. 10: 1—6; റോമ. 8: 17; വി. ലൂക്കോ. 9: 23—26) ആക്ക അഭിഷേകമില്ലാതിരിക്കുന്നുവൊ അവർ തനിക്കുള്ളവരല്ല. (2 ശമു. 1: 21; 1 ശമു. 15: 26—31; 16: 13,14; റോമ. 8: 9; 1 യോഹ. 2: 27; വി. യോഹ. 14: 16,17) ആക്ക അഭിഷേകമുണ്ടോ അവർ തനിക്കുള്ളവരെന്നു താൻ അവകാശംപറഞ്ഞു അവരെ രക്ഷിക്കയും ചെയ്യും. (മസുമൂർ 105: 15) വി. മൂറോനെന്ന അഭിഷേകതൈലം മിശിഹാതമ്പുരാനേയും തന്റെ പരിശുദ്ധ റൂഹായേയും സൂചിപ്പിക്കുന്നു. യാതോരുത്തനുമാകട്ടെ കൃപയാലുള്ള ദൈവപുത്രസ്ഥാനവും ക്രിസ്തുവിനോടു സഹോദരത്വവും വി. റൂഹായോടു സംബന്ധവും ഉണ്ടാകുന്നതും അവനിൽനിന്നു ആകൽക്കറുസായുടെ നുകം തകർന്നുപോകുന്നതും പ്രസ്തുത തൈലാഭിഷേകത്താലും തദനുസരണമായ ജീവിതത്താലുമാകുന്നു. (ഏശാ. 10: 27) സ്നേഹത്താൽ വ്യാപരിക്കപ്പെടുന്ന വിശ്വാസം അസ്ഥാനത്തല്ല. കൂടാത്ത അഭിഷേകവും അഭിഷേകംകൂടാത്ത ജീവിതവും അസ്ഥാനത്തു രക്ഷയ്ക്കു രണ്ടും ഒഴിച്ചുകൂടാത്തവയത്രെ. (ഗലാ. 5: 6; യോഹ. 3: 5)

വി: മൂറോനില്ലാത്തവൎക്ക പുത്രനുമില്ല റൂഹായുമില്ല.
പുത്രനും റൂഹായുമില്ലാത്തവൎക്ക പിതാവുമില്ല എന്നുള്ളതു നിശ്ചയ
മായാണ. അഭിഷേകം ചെയ്യപ്പെട്ട മിശിഹായേയും അഭിഷേകമായ
ല്ല. ഹായേയും സദൃശീകരിക്കുന്ന മൂറോനെന്ന വി. തൈലം ഇല്ലാതെ
രിക്കയെന്നുള്ളതു മേല്പറഞ്ഞതുപോലെ ദൈവത്തിൽനിന്നകററി
നിത്യമരണത്തിന്നു കാരണമാക്കിത്തീൎക്കുന്ന വലിയ കുറവാകുന്നു.
ആദാം ദൈവത്തിന്റെ അഭിഷിക്തനായിരുന്നു. പാപംമൂലം
അഭിഷേകത്തിൽനിന്നു അവൻ ഉരിയപ്പെട്ടതിനാൽ അതു അവ
നു തിരികെ ധരിപ്പിക്കുവാനത്രെ ദൈവപുത്രൻ അഭിഷിക്തനാ
യത്തിന്നു. ഒരു പ്രകാരത്തിലല്ല ദൈവത്വത്തിലും മനുഷ്യത്വത്തി
ലും ഇങ്ങിനെ രണ്ടുപ്രകാരത്തിൽ താൻ അഭിഷിക്തനാകേണ്ടിവ
ന്നു. (മസുമൂർ 45: 6—8; വി. മത്താ. 3: 16,17) അഭിഷേക
മില്ലാതിരിക്കുന്നതു വലിയ കുറവല്ലായിരുന്നുവെങ്കിൽ ആദാമിനെ
അഭിഷിക്തനാക്കുകതന്നെ ഇല്ലായിരുന്നു. ഉരിയപ്പെട്ടശേഷം വീ
ണ്ടും ധരിപ്പിപ്പാൻ താൻ അഭിഷിക്തനാവുകയുമില്ലായിരുന്നു. സ
കല മാനഹാനികളും, കഷ്ടനഷ്ടങ്ങളും, മരണം, കബറടക്കം, പാ
താളസന്ദൎശനം എന്നിവകളും താനനുഭവിച്ചതു ആ കുറവു നിക
ത്താനായിരുന്നു എന്നു "ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോ
ജനമാകുന്നു, ഞാൻ പോകാഞ്ഞാൽ കാൎയ്യസ്ഥൻ നിങ്ങളുടെ അടു
ക്കൽ വരികയില്ല, ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലെ
ക്കയക്കും" എന്നു താൻ സത്യം ചൊല്ലി പറഞ്ഞതിൽനിന്നു മനസ്സി
ലാക്കാം. (യോഹ 16: 7) വിശുദ്ധറൂഹായുടെ എത്രതാണ്ടൊരു ആ
വാസാനുകൂല്യം ഉണ്ടായിരുന്നതുകൂടെ മനുഷ്യരുടെ ദുൎവൃത്തനിധി
ത്താൽ പിന്നീടു നഷ്ടപ്പെട്ടു. മുഴുവൻ പിശാചിന്റെ കഠിനനുക
ത്തിൻകീഴ് ആയിത്തീൎന്നുപോയി എന്നുള്ളതും ഓൎക്കണം. (ഉല്പ-
6: 3) വിശുദ്ധാത്മാഭിഷേകത്തിൻ സൂചനയും ആദിമുതലേ ഉണ്ടാ
യിരുന്നു. ഗോത്രപിതാവായ യാക്കോബു ബഥേലിൽ കല്ലുനിൎത്തി അ
ഭിഷേകം ചെയ്തല്ലൊ (ഉല്പ. 28: 10—22) യാക്കോബു മുതലേ ഇ
തിനൊന്നുണ്ടായിട്ടുള്ളൂ. അതിനു മുമ്പില്ലായിരുന്നു എന്നു ചൊല്ലുവാനോ

വിചാരിക്കുന്നെങ്കിൽ അതു മൗഢ്യമാകുന്നു. ആദാമും ഹവ്വയും
ല്പന ലംഘനത്താൽ വീഴ്ചവരുത്തിയനോമ്പു ആ മാതാപിതാക്കന്മ
ത്തം ഹാബേൽ തൊട്ടുള്ള ശേഷം ആളുകളും വാഗ്ദത്തമിശിഹാ
ലും തന്റെ രക്ഷാനടപടികളിലും ആശ്രയിച്ചുകൊണ്ടു (നോ
ഭനോക്കിയെന്നുള്ളതു വാസ്തവമായിരിക്കെ മോശയും ഏലിയാ
നോക്കിയെന്നു മാത്രം പറഞ്ഞിരിക്കുന്നതിനാൽ അവർ മാത്ര
ന്നോക്കിയുള്ളുയെന്നു പറയുന്നതും ഭോഷത്വമത്രെ. മിശിഹായു
യും റൂഹായുടേയും സൂചനകൾ ആദിമുതൽ ഉണ്ടായിരുന്നു. ദൈ
വം തന്നെ കല്പിച്ചു (പുറ. 30: 22—33) മോശയെക്കൊണ്ടു അ
ഭിഷേക തൈലം ഉണ്ടാക്കിച്ചുപയോഗിപ്പിക്കുന്നതായി നാം വാ
ക്കുന്നുണ്ടല്ലോ. മോശൈക സഭയിൽ മിശിഹാതമ്പുരാനെ ഉ
ശിക്കുന്ന ബലികളും മിശിഹാ തമ്പുരാനേയും റൂഹാദക്കുദ്ശാ ത
രാനേയും ഉദ്ദേശിക്കുന്ന അഭിഷേക തൈലവും ഉണ്ടായിരുന്നു.
ബിയത്വം, രാജത്വം, പട്ടത്വം എന്ന സ്ഥാന നൽവരങ്ങൾ
ഭിഷേകംമൂലം നൽകപ്പെട്ടുമിരുന്നു (പുറ. 29: 38—46; 28:4
1 രാജാ. 19: 15, 16) അത്രയുമല്ല പള്ളിയും പള്ളിയുപക
ങ്ങളും അഭിഷേക തൈലംകൊണ്ടു ശുദ്ധീകരിക്കപ്പെട്ടുമിരുന്നു (പ
റ. 40-ാം അദ്ധ്യായം) ആദാം ദൈവത്തിന്റെ അഭിഷിക്തനെന്ന
മുകളിൽ പറഞ്ഞതു ഓൎക്കുമല്ലോ. നിബിയത്വം, രാജത്വം, പ
ത്വം ഈ മൂന്നു നൽവരങ്ങളിലത്രെ ആ പിതാവു അഭിഷേ
ചെയ്യപ്പെട്ടിരുന്നതു. കല്പനലംഘനംമൂലം അവ നഷ്ടപ്പെട്ട
നാൽ ലംഘനത്തിൽ നിന്നു പരിഹരിച്ചു പ്രസ്തുത നൽവരങ്ങ
അവനു തിരികെ കൊടുപ്പാൻ ദൈവപുത്രൻ ദീൎഘദൎശിയും രാ
വും ആചാൎയ്യനുമായിട്ടു അഭിഷേകം ചെയ്യപ്പെട്ടു. ആ കാര
ത്താലായിരുന്നു രാജവംശമാകുന്ന യഹൂദാ ഗോത്രത്തിൽ താൻ
തനാകയും, ദീൎഘദൎശിമാരുടെ തലവനായ മൂശയെ തന്റെ സ
പുരുഷനാക്കുകയും അഹറോന്യ പൗരോഹിത്യ വംശത്തിൽപ്പെ
ശ്ലീഹാനോനാൻ സ്നാനമേല്പ്പിക്കുകയും ചെയ്തതു. (എബ്രാ. 7: 13
അപ്പോ. പ്ര. 8: 22, 23: 7: 37: വി. മത്താ. 3: 13—

വി. മക്കാ. 1: 9—11) എന്നാൽ ക്രിസ്തു സഭയാകുന്ന പുതിയ
നിയമ സഭയിലും തന്നെ ഉദ്ദേശിക്കുന്നതായി താനേപ്പെടുത്തിയ
തിരുശരീര രക്തങ്ങളാകുന്ന വി. കുർബ്ബാന എന്ന ബലിയും ത
ന്റെ വിശുദ്ധറൂഹായേയും തന്നേയും ഉദ്ദേശിക്കുന്ന വി. മൂറോനെ
ന്ന അഭിഷേക തൈലവുമുണ്ടു. ഇവയെപ്പററിയും മററും സ്ലീഹ്മി
വസം=ഞായറാഴ്ച പരിശുദ്ധാത്മാവു ഇറങ്ങി, ചന്ദ്രദിവസം=തിങ്ക
ളാഴ്ച പള്ളി പണിതു, ആറീസ് ദിവസം=ചൊവ്വാഴ്ച തബ്ലൈ
തായും മൂറോനും കൂദാശചെയ്തു, ഹെമ്മീസ് ദിവസം=ബുധനാഴ്ച
കുർബ്ബാന ചൊല്ലി, സേബോസ് ദിവസം=വ്യാഴാഴ്ച 72 കാനോ
നാകൾ നിശ്ചയിച്ചു, ഫ്രൂദീത്തി ദിവസം=വെള്ളിയാഴ്ച മടന്തനെ
സുഖപ്പെടുത്തി, ക്രോനോസ് ദിവസം=ശനിയാഴ്ച സുവിശേഷവേ
ലക്കംമററുമായി തങ്ങൾക്ക നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളെ സ്ഥി
കരിച്ചു" എന്നിങ്ങിനെ പറയപ്പെട്ടിരിക്കുന്നു വി. പൂവിക യാ
ക്കോബായ സുറിയാനിസഭക്കാരേപ്പോലെ റോമ്മാക്കാൎക്ക പരിശു
ദ്ധതൈലമാകുന്ന വി. മൂറോൻ ഇല്ല. ഇതേപ്പററി വട്ടശ്ശേരി മെ
ത്രാച്ചൻ തന്റെ മലങ്കര മല്പാന്യസായുടെശേഷം മെത്രാസ്ഥാന
ത്തിനു മുമ്പു ദയറായുസായിലിരിക്കുമ്പോൾ അയച്ച ഒരെഴുത്തിൽ
റോമ്മാക്കാരുടെ കൈവെപ്പിനു (പട്ടത്തിനു) യാതൊരു കുറവും
പറയാനില്ലാത്തതിനാൽ അവരുടെ മാമ്മൂദീസായെ സത്യമുള്ളതാ
യി നാം വിചാരിക്കണം. നമ്മേപ്പോലെ അവക്ക മൂറോനില്ലാ
ത്തതിനാൽ വിശേഷാൽ മൂറോൻ പൂശേണ്ടിയതാകുന്നു. ആഗ്ലി
യാ സഭയെക്കുറിച്ചും അതിലെ കൈവെപ്പിനെക്കുറിച്ചും എന്തു
പറയേണ്ടു എന്നറിയുന്നില്ല. നമ്മുടെ കാനോൻനിശ്ചയങ്ങൾക്കു
പിമ്പാണു അവർ റോമ്മയിൽനിന്നു വേർപിരിഞ്ഞതു. അതിനാൽ
അവരുടേതിനെക്കുറിച്ചു നമ്മുടെ കാനോനിൽ ഒന്നും പറയുന്നില്ല.
അവക്ക നല്ല കൈവെപ്പുണ്ടെന്നു അവർ സാക്ഷിപറയുന്നുണ്ടെ
ങ്കിലും അവരെക്കുറിച്ചു നാം വിധിക്കാതെ റോമ്മാക്കാർ അവരേക്കു
റിച്ചു എന്തു വിധി പറയുന്നുവൊ അതിനെ നാം സ്വീകരിപ്പാൻ

ത്രമെ വഴികാണുന്നുള്ളു. അവരിൽനിന്നു മാമ്മൂദീസാകൈക്കൊണ്ട ഒരാളിനെ പാത്രിയൎക്കീസുബാവാ വീണ്ടും മാമ്മൂദീസാ മുക്കിയതായി പറഞ്ഞറിവുണ്ട. നാശാൎമിഷ്യൻ, നവീകരണം മുതലായവരുളു യാതൊരു പ്രകാരത്തിലും അംഗീകാര യോഗ്യമല്ലെന്നു വലിയ ആലോചന കൂടാതെ തന്നെ പറയാവുന്നതാണു" എന്നിപ്രകാരം കാണുന്നു. റോമ്മാക്കാരുടെ പട്ടത്തിനു യാതൊരു കുറവും പറയാനില്ല എന്നുംമററും ഈ എഴുത്തിൽ പറഞ്ഞിരിക്കുന്നതു കണ്ടുകൊണ്ടു അവരുടെ പട്ടത്തിനാകട്ടെ അവർ നടത്തുന്ന കൂദാശകൾക്കാകട്ടെ അവർ ഇടത്തുടകളുപേക്ഷിച്ചു സത്യവിശ്വാസം സ്വീകരിച്ചു കുറവുകൾ തീൎത്തു അനുഗ്രഹീതരായിത്തീരുമ്പോൾ മുതല്ക്കുള്ളതേ അതേനിലയിൽ അവൎക്കാകട്ടെ അവരോടു ചേരുന്നവൎക്കാകട്ടെ ആ കൈവെപ്പുകൊണ്ടു വല്ല പ്രയോജനവുമുണ്ടാകുമെന്നു ക്രിസ്തീയ ജ്ഞാനമില്ലാത്തവരൊഴിച്ചു മററാരും ധരിക്കയില്ലെന്നും ഈ അൎത്ഥത്തിലത്രെ എഴുത്തുകാരൻ അങ്ങിനെ പറഞ്ഞിരിക്കുന്നതു എന്നുംഗ്രഹിച്ചു സത്യവിശ്വാസം പാലിക്കുന്ന സാക്ഷാൽ കാതോലിക്സഭയിൽ കാല്പനികൊള്ളുമെന്നും വിശ്വസിക്കുന്നു. ഇങ്ങിനെ കാല്പനികൊള്ളാത്തപക്ഷം അങ്ങിനെയുള്ളവർ "ആ താലന്തു അവനിൽ നിന്നെടുത്തു പത്തു താലന്തുള്ളവനു കൊടുപ്പിൻ. എന്തെന്നാൽ ഉള്ളവനു നൽകപ്പെടുകയും അവനു വൎദ്ധനവുണ്ടാകയും ചെയ്യും, ഇല്ലാത്തവനിൽനിന്നു ഉള്ളതും കൂടെ എടുക്കപ്പെടും, കൊള്ളരുതാത്ത ദാസനെ പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളവിൻ, അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും" (വി. മത്താ. 25: 28—30) എന്നു താലന്തുകളുടെ ഉടമസ്ഥൻ പറയുന്ന നാളിൽ കനിച്ചു നാണിക്കേണ്ടതായിവരും. ക്രിസ്തു സഭയിൽ കൂദാശ സംബന്ധമായി ബാഹ്യമായും അഭ്യന്തരമായുമുള്ള നടപടികളു സാദൃശങ്ങളും സൂചനകളുമായ ബാഹ്യാചാരങ്ങൾ മാത്രമെ യഹൂദ സഭയിലുണ്ടായിരുന്നുള്ളു. എന്നാൽ ക്രിസ്തുസഭയിലെ ബാഹ്യനടപടികൾ എന്തെല്ലാം? വി. മാമ്മൂദീസാ ആദിയായ കൂദാശകൾ

ആത്മശരീര രക്ഷകൻ മിശിഹാതമ്പുരാനാക
ന്തിന്റെ മക്കളുടെ ആത്മശരീര രക്ഷക്ക അല്ലെങ്കിൽ കമ്മങ്ങ
ൾ രക്ഷകനാൽ കല്പിക്കപ്പെട്ട നടപടികൾ അല്ലെങ്കിൽ കമ്മങ്ങ
ളാകുന്നു. ഇവയെ വിശ്വാസപൂർവ്വം അതതിനു വേണ്ടിയ യോഗ്യ
തയോടെ കൈക്കൊള്ളുമ്പോൾ ആത്മാവിൻ പ്രകാരം അകമെ
പ്രാപിക്കുന്ന അനുഗ്രഹങ്ങൾ പ്രസ്തുത കമ്മങ്ങളുടെ അഭ്യന്തരമാ
യ നന്മകളുമാകുന്നു. ഇവയിൽ ഒന്നാമത്തേതായ വി. മാമ്മൂദീസാ
യെപ്പറ്റി ഏററം ചുരുക്കത്തിൽ പറയുന്നു. മാമ്മൂദീസാ വീണ്ടും
ജനനമാകുന്നു. (വി. യോഹ. 3: 3) ഇതുകൂടാതെ ആക്കും ദൈവ
രാജ്യം കാണ്മാൻ കഴികയില്ല. എന്നാൽ വീണ്ടുംജനനമാകുന്ന
ഈ മാമ്മൂദീസാ രണ്ടുപ്രകാരത്തിലുണ്ടു. ഒന്നു വെള്ളത്തിൽ നിന്നു
മാത്രവും മറേറതു വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും കൂടിയു
ള്ളതുമത്രെ. (വി. യോഹ. 3: 5) സ്നാപകനായ യോഹന്നാന്റെ
മാമ്മൂദീസാ വെള്ളം കൊണ്ടുള്ളതാകുന്നു. അതിനെ താഴ്ന്നതരം
(അപൂർണ്ണമായ) വീണ്ടുംജനനമെന്നു വിചാരിക്കാം. എന്നാൽ ക
ത്താവിന്റേതു വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും കൂടിയതും
പൂർണ്ണതയുള്ളതുമായ വീണ്ടും ജനനമത്രെ. വി. മാമ്മൂദീസായിൽ
മിശിഹാ തമ്പുരാനേയും പരിശുദ്ധാത്മാവിനേയും വി. മൂറോൻ സൂ
ചിപ്പിക്കുന്നു. വെള്ളംകൊണ്ടു മാത്രമുള്ള മാമ്മൂദീസാ സ്വർഗ്ഗ പ്രാ
പ്തിക്കു മതിയാകുന്നതല്ല. അതിലേക്കു വെള്ളംകൊണ്ടും വി. മൂ
റോൻകൊണ്ടുമുള്ള മാമ്മൂദീസാതന്നെ കൂടിയതിരു. വെള്ളം കൊ
ണ്ടു മാത്രമുള്ള താഴ്ന്നതരം വീണ്ടും ജനനത്താൽ സ്വർഗ്ഗം കാണ്മാ
ൻ സാധിച്ചേക്കാം. അതിലേക്കു പ്രവേശിക്കണമെന്നിരുന്നാൽ
വി. മൂറോൻകൂടി ചേന്നുള്ളതുതന്നെ വേണം. വെള്ളംകൊണ്ടു മാ
ത്രമുള്ളതു മോക്ഷപ്രാപ്തിക്കു മതിയാകുമായിരുന്നെങ്കിൽ യോഹന്നാ
ന്റെ മാമ്മൂദീസാ ഏററിരുന്ന എഫേസൂസിലുള്ളവരെ വി. പൗ
ലോസു കത്താവിന്റെനാമത്തിൽ വീണ്ടും മാമ്മൂദീസാ മുക്കുകയില്ലാ
യിരുന്നു. (അപ്പൊ-പ്ര. 19. 1—7) ഇതിനാൽ, വി. മൂറോൻ കൂ
ടാതെയുള്ള മാമ്മൂദീസാക്കാക്കു മോക്ഷം കാണ്മാനും വി. മൂറോനോടു

കൂടിയുള്ള മാമ്മൂദീസാക്കാക്ക മോക്ഷത്തിൽ പ്രവേശിപ്പാനും കഴി
മെന്നു സിദ്ധമാകുന്നു. എന്നാൽ രക്ഷകന്റെ നിയമനങ്ങൾക്കു
ആജ്ഞകൾക്കും എതിരായി പ്രവർത്തിച്ചു തോന്ന്യാസമായി നട
ന്ന ഇടത്തൂട്ടകാർക്കും അനുയായികൾക്കും സ്വർഗ്ഗം കാണ്മാൻ
സാധിക്കയില്ലെന്നു സധൈര്യം പറയാം. ഇക്കൂട്ടർ, മോറോന്
മിശിഹാക്ക തന്റെ മനുഷ്യാവതാരംവരെ തന്നെ സംബന്ധി
ള്ള സൂചനകളും സാമ്യങ്ങളുമായിട്ട ആളുകൾ, സാധനങ്ങൾ,
ർമ്മാനുഷ്ഠാനങ്ങൾ, വി: പ്രബന്ധങ്ങൾ എന്നിവയുണ്ടായിരുന്നു
ന്നും, അങ്ങിനെ തന്നെ തന്റെ മനുഷ്യാവതാരം മുതൽ ലോക
ത്തെ എഴുന്നെള്ളത്തുവരെ തന്റെ സ്മരണക്കും മാനുഷ രക്ഷക്കു
വേണ്ടി താൻതന്നെയും തന്റെ ശുശ്രൂഷകന്മാർമൂലവും കല്പി
പ്പെട്ടുത്തിയ രൂപകാത്ഥ പ്രബന്ധങ്ങളും, ദിവ്യ സാധനങ്ങൾ, ദ്ര
വ്യാരങ്ങൾ എന്നിവയോടുകൂടിയ കാതലായ കർമ്മാനുഷ്ഠാനങ്ങളു
അവയെ താന്താന്റെവിളിയിലും നിലയിലും തന്റെ സ്ഥാനാ
തികളായി നിന്നുകൊണ്ടു വിശ്വാസികൾക്ക വിതരണം ചെയ്യു
ആളുകളുമുണ്ടെന്നും, വി. സുന്നഹദോസുകൾ കാലാന്തരത്തിൽ
രികര ഇടത്തൂടുകൾ നിമിത്തം ഇവയെല്ലാം ക്രോഡീകരിച്ചു സൂ
ക്തമായി സ്ഥിരപ്പെടുത്തിട്ടുണ്ടെന്നുമുള്ള യഥാത്ഥം അറിഞ്ഞ
ത്തിക്കേണ്ടതിനുപകരം മനഃപൂർവ്വം അതിലംഘിക്കയാണല്ലോ
യ്യുന്നതു. ഇവ്വിധം പ്രവർത്തിക്കുന്നവർക്ക വിശിഷ്യ മാമ്മൂദീസാ
ല്ലാത്തവർക്ക "റോമ്മാക്കാരുടെ കൈവെപ്പിനു (പട്ടത്തിനു) യാതൊ
തകുറവും പറവാനില്ലെന്നും മററും" വട്ടശ്ശേരി മെത്രാച്ചൻ പ
ഞ്ഞിരിക്കുന്നതിന്റെ അത്ഥം ഞാൻ മുകളിൽ നിരൂപണം ച
യ്തിരിക്കുന്നതു തന്നെയാണെന്നുള്ളതിനു സംശയമില്ല. മാമ്മൂദീസാ
കൈക്കൊള്ളാതെ മററു യാതൊരു കൂദാശകളും കൈക്കൊണ്ടു കൂ
ടാ എന്നാണല്ലോ സഭാനിയമം 23-ാം മസുമൂറായിൽ പറഞ്ഞി
രിക്കുന്ന പല അത്ഥങ്ങ[illegible]ടി പൃഷ്ഠിയുള്ള മേച്ചിൽസ്ഥല[illegible]
നായുള്ള വെ[illegible], വടി, കോൽ എന്നിവ ഉള്ള

ശിക്കുന്ന വി. പുസ്തകം, പരിശുദ്ധ തിരുശരീര രക്തങ്ങളായ ജീവ
ന്റെ ആഹാരപാനീയങ്ങളായിരിക്കുന്നതേശ, ഈശിവ്യദമശയിലെ
ക്ക യോഗ്യരാക്കിത്തിക്കുന്ന താഴ്ന്നും ഉയർന്നുമുള്ള തൈലങ്ങളോടു
കൂടിയ വി. മാമ്മൂദിസാ എന്നിവ ദൈവാശ്രയത്തിലും അങ്ങേ പ്ര
സാദ പരിപാലനയിലുമിരുന്നു നിത്യമോക്ഷം അനുഭവിക്കുന്നമെ
ന്നാഗ്രഹമുള്ള വിശ്വാസികൾക്കു ഒഴിച്ചുകൂടാത്തവയാകുന്നു. കാ
തോലികമായ വി: വിശ്വാസത്തിൽ പ്രഥമ സ്ഥാനത്തെ അർഹിക്കു
ന്നു വി. ത്രിത്വത്തിൽ അതായതു സത്യേക ദൈവത്തിൽ—പിതാ
വു, പുത്രൻ; റൂഹാ ഇങ്ങിനെ മൂന്നു മൂർത്തികൾ ദൈവത്തിലുണ്ട
ല്ലോ—പൊതുവായും ഓരോ മൂർത്തികളെക്കുറിച്ചു പ്രത്യേകമായും ഉ
ള്ളതായി ദൈവത്താൽ മനുഷ്യരക്ഷക്കു കൃപയോടെ ദാനംചെയ്യ
പ്പെട്ട വിശ്വാസമാകുന്നു. ഈ വിശ്വാസത്തിലേക്കും രക്ഷാവ
കാശത്തിലേക്കും ആനയിപ്പിക്കുന്നവയും അനുതാപികളുടെ മേൽ
ദൈവത്തിൽനിന്നു അനുഗ്രഹങ്ങളെ വർഷിപ്പിക്കുന്നവയുമായി വേ
റെയും വിശ്വാസ വിഷയങ്ങളുണ്ടു. എന്തെന്നാൽ, പല ആ
ശയങ്ങളടങ്ങിയ പഴമയും പുതുമയുമെന്ന രണ്ടു ഭാഗങ്ങളോടുകൂടി
യ വി. പുസ്തകം, അവയിൽ നിന്നും അവയ്ക്കനുസരണമായും ..
ണ്ടായിട്ടുള്ളവയും ഉണ്ടാകുന്നവയുമായി വി. സഭയുടെ അംഗീകര
ണമുള്ള മററു പുസ്തകങ്ങൾ, കൂദാശകൾ, പ്രാർത്ഥനകൾ, ശുശ്രൂഷ
കളാദിയായ ആരാധനക്രമങ്ങൾ, നോമ്പുകൾ, ദൈവമാതാവു, വി
ശുദ്ധന്മാർ, ശുദ്ധിമതികൾ, വി. മാലാഖമാർ, സത്യവിശ്വാസിക
ളായി നിദ്രകൊണ്ടു മരിച്ചവർ, വിശുദ്ധസഭയിലും പുറമേയും ജീ
വനോടിരിക്കുന്നവർ എന്നാവരുമായുള്ള സംസർഗ്ഗാദികളാകുന്നു;
നേരിട്ടോ മദ്ധ്യസ്ഥന്മാർ മുഖാന്തിരവും ദൈവത്താൽ നൽകപ്പെട്ടിട്ടു
ള്ളവയാകുന്നു ഇവയെല്ലാം. ദാതാവിന്റെ അവജ്ഞനീയവും ഭയ
കരവുമായ സ്ഥിതിഗതികളാലോചിച്ചാൽ (എബ്രാ. 12: 18—29:
10: 26—31) ഏററം ചെറിയതിനെപ്പോലും നിസ്സാരമെന്നു വി
ച്ച് അഗണ്യമാക്കാതെ എല്ലാവരേയും അതാതിനോടു നിലക്കുന്ന
സരണമായി വിശ്വാസപൂർവം ഭക്തിയോടെ ...

ക്കേണ്ടതാകുന്നു. അല്ലാഞ്ഞാൽ രക്ഷയ്ക്കവകാശികളാകയില്ലെന്നു മാത്രമല്ല ശിക്ഷക്കു പാത്രമാകയും ചെയ്യും. വട്ടശ്ശേരി മെത്രാച്ചൻ നല്ല ബുദ്ധിയായിരുന്ന കാലത്തെഴുതിയതും സഭയാൽ അംഗീകരിക്കപ്പെട്ടതുമായ മതസംഗതി എന്ന പുസ്തകത്തിൽ പ്രസ്തുത കാര്യങ്ങളെല്ലാം തന്നെ വേണ്ടപോലെ വിവരിച്ചിട്ടുള്ളതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല. വി. വേദപുസ്തകത്തെ ദുർവ്യാഖ്യാനം ചെയ്തു ദുരഭിലാഷ നിവൃത്തിക്കായിട്ടു പഴയ യഹൂദ പ്രമാണികളെപ്പോലെ അവിടവിടെ കൂട്ടിച്ചേർത്തും, വെട്ടിക്കുറച്ചും, തിരുത്തിയും, ഉള്ള സത്യത്തെ മറച്ചും, ഇല്ലാത്ത അസത്യത്തെ നിർമ്മിച്ചും, വി. കാതോലികമായ വിശ്വാസത്തെ പാടെ നാശകാരണത്തിനു മലിനമാക്കിയ പാപ്പായേയും കൂട്ടരേയും മററു കൂട്ടുകാരേയും നമ്മുടെ തിരുമെത്രാനും സഹകാരികളും സത്യമെല്ലാം ഗ്രഹിച്ചും സത്യത്തിനുവേണ്ടി പോരാടിയും വരവേ യാതൊരു കാരണവുമില്ലാതെ തലയില്ലാത്ത അനുസരണാശ്രയപിടിത്തം അങ്ങു വിട്ടുംവച്ചു ആ നല്ലോരു തലക്കിട്ടു മുഷ്ടിചുരുട്ടിക്കുത്താൻ തുടങ്ങുകയും (വി. യോഹ. 1: 11; 15: 20—25; കോലോ. 2: 18, 19) ഇങ്ങിനെതന്നെ തങ്ങൾ നാശത്തിന്റെ അടിമകളായിത്തീർന്നുകൊണ്ട് [illegible] സ്വതന്ത്ര സഭയാണെന്നും അന്യോന്യങ്ങൾക്കു അടിമപ്പെട്ടിരിക്കേണ്ട ആവശ്യമില്ലെന്നും ഭോഷ്കും വൻപും പറഞ്ഞു പരമാർത്ഥികളായ പലരേയും മിശിഹാതമ്പുരാന്റെ സ്ഥാനാപതിയായ വി. പാത്രിയർക്കീസിനും പാത്രിയർക്കീസുമൂലം മിശിഹാതമ്പുരാനും മിശിഹാതമ്പുരാൻമൂലം പിതാവാം ദൈവത്തിനും കീഴ്‌വഴങ്ങിയിരിക്കയെന്നുള്ള സാക്ഷാൽ സ്വാതന്ത്ര്യനിലയിൽനിന്നു തെററിക്കയും തല്ലലമായിഗ ചളിയിലേക്കു തിരിയുന്ന പന്നികളേയും നായ്ക്കളേയുംകുളിച്ചിട്ടു ചളിക്കുണ്ടിൽ ചെന്നു നിലം പൊത്തുകയും ചെയ്യുന്ന (2. പത്രോ. 2: അ.) നം ഇവക്കശേഷം ഇല്ലാതായിപ്പോയതു ദൈവജ്ഞാ എന്തുകൊണ്ടാണു? എന്നാൽ റോമ്മാക്കാർ ജീവന്റെ പുളിമാവാകുന്ന ക്രിസ്തുവിനെ നിർദ്ദേശിക്കുന്ന പുളിപ്പു ചേർന്നുള്ള അപ്പമാകുന്ന

ന്മിറാകൊണ്ട വി. കർബാനയെന്ന ബലി അണച്ചാത്തതിനാൽ
അവക്ക ക്രിസ്തു അനുഭവമാകുന്നില്ല. ക്രിസ്തുവിനേയും റൂഹാദക്കു
ദിശായേയും സൂചിപ്പിക്കുന്ന മൂറോനെന്ന വി. തൈലമില്ലാത്തതി
നാൽ ക്രിസ്തുവും റൂഹായുമില്ലാതെ ദൈവ ജീവനിൽ നിന്നും ആ
ത്മ ആവാസത്തിൽനിന്നും അവർ വാസ്തവത്തിൽ അന്യപ്പെട്ട
വരാകുന്നു. കഷ്ടം! (1. യോഹ. 5: 12; 2. യോഹ. 9; 1. ശ
ം. 10: 1—9) ദൈവപുത്രൻ വിശ്വാസികൾക്ക അമ്മിറാ മേന്റ
ള വി. കർബാനമൂലം നിത്യ ജീവന്റെ ആഹാരപാനീയങ്ങളാ
യി നൽകപ്പെട്ടകയും തന്മൂലം തന്റെ ആവാസം അവരിലുണ്ടാ
യിട്ട അവർ പോഷിപ്പിക്കപ്പെട്ടകയും അങ്ങിനെതന്നെ പരിശുദ്ധ
തൈലമാകുന്ന മൂറോൻ കൊണ്ടുള്ള അഭിഷേകംമൂലം പരിശുദ്ധാ
ത്മാവു അവരിൽ കുടിപാർത്തു മോക്ഷത്തിലേക്ക അവരെ വഴി നട
ത്തുകയും ചെയ്യുന്നവയെന്നുള്ള വാസ്തവം ഉവക്കറിഞ്ഞു കൂടാത്തതാ
ണ അതിലും വലിയകഷ്ടം!! (വി. മത്താ. 26: 26—30; 1. യോ-
ഹ. 2: 27) പരിശുദ്ധ റൂഹാ നിത്യജീവനായിട്ട നമുക്ക നൽക
പ്പെട്ട അച്ചാരവും (2. കോറി. 1: 22) എല്ലാവിപത്തുകളിലും ക്രി-
സ്തുവിനുപകരം നമ്മിൽ വസിച്ചുകൊണ്ട നമ്മെ ആശ്വസിപ്പിക്കു
ന്ന ആശ്വാസപ്രദനും (വി. യോഹ. 14: 26) ക്രിസ്തുവിന്റെ ക
രിശടയാളത്താൽ നമ്മെ അഭിഷേകം ചെയ്തു മുദ്രകുത്തുന്ന ജീവന്റെ
മുദ്രയും (എപ്പെ. 4: 30) ക്രിസ്തുവിന്റെ കാൽച്ചുവടുകളിൽ നമ്മെ
ഉപദേശിച്ചു നടത്തി ദൈവമക്കളാക്കുന്ന ഉപദേഷ്ടാവും (റോമ.
8: 14) ആകുന്നു. ബാവായേയും ക്രിസ്തുവിനേയും സ്വശീകരിച്ചു
സാമ്യപ്പെടുത്തുന്ന ദിവ്യസാധനമായ വി. മൂറോൻ നിത്യജീവന്റെ
ആഹാരപാനീയങ്ങളാകുന്ന വി. കർബാനാനുഭവത്തിനു എല്ലാ
ദൈവത്തോടുള്ള സർവ്വ അടുപ്പത്തിനും അവകാശത്തിനും നമ്മെ
യോഗ്യരാക്കിത്തീക്കുന്നതും ശത്രുപക്ഷത്തുനിന്നു നമ്മെ വിടുവിച്ച ര
ക്ഷിക്കുന്നതുമാകുന്നു. അതിനാൽ ഇവക്കും അതു കഴിച്ചുകൂടാത്ത
താകുന്നു. നിയമാനുസരണം കൂദാശ ചെയ്യപ്പെടുന്ന വി. മൂറോനി
ല്ലാത്ത കൂട്ടം (സഭ) എത്ര മഹത്വമായാലും വലുതായാലും അതൊ

രിക്കലും ദൈവത്തിന്റെ സഭ ആയിരിക്കയുമില്ല. ആകയാൽ അ
ങ്ങിനെയുള്ളവരോടു പരിശുദ്ധസഭ വേർപെട്ടു നില്ക്കേണ്ടതാകുന്നു
(വെളി. 18: 20: 52: 11. 12; 2 കോറി. 6: 14—18)"അതു
കൊണ്ടു അവരുടെ ഇടയിൽനിന്നു പുറപ്പെട്ടു വേർപെട്ടിരിപ്പിൻ
എന്നു കർത്താവു അരുളിച്ചെയ്യുന്നു. അശുദ്ധമായതു ഒന്നും തൊട
രു. എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പി
താവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കു
ന്നു സർവശക്തനായ കർത്താവു അരുളിച്ചെയ്യുന്നു." വേർപാടുണ്ടാകു
ന്നാക്കൂടാതെ വിശുദ്ധിയെ പാലിപ്പാനും, വിശുദ്ധികൂടാതെ ദൈവ
ത്തെ ദർശിപ്പാനും ദൈവത്തെ ദർശിക്കാതെ മോക്ഷംനേടുവാനും ആ
ൎക്കും സാധിച്ചിട്ടില്ല സാധിക്കയുമില്ല. മുടക്കപ്പെട്ടവർ, തള്ളപ്പെട്ട
വർ, ഇടത്തൂട്ടുകാർ, ക്രിസ്തുശത്രുക്കന്മാർ എന്നിവരിൽ നിന്നും എല്ലാ
വിധ പാപങ്ങളിൽ നിന്നുമുള്ള മാനസാന്തരവും വേർപാടും കൂടാ
തെ ആ താടിയുംനന്നു ഈ താടിയും നന്നു എന്നുപറഞ്ഞു ഒ:
ഭേദമെന്യെ ഉമ്മ മൊത്തിയും, തൊട്ടുതിന്നും (തിണ്ടിത്തിന്നും) പു
ത്തന്യായവും പ്രവൎത്തിച്ചും മോക്ഷം നേടിക്കൊള്ളാമെന്നു ഞാൻ
നീ, അവൻ, അവൾ എന്നിവരും അവരുടെ ബഹുവചനങ്ങളു
ം സ്വപ്നേപി വിചാരിക്കയും വേണ്ട. (ഉല്പ. 3: 6—23; എസ്രാ
നെഹമിയ; എബ്രാ. 12: 14; 1. തെസ്സ. 4: 3; 2. തെസ്സ. 3:
14, 15; തീത്തൊസ 3: 10; വി. മത്താ. 16: 6—12: 5: 8)

48) മുടക്കപ്പെട്ടവരാദിയായ മേല്പറയപ്പെട്ടവർ മുടക്കില്ലാത്തവ
രിൽ തങ്ങളോടു സംസൎഗ്ഗാനുകൂല്യമുള്ളവരെ ചേൎത്തും, ഇവരവരോ
ടു ചേൎന്നും ചില കൎമ്മങ്ങൾ നടത്തിക്കൊണ്ടു ഇതുകൂട്ടരും ശുദ്ധിയു
ള്ളവരു വമ്പു പറയാറുണ്ടു. ഇങ്ങിനെയുള്ള പ്രവൃത്തികൊണ്ടു മുടക്ക
പ്പെട്ടവൎക്കു ഒരു ഫലവുമുണ്ടാകുന്നതല്ല; ശിക്ഷവൎദ്ധിക്കുംതാനും പി
ന്നെ അവരോടു ചേരുന്നമുടക്കില്ലാത്തവൎക്കാകട്ടെ വലിയ മാലിന്യ
പാറുമെന്നും അക്കാരണത്താലാകുന്നു അങ്ങിനെയുള്ളവരോടു കൂ
ടെ ഭക്ഷിക്കുക ചെയ്യുന്നതു എന്നുമുള്ള സത്യം എല്ലാവരും ഗ്രഹിച്ചി
രിക്കേണ്ടതാണു. (വി. ഫൗലോസ്. 2: 10—14; എബ്രാ. 12: 15
16; 3: യോഹ. 9—11; വെളി. 2: 14—16; 2: യോഹ. 10. 11)

[ഇനി, വട്ടശ്ശേരിമെത്രാച്ചൻ മർദീനിൽ പോയി മുടക്കതിരത്തിന്നും പറഞ്ഞു മടങ്ങിവന്നു തൻെറ പഴയ ജോലി (കുഴപ്പമുണ്ടാക്കൽ) തുടൎന്നപ്പോൾ കാൎയ്യവശാൽ ഞാനെഴുതി മുളന്തുരുത്തിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ഭാരത താരക(2-ാം പുസ്തകം 22-ം 23-ം ലക്കങ്ങൾ) പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം ഇവിടെ പകൎത്തിക്കൊള്ളട്ടെ]

"സ്വപദൃഷ്ടിയാൽ കണ്ടിട്ടും ഇതുപൎയ്യന്തം സഹിച്ചുപാൎത്തല്ലൊ"

മേലെഴുതിയ തലവാചകത്തിൽ ഈ ലേഖനം എഴുതുന്നതിനു എന്നെ ഉത്സാഹിപ്പിച്ചതു മി. എൻ. എം. ഇത്താപ്പിരി കുന്നംകുളങ്ങരെ നിന്നും പുറപ്പെടുന്ന പത്രമായ "സുറിയാനി സഭാകാഹള" ദ്വാരാ "കേട്ടിട്ടു സഹിക്കുന്നില്ല" എന്ന പേരിൽ നാടെല്ലാം മുഴക്കിയ ലേഖനമാണു. (പുസ്തകം 1 ലക്കം 28) കേട്ടിട്ടു സഹിക്കയെന്നതു അത്ര പ്രയാസമുള്ള കാൎയ്യമല്ല. "നാടെല്ലാം പറയുന്നതിനു മേലെല്ലാം ചെവിയില്ല" എന്ന പഴഞ്ചൊല്ലനുസരിച്ചു വല്ലവരും വല്ലതും പറഞ്ഞുകൊള്ളട്ടെ എന്നുവെച്ചു സഹിച്ചു പാൎക്കാമെന്നാണെൻെറ പക്ഷം. ആരെല്ലാം എന്തെല്ലാം കണ്ട പത്രങ്ങളിലും കമ്പികളിലുംമററും കാട്ടിക്കൂട്ടുന്നു. അവയ്ക്കു വല്ല ഊരോ പേരോ ഉണ്ടൊ? അഥവാ ഉണ്ടെങ്കിൽതന്നെയും പൂൎണ്ണമായി വിശ്വസിക്കത്തക്ക വിധത്തിൽ ഒപ്പൊ മുദ്രയൊ ഉണ്ടായിരിക്കുമൊ? കാണുകയില്ല. അവയ്ക്കു സഹിച്ചു പാൎക്കാൻ എന്താണിത്ര പ്രയാസം? എന്നാൽ നേരെമറിച്ചു എററം ഗൗരവമേറിയ സംഗതികളിൽ യാതൊരധികാരവുമില്ലാതിരിക്കെ മുഖതോടും വഞ്ചനപ്രയോഗിച്ചും മററുള്ളവരെ കേവലം ഉഗ്രപ്രാശംകിയും ഒപ്പും മുദ്രയുംവെച്ചു അസ്ത്രങ്ങൾകണക്കെ എയ്തു വിടുന്ന രേഖകൾ കണ്ടുകൊണ്ടു സഹിച്ചിരിക്കാനാണു നിവൃത്തിയില്ലാത്തതു. ഈ വിധം എ

നിക്കുകിട്ടിയ അസ്ത്രങ്ങൾ കൈവശം വച്ചുകൊണ്ടു ഇതുപര്യന്തം ഞാൻ സഹിച്ചുപാർത്തതിൽ എന്നെ സമ്മതിക്കേണ്ടതാകയാൽ നമ്മുടെ മുടക്കപ്പെട്ട മെത്രാച്ചൻ മല്പാനച്ചനും റമ്പാച്ചനും വാസ്തവത്തിൽ ഒരു മെത്രാച്ചനുമായിരുന്ന കാലങ്ങളിൽ ചില എഴുത്തുകളും കല്പനകളും എനിക്കയച്ചിട്ടുണ്ടു. ഇവയിൽ അദ്ദേഹം ഒരു ന്യായമായ മെത്രാച്ചനായിരുന്നകാലത്തു അയച്ച കല്പനകളിൽ രണ്ടെണ്ണത്തെക്കുറിച്ചാണു മുകളിൽ അസ്ത്രങ്ങളെന്നു പറഞ്ഞിരിക്കുന്നതു. ഇവയിൽ ആദ്യത്തേതു 1909 കർക്കടകം 18-ാംനു- 448-ാം നമ്പ്രായി പഴയസിമ്മനാരിയിൽനിന്നു സ്വന്തം കൈപ്പടയിൽ എഴുതി ഒപ്പും മുദ്രയും വച്ചയച്ചതും മറ്റേതു 1910 തുലാം 9-ാംനു- 413-ാം നമ്പ്രായി സ്വന്തം കൈപ്പടയിൽത്തന്നെ എഴുതി ഒപ്പും വച്ചു പരുമലസിമ്മനാരിയിൽ നിന്നയച്ചതുമാണു. ഇതിനു മുദ്രയില്ലെന്നുള്ള ഒരുകുറവു മാത്രമേയുള്ളു. ഒന്നാമത്തേതിനെപ്പറ്റി ഒടുവിലും രണ്ടാമത്തേതിനെപ്പറ്റി ആദ്യവും പറയാം. ആ കല്പന ഇവിടെ പകർത്തിക്കൊള്ളട്ടെ. കല്പനകളുടെ തലവാചകം സുറിയാനിയും ബാക്കിയെല്ലാം മലയാളവുമാകുന്നു.

(കല്പന)

ദൈവകാരുണ്യത്താൽ മലങ്കരയുടെ ബലഹീനനായ ഗീവറുഗീസ് ദീവന്നാസ്യോസു മെത്രാപ്പോലീത്താ.

നമ്പർ 413.

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഗീവറുഗീസു റമ്പാച്ചനു ബർക്സാ (വാഴ്വു)

റമ്പാച്ചൻ അയച്ച എഴുത്തും അച്ചടിച്ചു ബാവാക്കു സമർപ്പിച്ച മെമ്രായുടെ കോപ്പിയും കിട്ടി. വായിച്ചുകണ്ടതിൽ സന്തോഷിക്കുന്നു. റമ്പാച്ചന്മാർ തങ്ങളുടെസ്ഥാനത്തിന്നനുസരിച്ചു പറയേണ്ടതും പ്രവർത്തിക്കേണ്ടതുമായ ഗുണദോഷങ്ങളാണു അതിൽ പറഞ്ഞിരിക്കുന്നതെന്നു നാം സമ്മതിക്കുന്നു. എന്നാൽ സഭയുടെ ഭരണ

കാരായ മെത്രാന്മാർ ദൈവം അവൎക്കു കൊടുത്തിട്ടുള്ള അറിവിൻ പ്ര
കാരം സഭയുടെ ക്ഷേമത്തിനു തകുന്നവ ഏതു പ്രകാരമെന്നു ആലോ
ചിച്ചു പ്രവൎത്തിക്കണമെന്നുള്ള ഒരു ചുമതല അവൎക്കുണ്ടു. മലയാള
ത്തെ കീഴ്നടപ്പിനും വിധികൾക്കും വി. സഭയുടെ കാനോനാക
ൾക്കും സത്യവിശ്വാസത്തിനും എതിരായി നില്ക്കണമെന്നൊ വല്ല
തും പ്രവൎത്തിക്കണമെന്നൊ നമുക്കശ്ശേഷം ആഗ്രഹമില്ല. ഇ
പ്പോഴത്തെ കുഴപ്പങ്ങളെക്കുറിച്ചു റമ്പാച്ചനു വളരെ വേദനയുള്ള
തായി അറിയുന്നു. നിങ്ങളെപ്പോലെയുള്ളവരുടെ പ്രാൎത്ഥനാ ശ
ക്തിമൂലം ഇങ്ങിനെയുള്ള കുഴപ്പങ്ങൾ മാറി സഭയിൽ സമാധാന
വും ഐശ്വൎയ്യവും വൎദ്ധിക്കുമെന്നു വിശ്വസിക്കുന്നു.
അതിലേക്കു റമ്പാച്ചനും കൂട്ടിപ്പായി പ്രാൎത്ഥിക്കണം.
കുഴപ്പങ്ങൾക്കുള്ള കാരണം ഇന്നവയെന്നു ഒരുഭാഗത്തു ന
ന്നു മാത്രമാണു റമ്പാച്ചൻ മനസ്സിലാക്കിയിരിക്കുന്നതെന്നു തോ
ന്നുന്നു. വാദങ്ങളുടെ സത്യസ്വഭാവം എന്തെന്നു മനസ്സിലായാൽ
നമ്മെ സംബന്ധിച്ചും മറ്റും റമ്പാച്ചനുണ്ടായിട്ടുള്ള തെറ്റിധാരണ
കളും അഭിപ്രായവ്യത്യാസങ്ങളും മാറിപ്പോകാതിരിക്കയില്ലെന്നു വി
ശ്വസിക്കുന്നു. നാം വി. പിതാവിനെ കാണ്മാനായി ഊളന്നൂരത്തി
ക്കു പോയിരുന്നു. ഒരാഴ്ചയോളം അവിടെ താമസിക്കയും ചെയ്തു.
ഒരു വിധം സന്തോഷത്തിലാണു പെരുമാറിയതു. ഇവിടത്തെ ഇ
ടവതാം തീയ്യതി അടിയന്തിരം അടുത്തതിനാൽ അതിലേക്കായി
ഇങ്ങോട്ടുപോരുകയാണു ചെയ്തതു. 20-ാംനു അടിയന്തിരത്തിനു
സുഖവും സൌകൎയ്യവുമുള്ള പക്ഷം റമ്പാച്ചനും വന്നു സംബന്ധിക്കാ
തിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ശേഷം പിന്നാലെ.

സൎവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹവും
സദാ വൎദ്ധിച്ചിരിക്കുമാറാകട്ടെ. എന്നു 1910. തുലാം 9-ാംനു പരു
മല സിമ്മനാരിയിൽ നിന്നും. ആകാശങ്ങളിലിരിക്കുന്ന ഞങ്ങളു
ടെ ബാവാ ഇത്യാദി (ഒപ്പ്)

മാന്യവായനക്കാരേ! ഈ കല്പനക്കിടയാക്കിയതു എന്റെ എഴുത്തും പാത്രിയർക്കീസുബാവാ തിരുമേനിക്കു ഞാൻ സമർപ്പിച്ച മെമ്രായും (പാട്ടു) ആണെന്നും മററും കല്പനതന്നെ തെളിയിക്കുന്നു. ആ എഴുത്തും മെമ്രായും പഴയ പുതിയ വേദ ഭാഗങ്ങളിൽ നിന്നും കാനോനായിൽ നിന്നും മററും അനുസരണമുള്ള വക്കാവശ്യമുള്ളത്തോളം സാക്ഷികളോടുകൂടിയതും ദീർഘമായിട്ടുള്ളതുമാണ. എഴുത്തു നാലര ഫുൾസ്കാപ്പു കടിലാസു മുഴുവനുണ്ടു. മെമ്രാ അതായതു പാട്ടു 60 പ്രാസവുമുണ്ടു. അവയുടെ ചുരുക്കം മെത്രാച്ചന്റേയും കൂട്ടരുടേയും മത്സരം നീങ്ങണമെന്നും ബാവാക്കു ആത്മികമായും ലൗകികമായും സഭമേൽ പൂർണ്ണാധികാരമുണ്ടെന്നും സത്യ ആന്തരത്തിൽ ബാവായുടെ അടുക്കൽ അനുതപിച്ചു ബാവായുമായി രഞ്ജിപ്പെട്ടു കീഴ്വഴങ്ങിനിന്നുകൊണ്ടു സഭയ്ക്കു വേണ്ടതു പ്രവർത്തിക്കണമെന്നും അല്ലാഞ്ഞാൽ കലാശം വ്യസനത്തിനിടയാകുമെന്നും മററുമാണ. പാട്ടു മലയാള രീതിയിലാണെങ്കിലും സുറിയാനി ഭാഷയിലാണ. രണ്ടിന്റേയും പകർപ്പുകൾ കൈവശമുണ്ടു. ആർക്കാനും അറിയണമെന്നാഗ്രഹമുണ്ടെങ്കിൽ യുക്തമെന്നുതോന്നുന്നപക്ഷം സൗകര്യംപോലെ പ്രസിദ്ധപ്പെടുത്തുന്നതാണ. ഇത്രയും എഴുതി വന്നപ്പോൾ ഓർമ്മയിൽവന്ന ഒരുകാര്യംകൂടെ പറയുന്നതുകൊണ്ടു വായനക്കാർക്കു മുഷിച്ചിലുണ്ടാകയില്ലെന്നു വിശ്വസിക്കുന്നു. വി. പാത്രിയർക്കീസു ബാവായെ ദുഷിക്കുന്നതിൽ പ്രാധാന്യവും പ്രാതിനിധ്യവും വഹിക്കുന്ന മനോരമക്കാർക്കും ശാസനാപത്രത്തിൽ അതി ദീർഘമായ ഒരു ലേഖനം അതു സംബന്ധിച്ചു അവർ ഇന്നവണ്ണം പ്രവർത്തിക്കണമെന്നപേക്ഷിച്ചുകൊണ്ടു അയക്കയുണ്ടായിട്ടുണ്ടു. അവർ അതുപ്രകാരം ചെയ്യാതെ പുശ്ചരമായും തുശ്ചരമായും ഒരു മറുപടിമാത്രം തന്നതേയുള്ളു. ആ മറുപടിയും അവർക്കുകൊടുത്ത എഴുത്തിന്റെ പകർപ്പും കൈവശമുണ്ടു. ആവശ്യമെന്നു കാണുന്നപക്ഷം മേല്പറഞ്ഞപോലെ അവയും പ്രസിദ്ധം ചെയ്യാം. ഞാൻ മെത്രാച്ചനെക്കുറിച്ചു [illegible] നാൾമുതൽ അദ്ദേഹം പാത്രിയർക്കീസു

ബാവായോടു മത്സരം തുടങ്ങിയിരിക്കുന്നു എന്നു കേട്ടനാറിവരെ അങ്ങേരോടെന്നേരെ എത്രമാത്രം സ്നേഹവും മതിപ്പും എനിക്കുണ്ടായിരുന്നു എന്നു ഞാൻ അദ്ദേഹത്തിന്റെ [illegible] കൊണ്ടു മനസ്സിലാക്കാവുന്നതാണു. എനിക്കു തന്നതും മകളിൻ പക[illegible] കല്പനയിൽ അദ്ദേഹം ചില സാന്ത്വനങ്ങൾ നയത്തിൽ പ്രയോഗിച്ചുകൊണ്ടു എന്റെ കണ്ണിൽ പൊടിയിടുകയും തന്റെ മത്സരത്തെ പൂർവ്വാധികം ശക്തിയിൽ [illegible] ഫലമായി അവിടുന്നു ആറേഴുമാസം കഴിയുന്നതിനുമുമ്പേ [illegible] ക്കു കല്പന ഈ ഭയരാണ്ടിലും വന്നുചേന്നു. അതു കണ്ടപ്പോൾ എന്റെ സ്നേഹവും മതിപ്പും മിക്കവാറും നശിച്ചു. ബാക്കിയുണ്ടായിരുന്നതു ക്രമേണ നശിക്കുന്നും തുടങ്ങി. കാരണം, മടക്കു വന്നപ്പോഴെങ്കിലും അനുതപിക്കയോ അഥവാ അടങ്ങിപാക്കുകയൊ എങ്കിലുമൊ ചെയ്യാതെ കണ്ട ദുർബ്ബുദ്ധികളുടെ ആലോചനകൾ കേട്ടും അവയിൽ ആശ്രയിച്ചുംകൊണ്ടു ശക്തിമത്തായ കലഹങ്ങൾക്കും കോടതി വ്യവഹാരങ്ങൾക്കും കാരണമാക്കുകയും എന്നുമല്ലാ ഭർത്താക്കന്മാരോടു മത്സരിച്ചു അവരെ വെടിഞ്ഞു കണ്ടവരെ മോക്ഷ സപികരിക്കുന്ന ചില വേശ്യാസ്ത്രീകളെപ്പോലെ ഭ്രഷ്ടാക്കപ്പെട്ട അബ്ദുമിശിഹായിനെ വരുത്തി ആ ആളെക്കൊണ്ടു ഓരോന്നൊക്കെ ഉണ്ടാക്കിക്കയും ചെയ്യാൻ തുടങ്ങിയതും മറ്റുമുള്ളതാണു. ഈ തരം പ്രവൃത്തിക്കു മത വ്യഭിചാരമെന്നു പേരു പറയാം. മനസ്സുള്ളവർ ഹസ്സീയേൽ ദീർഘദർശിയുടെ പ്രവചനം 23-ാം അദ്ധ്യായം വായിച്ചു നോക്കട്ടെ. ഇങ്ങിനെ തന്റെ മദഗ്രാഞ്ജനം [illegible] കൊണ്ടു ആരെയുമില്ല; എന്തെന്നില്ല; എങ്ങോട്ടെന്നില്ല എന്നുള്ള വിധത്തിൽ തന്റെ സഹകാരികളായ പുരുഷകേസരികളേയും പണത്തെയും ഐഹിക ജ്ഞാനത്തേയും മാത്രം വിശ്വസിച്ചുകൊണ്ടു കഠിനാശ്രമിക്കയും ലിവ്വായിൽ എന്ന വിശേഷമായ നാനാവിധ [illegible] നങ്ങളാൽ നാടെല്ലാം [illegible] ഇങ്ങിനെ കലാശിച്ചു. ഈ [illegible] തലാണെന്നു [illegible] വായനക്കാർ

ധരിക്കുന്നു. രണ്ടാം രംഗം അവസാനിച്ചതിന്റെ ശേഷം പിന്നെ എന്തുണ്ടായി? ഉടനെ മൂന്നാം രംഗത്തിൽ പ്രവേശിച്ചു. അതോടെ മെത്രാച്ചൻ ഒന്നു രൂപാന്തരപ്പെട്ടു. തന്റെ കേപ്പാ, യാക്കോബു, യോഹന്നാൻ—ഇവരാരെല്ലാമാണെന്നു വായനക്കാർ തന്നെ ഊഹിച്ചുകൊണ്ടാൽ മതി—എന്നവർപോലും ദർശിച്ചാൽ മൂർഛിച്ചുപോകാൻ തക്ക വിധത്തിലായിതന്നു രൂപാന്തരം. പാത്രിയർക്കീസുബാവായെ എന്നല്ല മുന്നണിയിൽ നിന്നുകൊണ്ടു തനിക്കുവേണ്ടി പോരാട്ടംകഴിച്ചു വിജയംസമ്പാദിച്ചു കൊടുത്തവരേയും എന്നുമല്ല സർവ്വമാനപേരേയും കണ്ണുമിഴിച്ചും വല്ലുകടിച്ചും ചവുട്ടിമെതിച്ചും ഭരിപ്പാൻ തക്കവണ്ണം താൻ അത്രക്കു ഗംഭീരാശയനായി തീർന്നു. താൻതന്നെ സർവ്വാധികാരി എന്നായി. മെത്രാധിപത്യ എല്പാടു നടത്താൻ ശ്രമം തുടങ്ങി. അതിലേക്കു "കാതോലിക്ക്സഭാമാസിക"ക്കു ത്തരവും കൊടുത്തു. അതോടുകൂടെ "സുറിയാനിസഭ"യും "കാതോലിക്ക്സഭ"യും തമ്മിൽ സമരത്തിനൊരുമ്പെട്ടു. കേഫാ, യാക്കോബു, യോഹന്നാൻ മുതലായവർ മാറ്റം വിശ്വസിച്ചു "സുറിയാനി സഭ"യിലേക്കു ചേർന്നു. "കാതോലിക്കസഭ"യോടും തൽ പ്രവർത്തകന്മാരോടും ഉത്തരവുകൊടുത്ത മെത്രാച്ചനോടു പോലും ഏതുക്കയല്ലാതെ ഗത്യന്തരമില്ലെന്നായി. കിംബഹുനാ, ഏതിൽഭേദം ശീമക്കാർക്കുതന്നെ അധികാരം സമ്മതിച്ചു കൊടുക്കയാണു നല്ലതെ"ന്നു മി. എം. പി. വർക്കി തന്നെയും തന്റെ "സുറിയാനിസഭാ" ലേഖനത്തിൽ താൻ എന്തുപറയുന്നുവെന്നു അറിയാതെ വിവശനായി ശബ്ദിച്ചുപോകുന്നതിനു കൂടെ ഇടവന്നുവെന്നു പറഞ്ഞാൽ മതിയല്ലോ. കൂട്ടർ വിചാരിച്ചതു മെത്രാച്ചനെക്കൊണ്ടു പാത്രിയർക്കീസിനെ ഒരറിപ്പെടുത്തിട്ടു പിന്നെ മെത്രാച്ചനേയും. അങ്ങിനെ ഇരുവരെയും ഒന്നിച്ചു കാർക്കിഴാക്കി തങ്ങൾക്കു മുറക്കൊന്നു ഭരിച്ചു കളയാമെന്നു. "മകൻ ഉഴത്തിൽ കാണുമ്പോൾ അമ്മ കലത്തിൽ കാണു"മെന്നു പറയുമ്പോലെ മെത്രാച്ചനും കൂട്ടരുടെ സഹായത്താൽ പാത്രിയർക്കീസിനെവിഴിച്ചുകൊണ്ടിട്ടു പിന്നെ കൂട്ടരേയും എന്നുവേണ്ടാ മറെറല്ലാവരേയും തന്റെ മെതിയടിയ്

...പാഴാമെന്നുറപ്പായി തീരുമാനിച്ചു. അനുഭവം പട്ടാളത്തിൽ
...പരമായി പരിണമിക്കയും ചെയ്തു. ഇതിനിടയിൽ വല്ലച്ചാരിയും
...രാജി പറഞ്ഞു അപ്പീൽ കൊടുപ്പിക്കാതെ ജില്ലാവിധി കൊണ്ടു
...സാനിപ്പിച്ചു മെത്രാച്ചനെ വിജയിയാക്കിത്തന്നെ നിറുത്താമെന്നു
...ചില സൂത്രധാരന്മാർ കരുതി വേണ്ട ഒത്താശകൾ കൊടുത്തുകൊണ്ടു
അവിടവിടെ രാജിയാലോചനകൾ നടത്തി എന്നിട്ടോ? ഹൈ
ക്കോടതിയും തന്റെ കൈയ്യിൽ തന്നെയെന്നുള്ള മെത്രാച്ചന്റെ
സ്ഥിരപ്രതിജ്ഞയും എന്തുവന്നാലും വേണ്ടില്ല വി. സിംഹാസന
ത്തിനു വേണ്ടിയുള്ള യുദ്ധം അവസാനം വരെ കൊണ്ടുപോകണ
മെന്നുള്ള മി. കയ്യന്റെ ഏകാഗ്രചിത്തവും നിമിത്തം അവയെ
ല്ലാം മായ സമാനമായി ഭവിക്കയാണുണ്ടായതു. അങ്ങിനെ, വട്ടിപ്പ
ണക്കേസ്സു ഹൈക്കോടതിയിൽ അപ്പീൽ ഫയലാകയും അവിടെ
വെച്ചു കീഴ്ക്കോടതി വിധിയുടെ ന്യായാന്യായ സത്യാസത്യങ്ങളെ
പ്പററി പരിശോധന തുടങ്ങുകയും ചെയ്തു. ഒരു വശേ ഇങ്ങിനെ
പരിശോധന നടന്നുവരുമ്പോൾ മറുവശേ കാതോലിക്കസംസു
റിയാനിസഭ എന്ന രണ്ടുമാസിക ദ്വാരാ മെത്രാധിപത്യം ജനാധി
പത്യം ഇങ്ങിനെ രണ്ടാധിപത്യങ്ങൾ തമ്മിൽ തല്ലുപിടുത്തവും നട
ന്നുവന്നു. ഹൈക്കോടതിയിൽ നടന്നുവന്ന പരിശോധനയുടെ
ഒരു ഭാഗം പാത്രിയർക്കാധിപത്യവും മറുഭാഗം വി. ദാനിയേൽ
2-ൽ പറയുന്നതുപോലെ "ഇടകലർന്നു എങ്കിലും തമ്മിൽ ചേരാ
തെയും" പാത്രിയർക്കാധിപത്യത്തോടു മത്സരിക്കുന്ന മെത്രാധിപത്യ
വും ജനാധിപത്യവുമാണു. ഇവയിൽ പാത്രിയർക്കാധിപത്യം "കൈ
കൾ കൂടാതെ വെട്ടിയെടുക്കപ്പെട്ട കല്ലു"കന്ന ദൈവ പുത്രനായ
മിശിഹാതമ്പുരാനെന്ന മഹാ പുരോഹിതനിൽ നിന്നുള്ളതാണെ
ന്നും ബാബേലിലെ തന്ത്രമന്ത്രങ്ങളേയും തെറ്റായ നാമങ്ങളേയും
പൊന്നു, വെള്ളി, താമ്രം, ഇരിമ്പു, കളിമണ്ണു എന്നിവകളേയും
ഈ കല്ലു അടിച്ചു തകർത്തിടിച്ചുപൊടിച്ചു പവിത്രതമാവെന്നു കാ
ററിനാൽ ഒരു സ്ഥലത്തും തങ്ങാതവണ്ണം പറപ്പിച്ചുകളയുമെന്നും
ഒടുവിൽ ബാബേലിനേയും കൂടി നശിപ്പിക്കുമെന്നും എന്നാൽ മി

ശീഹാതമ്പുരാനെന്നു കല്ലാ, അവിടത്തെ വാത്സല്യശിഷ്യരിൽ ഒരു
വനാം അങ്ങേട മണവാട്ടിയായ വി. സഭയുടെ വികാരിയും ആകാ
ശമോക്ഷത്തിന്റെ താക്കോലുകൾ അവിടത്തെ പക്കൽ നിന്നു
കൈക്കൊണ്ടവനുമായി ശെമഊനായിരുന്ന വി. പത്രോസെന്ന ക
ല്ലാ, ഞങ്ങളും ഓരോ കല്ലുകൾ തന്നെയാകുന്നു അനന്തരഗാമിക
ളും,—അമ്പുമിശിഹാം അതുപോലുള്ളവരുമല്ല—അവരെ കീഴ്വഴ
ങ്ങി നിന്നവരും വിജയം പ്രാപിക്കുമെന്നുള്ള വാസ്തവ സംഗ
തികൾ കൂടി മനഃപൂർവ്വം മറക്കുകയല്ലയോ. കഷ്ടം! ദാനി. 2; എ
ശാ. 47, 48. അദ്ധ്യായങ്ങളും. 52: 7—15 വാക്യങ്ങളും വായി
ച്ചുനോക്കണമെന്നപേക്ഷ. ചെവിയുള്ളവൻ കേൾക്കട്ടെ. ഒരു
വശേ ഹൈക്കോടതിയിൽ ജില്ലാവിധി പരിശോധനയും മറുവശേ
മെത്രാധിപത്യം ജനാധിപത്യം എന്ന രണ്ടാധിപത്യങ്ങൾ തമ്മി
ത്തല്ലുപിടുത്തവും നടന്നുവന്നുവെന്നു മേൽ പ്രസ്താവിച്ചതു ഓർക്കു
മല്ലോ. ഇങ്ങിനെ നടന്നുവരവെ ഇടകലർന്നു എന്നാൽ തമ്മിൽ
യോജിപ്പില്ലാതെയും നിന്നുകൊണ്ടു പാത്രിയർക്കാധിപത്യത്തോടു മ
ത്സരിച്ചുവരായി പകുതി ഇരിമ്പും പകുതി കളിമണ്ണും കൂടിയ കാലിനി
ട്ടു കൈകൾ കൂടാതെ വെട്ടിയെടുക്കപ്പെട്ടകല്ലു കഴിഞ്ഞ മീനം 10-ാം
നു വെള്ളിയാഴ്ച ഒരൊററ അടികൊടുത്തു. ഉടനെ നെബുക്കദ്നേ
സറിന്റെ സ്വപ്നസാധനമായ ബാബേൽ ബിംബം—അതെ ന
മ്മുടെ മെത്രാച്ചനും കൂട്ടരും തന്നെ—നിലംപതിക്കയും പാത്രിയ
ർക്കാധിപത്യം ജയം പ്രാപിക്കയും ചെയ്തു. ഈ അടി ഹൈക്കോ
ടതി വിധിയാകുന്നു. ഇവിടെ മൂന്നാം രംഗം അവസാനിച്ചു. ഇ
നി സമാപ്തിയെന്നു വിചാരിക്കാവുന്ന നാലാം രംഗത്തിലേക്കു ക
ടക്കാം. നമ്മുടെ മെത്രാച്ചൻ ചില്ലറക്കാരനാണോ? അല്ലല്ല, കെ
ങ്കേമൻ തന്നെ. മിശിഹാതമ്പുരാനോടുപോലുമുള്ള സമാധാനത്തി
ലും സന്ധിയിലും ഒരു കാലത്തും അദ്ദേഹം കലാശിപ്പിക്കയില്ല. അ
ല്ലെങ്കിൽ മർദീൻ തീർത്ഥയാത്രക്കു ആവശ്യമുണ്ടാകുമായിരുന്നില്ല.
ഇവിടെവച്ചു തന്നെ വേണ്ടവിധം കൂടിയാലോചിച്ചു തീരുമാന
ങ്ങളാക്കി വിവരത്തിനു വി. സിംഹാസനത്തിങ്കലേക്കു എഴുതിയെ

ച്ചകല്പന വരുത്തി അതനുസരിച്ച അപ്പനും മക്കളുംപോലെ യോജിച്ച നടക്കാമായിരുന്നു. അങ്ങിനെ ചെയ്തിരുന്നെങ്കിൽ ഗുണംവരാപായമെന്നു. അതു വരാമൊ? പാടില്ല. അദ്ദേഹത്തിൻെറ അനുചരന്മാരായ ചില തോന്ന്യാസക്കാരിലും കടന്നുകൂടിയിരിക്കുന്ന ആത്മാവു അന്തരക്കാരനാണല്ലൊ. അതു തങ്ങൾക്കു ഇരിപ്പതല്ലാത്ത അധികാര ഭ്രമമാണു. പിശാചിൻെറതുമാണ്. ഇതിലേക്കു തെളിവായിട്ടു, അദ്ദേഹം എനിക്കയച്ച ആദ്യത്തെ കല്പന ഇവിടെ പകർത്തിക്കൊണ്ടു ഈ ഭാഗം അവസാനിപ്പിക്കാമെന്നു വിചാരിക്കുന്നു.

കല്പന

ദൈവ കാരുണ്യത്താൽ മലങ്കരയുടെ ബലഹീനനായ

ശീവറുഗീസു ദിവന്നാസ്യോസു മെത്രാപ്പോലീത്ത.

നമ്പർ 448

(൪൬)

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ശീവറുഗീസു റമ്പാച്ചനു ബുർക്സാ

റമ്പാച്ചൻ സുഖക്കേടുകാരനായിരുന്നിട്ടും വലിയ തിരുമേനിയുടെ സുഖക്കേടിൽ വന്നുകാണുന്നതിനും തിരുമനസ്സിലെ അനുഗ്രഹം വാങ്ങുന്നതിനും ഇടയായതിൽ ഞങ്ങൾക്കെല്ലാവർക്കും വളരെ സന്തോഷമുണ്ടു. മപ്പതാംദിവസമടിയന്തിരം ഈ മാസം 27-ാനുതിങ്കളാഴ്ചയാകുന്നുള്ള വിവരം അറിഞ്ഞിരിക്കുമല്ലൊ. അടിയന്തിരത്തിന്നാവശ്യപ്പെട്ടവ കൾക്കയും ഒരുങ്ങിവരുന്നു. ദൈവം കൃപചെയ്തു അടിയന്തിരം ഭംഗിയായി കഴിഞ്ഞുകൂടുന്നതിനു ഇടയാകണമെന്നു പ്രാർത്ഥിക്കുന്നു. അടിയന്തിരത്തിനും പിറേറ ദിവസത്തെ പൊതുയോഗത്തിനും മെത്രാന്മാർ റമ്പാന്മാർ മുതലായി എല്ലാവരും വന്നുകൂടാതിരിക്കയില്ലല്ലൊ. അപ്പോൾ റമ്പാച്ചനുംകൂടെ ഉണ്ടായിരിക്കുന്നതു ഞങ്ങൾക്കെല്ലാവർക്കും സന്തോഷവും ആഗ്രഹവുമാകയാൽ സുഖമുണ്ടെങ്കിൽ റമ്പാച്ചനും വരാതിരിക്കയില്ലെന്നു

വിശ്വസിക്കുന്നു. ശേഷമൊക്കെയും തമ്മിൽ കാണുമ്പോൾ പറഞ്ഞു കൊള്ളാമെന്നു കരുതി ചുരുക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹം സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു, 1909-ാമാണ്ടു കർക്കടകമാസം 18-ാനു
കോട്ടയത്തു സിമ്മനാരിയിൽ നിന്നു.
ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ ഇത്യാദി (ഒപ്പ്)

മെത്രാച്ചനെ ഒക്സിയോസു ധ്വനിപ്പിച്ചു മലങ്കര മെത്രാച്ചനാക്കിയെന്നു പറയുന്നതു ഈ കല്പനയിൽ പറയുന്ന "പിറേറ്റ് വസത്തെ പൊതു യോഗ"ത്തിൽ വച്ചായിരിക്കുമല്ലോ. യോഗംതന്നിഷ്ടമായിട്ടാണിതു ചെയ്തതെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഇതിനധികാരം പൊതുയോഗത്തിനാണെന്നു വിചാരിക്കാനും പാടില്ല. ഡോക്ടർ ബാബായുടെ കമ്പിയെ പാത്രിയർക്കീസ് ബാവായുടെ കമ്പി എന്നപോലെ വിചാരിച്ചു കൊണ്ടാണു ഇങ്ങിനെ ചെയ്തതു. അതിനു് എന്തൊരു കാരണമുണ്ടത്രെ. തന്നെ വലിയ മെത്രാച്ചനാണ സർവ്വസ്വവും ആക്കിയതും ഭരണമേല്പിച്ചതുമെന്നും താൻ അദ്ദേഹത്തിന്റെ അനന്തിരവനാണെന്നും ഒരു പറച്ചിലുള്ളതായും കേട്ടിട്ടുണ്ടു. അങ്ങിനെയെങ്കിൽ പൊതുയോഗത്തു വച്ചു കാട്ടിയതു വെറും ഗോഷ്ടിയെന്നു വരുന്നു. ഒരു മേല്പട്ടക്കാരൻ താൻ ജീവനോടിരിക്കുമ്പോൾ അനന്തിരവനായി ഒരാളിനെ നിയമിപ്പാൻ അധികാരമില്ലെന്നു കാനോനായിലുണ്ടെന്നു തോന്നുന്നു. ആ വകക്കു വലിയ മെത്രാച്ചൻ എല്ലാം ആക്കിയെന്നു പറയുന്നതും അസ്ഥാനത്തിലാണെന്നു വരുന്നു. ബാബാ കമ്പിയെ ബാവാ കമ്പിയെന്നു വിചാരിക്കയെങ്കിലും ചെയ്തുകൊണ്ടാണിക്കൃത്യം നടത്തിയതെങ്കിൽ നിശ്ചയമായിട്ടും ബാവാ ആക്കിയെന്നേ വരൂ. അവിടേക്കു ആക്കാനും നീക്കാനുമുള്ള അധികാരമുണ്ടു. അതിന്നു സംശയവുമില്ലല്ലോ. ഈ ഭാഗം മെത്രാച്ചനും കൂട്ടരും സമ്മതിക്കയില്ല. വാസ്ത

വും പറകയാണെങ്കിൽ മെത്രാച്ചനെ മലങ്കര മെത്രാനായി വാഴിച്ചു വലിയ മെത്രാച്ചനും, പൊതുയോഗവും, പാത്രിയർക്കീസുബാവായും ആരുമല്ല. അദ്ദേഹം തനിച്ചു തന്നെയാണ് തന്നെ മലങ്കര മെത്രാച്ചനായി വാഴിച്ചതെന്നും, മറ്റുള്ളവരെ ഭോഷൻ കളിപ്പിക്കയാണു ചെയ്തിട്ടുള്ളതെന്നും മുകളിൽ പകർത്തിയ കല്പന തന്നെ മതിയായ സാക്ഷിയാണ. പൊതുയോഗത്തിനു പത്തു ദിവസം മുമ്പെഴുതിയ കല്പനയാണല്ലൊ ഇതു. ഇതിലെ മുദ്രയിൽ ഇംഗ്ലീഷിലും സുറിയാനിയിലും മ്അദ്രോനൊ (സഹായ) മെത്രാൻ ഇന്നാരെന്നർത്ഥമുള്ള വാചകങ്ങളുണ്ട. അതിലെ സഹായ എന്നർത്ഥമുള്ള പദത്തെ വെട്ടിയുംവച്ചു സ്പഷ്ടമായിട്ടു മലങ്കര മെത്രാപ്പോലീത്താ എന്നെഴുതിച്ചേർക്കുന്നു. അയ്യയ്യോ ഇത്തരം പണികൾ കണ്ടാൽ എങ്ങിനെ സഹിക്കും? അബ്ശാലോമിനെ പോലെയും സിൽബന്തികളെ പോലെയും —അവൻ പിതൃദ്രോഹിയും രാജദ്രോഹിയുമാണല്ലൊ—സഭയത്തിലാശ്രയിച്ചും പൊതുജന നേത്രങ്ങളിൽ പൊടിയിട്ടും ബാവാ ഭാഗത്തു നില്ക്കുന്ന അനുഗ്രഹിക്കപ്പെട്ട മക്കളിൽ തെരിഞ്ഞെടുക്കപ്പെട്ടവരേയു കൂടെ കഴിയുമെങ്കിൽ വഞ്ചിപ്പാൻ അക്കൊച്ചുവിദ്യകൾ പ്രയോഗിച്ചു തന്നെ സിൽബന്തികളും ഇപ്പോഴും കാട്ടിക്കൂട്ടുന്ന ദുഷ്കൃത്യങ്ങൾ എത്രയുണ്ടെന്നു ദൈവം കണക്കമിട്ടു. പൊതുയോഗം കൂടട്ടെ, ഒരു പിറശീട്ടി കണ്ടെട്ടെ; സർവ്വ ഒഴിഞ്ഞേക്കാം എന്നു മാറും പറയുന്നതിന്റെ കള്ളപാക്കം എന്താണെന്നു മറ്റുകാം അറിഞ്ഞുകൂടെന്നാണ വിചാരം. ഇതുവകക്കാർ ശേഷം പേരെ നാല്ക്കാലികളായിട്ടാണ വിചാരിക്കുന്നതെന്നു തോന്നിപ്പോകുന്നു. തന്റെ മടക്ക തീർത്തുതന്നോ തീരാത്തതോ ള്ള കല്പിട്ടെങ്കിലും അതിനെപ്പറ്റി പറവാൻ ഒരാധാര പുസ്തകം തിന്റെ ആ വി. പാത്രിയർക്കീസുബാവാ തിരുമേനിയേയും ധി. സിംഹാസനത്തേയും വഞ്ചിച്ചു വഴിക്കണമെന്നാണ ഇപ്പോഴും ഇവരുടെ കരുമാക്കം. ഒഴിഞ്ഞു കൊടുത്തു കൊണ്ടു അടങ്ങിപ്പാർക്കാമെന്നു മെത്രാച്ചനോടു പറയുന്നതിനാൽ അങ്ങേക്കു വല്ലതാകെയോ

ഉണ്ടെന്നു തലച്ചോറുള്ളവരാരും വിചാരിക്കയില്ല. പിന്നെ അങ്ങിനെ ആവശ്യപ്പെടുന്നതിന്റെ സാരമെന്തെന്നു വച്ചാൽ അതു മറ്റൊന്നുമല്ല. തനിക്കു യാതൊന്നുമില്ലാതിരിക്കെ ഏതാണ്ടൊക്കെ പൊന്നുകായ്ക്കുന്നങ്ങളുണ്ടെന്നുള്ള ഭാഗ്യനിധികളെക്കൊണ്ടു വെച്ചു ഇടച്ചിൽ യുണ്ടാക്കാതെ വല്ലയിടത്തും സുഖമായി അടങ്ങി പാർക്കണമെന്നത്രെ. മാന്യരും പ്രിയരുമെ! മെത്രാച്ചന്നും, അനുസരിച്ചു പ്രവർത്തിപ്പാൻ അങ്ങേക്കു മനസ്സുണ്ടായിരുന്നിട്ടും അങ്ങിനെ ചെയ്യാൻ സമ്മതിക്കാതെ അങ്ങേരെ കഠിനപ്പെടുത്താൻ കൂടിയിരിക്കുന്നവർക്കും വിശുദ്ധാത്മാവു മൂലം അനുതാപ ഹൃദയം നൽകുവാനും അനുഗ്രഹിക്കപ്പെട്ട മക്കളിലാരും ജാല വിദ്യകളിൽ കുടുങ്ങിപ്പോകാതെ കാത്തുകൊള്ളപ്പെടുവാനും അങ്ങിനെ ഇനിയും വഴക്കു തുടങ്ങുകയൊ മുഴക്കുകയൊ ചെയ്യാതെ സഭയിൽ പൂർണ്ണമായും സമൃദ്ധിയായുമുള്ള ക്രിസ്തീയനിരപ്പും സമാധാനവും നൽകുവാനുമായിട്ടു നാം എല്ലാവരും കൂട്ടിപ്പായി പ്രാർത്ഥിക്കണം. സഹിച്ചുകൂടാത്ത ഇത്രത്തോളം എന്റെ അഭിപ്രായത്തിൽ ആരും ഇഷ്ടക്കേടു വിചാരിക്കയൊ എന്നോടു മുഷിയുകയൊ ചെയ്യരുതെന്നപേക്ഷിക്കുന്നു. എന്നു ഗീവറുഗീസു റമ്പാൻ (ഒപ്പ്)

കുടിക്കാട്ടുകുന്നു ദയറാ

1624 മകരം 52

മേലെഴുതിയ ലേഖനത്തിൽ അവസാനം പകർത്തിയതും വലിയതിരുമേനിയുടെ ഒപ്പടിയന്തിരത്തിന്നും ഇദ്ദേഹത്തെ ഓക്സിയോസു പാടി മലങ്കരയാക്കിയെന്നു പറയുന്ന പിറേറ ദിവസത്തെ പൊതുയോഗത്തിനുമുമ്പു അതുകളിലേക്കു എന്നെയും ക്ഷണിക്കുന്നതായി എന്റെ പേർക്കയച്ചതുമായ 448ാം നമ്പ്ര് കല്പനയിലെ മുദ്രയിലുള്ള മ് അദ്രോനൊ വെട്ടി തലവാചകത്തിൽ മുറ വിരുദ്ധമായി മലങ്കരയുടെഎന്നു എഴുതുവാൻ നിർലജ്ജം ധൈര്യപ്പെട്ട

ഷൽ സൂത്രവാക്യത്തിലെ 113-ാം നമ്പർ കല്പനയിൽ 'മലയാളത്തെ കീഴ്നടപ്പിനും, വിദേശികൾക്കും, വി. സഭയുടെ കാനോനകൾക്കും, സത്യവിശ്വാസത്തിനും എതിരായി നില്ക്കണമെന്നോ വല്ലതും പ്രവർത്തിക്കണമെന്നോ നമുക്കേതുമേ ആഗ്രഹമില്ല' എന്നു പറഞ്ഞിരിക്കുന്നതിൽ എത്രത്തോളം സത്യമാണുള്ളതെന്നു പ്രസ്തുത സംഗതികൾ സംബന്ധിച്ചു ഇതുവരെയുള്ള അദ്ദേഹത്തിന്റെ നടപടികളിൽനിന്നു വിചാരബുദ്ധിയുള്ളവർ ചിന്തിച്ചുകൊള്ളട്ടെ. പിതാവിനോടു സമനെന്നു ഉദ്ദേശവും കൂടെ ദൈവമൂലം സമ്മതിക്കുന്ന നമ്മുടെ കർത്താവേശുമിശിഹായാകുന്ന മഹാപുരോഹിതനായ ഒന്നാം പാത്രിയർക്കീസു പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപങ്ങളിൽനിന്നു വേർപെട്ടവൻ, സ്വർഗ്ഗങ്ങളേക്കാൾ ഉന്നതനായി തീർന്നവൻ ആയ (എബ്രാ. 7: 25) പരിശുദ്ധ ദൈവപുത്രൻപോലും തന്റെ പിതാവിനു സാദരം കീഴ്വഴങ്ങിക്കൊണ്ടു ആ തിരുമേനിയെ, സകലത്തിലും സകലവുമായി സമ്പൽസമൃദ്ധിയോടുകൂടിയ സർവ്വേശ്വരൻ തമ്പുരാനാക്കിത്തീർക്കുന്നു. (1 കോറി. 15: 27, 28) ആ പരിശുദ്ധ ദൈവപുത്രനു എന്തു കുറവുണ്ടായിട്ടാണു ഇങ്ങിനെ സകലവും വച്ചൊഴിഞ്ഞു കീഴ്പ്പെടുന്നതു? യാതൊരു കുറവും ഉണ്ടായിട്ടല്ല. പിന്നെയോ തന്റെ സ്ഥാനത്തുനില്ക്കുന്ന വി. പത്രോസിനടുത്ത ശ്ലൈഹിക സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ പാത്രിയർക്കീസുബാവാ തിരുമേനിയെ മലങ്കരമെത്രാനും കൂടെ കീഴ്വഴങ്ങി ഭൗമസഭയെ സ്വർഗ്ഗസഭയോടു സാദൃശ്യമുള്ളതാക്കി ചെയ്യണമെന്നു പഠിപ്പിപ്പാനായിരുന്നു എന്നു ചെവ്വുള്ള കണ്ണുകൊണ്ടു നോക്കിയിരുന്നെങ്കിൽ മനസ്സിലാക്കാമായിരുന്നു എന്നുമാത്രം വിമർശിച്ചുകൊള്ളുന്നു. (ഏശാ. 45: 22; എബ്രാ. 3: 1; വി. യോഹ. 14: 9; 3: 10.

[മുടക്കപ്പെട്ട ശീമ ശിമ്യുദിയ നാസ്യോസ്സ മെത്രാപ്പോലീത്താ അവർകൾക്കു മർദ്ദീനിൽ പോയി മടക്കകൾ തിരുമനസ്സ പറഞ്ഞു വന്നതിനുശേഷം അയച്ച എഴുത്തും മറുപടിയും]

(സുറിയാനിയിൽ നിന്നു തൎജ്ജിമ)

അനേകം മാന്യതയുടെ മുമ്പാകെ ബലഹീനനും പാപിയുമായ ഞാൻ ചാരത്തിനകത്തുള്ള തീപോലെ ഇതുവരെയും മുഴുവനും കെട്ടുപോയിട്ടില്ലാത്ത പഴയ സ്നേഹം മൂലം വിനയപൂർവ്വം അറിയിച്ചുകൊള്ളുന്നതു:—മിശിഹാക്കാലം 1910-ാമാണ്ടു കന്നിമാസത്തിൽ ഞാൻ അവിടത്തേക്കു അച്ചടിച്ച ഒരു സുറിയാനി *മെത്രാ ഒരു ഗീഥ എഴുത്തുസഹിതം അയച്ചിരുന്നതും അതിനു അവിടുന്നു തന്ന വാഴ്‌വിൻെറ മറുപടി കല്പനയിലെ താല്പൎയ്യപ്രകാരം ഞാൻ പരുമല പെരുന്നാളിനു വന്നിരുന്നതും ഓൎക്കുന്നുണ്ടായിരിക്കുമെന്നു വിചാരിക്കുന്നു. ഞാൻ അവിടെ (പരുമല) എത്തിയതിൻെറ ശേഷം നമ്മുടെ ബ. പുന്നൂസുറമ്പാച്ചൻ "പത്രോസു ശ്ലീഹായും ശേഷം ശ്ലീഹന്മാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ല അവരെല്ലാവരും സമന്മാരാണ്" എന്നും മററും എന്നോടു പറകയുണ്ടായി. അദ്ദേഹത്തിൻെറ ഈ സംസാരലാക്ക് പാത്രിയൎക്കീസുബാവായും മററു മേല്പട്ടക്കാരും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നു വരുത്തുവാനായിരുന്നുവെന്നു പ്രത്യക്ഷമാണു. അതങ്ങിനെതന്നേയെന്നു എന്നെക്കാൾഅധികം അവിടത്തേക്കും അറിയാമല്ലൊ. ഞാൻ അവിടെനിന്നു പോന്നതിൻെറശേഷം അവർ തമ്മിലുള്ള വ്യത്യാസത്തെ സംബന്ധിച്ചും കൂടെ കുറെ നിൎത്തുകൾ (മെത്രായുടെ പ്രാസങ്ങൾ) കെട്ടിയുണ്ടാക്കി ആദ്യത്തെ മെത്രായോടൊന്നിച്ചു ചേൎക്കണമെന്നു ഒരു വിചാരം എന്നിൽ കടന്നുകൂടി. ദൈവകൃപയാൽ അങ്ങിനെ ചെയ്കയും വി. പാത്രിയൎക്കീസുബാവാ തിരുമനസ്സുകൊണ്ടു ആലുവായിൽനിന്നു ശീമക്കു തിരിച്ചെഴുന്നെള്ളിയ അന്നു അവയെ എഴുതി

* 14 മുതൽ 21 വരെ വശങ്ങളിൽ ചേൎത്തിരിക്കുന്ന പാട്ടു

ദിവസന്നിധിയിൽ സമൎപ്പിക്കയും ചെയ്തു. എന്നാൽ ഇതിന്റെ ഒരു പ്രതി അങ്ങെ മാന്യതക്കു ഞാൻ അയച്ചതന്നില്ല. ഈ കാൎയ്യം എന്റെ പേരിൽ ഒരു കടമയായിരുന്നു. അതിനാലിപ്പോൾ ഈ എഴുത്തോടുകൂടെ അതും അയച്ചുകൊണ്ടു ആ കടം വീട്ടിക്കൊള്ളുന്നതുകൂടാതെ അങ്ങെസംബന്ധിച്ച എനിക്കുള്ള വേറൊരു കടമ നിവൎത്തിപ്പാൻ കുറെ സംഗതികൾകൂടെ അവിടത്തെ സ്നേഹത്തോടു ഞാനറിയിക്കയും ചെയ്യുന്നു. അവിടന്നുകൂടെ അറിഞ്ഞും ബോധിച്ചുമിരിക്കുന്ന കാൎയ്യങ്ങളല്ലാതെ അറിയാത്ത കാൎയ്യങ്ങളല്ലാ ഞാൻ പറയുന്നതു. അവയിൽ ചിലതു താഴെ എഴുതിക്കൊള്ളുന്നു.

“അവർ മോശയോടു നീ ഞങ്ങളോടു സംസാരിക്ക, ഞങ്ങൾ കേട്ടുകൊള്ളാം, ഞങ്ങൾ മരിക്കാതിരിക്കേണ്ടുന്നതിന്നു ദൈവം ഞങ്ങളോടു സംസാരിക്കരുതെ എന്നു പറഞ്ഞു.” (പുറ. 20: 19) ഇസ്രായേൽജനം മുഴുവനും സമനസ്സാ ഭയത്തോടും വിറയലോടുംകൂടി മോശയോടു താൻ അവൎക്കും ദൈവത്തിന്നും ഇടയിൽ ഒരു മദ്ധ്യസ്ഥനായിരിക്കണമെന്നും ദൈവത്തിന്നുപകരമായിട്ടു അവരോടു സംസാരിക്കണമെന്നും ഹൃദയപൂൎവ്വം അപേക്ഷിച്ചു. മോശ ഈ അപേക്ഷ ദൈവസന്നിധിയിൽ അറിയിക്കയും ദൈവം അവരുടെ അപേക്ഷയിൽ പ്രസാദിച്ചു അവനെ അവൎക്കു തല്ക്കാല മദ്ധ്യസ്ഥനായിട്ടു കല്പിച്ചാക്കുകയും ചെയ്തു. മോശ അവരോടു “നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്നു എഴുന്നേല്പിച്ചു തരും; അവന്റെവചനം നിങ്ങൾ കേൾക്കണം” (ആവ. 18: 15) എന്നുപറഞ്ഞു. ദൈവം പിൽകാലത്തു മോശയെപ്പോലെ തന്റെ പുത്രനായ യേശുവിനെ അവൎക്കു മദ്ധ്യസ്ഥനായിട്ടു നിയമിപ്പാനിരിക്കുന്നുവെന്നു മോശമുഖാന്തിരം അവരോടു കല്പിക്കയും ഇതിന്റെ സ്ഥിരതയ്ക്കായിട്ടു മോശയുടെ കാലശേഷം യോശുവയെ തല്ക്കാല മദ്ധ്യസ്ഥനായി എടുത്തു കല്പിക്കയും ചെയ്തു.

അപ്പോസ്തോലനായ മാർ പൗലോസു പറയുന്നു: “എന്നാലോ അവൻ തന്നെത്താൻ വെറുമയാക്കി ദാസവേഷമെടുത്തു”

(ഫിലി. 2: 7) അതായതു പാപത്തിന്റെ ദാസന്റെ വേഷമെടുത്തു അവന്റെ ഉരുവാക്കപ്പെട്ട അവസ്ഥയും, ഒന്നുമില്ലാത്ത പടുതിയു[ടെ] രൂപമായ സൃഷ്ടിയും സ്വല്പമായ കാലയളവിൽ അനായതു തന്റെ പരിശോധനക്കു മുമ്പുള്ള ഏഴു ദിവസങ്ങൾക്കുള്ളിൽ സ്വയമായിട്ടു പരിപൂർണ്ണമായിട്ടും പ്രത്യക്ഷപ്പെടുന്നുണ്ടു. വീണ്ടും മാർ പൗലോസു ശ്ലീഹാ പറയുന്നതു:—"ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ മനുഷ്യനായ ആദാം പ്രാണനുള്ളവനായും ഒടുവിലത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായും തീർന്നു; ഒന്നാമത്തെ മനുഷ്യൻ ഭൂമിയിൽ നിന്നുള്ള മൺമയൻ രണ്ടാമത്തെ മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നുള്ള കർത്താവു" (1. കോറി. 15: 45, 47) ആദാം പാപം ചെയ്യുന്നതിനു മുമ്പു അവനു രാജത്വവും, പ്രവചനവും, പൌരോഹിത്യവും നല്കപ്പെട്ടിരുന്നു. കല്പനലംഘനംമൂലം അവൻ തള്ളപ്പെട്ടപ്പോൾ അവനിൽ നിന്നെടുക്കപ്പെട്ടുപോയ മേല്പറഞ്ഞ നൽവരങ്ങളെ തന്നിൽ (മിശിഹാ) അവൻ കാണുന്നതും തന്നിൽനിന്നു പഠിക്കുന്നതും തന്നെപ്പോലെ പ്രവർത്തിക്കുന്നതുമായ സത്യമാനസാന്തരംമൂലം രണ്ടാമതു അവനു തിരികെ കൊടുക്കുവാൻവേണ്ടി നമ്മുടെ കർത്താവു അവൻ പാപം ചെയ്തതിന്റെ ശേഷമുള്ള അവന്റെ വേഷത്തെ അവനുവേണ്ടി എടുത്തു. മാർ പൗലോസു അപ്പോസ്തോലൻ തന്നെ പിന്നെയും ഉപദേശിക്കുന്നതു:—"അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണയുള്ളവനും, ദൈവകാര്യങ്ങളിൽ വിശ്വസ്ത മഹാ പുരോഹിതനും ആകേണ്ടതിനു സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായി തീരുവാൻ ആവശ്യമായിരുന്നു." (എബ്രാ. 2: 17) "എഴുന്നള്ളിയ മിശിഹാ താൻ ചെയ്യുന്ന കർമ്മങ്ങളുടെ മഹാപുരോഹിതനായി തീരുകയും............" (എബ്രാ. 9: 7) "അതുകൊണ്ടു വി. സഹോദരന്മാരെ! സ്വർഗ്ഗീയ വിളിക്കു ഓഹരിക്കാരായുള്ളോരെ! നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തോലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചു നോക്കുവിൻ; മോശ ദൈവ ഭവനത്തിലൊക്കയും വിശ്വസ്തനായിരുന്നു

പോലെ യേശുവും തന്നെ നിയമിച്ചാക്കിയവന്നു വിശ്വസ്ഥനാകുന്നു" (എബ്രാ. 3: 1, 2) എല്ലാകാൎയ്യത്തിലും മാതിരിയും ഇങ്ങിനെയുള്ള കുഴപ്പകാലത്തു പൌരോഹിത്യ കാൎയ്യത്തിൽ പ്രത്യേകിച്ചും നമ്മുടെ കൎത്താവേശുമിശിഹായെ നാം കണ്ടു പഠിക്കേണ്ടിയിരിക്കുന്നു. "യേശു അവനോടു ഇപ്പോൾ സമ്മതിക്ക ഇങ്ങിനെ സകല നീതിയും നിവൃത്തിക്കുന്നതു നമുക്കു ഉചിതം എന്നു ഉത്തരം പറഞ്ഞു. എന്നാറെ അവൻ അവനെ സമ്മതിച്ചു" (മത്താ. 3: 15) "യോഹന്നാന്റെ സ്നാനം എവിടെനിന്നു സ്വൎഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നിന്നോ?" (മത്താ. 21: 25) എന്നു ശത്രുക്കളോടു ചോദിപ്പാനും അവരെ ചോദിച്ചുകൂടി ജയിച്ചു നാണിപ്പിപ്പാനും നമ്മുടെ കൎത്താവിന്നു മാൎഗ്ഗം കിട്ടിയതു ഇവിടെ വച്ചാകുന്നു.

നമ്മുടെ കൎത്താവു തന്റെ തിരുമരണബലിയുടെ ശൂയാബാ (ഒരുക്കം) ആരംഭിച്ചപ്പോൾ മുഖ്യമഹാപുരോഹിതനായ കയ്യാപ്പായെ മുഷിക്കുകയും അവനിൽനിന്നു സ്ഥാനങ്ങളേയും അധികാരങ്ങളേയും കീറിക്കളകയും ചെയ്തു. 'അപ്പോൾ മഹാപുരോഹിതൻ വസ്ത്രംകീറി ഇനി സാക്ഷികളെക്കൊണ്ടു നമുക്കെന്താവശ്യം? എന്നു പറഞ്ഞു. (വി. മൎക്കോ. 14: 63) ഇവിടെ ശൂയാബായുടെ ഒന്നാം കൗമ്മാ അവസാനിച്ചു.

അനന്തരം കട്ടവിലത്തേതായ രണ്ടാം കൗമ്മായിൽ കാൎയ്യനും അന്യമതക്കാരനുമായ കൈസർ ചക്രവൎത്തിയുടെ കീഴിലുള്ള നാടുവാഴിയായി കാൎയ്യനും അന്യമതക്കാരനുമായ പീലാത്തോസിൽ നിന്നു തബ്ലൈത്താ (സ്ലീബാ)യും പെറമനും (വിളംബരം) വാങ്ങിച്ചു. (വി. യോഹ. 18: 31, 32; 19: 10, 11) 'അപ്പോൾ അവൻ അവനെ ക്രൂശിക്കേണ്ടതിന്നു അവൎക്കു ഏല്പിച്ചു കൊടുത്തു' അവർ യേശുവിനെ കൊണ്ടുപോയി; അവൻ താൻതന്നെ ക്രൂശിനെ ചുമന്നുകൊണ്ടു എബ്രായ ഭാഷയിൽ ഗോഗുൽത്താ എന്നു പേരുള്ള തലയോടിടം എന്ന സ്ഥലത്തേക്കു പോയി' (വി. യോഹ. 19: 16, 17) അതായതു ഗോൽഗോഥാ മലമുകളിലേക്കു ചെന്നു

തികഞ്ഞവനും വിശ്വാസസ്ഥിരനുമായ മഹാ പുരോഹിതനായി നിന്നുകൊണ്ടു ശ്രേഷ്ഠമായിട്ടുള്ളതും പൂൎണ്ണമായിട്ടുള്ളതുമായ തന്റെ തിരുദേഹബലി അവിടെ അൎപ്പിച്ചു; ആദാമ്യ വംശത്തിന്നായി നിത്യവീണ്ടെടുപ്പു സമ്പാദിക്കയും ചെയ്തു. (എബ്രാ. 5: 8—10) ഈ കാൎയ്യങ്ങൾക്കെല്ലാം താൻ പ്രാപ്തനായിത്തീൎന്നതു പാതാളംവരെ അനുസരണവും കീഴ്വഴക്കവും ഉള്ളവനായി തന്നെത്താൻ താഴ്ത്തുകയും, ന്യായപ്രമാണത്തേയും ദീൎഘദൎശനങ്ങളേയും അവയിലുള്ള പുള്ളി വരയുംകൂടി മുഴുവനായി നിറവേറ്റുകയും ചെയ്തതുകൊണ്ടാകുന്നു. (ഫിലി. 2: 5—11; വി. മത്താ. 5: 17, 18) പിന്നീടു നമ്മുടെ കൎത്താവു തനിക്കുപകരം തന്റെ പരിശുദ്ധസഭയുടെ വികാരിയും മദ്ധ്യസ്ഥനുമായിട്ടു ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിനെ തന്റെസ്ഥാനത്തു നിയമിക്കയും (വി. ലൂക്കോ. 22: 31, 32; വി. യോഹ. 21: 15—17; വി. മത്താ. 16; 13—20) അവന്റെ ശേഷം അവന്റെ രണ്ടാമത്തെ എഴുന്നെള്ളത്തുവരെ ഒരുവന്റെ പിന്നാലെ ഒരുവനായി പരിശുദ്ധാത്മാവുമൂലം പാത്രിയൎക്കീസന്മാരെ നിയമിച്ചുകൊള്ളുവാൻ കല്പനകൊടുക്കയും ചെയ്തുകൊണ്ടു തന്റെ പിതാവിന്റെ അടുക്കൽ സ്വൎഗ്ഗത്തിലേക്കു ആരോഹണം ചെയ്തു. ഇവയെല്ലാം അവിടത്തെ ജ്ഞാനത്തിനു അറിവായിരിക്കട്ടെ.

എന്നാൽ ഒടുവിൽ ഞാൻ അങ്ങയോടു അപേക്ഷിക്കുന്നതു എന്തെന്നാൽ അവിടുന്നു ഒരിക്കലും നെബോത്തിന്റെ പുത്രനായ യരോബോയാമിന്റെ ദുഷ്ടവഴിയിൽ നടപ്പാൻ തുടങ്ങരുതു. (1 രാജാ. 12: 26—33) ദൈവത്തിന്റെ സഭയിൽ കുഴപ്പമുണ്ടാക്കുകയും അതിനെ ഛിന്നഭിന്നമാക്കുകയും അരുതു. ഇതുമാത്രവുമല്ലാ ഇതേവരെ അവിടുന്നു നടന്നിട്ടുള്ളവയും എന്റെ ആദ്യഎഴുത്തിൽ ഞാൻ കണ്ണുനീരോടെ അവയെ സംബന്ധിച്ചു അങ്ങയോടു അപേക്ഷിച്ചിട്ടുള്ളവയുമായ ആ ദുഷ്ടവഴികളിൽനിന്നു സത്യമായി മാനസാന്തരപ്പെട്ടു നമ്മുടെ കൎത്താവേശുമിശിഹായെ എന്നപോലെ ശ്രേഷ്ഠനായ നമ്മുടെ പാത്രിയൎക്കീസ്ബാവാ തിരുമേനിയെ അനുസരിച്ചു

കീഴ്വഴങ്ങിയിരിക്കയും വേണം. ഇങ്ങിനെ, പൂർവസ്ഥിതിയിൽ അവിടുന്നു ഞങ്ങളെല്ലാവരുടേയും ഒരു പിതാവായി തീരണമെന്നാഗ്രഹമുണ്ടു. എന്റെ ആദ്യത്തെ അപേക്ഷ അവിടുന്നു തീരെ നിരസിച്ചു തള്ളുകയും ഈ കുഴപ്പങ്ങളെല്ലാം സംഭവിക്കയും ചെയ്തു. ഇനി ഈ അവസാന അപേക്ഷയെങ്കിലും ഒരിക്കലും നിഷേധിക്കയോ തള്ളിക്കളകയൊ ചെയ്യരുതെന്നു അവിടുത്തെ ദയയോടു വീണ്ടും വീണ്ടും നിർബന്ധമായി അപേക്ഷിക്കുന്നു. ദൈവത്തിന്റെ കരുണയാൽ എനിക്കു ഒരുവിധം സുഖമാണു. അവിടെയും അപ്രകാരമെന്നു വിശ്വസിക്കുന്നു. നമ്മുടെ പരിശുദ്ധസഭയിലെ കുഴപ്പങ്ങൾനിമിത്തം തകർന്നിരിക്കുന്ന എന്റെ മനസ്സിനെ ആശ്വസിപ്പിക്കുന്നതും സന്തോഷിപ്പിക്കുന്നതുമായ മറുപടിക്കായി അതിവാഞ്ചയോടെ ഞാൻ കാത്തിരിക്കുന്നു. എന്നു ബലഹീനനായ

ഗീവറുഗീസു റമ്പാൻ (ഒപ്പു)

മിശിഹാക്കാലം 1925 മകരം 23-ാംനു-

കുഴിക്കാട്ടുകുന്നു ദയറായിൽ നിന്നും.

മറുപടി

നമ്പ്ര് 110 മലങ്കരയുടെ മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്തായിൽനിന്നു്

നമുക്കു എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന കൊച്ചുപറമ്പിൽ ഗീവറുഗീസു റമ്പാച്ചനു ബൃർക്സാ

റമ്പാച്ചൻ അയച്ച എഴുത്തും പാട്ടും കിട്ടി. ഇതിനായിട്ടു സമയം ചെലവഴിച്ചതും പ്രയാസപ്പെട്ടതും നമ്മെപ്രതിയും സഭക്കുവേണ്ടിയും ആകുന്നുവെങ്കിൽ അതിനുവേണ്ടി വളരെ നന്ദി പറഞ്ഞുകൊള്ളുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്നു മിശിഹാക്കാലം 1025-നു കൊല്ലം 1100-മാണ്ടു കുംഭമാസം 13-ാംനു-, പഴയസെമിനാരിയിൽനിന്നും.

ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവാ ഇത്യാദി (ഒപ്പു)

[illegible] കത്തിലെ [illegible] ചെറിച്ചും അല്പം പറയുന്നു. ഈ എഴുത്തിൻ്റെ [illegible] പ്രദേശം [illegible] കൊണ്ടു പട്ടത്വം മാത്രമെന്നുള്ളതാണ്. ആദാമിൻ്റെ സാദൃശത്തിൽ രക്ഷകൻ്റെ നടപടികളെ കൊണ്ടാണ് അതു തെളിയിച്ചിരിക്കുന്നതും. എന്നാൽ പട്ടത്വം മാത്രമല്ല മാമ്മോദീസായും മുദ്രകൊണ്ടു പോകും. പരിശുദ്ധ ആത്മാവാസവും ഇല്ലാതാകും. മനുഷ്യനിൽനിന്നു എടുക്കപ്പെടാതെ എന്നും അവനിൽ സ്ഥിതിചെയ്യുന്ന നൽവരങ്ങൾ തിരിച്ചറിവും സ്വാതന്ത്ര്യവും മാത്രമാകുന്നു. ദൈവത്തെ അറിഞ്ഞു വിശ്വസിക്കയും തൻ്റെ ഹിതാനുസരണം ജീവിക്കയും ചെയ്യുന്നതിനാൽ (അഥവാ അങ്ങിനെ ചെയ്യുമെന്നുള്ള വാഗ്ദത്തത്താൽ) യോഗ്യത നിമിത്തം നൽകപ്പെടുന്നവയാകുന്നു മാമ്മോദീസാ മുതലായവ. ദൈവത്തെ ഉപേക്ഷിച്ചു അല്ലെങ്കിൽ തന്നെ അഗണ്യമാക്കി സ്വാതന്ത്ര്യത്തെ ദുരുപയോഗപ്പെടുത്തുന്നതിനാൽ അയോഗ്യതനിമിത്തം പ്രസ്തുത നൽവരങ്ങൾ എടുക്കപ്പെടുകയും ചെയ്യും. എന്നാലും തിരിച്ചറിവും സ്വാതന്ത്ര്യവും ഓരോരുത്തരിലും നിലനില്ക്കും. സൽബുദ്ധികളായിത്തീർന്ന സത്യമാനസാന്തരത്തിൽ തിരിച്ചു വരുമ്പോൾ നഷ്ടപ്പെട്ട നൽവരങ്ങൾ തിരികെ കൊടുക്കപ്പെടുന്നതുമാണ്. തിരിച്ചറിവും സ്വാതന്ത്ര്യവും എടുക്കപ്പെടാത്തതു, ഗുണദോഷവിവേചനം ചെയ്യുന്നതിനും, മാനസാന്തരംമൂലം തിരിച്ചുവന്നു കൃപാനൽവരങ്ങൾ പ്രാപിക്കുന്നതിനും നിവൃത്തിയില്ലാതെ കേവലം മൃഗീയരായിത്തീരുമെന്നുള്ളതിനാലും, ദൈവഭാഗത്തുനിന്നു രക്ഷയോ ശിക്ഷയോ നടത്തുന്നതിനു സാദ്ധ്യമല്ലാതെ വരുന്നതിനാലുമാകുന്നു. മാനസാന്തരപ്പെട്ടു വരുമ്പോൾ വീണ്ടും മാമ്മോദീസാ മുക്കാത്തതിനാലും വീണ്ടും പട്ടം കൊടുക്കാത്തതിനാലും അവ മുദ്രകൊണ്ടു പോകന്നില്ലെന്നും ഒരഭിപ്രായമുണ്ടത്രെ. ഈ അഭിപ്രായക്കാരുടെ ബുദ്ധി എത്രയും ലഘുവായിട്ടുള്ളതാകുന്നു. അവ ആവർത്തിക്കാതിരിക്കുന്നതു മുദ്രകൊണ്ടു നിൽവാൻ പോകാതിരിക്കുന്നതിനാലല്ല; എന്നാലെ, ആരിൽനിന്നു ഏതെങ്കിലും നൽവരങ്ങൾ പറിക്കപ്പെടുന്നവോ

വങ്ങളെമേൽ ആ അപ്രത്യക്ഷ നാശവങ്ങളെല്ലാം പ്രത്യക്ഷ കർമ്മ ങ്ങൾ ചെയ്താൽ നശിക്കപ്പെട്ടതാകകൊണ്ട് ആ ദോഷങ്ങളുടെ സംക്ഷേപമാകുന്ന പ്രത്യേകപ്രയത്നങ്ങൾ ചൊല്ലിയുള്ള കൈവല്യനുഗ്രഹിക്കൽ, ആശീർവാദത്തിൻ അനുഗ്രഹ കല്പനകൊടുക്കൽ എന്നി എഞ്ചിൻ തിരിപ്പുകൊണ്ടുമാത്രം യന്ത്രമുണ്ടാക്കലാകുന്ന കർമ്മാവർത്തന കൂടാതെതന്നെ ഉരിയപ്പെട്ടുപോയ അപ്രത്യക്ഷ നാശങ്ങൾ വീണ്ടും ഉളവാകുന്നതുകൊണ്ടാകുന്നുവെന്നും എഞ്ചിൻ തിരിപ്പിനെ ഒരാവർത്തനകർമ്മമായി പേർ പറയുന്നില്ലന്നേയുള്ള എന്നും മേൽപറഞ്ഞ അഭിപ്രായക്കാർ ഇനിയെങ്കിലും മനസ്സിലാക്കിയാൽ കൊള്ളാം. പരിശുദ്ധാത്മാവും പിന്നീട പരിശുദ്ധാത്മാവിൽനിന്നു നൽകപ്പെടുന്ന നൽവരങ്ങളും കിട്ടിയതിനുശേഷം ഒരിക്കലും എടുക്കപ്പെടുകയില്ലെന്നുള്ളതാണ് വാസ്തവമെങ്കിൽ "മനുഷ്യനിൽ എന്റെ ആത്മാവ് സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല (സ്വ. ത. വസിക്കയില്ല) അവൻ ജഡം തന്നെയല്ലോ" (ഉല്പത്തി-6: 3) എന്നു പഴയനിയമത്തിലെ ആപ്തവാക്യത്തിലും "ആ താലന്തു അവനിൽ നിന്നെടുത്തു പത്തു താലന്തുള്ളവനു കൊടുപ്പിൻ" (വി. മത്താ-25: 28) എന്നു പുതിയനിയമത്തിലെ ആപ്തവാക്യത്തിലും സർവ്വേശ്വരൻ തമ്പുരാൻ തിരുവാഴ്മൊഴിയായി കല്പിച്ചിരിക്കുന്നതിന്റെ അർത്ഥം എന്ത്? ആദ്യ പുസ്തകത്തിൽ പറയുംപോലെ ആത്മാവ് എടുക്കപ്പെട്ടുപോയി എങ്കിലും ദൈവപുത്രന്റെ അവതാരംമൂലം തിരികെ കിട്ടിയതിനുശേഷം അനുയായികളിൽനിന്നു അവസാനനാളിൽ മാത്രമെ അതു എടുക്കപ്പെടുകയുള്ളൂ. അതിനിടയ്ക്കു അതിനെ ഉണ്ടാകയില്ല. എന്നാണ് നമ്മുടെ കർത്താവു കല്പിച്ചതിന്റെ അർത്ഥമെന്നു വല്ല കബുദ്ധികളും പറവാൻ ഭാവമുണ്ടെങ്കിൽ "സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ" (വി. മത്താ-18:17) എന്നു കർത്താവുതന്നെ കല്പിച്ചതളിൽ അതിന്റെ രഹസ്യം എന്തെന്നു അതിനെയുള്ളവർ ആലോചിക്കട്ടെ. എടുക്കപ്പെടേണ്ടിയവരും നൽവരങ്ങൾ ഉരിയപ്പെടേണ്ടിയവരും ആയിത്തീർന്നിട്ടും അധികാരമുള്ള

വർ വല്ലകാരണവശാലും അതിന്നു ചെയ്യാനുള്ള പല അവ
ശ്യമായ താലന്തുകാരും കൎത്താവിന്റെ എഴുന്നെള്ളത്തുകാലത്തു
ണ്ടായിരിക്കമെന്നും അവരെ തിരുസാന്നിധിയിൽ വരുത്തി അവ
ൎനിന്നു താലന്തുമെടപ്പിച്ചു നിത്യബന്ധനത്തിലാക്കി ശിക്ഷിക്കാ
ശിക്ഷക്ക് തള്ളിക്കളയുമെന്നുമാണ് താലന്തു എടുത്തു പത്തുള്ളവനു
കൊടപ്പിനെന്നു കൎത്താവു കല്പിച്ചതിന്റെ അൎത്ഥം. അല്ലാതെ, അ
തിനിപ്പുറത്തു തോന്ന്യാസം കാട്ടുന്നവരിൽ നിന്നു നൽവരങ്ങളെ
യും വി: ആത്മാവിനേയും എടുത്തു അവരെ ഭ്രംശം ചെയ്യാൻ അ
ധികാരമുള്ളവൎക്കവകാശമില്ലെന്നല്ലാ എന്നു ധരിച്ചാലും. സഭക്കു
അവരോടു ഒരിക്കലും സംസൎഗ്ഗമൊ സഹകരണമൊ അനുവദിക്കാ
ത്ത പുറജാതിക്കാൎക്കു പട്ടത്വമുണ്ടൊ? അതിനെതന്നെയുമല്ല പു
ങ്കക്കാൎക്കു ആ വിശിഷ്ടനൽവരം ഉണ്ടായിരിക്കുമൊ? അവരിൽ അ
തു വച്ചുകൊണ്ടിരിപ്പാൻ ദൈവം സമ്മതിക്കുമൊ? ഒരിക്കലുമില്ല.
ഉണ്ട് എന്നാണെങ്കിൽ ഏതു ചക്രിശങ്കരന്മാൎക്കും ദുൎവ്വൃത്തുകാൎക്കും
മാറും ക്ലേശകൾ കൊടുക്കാതെ സഭയിൽ ചേൎക്കയും സഭക്കു അ
വരോടുചേൎന്നു നടക്കയുമാം. അതിനെയുമല്ലല്ലൊ നാം ചെയ്യു
ന്നതു സഭക്കു വെളിയിൽ മാമ്മൂദീസാ പട്ടത്വങ്ങൾ ഇല്ലെന്നു മ
ഹാപുരോഹിതനായ നമ്മുടെ കൎത്താവു പരിഛേദനക്കു മുമ്പുള്ള
തന്റെ പുൽക്കൂടുവാസത്താൽ ആദാമിന്റെ സാദൃശത്തിൽ രണ്ടാ
മത്തെ ആദാം ആയി നിന്നുകൊണ്ടു സ്പഷ്ടമായി തെളിയിച്ചിട്ടുണ്ടു.
പഴയ കാലത്തെ പരിഛേദന പുതിയകാലത്തെ മാമ്മൂദീസാപോ
ലെയാണെന്നു ഒരുവിധത്തിൽ പറയാമല്ലൊ. യാതൊരു ദേഹിയും
പരിഛേദന ഏല്ക്കാഞ്ഞാൽ കൊല്ലപ്പെടണമെന്നത്രെ മോശെ
കല്പ്രമാണം. ആ കൊല ദൈവസഖ്യത്തിൽ നിന്നകന്നു മരിച്ചു
കിടക്കുന്നുവെന്നു അൎത്ഥപ്പെടുത്തുന്നു. മാമ്മൂദീസാ മുങ്ങാത്തവനെ
അതുപോലെ കൊല്ലുന്നില്ലെങ്കിലും അവൻ ക്രിസ്തുമൂലമുള്ള ദൈവ
സഖ്യത്തിൽ നിന്നു വേർപെട്ടു മരിച്ചുകിടക്കുന്നുവെന്നു അൎത്ഥപ്പെ
ടുത്തുന്നു. ഈ സത്യാവസ്ഥ നിമിത്തമാണ പഴയകാലത്തു പരിഛേ
ദനയും പുതിയകാലത്തു അതിന്റെ പൊരുളാകുന്ന മാമ്മൂദീസായും

ക്കൂടിയേ തീരുവെന്നു നിർബന്ധിച്ചതും നിർബന്ധി
ച്ചെത്രമിശിഹാ എട്ടാം ദിവസം പരിഛേദനേ ഏററ
മാത്രമാകുന്നു സഭയിലെ അംഗമായിത്തീർന്നു. അതിനു
ജാതിയിൽ ജനിച്ചവനെന്നിതന്നാലും ചുരുങ്ങിയ കാല
ഏഴുദിവസമെങ്കിലും സഭയ്ക്കു വെളിയിൽ ആദാമിനെ പ്രതി
ക്കൊണ്ടിവന്നു. ആദാമിൻെറ ലംഘനാമൂലം അവനിൽനിന്നു
വരങ്ങൾ ഉരിയപ്പെട്ടു പറുദൈസായാകുന്ന സഭയിൽനിന്നു
വൻ വെളിക്കു തള്ളപ്പെട്ടുപോയി എന്നും തന്നെ കണ്ടു പഠിച്ചു
ഭാവങ്ങൾ പരിഛേദിച്ചു കളയുന്നപക്ഷം സഭയിലെ അംഗ
ദൈവത്തോടു വ്യത്യയുള്ളവനുമായി തീരാമെന്നും അവരെ ഉ
പദേശിക്കയും ചെയ്തു. കർത്താവു പരിഛേദനമൂലം സഭയിലെ ഒ
ംഗമായിത്തീർന്നുവെന്നുള്ളതു കേവലം ഒരു അത്മായസ്ഥാനത്തു മാ
ത്രമാണെന്നും മുപ്പതാം വയസ്സുവരെ അതിൻെറ ചടങ്ങുകളെ നി
വേററിക്കൊണ്ടു മുപ്പതാം വയസ്സിൽ പരിഛേദനയെ അവസാനി
പ്പിച്ചു യോഹന്നാനാൽ പിതാവിൽനിന്നു മാമ്മൂദീസാമൂലം പരിശു
ദ്ധാത്മാവും പരിശുദ്ധാത്മാവിൻെറ മൂന്നു വിശിഷ്ട സ്ഥാന നൽവര
ങ്ങളാകുന്ന നിബിയത്വം, രാജത്വം, പട്ടത്വം എന്നാദിയായ നൽ
വരങ്ങളാ പ്രാപിച്ചു ആദാമിനും സന്താനങ്ങൾക്കും വേണ്ടി മനു
ഷ്യപ്രകാരവും അഭിഷിക്തനായിത്തീർന്നുവെന്നും മുപ്പതുവയസ്സുവരെ
താൻ ഈ നൽവരങ്ങളില്ലാത്തവനെപ്പോലെ ഇരുന്നതു ആദാം
പാപാമൂലം നൻവരങ്ങളുരിയപ്പെട്ടു അവയില്ലാത്തവനായി തീർന്നു
പോയി എന്നു അവനെ പ്രബോധിപ്പിച്ചു തിരികെ കൊടുപ്പാൻ
മാനസാന്തരത്തിലേക്കു ആകർഷിപ്പാനായിരുന്നു എന്നും അവശ്യം
ധരിച്ചിരിക്കേണ്ടതാണു. എന്നാൽ ആരിൽനിന്നു ഏതു നൽവരം
ഉരിയപ്പെട്ടാലും ഭ്രഷ്ടാക്കപ്പെട്ടാലും മഹറോൻ ചൊല്ലപ്പെട്ടാലും
അങ്ങിനെയുള്ളവർ മാനസാന്തരപ്പെട്ടു തിരിച്ചുവന്നു പഴയ സ്ഥാ
നത്തു ആയേക്കുമെന്നും ആകണമെന്നുമുള്ള ആശയിന്മേ
ൽ പരിശുദ്ധ അഭിഷേക കർമ്മങ്ങൾ നടത്തപ്പെട്ടവരെ
നമ്മൾ ഒരു മാന്യത അവർക്കു ശേഷിപ്പിച്ചിരിക്കുന്ന

തിനാൽ അവരെ അനിഷ്ടം സാധിക്കയോ ഉപദ്രവിക്കയോ ചെയ്യാതെ ഭയഭക്തിപൂർവ്വം ബഹുമാനിക്കേണ്ടതാകുന്നു എന്നും പരിശുദ്ധ സഭ യ്ക്കു സംബന്ധിച്ച അവരോടുകൂടെ അനുസരണയും പ്രവർത്തിക്കേണ്ട തും പരിശുദ്ധദൈവഹൃദയനായ ദാവീദുരാജാവു്, രാജനൽവന്നി ൽ നിന്നു ഓടിക്കപ്പെട്ടു ദുരാത്മബാധിതനായി തീർന്നിരുന്ന ശൗ ലെ സംബന്ധിച്ച കാര്യത്തിൽ "യഹോവായുടെ അഭിഷിക്തന്റെ മേൽ കൈ വെച്ചിട്ട് ആരു ശിക്ഷ അനുഭവിക്കാതെപോകു ന്നു മാറും" (1 ശമു-26-ാം അദ്ധ്യായം) പറഞ്ഞിരിക്കുന്നതിൽനി ന്നു ഏവർക്കും ഗ്രഹിക്കാമല്ലോ. മാനസാന്തരത്തിൽനിന്നുള്ള മാ മ്മൂദീസാമൂലം പരിശുദ്ധാത്മ അഭിഷേകം കൂടാതെ ആരേയും ക്രി സ്ത്യാനികളാക്കുകയില്ലെന്നും, അങ്ങിനെ മാമ്മൂദീസാപ്പെട്ട ക്രിസ്ത്യാ നികളിൽ ആരെയെങ്കിലുമല്ലാതെ പൗരോഹിത്യത്തിലേക്കു വിളിക്കു കയില്ലെന്നും, വിളിക്കപ്പെട്ട പുരോഹിതന്മാരിൽ ആരെങ്കിലും ന ൽവരങ്ങൾ ഉരിയപ്പെടുത്തുക അയോഗ്യരായി കാണപ്പെട്ടാൽ അ വർ അവയിൽനിന്നു ഒഴിക്കപ്പെടുന്നതും; പൂർവ്വസ്ഥിതിയിൽ അത്മേനി കളായി മാത്രം നിർത്തപ്പെടുന്നതും, അത്മേനിയെന്നുള്ള നില മോ ക്ഷപ്രാപ്തിക്കു ധാരാളം മതിയാകുന്നതും, വിനയപൂർവ്വം അങ്ങിനെ നില്ക്കാതെ അഹങ്കരിച്ചു പ്രവർത്തിക്കുന്നപക്ഷം അവരിൽനിന്നു പ രിശുദ്ധാത്മാവിനെയുംകൂടെ എടുത്തു വി: മാമ്മൂദീസാമൂലമുള്ള അ ത്മേനിസ്ഥാനത്തുനിന്നും തള്ളി സഭാഭ്രഷ്ടനായ പുറജാതിക്കാരൻ അല്ലെങ്കിൽ ചുങ്കക്കാരൻ എന്നു പരിഗണിക്കപ്പെടുന്നതുമാകുന്നു എന്നുംകൂടി ഗ്രഹിച്ചിരിക്കേണ്ടതാണ്. എന്നാൽ തിരിച്ചുക, പൂർണ്ണ മാ മ്മൂദീസ്സാക്കാരായാലും കൊള്ളാം അപൂർണ്ണ മാമ്മൂദീസ്സാക്കാരായാലും കൊള്ളാം മേൽവിവരിച്ചവിധം ധരിച്ചു പ്രവർത്തിക്കാതെ മാമ്മൂദീ സാപ്പെട്ടവർക്കെല്ലാം പരിശുദ്ധാത്മാവും (ദൈവപുത്രസ്ഥാനവും) പ രിശുദ്ധാത്മാവുള്ളവർക്കെല്ലാം പരിശുദ്ധാത്മ നൽവരങ്ങളും (പട്ട ത്വം.........) ഉണ്ടെന്നും പറഞ്ഞു തോന്ന്യാസമായി പ്രവർത്തിച്ചു തീർന്നതും പ്രവർത്തിക്കുന്നതിന്റെയും ഫലമായിട്ടാകുന്നു ഇടത്തൂട് കൾ എന്ന പേരിൽ വിവിധങ്ങളായ ഉപദേശങ്ങളും വിഭിന്ന സ

ളും കൈകളും കണ്ടാലറിയാവുന്ന ആകൃതികൾ ദൈവത്തിനും എന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന വെളിച്ചം ഇതു വലിയ ആപല്ക്കരമായിട്ടുള്ളതാകയാൽ പ്രത്യേകം കരുതിയും ഉണ്ടാവോളം ജീവിക്കണമെന്ന ഗുണദോഷിച്ചുംകൊണ്ട് നിൎത്തുന്നു.

[ഇനി, വട്ടശ്ശേരിമെത്രാച്ചൻ റിവിഷ്യൻകേസ്സ ജയിച്ചതിന്റെ ശേഷം അദ്ദേഹത്തിന്റെ പേൎക്ക പാമ്പാക്കുടെനിന്നും ഞാനയച്ച എഴുത്ത ഇവിടെ പകൎത്തുന്നു.]

പരേതനായ വ. ദി. ശ്രീ. മലങ്കരമല്പാൻ കോനാട്ട മാത്തൻ കോറെപ്പിസ്കോപ്പാ അവൎകളുടെ പ്രേതാടിയന്തിരത്തിന വന്നിരുന്ന എല്ലാ വൈദികന്മാരും ചേൎന്ന ഒരു യോഗം നി. വ. ദി. ശ്രീമാന്മാരായ ക്നാനായ ഇടവകയുടെ മാർ ദിയസ്കോറോസ്, കണ്ടനാട ഇടവകയുടെ മാർ തീമോഥെയോസ എന്നീ തിരുമേനികളുടെ അദ്ധ്യക്ഷതയിൽ അന്നേദിവസം തന്നെ നടത്തുകയുണ്ടായി. യോഗത്തിൽ ആലോചനാവിഷയമായിരുന്ന സംഗതികൾ മൂന്നായിരുന്നു. 1. മല്പാനച്ചൻ അവൎകളുടെ സ്മാരകം സംബന്ധിച്ചും 2. അദ്ദേഹത്തിന്റെ മകനായ ശെമ്മാച്ചനെ കുറെ കാലത്തേക്ക പഠിപ്പിക്കുന്നതിന ഞാൻ സ്ഥലത്ത താമസിക്കണമെന്നുള്ളതിനെപ്പറ്റിയും, 3. അദ്ദേഹം ആരംഭിച്ചിട്ടും തന്റെ നിൎയ്യാണംമൂലം പൂൎത്തിയാക്കാൻ കഴിയാതെപോയി സമുദായവഴക്ക സംബന്ധിച്ചുണ്ടായ രാജിയാലോചനക്കായും തുടൎന്ന പ്രവൎത്തിക്കണമെന്നുള്ളതിനെക്കുറിച്ചും തന്നെ. ഒന്നും രണ്ടും സംഗതികൾ തൎക്കമൊന്നും കൂടാതെ കലാശിച്ചു. മൂന്നാമത്തേതായ ഒടുവിലത്തെ സംഗതിയെപ്പറ്റി പറയാൻ തുടങ്ങിയപ്പോഴെ തൎക്കമായി ഇതു സംബന്ധിച്ച ഒന്നാമതായി അനുകൂലാഭിപ്രായം പുറപ്പെടുവിച്ചത പള്ളിക്കരെ കുറി

ത്രൂക്കൽ മാണിയച്ചനും കോതമംഗലത്തു നെടുന്തള്ളിൽ കത്തിച്ചേറിയ അച്ചനുമാണു. അവരുടെ അഭിപ്രായം പ്രസ്താവിച്ചു കഴിഞ്ഞപ്പോൾ പുക്കരേൻ യൗസേപ്പുകത്തനാർ എഴുന്നേറ്റു, തത്സംബന്ധമായി ആലുവായിൽകൂടിയ യോഗനിശ്ചയങ്ങളും ഹർജികളും നി. വ. ദി. മ. ശ്രീ വി. മോറാൻ പാത്രിയർക്കീസുബാവാ തിരുമനസ്സിലെ സന്നിധിയിൽ ഊർശ്ലേമിലേക്കു അയച്ചതു അവിടെ കിട്ടിയ അവസരത്തിൽ സ്ഥലത്തുണ്ടായിരുന്ന ചൊള്ളമ്പേൽ കോറെപ്പിസ്കോപ്പാ അച്ചനോടു അതുകളെപറ്റി വി. മോറാന്റെ അഭിപ്രായങ്ങൾ എങ്ങിനെയെല്ലാമാണെന്നുള്ള വിവരം യോഗത്തിൽ പ്രസ്താവിക്കണമെന്നു ആവശ്യപ്പെട്ടതനുസരിച്ചു ടി. കോറെപ്പിസ്കോപ്പാഅച്ചൻ ഊർശ്ലേമിൽ വച്ചു അറിഞ്ഞിടത്തോളം സംഗതികൾ പ്രസ്താവിക്കയും ചെയ്തു. അപ്പോൾ മുളന്തുരുത്തിൽ പാലക്കാട്ടുയോഹന്നാനച്ചൻ, രാജിയെപ്പറ്റി ആലുവായിൽ കൂടിയ യോഗനിശ്ചയങ്ങളും ഹർജികളും സംബന്ധിച്ചു പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു അവിടത്തെ പ്രതിനിധിയായ മാർ യൂലിയോസുബാവാ തിരുമനസ്സിലെ കെയ്യിൽ കല്പന അയച്ചിട്ടുണ്ടല്ലോ. പിന്നെ എന്തിനാണു അതുമിതും പറഞ്ഞു സമയം കളയുന്നതു എന്നു പറകയും കല്പനയിലെ താല്പര്യം പ്രസ്താവിക്കയും ചെയ്തു. അതായതു ആലുവാ യോഗനിശ്ചയങ്ങളും ഹർജികളും തിരുമുമ്പാകെ കിട്ടിയെന്നും വേണ്ടപോലെ ആലോചിച്ചതിൽ മുടക്കപ്പെട്ട ദിവന്നാസ്യോസു തിരുമുമ്പാകെ ചെന്നപ്പോൾ പറഞ്ഞിരുന്നതനുസരിച്ചു ഭരണം ഒഴിഞ്ഞിരിക്കുന്നപക്ഷം മുടക്കു തീർക്കാമെന്നും തള്ളപ്പെട്ട അബ്ദൽമിശിഹിനാൽ വേഷം കെട്ടപ്പെട്ടവർ വി. സിംഹാസനത്തെ കീഴ്‌വഴങ്ങി ഇരുന്നുകൊള്ളാമെന്നുള്ള ഉടമ്പടികളുംകൊണ്ടു തിരുസന്നിധിയിൽ എത്തിയാൽ അവരെ മെത്രാപ്പോലീത്തന്മാരായിപട്ടംകെട്ടി സ്ഥാത്തിക്കോനുകളും കൊടുത്തു അയക്കാമെന്നും ഈ വിവരം മല്പാനെയും സഹകാരികളെയും അറിയിച്ചുകൊള്ളണമെന്നുമാണു മലങ്കരയുടെ മാർ അത്താനാസ്യോസു മെത്രാപ്പോലീത്തായിൽ

മനസ്സിലെ ദ്വേഷംകൊണ്ടാണ ഈ കല്പന വന്നിട്ടുള്ളൂ. ആ തിരുമേനിആയിടെ തന്നെ മല്പാനച്ചനേയും മററും തെറ്റപ്പെടുത്തുകയും ചെയ്തിട്ടുണ്ട. ചൊള്ളമ്പേൽ കോറെപ്പിസ്കോപ്പാ അച്ചന്റെ പ്രസ്താവനയും സംശയത്തിൽ മേല്പറഞ്ഞതിനോടു യോജിച്ചായിരുന്നു. ഇതനുസരിച്ചു പ്രവൎത്തിപ്പാൻ എതൃകക്ഷികൾക്ക സമ്മതമില്ലെന്നാണ അറിവ എന്നും പറഞ്ഞു. പാത്രിയൎക്കീസുബാവാ തിരുമനസ്സുകൊണ്ടു ഇങ്ങിനെ കല്പന അയച്ചിരിക്കെ അതിനെതിരായി വേറൊരുവിധം രാജിആലോചന നടത്തുന്നതു ചേൎച്ചയല്ലെന്നും വക്കീലിനെവരുത്തി കേസ്സുപറകയാണ വേണ്ടതെന്നും ഭൂരിപക്ഷമായപ്പോൾ മാണിയച്ചനും കുഞ്ഞിച്ചെറിയ അച്ചനും, ഇങ്ങിനെ ആയാൽ എതൃകക്ഷികൾ തോററാലും ജയിച്ചാലും സഭയിൽനിന്നു പിരിഞ്ഞുപോകുമെന്നും അങ്ങിനെ വരാതിരിപ്പാൻ വ്യവഹാരം നിൎത്തിവെച്ചുകൊണ്ടു വല്ല വിധത്തിലും രാജിയാകാൻ നോക്കണമെന്നും പറഞ്ഞു. അതിനു ഞാൻ പറഞ്ഞതു, എതൃകക്ഷികൾ വിശേഷാൽ ദീവന്നാസ്യോസുമെത്രാച്ചൻ അന്ത്യോഖ്യാ സിംഹാസനത്തെ അനുസരിച്ചു നില്ക്കുന്നവരായിട്ടാണ എന്റെ അറിവു. അവർ തോററാലും ജയിച്ചാലും അതിനു വിരോധമായി പ്രവൎത്തിക്കയില്ലാ. സഭയിൽനിന്നു പിരിഞ്ഞുപോകയുമില്ലാ. അതുകൊണ്ടു കേസ്സിന്റെ ജയാപജയങ്ങൾ കഴിഞ്ഞിട്ടുമാത്രം രാജിക്ക ശ്രമിച്ചാൽ മതിയെന്നാണ. അപ്പോൾ മാണിയച്ചൻ, ഇങ്ങിനെ കഥയില്ലാതെ റമ്പാച്ചൻ സംസാരിക്കരുതു. അവർസഭയിൽനിന്നു പിരിഞ്ഞുപോകാൻ വേണ്ട ആലോചനകളും നിശ്ചയങ്ങളും ചെയ്തുകഴിഞ്ഞിരിക്കയാണ. സ്വത്തിനു വേണ്ടിട്ടു കേസ്സിൽ ജയംകിട്ടാൻ മാത്രമാണ അവർ അന്ത്യോഖ്യാസിംഹാസനത്തെയും പാത്രിയൎക്കീസുബാവായേയും കീഴ്വഴങ്ങി നില്ക്കുന്നതെന്നു പറയുന്നതു എന്നു പറഞ്ഞു. അങ്ങിനെയെങ്കിൽ അത്തരക്കാരുമായി രാജി പറവാൻപോകേണ്ട ആവശ്യം ഒട്ടുംതന്നെയില്ലെന്നു ഞാൻ വീണ്ടും പറഞ്ഞു. ഈ വിധത്തിലാണ ആ യോഗം അവസാനിച്ചതു.

എന്നാൽ ഇപ്പോൾ വിശിഷ്യാ അവിടുന്നു ഉയർന്ന കടമ ഉള്ള ശുദ്ധിയുള്ള വി. സിംഹാസനത്തിന്റെയും പാത്രിയർക്കീസു ബാവാ തിരുമനസ്സിലെയും വരുതിവിട്ടു ഒരിക്കലും അവിടുന്നു മാറുകയില്ലെന്നും ഭരണം ഒഴിഞ്ഞിരുന്നുകൊള്ളാമെന്നും ആണു പറയുന്നതെന്നും ബാവാ ഭാഗത്തുള്ള ചില പള്ളിക്കാർ തങ്ങളുടെ പള്ളികളിലേക്കു ചെല്ലാൻ അപേക്ഷിച്ചിട്ടും അവിടുന്നു പോകാതിരിക്കുന്നതു ഇക്കാരണത്താലാണെന്നും മറ്റും ഒട്ടു വിശ്വാസയോഗ്യമായ വിധത്തിൽ ചില ആളുകളിൽനിന്നു ഞാൻ കേൾക്കാനിടയായി. ഇതുകൾ എനിക്കു സന്തോഷവും ആശ്വാസവുമുണ്ടു. ഇതു എഴുതി അവിടത്തെ ബോധിപ്പിപ്പാൻ എന്നെ ഉത്സാഹിപ്പിച്ചതിന്റെ കാരണം ഇതുതന്നെയാണ്. വി. പിതാവു അവിടത്തെ മുടക്കുന്നതിനു മുമ്പും മുടക്കു തീർത്തതും പറഞ്ഞു അവിടുന്നു ശീമവിട്ടു മടങ്ങിപ്പോന്നതിനുശേഷവും ഗ്രന്ഥദോഷത്തിലേപ്പോലെ ഓരോ അപേക്ഷകൾ സമുദായക്കാരും സംബന്ധിച്ചു ഞാൻ അവിടത്തെ ബോധിപ്പിച്ചിട്ടുള്ള മുറക്കു ഇക്കാരണത്താലും അവിടുന്നു വിജയം നേടിയിരിക്കുന്ന ഇക്കാലത്തും ആ വിധത്തിലുള്ള ഒരു അപേക്ഷകൂടെ അയപ്പാൻ എനിക്കു കടമയുണ്ടെന്നാണു എന്റെ ബോധം. അതിനാൽ ഇപ്രകാരം അവിടുന്നു പ്രവർത്തിക്കണമെന്നു സങ്കടത്തോടെ ഞാൻ അപേക്ഷിക്കുന്നു. വി. പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ അടുക്കൽ കുറ്റമേറ്റു പറഞ്ഞു ക്ഷമായാചനം ചെയ്തു അവിടത്തെ കല്പനപ്രകാരം നടന്നുകൊള്ളാമെന്നു സമ്മതിച്ചു മുടക്കു തീർപ്പിച്ചു അനുഗ്രഹം പ്രാപിക്കണം. തള്ളപ്പെട്ട അബ്ദുൾമശീഹിനാലും അങ്ങേതിൽനിന്നു പ്രാപിച്ച അനുമതിയാലും വേഷം കെട്ടപ്പെട്ടവർ മാറിയുള്ള കാര്യം ബാവാതിരുമനസ്സിലെ ഇഷ്ടംപോലെ ചെയ്യുന്നതിനു സമ്മതിച്ചു അതും അവസാനിപ്പിക്കണം. ആ ശീശ്മാധ പ്രിവാദിനു വെച്ചുകൊണ്ടിരിക്കുന്നു? അനവധി പ്രവർത്തിച്ചുപോയതുമാണല്ലോ. ഇങ്ങിനെ ഉണ്ടായേടത്തോളം കഴിപ്പാൻ ഇനിക്കു സമാധാനം വരുത്തുകയും ചുരുക്കിയ ശീശ്മായുടെ സ്സുകളിലും ബാവാതിരു

മനസ്സിലെ ഇഷ്ടമകനായി നിന്നുകൊണ്ടു അവിടത്തെ ആജ്ഞാനു
സരണം ഭരണം നടത്തി കഴിച്ചുകൂട്ടുവാൻ ശ്രമിക്കയും വേണം
നാട്ടുകാർ നാശമുണ്ടാക്കുന്നതിനു ശീമക്കാരെ കുററം പറയുന്നതു
എന്തിനു? സഭമേൽ ആത്മികമായും ലൗകികമായുമുള്ള പരമാധി
കാരം പാത്രിയർക്കീസ്സുബാവാക്കുണ്ടെന്നും ആ തിരുമേനിയെ എല്ലാ
വരും അനുസരിച്ചും കീഴ്വഴങ്ങിയും ഇരിക്കണമെന്നും ഉള്ളതു
ക്രൈസ്തവ സത്യമാണെന്നും അങ്ങിനെ ചെയ്യാതിരിക്കുന്നതു ശി
ക്ഷാർഹമായ കുററമാണെന്നും ആണല്ലൊ നമ്മുടെ വി. സഭയുടെ
വിശ്വാസോപദേശം. മെത്രാപ്പോലീത്താ സ്ഥാനത്തിലേക്കു അവി
ടത്തെ തെരിഞ്ഞെടുത്തതും അവിടന്നു മെത്രാപ്പോലീത്താ ആയിപ
ട്ടം കെട്ടപ്പെട്ടതും ഭരണം നടത്തുവാനാണു. ഭരണം ഒഴിഞ്ഞു വെറു
തെ ഇരിപ്പാനല്ല. ഭരണം കൂടാതെ ഇരിപ്പാനായിരുന്നു എങ്കിൽ അവരി
ന്നു മെത്രാപ്പോലീത്താസ്ഥാനം വേണ്ടിയിരുന്നില്ല. അവിടന്നു സ്വീ
കരിച്ച ദയറായ്ക്കുസാ വേഷംമാത്രം ധാരാളം മതിയാകുമായിരുന്നു, ഭ
രണം ഒഴിഞ്ഞിരുന്നു കൊള്ളാമെന്നു മോറാൻ തിരുമനസ്സിലെ സ
ന്നിധിയിൽ അവിടന്നു അറിയിക്കാനുണ്ടായ കാരണം പലരും പ
റഞ്ഞു കേട്ടറിവുണ്ടു. ആ കാരണം പ്രവർത്തിച്ചുകൊണ്ടു ഭരണം ന
ടത്തുന്നതിനേക്കാൾ ഭരണം ഒഴിഞ്ഞിരിക്കുന്നതാണു നല്ലതെന്നു.
തീരുമാനിച്ചതു സ്വന്ത ബുദ്ധിയിൽ തോന്നീട്ടായാലും മറ്റേതു മ
ഹാന്മാരുടെ ആലോചന മൂലമായിരുന്നാൽ തന്നെയും അതു സ
ർവ്വ അബദ്ധവും ദോഷകരവും ആയിപ്പോയെന്നും അതാണു ഈ
നാശമെല്ലാം ഉണ്ടാക്കിത്തീർത്തതെന്നും നിശ്ചയംതന്നെ. നേരെമ
റിച്ചു വിനയാനുസരണബുദ്ധ്യാ ആ കാരണം അവിടന്നു നിറവേ
റ്റിക്കൊണ്ടു ഭരിക്കാൻ തുടങ്ങിയിരുന്നുവെങ്കിൽ ഈ വിധം കുഴപ്പ
ങ്ങൾക്കു കാരണമാകത്തക്കവണ്ണം ആരും അവിടത്തേക്കു എതിരാ
കയില്ലായിരുന്നു എന്നു മാത്രമല്ല ഈ കാലത്തിനിടയിൽ നമ്മുടെ
സഭ ഒരു നല്ല സ്ഥാനത്തു എത്തുകയും ചെയ്യുന്നേ. അതിനുള്ള മാ
ർഗ്ഗം ഇനിയും തുറന്നുതന്നെയാണു കിടക്കുന്നതു. അടഞ്ഞുപോയി
ട്ടില്ല. [illegible]ണക്കാരുടെ മതഭേദവും മാററിവയ്ക്കുന്ന പക്ഷം നമ്മു

ടെ സഭയുടെ അറിവിലും എന്നാൽ അവയെ വിടാതെ മുറുകെ പിടിക്കുന്നതിലും അതിന്റെ ഉറവിന്നും തക്ക കരുവായി അവിടത്തേപ്പോലെ ഒരു വീരപുരുഷനെ ഞാൻ കാണുന്നില്ലെന്നു എന്റെ ആദ്യത്തെ എഴുത്തിൽ പറഞ്ഞതുപോലെ ഇനിയും പറഞ്ഞുകൊണ്ടും ആ ദുസ്വഭാവങ്ങൾ നിക്കിക്കളഞ്ഞു തൽസ്ഥാനത്തു അനുസരണവും കിഴ് വഴക്കവും ഉപയോഗിച്ചു സഭയിൽ സമാധാനമുണ്ടാക്കണമെന്നു പിന്നേയും അപേക്ഷിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു. മറുപടിക്കായും അപേക്ഷിച്ചുകൊള്ളുന്നു. ദൈവകൃപയാൽ എനിക്കും ഇവിടെ മറെറല്ലാവക്കും ഒരു വിധം സുഖമാണു. അവിടെയും അങ്ങിനെതന്നെ എന്നു വിശ്വസിക്കുന്നു. വിജയവിധിയുടെ ഇരുഭാഗത്തുമുള്ള ഗുണാഗുണങ്ങളുടെ വാസ്തവമായ വിവരണം മറുപടിയിൽ കാണിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു. മുഴുവനും തൽഗാപോലെ നരച്ചും അഷ്ടാംഗങ്ങൾ ശമിച്ചും വാർദ്ധക്യദശയിൽ എത്തിയും മരണത്തോടടുത്തുമിരിക്കുന്ന ഇനിയെങ്കിലും സത്യവാന്മാരായ സഭാംഗങ്ങൾക്കു ഭക്ത്യാദരവോടും സംതൃപ്തിയോടും കൂടെ അവിടത്തെയോടു ആത്മീയമായ ക്രിസ്തീയസംസർഗ്ഗം അനുവദിക്കണമാഗ്ഗം—അതെ, വി. പാത്രിയക്കീസുബാവാ തിരുമനസ്സുകൊണ്ടു അവിടത്തെ കൈക്കൊള്ളുന്ന ഒരു ശുഭാവസരം തന്നെ—ഉണ്ടാവാൻ കൃപയരുളണമെന്നു മിശിഹാതമ്പുരാനോടു പ്രാത്ഥിക്കയും ചെയ്യുന്നു. എന്നു പാമ്പാക്കുടെ വലിയപള്ളിയിൽ ശെമ്മാസിക്കും ബലഹീനനും പാപിയുമായ കൊച്ചുപറമ്പിൽ ഗീവറുഗീസു റമ്പാൻ.

മിശിഹാക്കാലം 1928-ാമാണ്ടു കക്കടകമാസം 14-ാംനു-ക്കു
കൊല്ലവഷം 1103-ാമാണ്ടു ടി. മാസം 12-ാംനു-
ടി. വലിയപള്ളിയിൽനിന്നും (ഒപ്പു)

ഈ എഴുത്തിൽ എന്തെങ്കിലും കുറവുവാചകം എഴുതാഞ്ഞതുകൊണ്ടൊ വിജയവിധിയുടെ ഗുണാഗുണങ്ങൾക്കുടെ അറിയിക്കണമെന്നാവശ്യപ്പെട്ടതുകൊണ്ടൊ എന്തോ അറിഞ്ഞുകൂടാ; മറുപ

 റി തരിക ഉണ്ടായില്ല. എഴുത്തു അരവിടെ കിട്ടിയെന്നും അതേസംബന്ധിച്ച മററു ചിലരോടു എന്നെ അല്പം ശകാരിച്ചും ശാസിച്ചും സംസരിച്ചുഎന്നും ഉറപ്പായ വിധത്തിൽ വേറെ വഴി ആ കാലത്തുതന്നെ എനിക്കു അറിവു കിട്ടിട്ടുണ്ടു. ഇതു ഞാൻ അദ്ദേഹത്തിനയച്ച ഒടുവിലത്തെ എഴുത്താകുന്നു. പിന്നീടു ആലുവായിൽ വച്ചു വി. പാത്രിയക്കീസുബാവാ തിരുമനസ്സുകൊണ്ടു അദ്ദേഹത്തെ മുടക്കിൽ നിന്നു വിമോചിച്ച ദിവസം ഞാനും സ്ഥലത്തുണ്ടായിരുന്നു. മെത്രാച്ചൻ ബാവായെ കാണ്മാൻ വരുന്നുവെന്നു കേട്ടപ്പോൾ, അശുഭമായിട്ടാണു പിരിയാനിടവരുന്നതെങ്കിൽ അദ്ദേഹവുമായി കാണാനിടയാകരുതെന്നു കരുതി ഞാൻ ദയിമ്മനാരിയിൽ നിന്നറങ്ങി പള്ളിയോടു ചേർന്നു തെക്കു വശത്തുള്ള മുറിയിൽപോയി ഇരുന്നുകളഞ്ഞു. മുടക്കു തീർത്തതിൻെറ സന്തോഷ ശബ്ദമാകുന്ന ചീയേഴ്സു മുതലായവ കേട്ടപ്പോൾ, പ്രസ്തുത എഴുത്തിൻെറ അവസാന ഭാഗത്തു പറഞ്ഞിരിക്കുന്ന പ്രകാരം എൻെറ ബലഹീന പ്രാർത്ഥനാ ഫലമായ ശുഭാവസരം വന്നല്ലോയെന്നുള്ള സന്തോഷത്തോടെ ഞാനും ചെന്നു തൃക്കൈമുത്തി. തിരുമേനി എന്നെ അറിയാഞ്ഞു് ആരാണെന്നു ചോദിക്കയും ഇ നാരാണെന്നു മനസ്സിലാക്കയും ചെയ്തു. ആ സമയത്തു വടകരെ തട്ടമ്പാറേൽ മത്തായിപ്പിള്ള മുതൽപേരും വന്നു കൈമുത്തി. അപ്പോൾ തിരുമേനി, ഇരുഭാഗത്തുമുള്ള പ്രധാനികൾക്കു തമ്മിൽ കണ്ടു കാര്യം പറയാനെന്നുള്ളിടമാക്കിട്ടുണ്ടെന്നേയുള്ളു എന്നു കല്പിച്ചു. ആ വാക്കു കേട്ടപ്പോഴേ എനിക്കു മതിമതിയായി. തദനന്തരണം ഓരോന്നായി പിന്നാലെ ഉണ്ടായസംഭവങ്ങൾ കാൺകയും കേൾക്കയും ചെയ്തപ്പോഴത്തെ കഥ പറയാനുമില്ലല്ലോ. ഇതിലെ മുടക്കു തീർത്തതിൻെറ ശേഷം തിരുമേനിയുടെ പേർക്കു ഒരെഴുത്തു കൂടെ അയക്കണമെന്നു തോന്നാതിരുന്നില്ല. എങ്കിലും അതിനിടയാകാതെ [illegible]. പിന്നീടു ആലോചിച്ചതിൽ അയച്ചിട്ടുള്ള [illegible] അധികമായിപ്പോയില്ലയോ രണ്ടു ധാരാളം [illegible] ല്ലോ എന്നൊരു മനസ്ഥാപമാണുണ്ടാകാൻ [illegible] "സഭയിൽ ഭിന്നതവ

ത്തുന്ന മനുഷ്യനോടു ഒന്നു രണ്ടുവട്ടം ബുദ്ധിപറഞ്ഞശേഷം അവനെ ഒഴിക്ക. ഇങ്ങിനെയുള്ളവൻ വക്രബുദ്ധിയായി പാപംചെയ്തു തന്നെത്താൻ കുററം വിധിച്ചിരിക്കുന്നു എന്നു നിനക്കറിയാമല്ലൊ" (തിത്തോ. 3: 10, 11) എന്നു വി. പൗലോസ്ശ്ലീഹാ പറഞ്ഞിരിക്കുന്നുവല്ലൊ.

[നി. വ. ദി. ശ്രീ. ഗീവറുഗീസു മാർ ദീവന്നാസ്യോസു മെത്രാപ്പോലിത്താ (വട്ടശ്ശേരിമെത്രാച്ചൻ) തിരുമേനി മുടക്കപ്പെട്ടതിനു മുമ്പുള്ള കല്പനകളും മുടക്കിലിരിക്കുമ്പോഴുള്ള എഴുത്തുകളുമാണല്ലൊ ഇതിൽ പകൎത്തിയിരിക്കുന്നതു. എന്നാൽ അവിടുന്നു റമ്പാച്ചനും മല്പാനച്ചനുമായിരുന്ന കാലങ്ങളിലുള്ള ഓരോ എഴുത്തുകൂടെ ചേൎത്തു ഈ ഉദ്യമം ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു.]

കോട്ടയം,
79 മകരം 16.

അയച്ചുതന്ന മാക്കലിസ്റ്റ് കിട്ടി. നിങ്ങളുടെ വിലയേറിയ അഭിപ്രായത്തിന്നായി നന്ദിപറഞ്ഞുകൊള്ളുന്നു. അതിനെക്കുറിച്ചുള്ള വിവരങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം.

വിശേഷിച്ചും ഞാൻ ഉണ്ടാക്കി അച്ചടിപ്പിച്ച സുറിയാനി ആദ്യപാഠപുസ്തകം ഒന്നു നിങ്ങൾക്കായി അങ്ങോട്ടയച്ചിരിക്കുന്നു. ആയതിൽ പിഴകൾ കണ്ടേക്കാം. ഇനിയത്തെ അച്ചടിപ്പിൽ തിരുത്തി അച്ചടിപ്പിച്ചുകൊള്ളാമെന്നു സമാധാനപ്പെടുന്നു. നിങ്ങൾ ഇതു മുഴുവനും വായിച്ചുനോക്കി അഭിപ്രായം അറിയിക്കണം. തെററുകൾ പ്രത്യേകം അറിയിക്കണം. നിങ്ങളുടെ അഭിപ്രായത്തെ ഞാൻ വളരെ വിലയായിട്ടത്രെ വിചാരിച്ചിരിക്കുന്നതു. കഴിഞ്ഞ പരീക്ഷയിൽ മാർക്കിടുവാൻ ഞാൻ നിങ്ങൾക്കു നിശ്ചയിച്ച വിഷയം ആലോചിച്ചാൽ എനിക്കു നിങ്ങളെക്കുറിച്ചുള്ള മതിപ്പു വെളിപ്പെടുന്നതാ

കുന്നു. അതിനെ സംബന്ധിച്ചു നിങ്ങൾ പറഞ്ഞിട്ടുള്ള അഭിപ്രായത്തോടു ഞാൻ പൂൎണ്ണമായി ചേരുന്നു. നിങ്ങൾ നോക്കിയ ക്ലാസ്സിലെ മാൎക്കനുസരിച്ചാകുന്നു മററുള്ള വിഷയങ്ങളിലും ഓരോരുത്തരുടെ ശക്തി കണ്ടതു. ചിലർ നോക്കിയതിൽമാത്രം വ്യത്യാസം കണ്ടു. കാരണം എന്തോ അറിയുന്നില്ല. പരീക്ഷാഫലം പിന്നാലെ അറിയിക്കാം. കുറുപ്പുമ്പടിക്കാരൻ കത്തനാരച്ചന്റെ ലിസ്റ്റ് ഇതുവരെ കിട്ടിയില്ല. കാരണം എന്തെന്നറിയുന്നില്ല. ശേഷം പിന്നാലെ. എന്നു ആബൂൻ ദയറോയൊ ഗീവറുഗീസു മ്ഹീലൊ. (നിങ്ങളുടെ സഹോദരൻ ബലഹീനനായ ഗീവറുഗീസു റമ്പാൻ)

Fr: V. J. Geevargese.

കോട്ടയം,
1075 കന്നി 17.

ലക്ദോംഹ്ബേ ഉദക്യൂസു ലേബേ ദാബ്ഹുൻ ദയറോയോ ഗീവറുഗീസു ർഹീമോ വമ്ഃയക്രോ.

താങ്കൾ അയച്ചതായ കൌതുകമേറിയ എഴുത്തുകിട്ടി. വായിച്ചു കണ്ടതിൽ എനിക്കുണ്ടായ സന്തോഷം എഴുത്തുമൂലം അറിയിപ്പാൻ പ്രയാസം. ദൈവതിരുസന്നിധിയിൽ താങ്കൾ ചെയ്ത ഉടമ്പടിയെ അവസാന ശ്വാസംവരെയും പൂൎവ്വാപരമാത്ഥതയോടുകൂടെ കാക്കുന്നതിനു സംഗതി വരേണമെ എന്നു ബലഹീനനായ ഞാനും സൎവ്വശക്തനായ ദൈവത്തോടു പ്രാൎത്ഥിക്കുന്നു. ഒരുവിധമായിട്ടെങ്കിലുമുള്ള വല്ല ആന്തരത്തോടുകൂടെ എന്തെങ്കിലും ഒരു സ്ഥാനം ഏല്ക്കുമ്പോൾ മിക്ക സമയങ്ങളിലും അതിന്റെ ഗൌരവത്തെയും ചുമതലയേയും കുറിച്ചു തങ്ങനെ ഒരു വിചാരം ഹൃദയത്തിൽ ഉണ്ടാകുന്നതാകയാൽ ആദ്യകാലത്തെ പരീക്ഷകൾ കഠിനതിരുമെന്നുള്ളതു അനുഭവമായിരിക്കുന്നതാണു. പഴകുമ്പോൾ സ്ഥിതി [illegible] കണ്ടേക്കാം. അതിനാൽ ഇപ്പോ[illegible]

ങ്ങളുടെ താഴ്മ, കളങ്കമില്ലായ്മ, ഹൃദയശുദ്ധി മുതലായ സൽഗുണങ്ങളെ അവസാനത്തോളം കാത്തുകൊള്ളുന്നതിനും നിത്യവും ശുദ്ധിയിൽ വളരുന്നതിനും അത്രെ ഉത്സാഹിക്കേണ്ടതു. പുതിയവേഷത്തിൽ പഴയമനുഷ്യനെ വെറുക്കാതിരിക്കയില്ല. വേഷം പഴകുമ്പോൾ പഴയ മനുഷ്യൻ അധികാരപ്പെടാതിരിപ്പാൻ എല്ലായ്പോഴും കാത്തിരിക്കേണ്ടതാണ്. വേഷം പഴകുന്നതു ഒരു ദിവസംകൊണ്ടല്ല. താന്താങ്ങൾ അറിയാത്തപ്രകാരം ക്രമേണയാണ്. അതിനാലത്രെ പ്രത്യേകം സൂക്ഷിക്കേണ്ടതു. മരിച്ചുകിടക്കുന്ന ഒരു ശവത്തിനു നിഗളം, ജഡമോഹം, ദ്രവ്യാഗ്രഹം മുതലായവ യാതൊന്നും ഇല്ലല്ലൊ. നാം എല്ലാവരും പ്രത്യേകം ദയറായക്കാർ മിശിഹായോടുകൂടെ മരിച്ചു എന്നു മാത്രമല്ല കബറടക്കപ്പെട്ടവരും ആകയാൽ ഇനിയും ഇവ ഒന്നും കാണപ്പെടുവാൻ പാടില്ല. ഉയിപ്പിന്റെ ജീവനും അതിനടുത്ത പ്രവൃത്തികളും ആണ് കാണേണ്ടതു. ഇതു സാധിക്കണമെങ്കിൽ തങ്ങളെതന്നെ മുഴുവനായി ദൈവത്തിനു ഏല്പിച്ചുകൊടുക്കേണ്ടതാണ്. പൂർണ്ണമനസ്സുണ്ടെങ്കിൽ പൂർണ്ണശക്തിയും കിട്ടുന്നതാണ്. ബഹുമാനത്തിനു എല്ലാവരും ആഗ്രഹിക്കുന്നതാണല്ലൊ. ദയറായക്കാൎക്കുള്ള മാനം ദൈവഭയം ആണെന്നു പറയേണമെന്നില്ലല്ലൊ. അതിനാൽ ലോകജ്ഞാനംകൊണ്ടു വിചാരിച്ചാലും ആത്മജ്ഞാനംകൊണ്ടു വിചാരിച്ചാലും ദൈവഭയംതന്നെ നല്ലതു. നിങ്ങളെക്കുറിച്ചു വല്ലതും സംശയമുള്ളതിനാൽ ഇപ്രകാരം പറയുന്നതെന്നു വിചാരിക്കരുതു. സ്നേഹംകൊണ്ടു പറയുന്നതത്രെ. ദൈവവും മനുഷ്യരും നിങ്ങളിൽ സന്തോഷിക്കുന്നതിനു ഇടവരുമെന്നത്രെ എന്റെ ആശ. സർവ്വശക്തൻ അതിനെ നിറവേററട്ടെ.

എന്നു കാട്ടുമങ്ങാട്ട് ഗീവറുഗീസ് (ഗീവറുഗീസുകത്തനാർ)

Fr: V. J. Ceevargese.

ഈ മറുപടി സംബന്ധിച്ചും കുറച്ചു പറഞ്ഞുകൊള്ളട്ടെ. അ പ്പാനെ ഉപസംഹാരമാകയില്ലല്ലൊ. ഇതു അദ്ദേഹം എനിക്ക അ യച്ച എഴുത്താകുന്നു. ഇതിനു കാരണമാക്കിത്തീൎത്ത എന്റെ എഴുത്തു ഞാൻ അങ്ങേക്ക അയച്ച എഴുത്തുകളിൽ ഒന്നാമത്തെതു മാണു. ഞാൻ റമ്പാനായപ്പോൾ മെത്രാച്ചന്മാർ, റമ്പാച്ചന്മാർ, മല്പാനച്ചന്മാർ ഇങ്ങിനെ പ്രധാനപ്പെട്ടവൎക്കെല്ലാം എഴുത്തുകളയ ച്ചിരുന്നു. ആ കൂട്ടത്തിൽ ഒരു പ്രധാനപ്പെട്ട ആളായിരുന്ന ഇദ്ദേ ഹത്തിനും എഴുതിഅയച്ചു. നോക്കണം! എത്ര സാരവത്തായും സ ഗൗരവമായുമുള്ള മറുപടിയാണു എന്റെ ഴപക്കയച്ചിരിക്കുന്നതു? എനിക്ക വല്ല ഇഷ്ടക്കേടും തോന്നിയേക്കും എന്നു അവിടെ സംശ യം ജനിച്ചിട്ട് "നിങ്ങളെകുറിച്ചുവല്ലതും സംശയമുള്ളതിനാൽ ഇ പ്രകാരം പറയുന്നതെന്നു വിചാരിക്കരുതു, സ്നേഹംകൊണ്ടു പറയു ന്നതത്രേ" എന്നുകൂടെ വിശേഷാൽ എഴുതുവാൻതക്കവണ്ണം അത്ര ക്ക സംഗതി നഗ്നമാക്കി, മേലാൽ എനിക്ക ഉപകാരമായി തീരു ന്നതിനും ക്രമേണ ഞാൻ എന്നെത്തന്നെ ദൈവത്തിനു ഏല്പിച്ചു ഒടുവിൽ മുഴുവനായി തങ്കൽ സമൎപ്പിക്കണമെന്നു കാണിപ്പാൻ "മുഴുവനായി" എന്ന വാക്കിന്റെ താഴെ വലിപ്പചെറുപ്പത്തിൽ

ഇങ്ങിനെ നാലുവരയും കൊടുത്തു എഴുതിയിരിക്കുന്നു. ഈ വിധം പ്രവൎത്തിക്കുന്ന ഒരാളെ സ്നേഹിക്കാതിരിപ്പാൻ എങ്ങിനെകഴിയും? ഈ സംഭവത്തിനു കുറെമുമ്പു ഞാൻ ശെമ്മാച്ചനായിരിക്കുമ്പോൾ പാമ്പാക്കുട താമസിക്കുന്നകാലത്തു അന്നു മല്പാനായിരുന്നഇദ്ദേഹം അവിടെവന്നു. അവിടത്തെ മല്പാനച്ചൻ അന്നു എവിടെയൊ പോയിരിക്കയായിരുന്നു. ഞങ്ങൾ ശെമ്മാച്ചന്മാർ ഇദ്ദേഹത്തെ ആദരവോടെ ശുശ്രൂഷിക്കയും അവിടത്തെമല്പാനച്ചൻ വന്നുകണ്ടു പോകണമെന്നു കരുതി ഒന്നോ രണ്ടോ ദിവസം താമസിക്കയും ചെയ്തു. മല്പാനച്ചൻ വരാൻ താമസിച്ചതിനാൽ കാണ്മാനിടയാ കാതെ തിരിച്ചുപോകേണ്ടിവന്നു. ഇതിനിടയിൽ ഒരു ദിവസം അ

ത്താഴം കഴിഞ്ഞശേഷം ഞങ്ങളെ എല്ലാവരേയും അടുക്കൽ വിളിച്ചു ഞങ്ങളോടു നിങ്ങൾ ഇപ്രകാരം എന്നെ വിചാരിച്ചുകൊണ്ടു ഞാനും നിങ്ങൾക്കു വല്ലതും തരാഞ്ഞാൽ കൊള്ളാമൊ? എന്നു ചോദിച്ചുകൊണ്ടു "നമ്മുടെ കൎത്താവു ആകൽക്കറുസായെ തോല്പിച്ചു അവന്റെ തല ചതച്ചു, പല്ലും തകൎത്തു, അവന്റെ അടിമയിൽനിന്നു നമ്മെ വിടുൎത്തിയുമിരിക്കുന്നു. ഇനി നാം അവനെ ഭയപ്പെട്ടിട്ടു കാൎയ്യമില്ല. അവന്റെ വാൾകൊണ്ടു തോണ്ടാൻ മാത്രമെ അവനു സാധിക്കു. നാം അവനോടു എതൃത്തു നില്ക്കണം. അല്ലാഞ്ഞാൽ ചിലപ്പോൾ വാൾകൊണ്ടു ഉപദ്രവിച്ചു നമ്മെ അപകടത്തിലാക്കും. ആകയാൽ സൂക്ഷിച്ചുകൊള്ളണം എന്നും മറ്റും" ഒരു ഗുണദോഷം പറകയുണ്ടായി. ഈ ഗുണദോഷത്തിന്റെയും ഇതിനു മുമ്പു നന്നാ ചെറുപ്പത്തിൽ രണ്ടു കൊച്ചു ശെമ്മാശ്ശന്മാരോടു പറഞ്ഞതും അവരിൽനിന്നു സമുപ്രായക്കാരനായ ഞാൻ കേൾക്കാനിടയായതുമായ വേറൊരുപദേശത്തിന്റെയും സൂചനകൾ ഇതിൽ ആദ്യം പകൎത്തിയിരിക്കുന്ന അങ്ങേക്കുള്ള എന്റെ എഴുത്തിൽ "നിങ്ങൾ ക്രിസ്തുവിനെ കണ്ടിട്ടുണ്ടോ......" എന്നും "സ്വാധീനമുള്ളിടം കൊണ്ടു അതായ്തു വാൾകൊണ്ടു..." എന്നും കാണിച്ചിട്ടുണ്ടു. ഇങ്ങിനെയും മറ്റുമുള്ള സാരവത്തായ സദുപദേശങ്ങളാലും ഇദ്ദേഹം ഉണ്ടാക്കിയ മതസംഗതി എന്ന പുസ്തകത്താലും മെത്രാസ്ഥാനത്തിന്നു മുമ്പു അതി തീവ്രമായ പോരാട്ടം എതിരാളികളായ ഇടവകക്കാരോടു നടത്തി അവരുടെ തല കുനിയിച്ചതുമാകുന്നു ഞാൻ ഇദ്ദേഹത്തെക്കുറിച്ചു മതിപ്പുവിചാരിപ്പാനും ഇദ്ദേഹത്തെ സ്നേഹിപ്പാനും ഇദ്ദേഹത്തെ മെത്രാസ്ഥാനത്തിലേക്കു ആഗ്രഹിക്കാനും കാരണമായതു. സ്ഥാനം കൈക്കലായിക്കഴിഞ്ഞതിനുശേഷം ഇതുപയ്യന്നാ ഓരോന്നായി ഇദ്ദേഹത്തിൽ കാണാൻ തുടങ്ങിയ തലമറന്നും സത്യത്തിന്നെതിരായുമുള്ള ദുഷ് പ്രകൃതികൾ നിമിത്തമാകുന്നു ഞാനും എന്നെപ്പോലെ പലരും ഇദ്ദേഹത്തെ വെറുക്കാനും നിരസിക്കാനും തുടങ്ങിയതു. ഇദ്ദേഹം അവയിൽ

എത്രത്തോളം മുതിന്നിരിക്കുന്നുവൊ അങ്ങിനെ തന്നെ ഇദ്ദേഹത്തോടുള്ള വെറുപ്പും നിരസവും മുതിന്നാണിരിക്കുന്നതു. എങ്കിലും ഇദ്ദേഹത്തിനും കൂട്ടുകാൎക്കുംവേണ്ടി മാനസാന്തരത്തിന്നായി ഇപ്പോഴും പ്രാൎത്ഥിക്കുന്നുണ്ടു. വി: പൗലോസ് തന്റെ റോമ്മാ ലേഖനം 2: 17—24 വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ ആയി തീൎന്നുപോയല്ലൊ ഇദ്ദേഹം എന്നോൎക്കുമ്പോൾ വളരെ ലജ്ജയും സങ്കടവുമുണ്ടു, എങ്ങിനെ മാനസാന്തരവും കാണുന്നില്ല. എന്തു ചെയ്യാം? ഞാൻ ദയറാവേഷം സ്വീകരിച്ചപ്പോൾ ദൈവ സന്നിധിയിൽ ചെയ്ത ഉടമ്പടി അവസാനംവരെ പാലിക്കണമെന്നു അതിലേക്കു വേണ്ട മാൎഗ്ഗം കാണിച്ചു സവിശേഷമായ ഗുണദോഷം തന്നയാൾ ഇദ്ദേഹമല്ലായിരിക്കുമൊ? ഞാൻ റമ്പാനായി "നിഗളം, ജഡമോഹം, ദ്രവ്യാഗ്രഹം മുതലായവസംബന്ധിച്ച മിശിഹായോടു കൂടെ മരിച്ചു കബറടക്കപ്പെട്ടതു" പോലെ ഇദ്ദേഹം റമ്പാനായപ്പോൾ മരിച്ചില്ലായിരിക്കുമൊ? ഓ! ഞാൻ ഓൎത്തില്ല. മെത്രാന്തസ്ഥാനത്തിനായിട്ടുള്ള റമ്പാന്തസ്ഥാനത്തു അങ്ങിനെയുള്ള മരണം ആവശ്യമില്ലായിരിക്കാം. അഥവാ, ഉണ്ടായിരുന്നിട്ടു മരിച്ചാൽ തന്നെയും മെത്രാന്തസ്ഥാനം സ്വീകരിച്ചു കഴിയുന്നമാത്രയിൽ അവ സംബന്ധിച്ചു ഉയിൎത്തെഴുനേല്ക്കേണ്ടതായിരിക്കാം. ഇങ്ങിനെയുള്ള കാൎയ്യങ്ങളുടെ നിശ്ചയം അറിയണമെങ്കിൽ കാനോൻ മുതലായ സഭാചരിത്രങ്ങളും ശീമയിലെ നടപടികളും അറിയാവുന്ന ആളും ഇദ്ദേഹത്തോടുവളരെ ആനുകൂല്യത്തിൽ നിന്നുകൊണ്ടു വാദിക്കുന്ന ആകവെ ഇദ്ദേഹത്തിന്റെ ലയിനിലേക്കു തിരിച്ചുവിടാൻ ഭഗീരഥ പ്രയത്നംചെയ്യുന്ന ആളുമായ ഞങ്ങളുടെ മാർ തിമൊഥെയോസു തിരുമേനിയോടു ചോദിക്കണം. വല്ലപ്പോഴും കണ്ടെങ്കിൽ പരീക്ഷ ചോദിക്കാം. അതുവരെ സംശയത്തിൽ കിടക്കട്ടെ. ആഹാ ഒന്നുപറഞ്ഞു വേറൊന്നിലേക്കു കടന്നുപോയല്ലൊ. ആകട്ടെ. കടന്നുപോയ സ്ഥിതിക്കു അല്പംകൂടെ പറഞ്ഞുകൊണ്ടു വിഷയം തുടരാം. എന്റെയും ഗുരുഭൂതനായിരിക്കുന്ന പരേതനായ വ. ദി. ശ്രീ. മലങ്കര മല്പാൻ കോനാട്ടു മാത്തൻ കോറെപ്പിസ്കോപ്പാ അവൎകളുടെ പം

മാൎത്ഥാവിസ്മാരത്താലോ മറോറാ മെത്രാസ്ഥാന തെരിഞ്ഞെടുപ്പു
ചോട്ടിനു, ഗീഖയോസ്സ സൂത്രവും (യോശ്രു. 9: 3—27) മഹാജ്ഞാ
നിയായ ശലോമോന്റ്യ വചനവും (സഭാപ്ര. 26: 23—28) ഓ
ൎക്കാതെ സഹകരിക്കുകയും ചില രാജി ആലോചനക്കം മററും പു
റപ്പെടുകയും ചെയ്തതിന്റെ ഫലമായിട്ടു ഞങ്ങളുടെ തിരുമേനിക്കു
സ്വാധീന ശക്തിയുള്ളതും ഉണ്ടെന്നു തോന്നുന്നതുമായ ചില പ
ള്ളികളിൽ പ്രകൃത വിരുദ്ധമായി പകരം ആണുങ്ങളെ പെണ്ണുങ്ങ
ളുടെ സ്ഥലത്തേക്കും പകരം പെണ്ണുങ്ങളെ ആണുങ്ങളുടെ സ്ഥല
ത്തേക്കുമുള്ള അത്ഭുതിമാററം, ഒരുറവയിൽനിന്നു തന്നെ കൈപ്പു
വെള്ളവും മധുരവെള്ളവും പുറപ്പെടുവാൻ കഴികയൊ എന്നും മ
റും (യാക്കോ. 3: 11, 12) പറഞ്ഞിരിക്കുന്നതിനെതിരായി—അ
ബെ വി. സിംഹാസനത്തിനും മററുമനുകൂലമായി മധുരവെള്ളം
പുറപ്പെടുവിച്ചുകൊണ്ടിരുന്ന പാമ്പാക്കുട മാർ യൂലിയോസു പ്രസ്സി
ൽനിന്നുതന്നെ—അതിന്റെ തഫല്പപ്പാസു മാത്രമല്ല അതിനും
അതിന്മേൽ വാഴുന്ന വി: പാത്രിയൎക്കീസുബാവാ തിരുമേനിക്കും എ
തിരായിട്ടു കൈപ്പു വെള്ളമാകുന്ന അസത്യങ്ങളും അസഭ്യങ്ങളും
നിറഞ്ഞ ലഘുലേഖോത്ഭവം, വെറും വേഷധാരി മാത്രമാകുന്ന പീ
ലക്സീനോസിനെയും കൊണ്ടുള്ള ഗീവറുഗീസു മാർ ദീവന്നാ
സ്യോസു മെത്രാച്ചന്റെ പാമ്പാക്കുട എപ്പിസ്കോപ്പസു (വലിയ) പ
ള്ളി സന്ദൎശനം, എനിക്കു മുടക്കുണ്ടെന്നൊ അതു തീൎന്നുതരണമെ
ന്നൊ ഞാനാവശ്യപ്പെട്ടിട്ടില്ല, "മുടക്കുവാൻ അധികാരമുള്ളവരാരും
എന്നെ മുടക്കിയതായിട്ടു എനിക്കു യാതൊരറിവുമില്ലഎന്നും മററും"
മനോരമ (1108 മീനം 16-ാംനു-ലെ, 45-ാം പുസ്തകം 73-ാം ല
ക്കം മനോരമ) വഴിയായി വിളിച്ചു കൂകുന്ന ആളിന്റെ മുടക്കുതി
ൎക്കൽ, ചില ആളുകൾ മൂഢരായി പ്രവൎത്തിക്കുന്ന പ്രകാരം ഇ
ഷ്ടംപോലെയുള്ള പെണ്ണുമാറിക്കെട്ടൽ, ഇപ്പോഴും മത്സരത്തിൽത
ന്നെ നിന്നുകൊണ്ടു എന്തെന്നില്ലാത്ത വികടതകൾ പ്രവൎത്തിക്കു
ന്നാധിക്കാരിയായ കല്ലുപ്പള്ളി മെത്രാച്ചന്റെ മുടക്കു തീൎത്തതു
ന്യായം പറഞ്ഞുകൊണ്ടു, ഒരു സ്പ്രൈങ് കത്തിയോ ഒരുതള്ളയോ

ററാ മുട്ടൻ പണി കഴിച്ചെങ്കിലല്ലാതെ വായിലാക്കാൻ സാധിക്ക യില്ലെന്നു ആലുവായിൽവച്ചു ഞാനുംകൂടി ഒന്നിച്ചിരുന്നു കണ്ടറി ഞ്ഞ ആ മെത്രാച്ചൻ, അവനവൻ ചൊല്ലുന്ന കർബാനായിലല്ലാ തെ ആരാനടത്തിക്കൂടായെന്നുള്ള കമ്മങ്ങളിൽ ഒന്നായ പട്ടംകൊ ട ആക്കെങ്കിലുമാകട്ടെ കൊടുത്തുംയെന്നു അങ്ങേരുടെ ബുളാ അല്ലെ ങ്കിൽ അനുകൂലികളുടെ കള്ളസാക്ഷിത്വം മാത്രം നോക്കിക്കൊണ്ടു ള്ള സാഹസകൃത്യങ്ങൾ എന്നിവയാലും മററും പള്ളികളിലും പ രമാത്ഥപ്പെട്ട ജനങ്ങളിലും കുഴപ്പങ്ങളും വഴക്കുകളുമുണ്ടാക്കൽ ആ ദിയായവ ഇതാ വടക്കൻ പ്രദേശങ്ങളിൽ പ്രത്യേകാൽ കണ്ടനാടു ഇടവകയിൽ പ്രചരിപ്പാൻ തുടങ്ങിയിരിക്കുന്നു. "പൊറുക്കാൻ കൊടുത്തു മരിക്കാനായല്ലൊ" എന്റെ അച്ചൻ (മല്പാനച്ചൻ) ഉണ്ടായിരുന്നെങ്കിൽ കത്തിനടക്കുന്ന വടികൊണ്ടു നല്ല താങ്ങു കൊ ടുത്തേനെയെന്നുള്ളതു നിശ്ചയമെന്നു അദ്ദേഹം എഴുതിയ മരണ പത്രിക മതിയായ സാക്ഷിയാണു. ഈ വക കോമാളിത്വഗോഷ്ഠി കളാകുന്ന ചപല സമ്പ്രദായങ്ങൾ കാണാനിടയാകാതെ നിര്യാത നായതിനാൽ മല്പാനച്ചൻ ഭാഗ്യവാൻതന്നെ. ഒരു കണക്കിൽ ആ കാരണത്താൽ തന്നെ കഥാപുരുഷനും ഭാഗ്യവാനെന്നു പറ യാം. കാര്യസ്ഥാനം ഭരിച്ചു യഥേഷ്ടം എന്തും നടത്താമെന്നുവ ന്നല്ലൊ. അവിടത്തെ മെത്രാസ്ഥാന തെരിഞ്ഞെടുപ്പിനു കുറെ മു മ്പുണ്ടായ ഒരു സംഗതിയെ പററി അവിടന്നു എന്നോടു, റമ്പാച്ച നെക്കൊണ്ടു വായിപ്പിച്ചു സെമഹാ ക്രമത്തിന്റെ പകുതിവരെഅച്ചൻ (മല്പാനച്ചൻ) പിഴ തിരുത്തിവച്ചിരുന്നല്ലൊ ബാക്കി പകുതിഭാ ഗം എന്നേക്കൊണ്ടു വായിപ്പിച്ചുമാണല്ലൊ മുഴുവനാക്കിയതു. അ തിനായി അവിടെ (പാമ്പാക്കുടെ) താമസിച്ചിരുന്നപ്പോഴാണു ഞാ ൻ അച്ചനെ കിസ്സയിലാക്കിയതു എന്നൊരിക്കൽ പറകയുണ്ടായി. തിരുമേനിയും ഞാനുംകൂടെ എന്റെ വണ്ടിയിൽ ആലുവായിൽനി ന്നു മലേക്കുരിശു ദയറായിലേക്കു പുറപ്പെട്ടപ്പോൾ വഴിമധ്യേവച്ചു ണ്ടായ സംഭാഷണം രസകരവും അല്പം പ്രയോജനകരവുമാണു.

കേട്ടാലും. തിരുമേനി: എൻെറ ലഘുലേഖ കിട്ടിയൊ?
ഞാൻ. രണ്ടും കിട്ടി
തിരു. വായിച്ചൊ?
ഞാൻ. ആദ്യത്തേതു വായിച്ചു.
തിരു. മറേറതു വായിച്ചില്ലെ?
ഞാ. ഇല്ല അതുവായിച്ചില്ല.
തിരു. അതെന്തുകൊണ്ടാണ?
ഞാ. കണ്ട.....പറഞ്ഞാൽ ആരാണതിരുമേനി! വായിക്കുന്നതു!
തിരു. ബാവായും പറഞ്ഞിട്ടുണ്ടല്ലൊ
ഞാ. ബാവാ ചിത്തയൊന്നുംപറഞ്ഞിട്ടില്ല. തിരുമേനി പറഞ്ഞ വാസ്തവ വിരുദ്ധങ്ങളായ കാര്യങ്ങളെ നല്ലന്യായങ്ങൾ പറഞ്ഞു ഖണ്ഡിച്ചിട്ടുണ്ടെന്നേയുള്ളു.
തിരു. റമ്പാച്ചൻ അങ്ങിനെ പറയുന്നു.. എനിക്കനെക്കുലികൾ മറിച്ചും പറയും.
ഞാ തിരുമേനിയുടെ രണ്ടാമത്തേതിനെപ്പററി ആരും അനുകൂലം പറകയില്ലെന്നാണ എൻെറ കേൾവി.
തിരു ബാവാ അതിനു മറുപടി എഴുതുന്നുണ്ടെന്നു കേട്ടു. അങ്ങിനെയെങ്കിൽ ഇനിയും ഞാനെഴുതും.
ഞാ അതു കഴിയുമ്പോൾ ഞാനും ഒന്നെഴുതും.
തിരു. അതു എനിക്കു സന്തോഷമാണ
ഞാ സന്തോഷമെന്നു തിരുമേനിപറയും എഴുത്തു കാണുമ്പോൾ തിരുമേനി എ..............ം അത്ര വല്ലാത്തതായിരിക്കും എൻെറഎഴുത്തു. നമുക്കു ഇതു ചേച്ചയല്ല, നിത്തിവയ്ക്കണം ആദ്യത്തേതു. വായിച്ചു കഴിഞ്ഞപ്പോൾ അതു സംബന്ധിച്ചു തിരുമേനിയെക്കുറിച്ചു കുററമായിട്ടു പള്ളിയിൽ ഞാൻ പരസ്യമായി പ്രസംഗിച്ചു
തിരു അങ്ങിനെ പ്രസംഗിക്കരുതു, സമാധാനത്തിനായിപ്രാൎത്ഥിച്ചുകൊണ്ടാൽ മതി എന്നു കല്പിച്ചു പ്രാൎത്ഥനയുടെ ഒരു മാതൃകയും പറഞ്ഞുതന്നു.

ഞാ- പ്രാൎത്ഥന സമാധാനത്തിന്നായി ഞാനും കഴിക്കുന്നുണ്ടു. എ
നിക്കു സുഖവും സ്വാധീനവു (കാലു) മുണ്ടായിരുന്നെങ്കിൽ
കണ്ടനാടിടവകയിലെ എല്ലാ പള്ളികളിലും പറഞ്ഞെനെ.
എന്നമാകുന്നിടത്തെല്ലാം പറകയും ചെയ്യും. എദന്നക്കുറിച്ചു
എന്തെല്ലാമെങ്കിലും തിരുമേനി പറഞ്ഞുകൊൾക. നമ്മുടെ
പള്ളികളിലെങ്ങും റമ്പാച്ചനെ കയററി പ്രസംഗിപ്പിക്കരു
തെന്നു കല്പന അയക്കണം. എന്നാൽ ഞാൻ പ്രസംഗി
ക്കയില്ല. അപ്പോൾ പ്രസംഗിപ്പിക്കുവാൻ കല്പന അയക്കു
വാനും വല്ലവരുമുണ്ടായേക്കും.

തി- റമ്പാച്ചനു എന്നോടു വഴക്കുണ്ടു?

ഞാ- ഇല്ല. ഒട്ടുമില്ല.

തി- അങ്ങിനെയെങ്കിൽ പിറവത്തുവന്നു താമസിക്കണമെന്നു എ
ഴുതിട്ടു എന്തുകൊണ്ടാണു അങ്ങിനെ ചെയ്യാഞ്ഞതു?

ഞാ- അതു വഴക്കു കൊണ്ടല്ല. ഇയാവന്നീസു മെത്രാച്ചനെ കാ
തോലിക്കാ ആക്കാൻ അബ്ദുമിശിഹായുടെ അടുക്കൽ നിര
ന്നേക്കു തിരുമേനി (ഔഗേൻ റമ്പാച്ചൻ) പോയ അന്നു
മുതൽ എനിക്കു തിരുമേനിയോടു ഇഷ്ടമില്ലാതാകാൻ തുടങ്ങി
യതാണു. ആ സ്വഭാവം ഇനിയും മാറീട്ടില്ലാത്തതിനാലാ
യിരുന്നു വരാതിരുന്നതു. ആ പ്രകൃതി മാറിയിരുന്നെങ്കിൽ
എനിക്കു ഇങ്ങിനെ തെണ്ടിനടക്കാതെ സുഖേന പിറവത്തു
തിരുമനസ്സിലെ ആജ്ഞയിൻകിഴ താമസിക്കാമായിരുന്നു എ
ന്നു അല്പം സങ്കടത്തോടെ പറഞ്ഞു.

തി- നമുക്കു കാതോലിക്കാ അത്യാവശ്യമാണു.

ഞാ- ഞങ്ങൾക്കു തിരുമേനികളും തിരുമേനികൾക്കു വി. പാത്രിയ
ക്കീസു ബാവായുമുണ്ടു. അതു മതി. കാതോലിക്കാ വേണ്ട.

തി- കാതോലിക്കായെ തരാൻ ബാവാക്കു ഇഷ്ടമാണു. എന്റെ
അഭിപ്രായത്തിനു അവിടെ വിരോധമില്ലായിരുന്നു. വേറെ ചി
ലക്കാണു വിരോധം.

ഞാ- അങ്ങിനെയെങ്കിൽ കാതോലിക്കായെ തരണമെന്ന കാണിച്ച കോലഞ്ചേരിൽവച്ച കൊടുത്ത അപേക്ഷ നിമിത്തം ബാവാ തിരുമനസ്സുകൊണ്ട അശ്ശേഷം ഇഷ്ടമില്ലാതെ മലങ്കരിശ്ശിലേക്ക എഴുന്നെള്ളിയതു എന്തിന? തിരുമേനിയോട ബാവാക്കു ഇഷ്ടവും അഭിപ്രായത്തോട യോജിപ്പുമാണ ഉണ്ടായിരുന്നതെങ്കിൽ വടകരക്കാർ പാണമ്പടിക്കൽ ബാവാ തിരുമുമ്പാകെ ചെന്ന അവരുടെ പള്ളിയിലേക്ക എഴുന്നെള്ളണമെന്ന അപേക്ഷിച്ചപ്പോൾ തിമോത്തെയോസിൻെറ ഇടവകയിലേക്ക നാം പോകയില്ലെന്നും മറ്റും കല്പിക്കാൻ കാരണമെന്തു? ഉത്തരമില്ല. വീണ്ടും ഞാൻ, സഭയെ പാത്രിയർക്കീസിൻെറ കൈയ്യിൽ ഏല്പിച്ചിരിക്കുന്നു. അവിടേക്ക ഇഷ്ടമുള്ളവരെകൊണ്ട ഭരിപ്പിച്ചുകൊള്ളട്ടെ. കാതോലിക്കായെകൊണ്ടോ മെത്രാച്ചന്മാരെകൊണ്ടോ ആയിക്കൊള്ളട്ടെ. തിരുമേനിയുടെ തലയിൽ കൈവെച്ച പാത്രിയർക്കീസിൻെറ ആജ്ഞാനുസരണം തിരുമേനി ഭരിച്ചുകൊണ്ടാൽ മതി.

തി- കാതോലിക്കാ ഇല്ലാതെ സഭയിൽ സമാധാനമുണ്ടാകയില്ല. കിട്ടുമൊ എന്ന ഞാൻ ഒന്ന പണിപ്പെട്ടു നോക്കയും ചെയ്യും. മെഗ്രീസിലെ കാതോലിക്കാ ഇപ്പോൾ ഇല്ലാത്തതിനാൽ മൂന്നാമത്തെ ത്മുബ്ദേനിൽ ആ പേര വെച്ചുകൊണ്ടിരിക്കുന്നതിൻെറ ആവശ്യമെന്തു? ത്മുബ്ദേനിൽനിന്ന അതു എടുത്തുകളയരുതൊ? എന്ന മല്പാനച്ചൻ വി. പത്രോസ പാത്രിയർക്കീസ്ബാവാ തിരുമേനിയോട എഴുതി ചോദിച്ചതിന ആ വി. പിതാവു അച്ചനുകൊടുത്ത വാഴ്‌വിൻെറ മറുപടി കല്പനയിൽ ആ പേര ത്മുബ്ദേനിൽ നിന്ന നീക്കിക്കൂടാ, ഒരുകാലത്തു മത ബെസ്സേലിയോസ കാതോലിക്കാ ഉണ്ടായേക്കാവുന്നതാണ എന്നും മറ്റും കാണിച്ചിട്ടുള്ളതുകൊണ്ട കാതോലിക്കാ ആവശ്യമാണെന്ന ആ കല്പന തെളിയിക്കുന്നു.

ഞാ- ആ സംഭവം നടന്ന കാലത്തു തിരുമേനിക്ക ചെറുപ്പമായി

CATHOLICATE ARAMANA LIBRARY

ഞന്നു. തത്സംബന്ധമായും മററും [illegible] എഴുത്തുകളും മ ല്പാനച്ചൻ പറഞ്ഞുതന്നു എന്നെക്കൊണ്ടു എഴുതിക്കയും [illegible] ത്തിതന്നു എഴുന്നക്കൊണ്ടു [illegible] അസ്സൽ ഒപ്പുകുത്തിച്ചു [illegible] ല്പും മുദ്രയുംവച്ചു ആ വി. പിതാവിന്റെ [illegible] ശീമയിലേക്കു അയക്കയും ശീമയിൽനിന്നു വരുന്ന കല്പനകളും എഴുത്തുകളും എന്നെ കാണിക്കയും പതിവായിരുന്നു. * അതിനാൽ മേല്പറഞ്ഞ കല്പന ഞാൻ കാണാതിരിപ്പാനിടയില്ലല്ലോ. കല്പനയിലെ വാചകങ്ങൾ വാക്കിനുവാക്കു ഓർമ്മയില്ലെങ്കിലും ബസ്സേലിയോസു കാതോലിക്കാ എന്ന വി. നാമം എടുത്തിരുന്നവരും നെസ്തോർ ഇടയിലേക്കു തെറ്റിപ്പോയ ആളും ആയ കാതോലിക്കായും കിഴക്കു ഇടവകകളും പിൻതലമുറയും മാനസ്സാന്തരപ്പെട്ടു സത്യവിശ്വാസത്തിലേക്കു തിരിച്ചുവരുവാൻവേണ്ടി ബസ്സേലിയോസെന്ന വി. നാമം ഡിപ്ലോനിൽനിന്നു നീക്കാതെ ആ പേർ വി. കർബ്ബാനയിൽ ദൈവ തിരുമുമ്പാകെ പറഞ്ഞുകൊണ്ടു മാനസ്സാന്തര അപേക്ഷ നടത്തേണ്ടതാകയാൽ പ്രസ്തുത പേർ ഡിപ്ലോനിൽ നിന്നു മാററാതിരുന്നതും മാററിക്കൂടാത്തതും ആകുന്നു എന്നാണു കല്പനയിൽനിന്നും അതു സംബന്ധിച്ചുണ്ടായ മല്പാനച്ചന്റെ സംസാരത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയിരിക്കുന്നതു എന്നും മററും പറഞ്ഞപ്പോൾ

തി. അമ്പമ്പോ! ഒരു പുതിയ വ്യാഖ്യാനം!!

ഞാ. ആദാമിന്റെയും സന്താനങ്ങളുടെയും മാനസാന്തരത്തിനും വീണ്ടെടുപ്പിനും വേണ്ടി ദൈവപുത്രൻ അവരുടെ വേഷവും

* അച്ചൻ ഇങ്ങിനെ എന്നെക്കൊണ്ടു ചെയ്യിച്ചതു ഞാൻ മടിനക്കാരനാകയാൽ മററു ശെമ്മാച്ചന്മാരെപ്പോലെ ബുദ്ധിമുട്ടി പഠിക്കുന്നതിനു നിവൃത്തിയില്ലാതിരുന്നതു കൊണ്ടു ഇതിലെങ്കിലും കുറെ വല്ലതും പഠിച്ചുകൊള്ളട്ടെ എന്നുള്ള അവിടത്തെ ദീനമോക്ഷം വിചാരമായിരുന്നു എന്നു വായനക്കാർ ധരിക്കണം.

പേതം എടുത്തു പിതാവിൻ സന്നിധിയിൽ അവക്കവേണ്ടി അഭയയാചനകൾ കഴിച്ചും രക്ഷാനടപടികൾ നടത്തിയും ആണല്ലൊ അവരെ രക്ഷിച്ചതു. അതിനാൽ ഇതൊരു പുതിയ വ്യാഖ്യാനമായിവരുമെന്നു തോന്നുന്നില്ല. ആകയാൽ അതിനുവേണ്ടി മല്ലുകെട്ടണമെന്നില്ല. മല്ലുകെട്ടിവാങ്ങിച്ചാൽ ശുഭമാകയില്ല. ഇസ്രായേൽജനം ദൈവഇഷ്ടത്തിന്നുകൂടെ വിരോധമായി രാജാവിനെ വാങ്ങിച്ചും സാറാ അമ്മ അബ്രാഹാമിനെ നിർബന്ധിച്ചു ഹാഗാറിൽനിന്നു സന്തതി പ്രാപിച്ചും ദുഃഖം വരുത്തിയതുപോലെ ഇരിക്കും അനുഭവം.

തി- എന്നാലും ദൈവം പിന്നീട്ട അവക്കു ദാവീദിനെ രാജാവായിട്ടു കൊടുത്തല്ലൊ.

ഞാ- അതിനാൽ, മേലാലും ദൈവത്തോടു മല്ലടിച്ചുകൊള്ളണമെന്നല്ല നേരെ മറിച്ചു അങ്ങിനെ ചെയ്യരുതെന്നത്രെ അവരേയും പിൻതലമുറയേയും പഠിപ്പിച്ചതു. അന്നേരം പറയാൻ തോന്നാഞ്ഞ ഒരു കാൎയ്യവും കൂടെ വായനക്കാരെ ഉദ്ദേശിച്ചു ഇവിടെ പറയുന്നു (അതായതു അവർ രാജാവിന്നായി ശാഠ്യം പിടിച്ചപ്പോൾ ശൗലിനെ കൊടുത്തു. അവക്കു മതിവന്നു കൊതിയും തീൎന്നു. ഉള്ളകാലത്തോളം മേലാൽ തങ്ങൾക്കു രാജാവു വേണ്ടാ എന്നുമായി. ഗോത്രപിതാവായ ഇസ്രായേലെന്ന യാക്കോബു ബാവാ മെക്കൊണ്ടു രാജാവിനെ സംബന്ധിച്ചു പ്രവചിപ്പിച്ചകാലം സന്നദ്ധമാകയും ചെയ്തു. (ഉല്പ. 49: 8-12). അപ്പോൾ അതനുസരിച്ചു യ്ഹൂദാ (രാജ) ഗോത്രത്തിൽ നിന്നുള്ളവനായ ദാവീദിനെ കൊടുത്തു എന്നല്ലാതെ രാജാവിനെ കൊടുത്തില്ലെങ്കിൽ അവർ ഉടയതമ്പുരാനെ കച്ചവടം കഴിച്ചു കളയും എന്നു അവിടന്നു പേടിച്ചല്ല കൊടുത്തതു. അതുപോലെ കാതോലിക്കായും ഒരു കാലം ദൈവം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അന്നുണ്ടായികൊള്ളും. (തല്ലപ്പെട്ടാൽ തിരിവരുമൊ?) മെത്രാച്ചൻ്റം കൂട്ടരും മന്ന

ളു കുററമേററു ... ശസ്ത്രായിലാവുക, അങ്ങിനെ വഴ കില്ല, വേല്പ്പോ ... അകാലം യോജിപ്പിൽ കഴിയുക; അതാന്തരം എപ്പിസ്കോപ്പാമാർ കൂടി യോജിച്ചു ഏകമായി വേണമെങ്കിൽ കത്തോലിക്കാ ... ഭരിക്കുക, ദയവായി തന്നെങ്കിൽ കൃതജ്ഞതാ പൂർവ്വം ... ഇരിക്കുക താനില്ലെങ്കിൽ പിരുപ്പുകൂടാതെ അനുസരിപ്പിക്കുക. ശാഠ്യംപിടിച്ചു കഴപ്പുണ്ടാക്കി പിരിയേണ്ട ആവശ്യമില്ല. തിരുമേനി എന്നോടു, മെത്രാസ്ഥാനത്തിനു ഊർശ്ലേമിലേക്കു പോകുന്നതിനു അല്പംമുമ്പു വടകരവച്ചു ഞാൻ മെത്രാസ്ഥാനത്തിനു പോകയാണെന്നു റമ്പാച്ചൻ വിചാരിക്കരുതു, ശീമയിൽവളരെ നാൾ താമസിച്ചിട്ടുള്ളതുകൊണ്ടു ഒന്നുകൂടെ പോകണമെന്നു ആഗ്രഹിക്കാൻ തുടങ്ങീട്ടു വളരെ നാളായി. ഇതൊരു നല്ല അവസരവുമാണു. എന്നാൽ സ്ഥാനമേല്ക്കാനല്ലെന്നും വിചാരിക്കണം. ഇവിടത്തെ കുഴപ്പങ്ങൾക്കു സമാധാനമുണ്ടാകുമെന്നു പൂർണ്ണനിശ്ചയം വന്നെങ്കിൽ മാത്രമേ സ്ഥാനമേല്ക്കയുള്ളൂ. എന്നു പറഞ്ഞതിനു വിരോധമായിട്ടും, ഇഷ്ടാനുസരണം ഇവിടെനിന്നു രജിസ്റ്റാക്കിച്ചു കൊണ്ടുപോയ ഉടമ്പടി പള്ളയിൽ എറിഞ്ഞുകളഞ്ഞു അതിനെല്ലാം എതിരായി വേറെ ഉടമ്പടി ഊർശ്ലേമിൽവച്ചുണ്ടാക്കി സർവ്വസമ്മതം കൊടുത്തു ഒപ്പുംവച്ചു രജിസ്റ്റാക്കിച്ചു സ്ഥാനമേററതെന്തിനു? എന്നും മററും പാമ്പാക്കടവച്ചു ഞാൻ ചോദിച്ചപ്പോൾ, ഒരു റമ്പാനായിരുന്നു പ്രവർത്തിച്ചാൽ സംഗതികൾ മുന്നോട്ടു പോകയില്ല, മെത്രാനായി തന്നെ വേണം, അതുകൊണ്ടാണു ഞാൻ സ്ഥാനമേററതു എന്നല്ലയോ എന്നോടു കല്പിച്ചതു?

തി. അതെ എന്നു മറുപടി പറഞ്ഞു.

ഞാ. അതെ ഇങ്ങിനെയുള്ള സംഗതികൾ (ലഘുലേഖകൾ മുതലായ) നടത്തിമുന്നോട്ടു കൊണ്ടുപോകുന്നതിനാണോ?

തി. നല്ലനല്ല കാര്യങ്ങളുടെ നടത്തിപ്പിനു.

ഞാ. ... നല്ലനല്ല കാര്യങ്ങളാണല്ലോ ... പറഞ്ഞിട്ടു;

ഫെർമാനില്ലാത്ത ആൾ പാത്രിയക്കീസല്ല; പാത്രിയക്കീസു നടത്ത യാതൊന്നും ചെയ്യാൻ അവകാശമില്ല, ചെയ്താൽ സാധുവായിരിക്കയുമില്ല. അബ്ദുമിശിഹിനു ഫെർമാനില്ലല്ലൊ.

ശി. ഫെർമാനില്ലെങ്കിലും നൽവരത്തിനു പിശകൊന്നുമില്ല.

തൊ. വളരെ ന്യൂനതയുണ്ട്. ഹന്നാനു ആണ്ടു പൗരോഹിത്യമുണ്ടായിരുന്നില്ല. രക്ഷകന്റെ കഷ്ടാനുഭവകാലത്തു കയ്യാപ്പാക്കായിരുന്നു ആണ്ടു പൗരോഹിത്യാധികാരം. ഹന്നാനിലുള്ള ആ കുറവുനിമിത്തം, അവൻ മുമ്പനും കാണ്ണവനുമായിരുന്നിട്ടും മിശിഹാ തമ്പുരാന്റെ മരണത്തെക്കുറിച്ചുള്ള പ്രവചനം അതായതു "ജനമെല്ലാം നശിക്കുന്നതിനേക്കാൾ ജനത്തിനുവേണ്ടി ഒരുത്തൻ മരിക്കുന്നതു നല്ലതാകുന്നു എന്നു നിങ്ങൾ അറിയുന്നുമില്ല" (വി. യോഹ- 11; 47—53) എന്നുള്ളതു പരിശുദ്ധാത്മാവു ഹന്നാന്റെ വായ്മൂലം പറയാതെ ആണ്ടു പൌരോഹിത്യമുള്ളവനെന്ന കാരണത്താൽ കയ്യാപ്പായുടെ വായ മുഖാന്തിരമത്രെ പറഞ്ഞതു. അതിനാൽ ഏത്രതന്നെ സ്ഥാനമുണ്ടായാലും പരിശുദ്ധ റൂഹാ വ്യാപാരമനുവദിക്കാത്തആൾ എന്തുചെയ്താലും സാധുവാകയില്ലെന്നും മാത്രമല്ല യേശുതമ്പുരാനെ ശിക്ഷക്കു വിധിപ്പാൻകൂടിയ സംഘം കയ്യാപ്പായുടെ അദ്ധ്യക്ഷതയിലത്രെ കൂടിയതു, എന്നുമല്ല യഹൂദസഭയിൽനിന്നു പൌരോഹിത്യ വസ്ത്രംകീറി പുരോഹിതസ്ഥാനം എടുത്തുകളഞ്ഞതും നമ്മുടെ കർത്താവു അതിനെ കയ്യേറ്റതും കയ്യാപ്പായിൽ നിന്നാകുന്നു. (വി. മത്താ- 26: 57; വി. മർക്കോ- 14: 61—65; വി. യോഹ- 18: 24) ആ യോഗ നിശ്ചയത്തെ ഗവർമ്മേണ്ടു സദയം സ്വീകരിച്ചു അവരുടെ അപേക്ഷപ്രകാരം നമ്മുടെ കർത്താവാകുന്ന മഹാപുരോഹിതനു ഫെർമാൻകൊടുക്കയും ചെയ്തുഎന്നും ഗ്രഹിക്കണം. ആ മുറക്കു ഫെർമാറില്ലാത്തതു വലിയ കുറവല്ലയൊ?

ശി. റമ്പാച്ചൻ പറയും പ്രകാരം ആകുന്നുവെങ്കിൽ ശ്ലീഹന്മാരു

ടെ തലവനായ പത്രോസു ശ്ലീഹാക്കു ഫെർമാൻ എവിടെ?
രാജാവു അദ്ദേഹത്തോടുകോപിച്ചു തൂക്കിയും കഴുത്തുവെട്ടിയും
കൊന്നതായിരിക്കുമൊ? എന്നു വിജയ ഭാവേന പറഞ്ഞ
പ്പോഴുഴക്കു കൂട്ടത്തിലുണ്ടായിരുന്ന പ്രസാദ
ത്തോടെ തിരുമേനിയോടുചേന്നു ഇരുവരും കൂടി ചിരിച്ചു എ
ന്നെ പുച്ഛിച്ചു മോശക്കാരനാക്കി.
അതുതന്നെ ശ്ലീഹായുടെ ഫെർമാൻ. ആ രാജാവു മിശിഹാ
തമ്പുരാനെയും തൻെറ മതത്തേയും അനുകാരികളേയും ഇല്ലാ
യ്മചെയ്വാൻ തുടങ്ങിയ ദൈവദ്രോഹിയാകുന്നു. അങ്ങിനെ
യുള്ളവരോടു സത്യവാന്മാർ എതൃക്കണം. എന്നാൽ തുക്കി
സുൽത്താനാകട്ടെ തൻെറ അധികാരത്തിൽ പെട്ട ജാതിയു
ടെ അപേക്ഷപ്രകാരം അവക്കു പാത്രിയർക്കീസിനെ സാക്ഷി
പ്പെടുത്തി ഫെർമാൻ കൊടുക്കുന്നു. പ്രത്യുത, നിങ്ങളുടെ
വംശത്തിനു ഒരിക്കലും പാത്രിയർക്കീസിനെ അനുവദിക്കയില്ല;
നിങ്ങളുടെ ജാതിക്കു മൂലനാശം വരട്ടെ എന്നു നീറോനെ
പ്പോലെ ഉപദ്രവിക്കാനാണു ഭാവമെങ്കിൽ നാം അവനോടു
എതൃക്കതന്നെ ചെയ്യണം. അല്ലാഞ്ഞാൽ നാം ക്രിസ്തുവിനു
ള്ളവരല്ല. തിരുമേനിഒരിക്കൽ എന്നോടു, ഫെർമാൻഇല്ലാഞ്ഞ
കാലമുണ്ടായിരുന്നു. ഇപ്പോഴത്തെ ബാവാ (ഓമല്ലൂർകാലം
ചെയ്തു) ക്കു ഫെർമാനില്ലാതാനും എന്നു കല്പിച്ചതിനു അതിനു
മറുപടിയായിട്ടു, ഫെർമാനെന്നു വച്ചാൽ രാജാവിങ്കൽനിന്നു
രേഖാമൂലം നൽകപ്പെടുന്നതു മാത്രമാണെന്നല്ല ധരിക്കേണ്ട
തു. അങ്ങിനെയൊന്നില്ലാഞ്ഞകാലം ഉണ്ടായിരുന്നെന്നും, ഇ
നി ഇല്ലാതാകുന്ന കാലം ഉണ്ടായേക്കാമെന്നും, ഇപ്പോഴത്തെ
ബാവാക്കു ഇല്ലെന്നും വന്നേക്കാം. എന്നാലും ഫെർമാൻ
നിർദ്ദേശിക്കുന്നതായി നിയമിതപുരുഷനു ഗവർമ്മേണ്ടിനോടു
ള്ള ഭക്ത്യാദരവുനിമിത്തം അദ്ദേഹത്തോടു ഗവർമ്മേണ്ടിൻെറ
പ്രസാദമുണ്ടാകാതിരിക്കയില്ല, അതുതന്നെ ഫെർമാൻ എ
ന്നു മനസ്സിലാക്കണം. സഭയെ അനുകൂലിക്കുന്ന ഗവർമ്മേ

ഷിക്കാനെ [illegible] ആളിനെ പാത്രിയൎക്കീസാക്കാറില്ല എന്നും മ
റ്റും [illegible] പറഞ്ഞിട്ടുള്ളം വാക്കുമല്ലൊ. ഈ സമയം കാരണവ
രാൽ [illegible] പറവാനിടയാകാതിരുന്ന ഒരു കാൎയ്യവും കൂടെ
ഉൾ[illegible] [illegible] പത്രോസു ശ്ലീഹായുടെ ഫെർമാ
ൻ [illegible] കോപിച്ചു തൂക്കിയും കഴുത്തുവെട്ടിയും
കൊ[illegible]" എന്നു രാജാവിന്റെ ആ പ്രവൃത്തി ഫെ
ർമാൻ കൊടുക്കലല്ലെന്നും വി: ശ്ലീഹാക്കു രാജഫെർമാനില്ലെന്നു
ള്ള വിശ്വാസത്തിന്മേൽ ധൈൎയ്യത്തോടും ആഹ്ലാദത്തോടും കൂടെ
ഏറെനെ പൂകരിച്ച ആ കാൎയ്യംതന്നെ ശ്ലീഹായുടെ ഫെർമാനെന്നു
സ്പഷ്ടമായവിധത്തിൽ നമുക്കു മനസ്സിലാക്കാം. എങ്ങിനെയെന്നാ
ൽ നാടുവാഴിയായ പീലാത്തോസു ഭീരുവായിത്തീൎന്നു യഹൂദപക്ഷം
ചേൎന്നു, എല്ലാം തങ്ങളുടെ തലക്കുതന്നെ കൊള്ളുമെന്നും സന്ത
തിയാർക്കും അനുഗ്രഹത്തിനും ശാപത്തിനും കാരണമായി
തീരുമെന്നുമുള്ളവ മനഃപൂൎവ്വം അറിയാതെ അന്ധന്മാരായിത്തീൎന്നുത
ന്നെ വ്യഥാദ്രോഹിപ്പാൻ തുടങ്ങിയവരുടെ അപേക്ഷപ്രകാരം ത
ന്നെ ക്രൂശിപ്പാൻ വിധിച്ച ആ തീൎപ്പും, കുരിശിന്മേലുള്ള തിരുവെ
ഴുത്തു മുതലായവയും (വി: യോഹ. 19: 14—22) മിശിഹാതമ്പു
രാൻ യഹൂദജാതിയുടെ എന്നല്ല മനുഷ്യകുലം മുഴുവന്റേയും സാ
ക്ഷാൽ നിബിയും, രാജാവും, മഹാപുരോഹിതനുമെന്നു താൻ അ
വന്റെ മുമ്പാകെ സാക്ഷിപ്പെടുത്തിയ ആ ഉത്തമ സാക്ഷ്യത്തെ
(1. തിമോ. 6: 14; വി: യോഹ. 18: 37) അറിയാതെ എങ്കിലും
അംഗീകരിച്ചു അതേ അവിടുന്നു അങ്ങിനെതന്നെ ആകുന്നുവെ
ന്നു ഞാനും പൂൎണ്ണമായി സമ്മതിച്ചു സാക്ഷിപ്പെടുത്തി വിധിയും ക
ല്പിച്ചു ഇതാ വിളംബരം കൊടുത്തിരിക്കുന്നു എന്നു പറയുംപോലെ
ഇരിക്കുന്നു എന്നും; അങ്ങിനെതന്നെ, ആരുടെ എങ്കിലും പക്ഷം
ചേൎന്നാകട്ടെ ചേരാതെ സ്വന്തമേവ ആവട്ടെ ദൈവപുത്രനായ
ക്രിസ്തു എന്ന മഹാപുരോഹിതനേയും അവിടുന്നു സ്ഥാപിച്ച മത
ത്തെയും അതിനെ പരിപുഷ്ടിപ്പെടുത്താൻ അവിടുന്നു നിയമിച്ചു
[illegible]കളേയും ഉപദ്രവിച്ചു ഇല്ലായ്മ ചെയ്വാൻ നോക്കുന്ന വലിയ

വനായ നിറോൻ കൈസർ ആദിയായവരുടെ പ്രവൃത്തികളും ദ്രോ
ഹബുദ്ധിയോടെ ആണെങ്കിലും അവർ ഏതിനെ അല്ലെങ്കിൽ ആ
രെ ഉപദ്രവിക്കുന്നുവൊ ആ മതം അല്ലെങ്കിൽ ആളുകൾ അതാസ്ഥ
ക്രിസ്തുമതം അല്ലെങ്കിൽ ക്രിസ്ത്യാനികൾ എന്നു പ്രസ്തുത ഉപദ്രവി
കൾ സർവ്വത്ര സമ്മതിച്ചു സാക്ഷിപ്പെടുത്തുംപോലെ ആകുന്നു എ
നം ഇവർ ദ്രോഹബുദ്ധിയോടും തുക്കിസുൽത്താനാകട്ടെ അനുകൂ
ലിച്ചും സാക്ഷിത്വം കൊടുക്കുന്നു എന്നൊരു വ്യത്യാസമേയുള്ളു. ര
ണ്ടും ക്രിസ്ത്യാനികളുടെ ഭാഗത്തേക്ക തങ്ങൾ ക്രിസ്തുവിനുള്ളവരാ
ണെന്നുള്ളതിലേക്ക ഗവർമ്മെണ്ട സാക്ഷ്യമാകയാൽ തുക്കിയുടേതു മാ
ത്രമല്ല, പീലാത്തോസു, കൈസർ, ആദിയായവരുടേതും ഫെർമാ
ൻ തന്നെയാകുന്നു എന്നും ഗ്രഹിക്കേണ്ടതാണ. ഇങ്ങിനെയാക
മ്പോൾ അനുകൂലിച്ച പ്രവർത്തിക്കുന്നതും പ്രതികൂലിച്ച പ്രവർത്തി
ക്കുന്നതും ഫെർമാൻ തന്നെയെന്നു മാത്രമല്ല ഫെർമാനില്ലാത്ത ഒ
രു മഹാ പുരോഹിതനും (പാത്രിയക്കീസും) ഉണ്ടായിട്ടില്ല ഉണ്ടായി
കൂടാ എന്നും നല്ലപോലെ സ്പഷ്ടമാകുന്നുണ്ടല്ലൊ.)

അങ്ങിനെ ഞങ്ങൾ രാത്രി ഇവിടെ ദയറായിൽ എത്തി താമ
സിച്ചു. പ്രഭാതപ്രാർത്ഥനാനന്തരം പള്ളിയകത്തുവച്ചു എന്റെ
ഷഷ്ഠിപൂർത്തി സംബന്ധിച്ചു എന്നെ അനുഗ്രഹിക്കണമെന്നു തിരു
മേനിയോടു ഞാൻ അപേക്ഷിക്കയാൽ അവിടുന്നു എന്നെ അനു
ഗ്രഹിക്കയും, വന്ന വണ്ടിയിൽതന്നെ കോലഞ്ചേരിപള്ളിയിലേക്ക
യാത്ര അയക്കയും ചെയ്തു.

എന്നാൽ മുമ്പൊരിക്കൽ മുടക്കുകൊണ്ടു പട്ടത്വം പോകയി
ല്ലെന്നു തിരുമേനിയും പോകുമെന്നു ഞാനും പാമ്പാക്കുടവച്ചു വാദി
ച്ചു. കൂട്ടത്തിൽ ഭ്രഷ്ടാക്കപ്പെട്ട ആദാമിന്റെ സാദൃശപുരുഷനായ
യേശുമ്ശിഹായെ ചൂണ്ടി, മുടക്കുകൊണ്ടു പട്ടത്വം പോകയില്ലെ
ങ്കിൽ താൻ ഒരു ശിശുവായി പുൽക്കൂട്ടിൽ കിടന്നു കരഞ്ഞതിന്റെ
യും പരിച്ഛേദനാനന്തരം മാത്രം സഭയിലെ അംഗമായി തീർന്ന
തിന്റെയും രഹസ്യം എന്തെന്നു ഞാൻ ചോദിച്ചപ്പോൾ ‘‘എല്ല

പെണ്ണുങ്ങൾ പെറുമ്പോഴും പിള്ളേർ നിലവിളിക്കും അതു വകവെക്കാനില്ല" എന്നു കല്പിച്ച തിരുമേനി "തൂക്കിയും കഴുത്തുവെട്ടിയും കൊന്നതായിരിക്കുമൊ പത്രോസ്സ്ശ്ലീഹായുടെ ഫെർമാൻ" എന്നും ചോദിച്ചതിൽ ഒട്ടും അതിശയിപ്പാനും വിചാരപ്പെടുവാനുമില്ല. അനാവശ്യമായി കേസ്സുപറഞ്ഞു പള്ളികളിലെ പണം നശിപ്പിക്കുന്നു എന്നും മറ്റും സമുദായ വ്യവഹാരത്തെക്കുറിച്ചു് എന്നോടു തന്നെ പറഞ്ഞിട്ടുള്ള ഇദ്ദേഹം റമ്പാനായിരിക്കുമ്പോൾ മല്പാനച്ചന്റെ ആച്ചുവാ മഹായോഗത്തിൽ പ്രാരംഭമായ കോതമംഗലം യോഗത്തിൽ നേരെ വിപരീതമായി, കൂടപ്പെട്ട പള്ളിക്കാരേയും വിശേഷാൽ പ്രസ്തുത പള്ളിക്കാരേയും, വട്ടിപ്പണക്കേസ്സു സഭയുടെ ഗുണത്തിനു അത്യാവശ്യമാണു, എല്ലാ പള്ളിക്കാരും അതിലേക്കു പണം കൊടുക്കണം എന്നും മറ്റും പ്രബോധിപ്പിച്ചു ശക്തിയായി പ്രസംഗിച്ചതു കേട്ടപ്പോൾ ഞാൻ അതിശയിച്ചുപോയി. എങ്കിലും എത്രനേരം വേണം മാനസാന്തരപ്പെടാൻ എന്നു വിചാരിച്ചു വളരെ സന്തോഷിക്കയും ചെയ്തു. എന്തായാലും റമ്പാച്ചനെ എനിക്കു നല്ല പരിചയമുള്ളതുകൊണ്ടു സംഗതിയുടെ വാസ്തവം മല്പാനച്ചനോടു ഒന്നു ചോദിച്ചുകളയാമെന്നുവെച്ചു ചോദിച്ചപ്പോൾ പറഞ്ഞ മറുപടിയാണു രസാവഹം. "വല്ലതും കിടക്കണമെങ്കിൽ അങ്ങിനെയൊക്കെ പറയണം, അല്ലാതെ ആകുകയില്ല എന്നു ഞാൻ പറഞ്ഞുകൊടുത്തിട്ടാണു അങ്ങിനെ പറഞ്ഞതു" എന്നായിരുന്നു. എന്താ! കൊള്ളല്ലേ!! ഇങ്ങിനെയൊക്കെ കിടക്കുകയും കിടപ്പിക്കുകയും ചെയ്താൽ "രാജകന്യകയായാലും പൂർവ്വജന്മം പുനഃ പുനഃ" എന്നും മറ്റും വല്ലവർക്കുമൊക്കെ പത്രമുഖേന പരസ്യം ചെയ്യുന്നതിനിടയാകുന്നതിൽ ഒട്ടും അത്ഭുതപ്പെടുവാനും അവർക്കു കുറം പറയുവാനുമില്ല. പലതും പറവാനുണ്ടു. വിസ്താരഭയം നിമിത്തം നിർത്തിക്കൊണ്ടു വിഷയത്തിലേക്കു പ്രവേശിക്കുന്നു.

"........മെത്രാനുസാ സ്വീകരിച്ചു കഴിയുന്ന മാത്രയിൽ അവ സംബന്ധിച്ചു ഉയർത്തെഴുന്നേല്പുമായിരിക്കാം" എന്നു പറയും

വച്ചാണല്ലോ വിഷയം (ആൾ) മാറി ഇതുവരെ സംസാരിച്ചതു. അങ്ങിനെ ഉണ്ടായ ഉയൎച്ചിന്റെ കോലാഹലങ്ങളാണല്ലോ വിശേഷാൽ പറഞ്ഞറിയിപ്പാനാവശ്യമില്ലാത്തപ്രകാരം ഇന്നു മലയാളത്തു മാത്രമല്ല ശീമയിലും സ്വജാതിയിലെന്നല്ല നാനാജാതിമതസ്ഥരുടെ ഇടയിലും സ്പഷ്ടമായി തിളങ്ങിക്കാണുന്നതു. അദ്ദേഹം (വട്ടശ്ശേരിമെത്രാച്ചൻ) എഴുതിയ മതസംഗതി പുസ്തകം 9-ാം സംഗതിയിൽ വി: മൂറോൻ ആരാൽമാത്രം ശുദ്ധീകരിക്കപ്പെടേണ്ടിയിരിക്കുന്നുവൊ ആ പ്രധാന മേല്പട്ടക്കാരൻ കാലാന്തരത്തിൽ കലികാലവൈഭവം കൊണ്ടോ എന്തോ? വി: അന്ത്യോഖ്യാസിംഹാസനത്തിൻകീഴുള്ള ഇടവകകളിലൊന്നായ മലങ്കര ഇടവകയിലെ താൻ അല്ലെങ്കിൽ താൻ തോന്ന്യാസമായിട്ടുണ്ടാക്കിയ വേഷക്കാതോലിക്കാ ആയി ഭേദപ്പെട്ടിരിക്കുന്നു. എന്നാൽ പ്രസ്തുത പുസ്തകത്തിലെ 10-ാം സംഗതിയിലൊ "സഭയുടെ പട്ടത്വത്തിന്നടുത്ത മേലധികാരം അന്ത്യോഖ്യാസിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയക്കീസുബാവാ തിരുമനസ്സിലേക്കു ഇരിക്കുന്നതാകുന്നു" എന്നും പറഞ്ഞിരിക്കുന്നു. ഇവിടെ "സഭയുടെ" എന്നു പറഞ്ഞിരിക്കുന്നതു മലങ്കര ഇടവകയും ഉൾപ്പെടെ വി: അന്ത്യോഖ്യാസിംഹാസനത്തിൻകീഴുള്ള സകല ഇടവകകളും ചേൎന്ന സഭയെ ഉദ്ദേശിച്ചാണെന്നു എല്ലാകക്ഷിക്കും മനസ്സിലാക്കാൻ കഴിയും. അങ്ങിനെയിരിക്കെ, മൂറോൻ കൂദാശയുടേയും താഴെയുള്ള മററു മേല്പട്ടക്കാരുടെ സ്ഥാനാഭിഷേകത്തിന്റേയും അധികാരാവകാശങ്ങൾ ആ വി: പിതാവിനെന്നല്ലാതെ മററാൎക്കെങ്കിലുമാണെന്നു വരുമോ? ഇങ്ങിനെ ഇവിടെ പറയുന്നതുകൊണ്ടു ഈ മണവകാശം മാത്രമേ അവിടത്തേക്കുള്ളൂ എന്നു വല്ല ദുർബുദ്ധികളും വിചാരിപ്പാൻ ആവശ്യമില്ല. അവിടന്നു സഭയുടെ സർവാധികാരിയാണെന്നു ഈ പുസ്തകത്തിൽതന്നെ വേറെ ഭാഗത്തു വിശദീകരിച്ചിരിക്കുന്നതിൽനിന്നു മനസ്സിലാക്കാവുന്നതാണു. മെത്രാച്ചന്റെ വികട വ്യാഖ്യാനങ്ങളാലും മററും ഒട്ടേറെ തെളിവുകൾ അദ്ദേഹത്തോടു

ക്കുടെ സത്യ അടിസ്ഥാനത്തിൽനിന്നു വളരെ തെററിയാണ് നില്ക്കു ന്നതെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഞാൻ ദയറായ്ക്കസാ ഏററപ്പോൾ ദൈവ സന്നിധിയിൽ ചെയ്ത ഉടമ്പടി അവസാന ത്തോളം നിറവേററണമെന്നു സ്നേഹപൂർവം എനിക്കു ഗുണദോ ഷംതന്ന ഇദ്ദേഹം അതിൽ പിന്നീടു താൻ സ്വീകരിച്ച ദയറായ്ക്ക സാ ഉടമ്പടിയും മെത്രാന്ത്യസാ ഉടമ്പടിയും തന്തയുമില്ല തകപ്പനു മില്ലഎന്നവിധത്തിൽ മത്സരത്താൽ ചവററുകൊട്ടയിൽ എറിഞ്ഞും വച്ച് ഇപ്രകാരമുള്ള ഗോഷ്ടികൾ കാണിച്ചു പരിശുദ്ധ സഭയേയും സത്യവിശ്വാസത്തേയും എള്ളോളം ദൈവഭയമില്ലാതെ മുടിക്കുന്ന തുകണ്ടാൽ ആർക്കാണു ആശ്ചര്യവും സങ്കടവും തോന്നാത്തതു? അ ദ്ദേഹം എനിക്കു സ്നേഹപൂർവം ഗുണദോഷക്കത്തു തന്നതുപോലെ ഞാനും അദ്ദേഹത്തിനു ഒന്നല്ല, രണ്ടല്ല, മൂന്നെഴുത്തുകൾ അപേ ക്ഷയോടും യാചനയോടും അയച്ചിട്ടുള്ളതാകുന്നു. സകലവും അ റിയാവുന്നആളും ഇസ്രായേലിൻെറ മല്പാനുമായ ഇദ്ദേഹം വി: പൌ ലോസു അപ്പോസ്തോലൻ, "വ്യഭിചാരം ചെയ്യരുതെന്നു പറയുന്ന നീതന്നെ വ്യഭിചാരം ചെയ്യുന്നുവൊ എന്നും മററും" പറഞ്ഞിരി ക്കുന്നതുപോലെ ഇത്ര വ്യത്യാസപ്പെട്ടു ചപലനായി തീർന്നുപോയ ല്ലൊ എന്നുള്ള സഹിച്ചുകൂടാത്ത മനോവേദന നിമിത്തം എൻെറ എഴുത്തുകളിൽ ചില കടന്നവാക്കുകൾ കാലോചിതമായി പ്രയോ ഗിക്കേണ്ടിടയായിട്ടുണ്ടു. അവ, "മറഞ്ഞ സ്നേഹത്തിലും തുറന്ന ശാ സന നല്ലതാകുന്നു, ശത്രുവിൻെറ ചുംബനത്തിലും സ്നേഹിതൻെറ കുത്തിമുറിക്കൽ നല്ലതാകുന്നു" എന്നുള്ള മഹാജ്ഞാനിയായ ശ്ലേ മ്മൂൻെറ സദൃശ വാ- 27: 5, 6 വാക്യങ്ങൾ നല്ലപോലെ അറി ഞ്ഞും അതനുസരിച്ചു എന്നോടു വർത്തിച്ചും ഇരിക്കുന്ന ആളിനു മ ർമ്മഭേദകമായി തോന്നുകയില്ലെന്നു വിചാരിപ്പാനെ ന്യായം കാണു ന്നുള്ളു. അങ്ങിനെഎങ്കിൽ, അങ്ങേരു അവ വകവയ്ക്കാഞ്ഞതു എ ന്തുകൊണ്ടെന്നു വായനക്കാർക്കു തോന്നിയേക്കും. അതു, അദ്ദേഹ ത്തിൻെറ അധികാര ഭ്രമമാകുന്ന സ്വാതന്ത്ര്യത അത്രക്കു ശക്തി

ഉഗ്രതയിന്റെ ഊ
ഷ്മാവിനാലുകൊണ്ടല്ലാതെ മറെറാന്നല്ല അംശ ലോഹ്യ അന്ധകാരത്തി
ലതുല്യമായ ശുദ്ധബുദ്ധി അല്ലെങ്കിൽ അംശ ലോഹ്യ അന്ധകാരത്തി
ലും ശൈത്യതയിലുള്ള വസ്തുസമാന കട്ടപിടിത്തങ്ങളിലും മാത്തി
മേഘഭേദമായ മെത്ത ച്ചന്റെ, കടവ വലിന അല്ലെങ്കിൽ മറഞ്ഞി
ലിന തുല്യമായ രണ്ടു കെട്ട പട്ടയിലും എമ്പാറം ആളുകൾ നി
രസപ്പെട്ടും വേദനപ്പെട്ടും കഴിഞ്ഞുകൂടുന്നുണ്ട്. ഇതൊക്കെയും പ്ര
കൃതികൾ ഒന്നുപോലെ സംജ്ഞാ സത്യവിശ്വാസത്തിനു കേടുവ
രുത്തിക്കൊണ്ടാണിരിക്കുന്നു, ഉത്തവക്കും നല്ലബുദ്ധി തോന്നാൻ
പ്രാർത്ഥിക്കാം. "ദുഷ്ടന്നു കൃപ കാണിച്ചാലും അവൻ നീതി പഠി
ക്കയില്ല. നേരുള്ള ദേശത്തു അവൻ അന്യായം പ്രവർത്തിക്കും; യ
ഹോവായുടെ മഹത്വം അവൻ കാണുകയുമില്ല" എന്നു യശാ.
26: 10-ൽ ബാവായാൻ ദയവായി മടക്ക തിക്കപ്പെട്ട ആളിനോ
ടും "ഇങ്ങിനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല ശീതോഷ്ണവാനാ
കയാൽ നിന്നെ എന്റെ വായിൽനിന്നു ഉമിണ്ണുകളയും" എന്നു
വെളി. 3: 16-ൽ ഇതു ഭാഗത്തെക്കാ തെളിയിക്കുന്ന ആളിനോ
ടും യോജിക്കുന്ന വാക്യങ്ങളുണ്ടെങ്കിലും നിരാശപ്പെടാതെ പ്രാ
ർത്ഥിക്കാം. ദൈവം ഇല്ലായ്മയിൽനിന്നു സകലവും അന്ധകാര
ത്തിൽനിന്നു പ്രകാശവും സൃഷ്ടിച്ചവനും, വളഞ്ഞവ ചൊവ്വായും
വികടപ്രദേശം സമതലമായും തീക്കുന്നവനുമായ സർവ്വശക്തനെ
ല്ലോ. (ഉല്പ. 1: 1—3; എബ്രാ. 11: 3; റോമ. 4: 17; വി. ലൂ
ക്കൊ. 3; 5).

പ്രയോജനകരങ്ങളായ കുറെ ചോദ്യോത്തരങ്ങളും കൂടെ
താഴെ ചേർക്കുന്നു.

1. ചോദ്യം- ദൈവത്തിനു നമ്മെ സംബന്ധിച്ചുള്ള ഇഷ്ടം എ
ന്താകുന്നു?

ഉത്തരം. നാം പരിശുദ്ധന്മാരായി തീരണമെന്നാകുന്നു.
(1 തെസലൊ. 4: 3)

2 ചോ- നാം എങ്ങിനെ പരിശുദ്ധന്മാരായി തീരണമെന്നാകുന്നു ദൈവത്തിന്റെ ഇഷ്ടം?

ഉ- ദൈവത്തെപ്പോലെ തന്നെ. (ലേവ്യ. 11: 45)

3 ചോ- ദൈവം ഇങ്ങിനെ ഇഷ്ടപ്പെടുക മാത്രമെ ചെയ്തിട്ടുള്ളൊ?

ഉ- അല്ല. അവിടത്തെ പരിശുദ്ധ വസ്ഥയിൽ നമ്മെ സൃഷ്ടിക്കയും ആ പരിശുദ്ധാവസ്ഥ നഷ്ടപ്പെടാതിരിപ്പാൻ തക്ക മാർഗ്ഗം ഉണ്ടാക്കയും പ്രവൃത്തിച്ചു ഉപദേശിക്കയും കൂടെ ചെയ്തു (ഉല്പ. 1: 27; 2: 2, 3, 15—17)

4 ചോ- ഈ ഇഷ്ടവും ഉപദേശവും നമ്മെ സംബന്ധിച്ചും നമ്മോടും മാത്രം ആദ്യമായിട്ടുള്ളതൊ?

ഉ- അല്ല. ദൈവത്തോടു മത്സരിച്ച ഉയർന്ന വൃന്ദം മാലാഖമാരുടെ കാര്യത്തിൽ താഴെയുള്ള ഒമ്പതു വൃന്ദം മലാഖമാരോടും ഇതുതന്നെയത്രെ ദൈവത്തിന്റെ ഇഷ്ടവും ഉപദേശവും (സങ്കി. 103: 20, 21; ഏശാ. 14: 12—15; യൂദ. 6—9; വി: മത്താ. 26: 53; 25: 31; യോബ്. 38: 7; വി. ലൂക്കാ. 10: 18).

5 ചോ- നമ്മോടുള്ള ദൈവത്തിന്റെ ഉപദേശ വിഷയങ്ങളിൽ ഒന്നായ ദർശിക്കരുതു, സ്പർശിക്കരുതു, ഭക്ഷിക്കരുതു എന്നു വിരോധിച്ച പറുദീസായിലെ വൃക്ഷത്തിന്റെ സൂചനാർത്ഥം എന്താകുന്നു?

ഉ- സ്വർഗ്ഗസഭയിൽ നിന്നു മുടക്കി തള്ളിക്കളഞ്ഞ മലാഖമാരെ (പിശാചുക്കളെ) സൂചിപ്പിക്കുന്നതായി പറുദീസാ സഭയിലെ മുടക്കപ്പെട്ട കുടുംബത്തെയും, ഭൗമ സഭയിൽനിന്നു മുടക്കപ്പെടുന്നവരേയും എല്ലാ ദൈവദ്രോഹികളെ മനസ്സാ വാചാ കർമ്മണാ അശേഷം ഐക്യം (അടുപ്പം) അനുവദിക്കാതെ ചെറുതും വലുതുമായ സർവ്വ പാപ പ്രേരകന്മാരേയും ഉദ്ദേശിക്കുന്നു. (1 കോരി. 5: 11—13; 2 കോരി. 6: 14—18; 1 തെസ്സ. 5: 21, 24; തീത്താ. 3: 10, 11; വി. മത്താ. 18: 15—20.

6 ചോ- സർവ്വപാപങ്ങൾക്കും കാരണം ആരാകുന്നു?

ഉ- മത്സരിച്ചു പ്രാക്കാരു ഭ്രഷ്ടാക്കപ്പെട്ട പിശാചുക്കളായി

തിന്റ പ്രസ്തമാപാപമാരാകുന്നു. ഇവരോടും ഇവരുടെവ്യാപാരങ്ങ
ളോടും ഇവരെ അനുകരിക്കുന്നവരോടു അകന്നുമാറിക്കൊള്ളേണ്ട
തുമാകുന്നു. (ഉല്പത്തി 3: 4; 4: 8, 9; 1 യോഹന്നാൻ, 3: 12; വി.
യോഹന്നാൻ, 8: 44; 2 തെസ, 3: 14, 15; അടുത്തു [illegible]കളിലുള്ള
സാക്ഷികളും)

7 ചോ- അവർ തള്ളപ്പെട്ടവരെങ്കിലും ഉയർന്നുവരും പലതി
നും പ്രാപ്തരും അവരിൽ അഗ്രസരർ ലോകത്തിന്റെ ധനവും
ആധിപത്യവും സ്ഥിരമായ ഗുണമില്ലാതെ എന്നു ദോഷമെന്ന അവ
രോടു അടുക്കാതിരുന്നുകൊണ്ടു വരുന്നതെന്തു?

ഉ- ഗുണം എത്രയോ ശ്രേഷ്ഠതരവും ഇമ്പകരവും വിവി
ധങ്ങളും ആയിതന്നാലും അവ ക്ഷണികങ്ങളും നശ്വരങ്ങളും ആ
കുന്നു. എന്നാൽ ദോഷമാകട്ടെ നിത്യനരകത്തിനു പാത്രമാക്കിത്തീ
ർക്കുമാറു അത്രക്കു വലിയതും ആകുന്നു. (എബ്രായർ, 6: 4—8;
വി. മത്തായി, 25: 41—46)

8 ചോ- എന്താകുന്നു ആ വലിയ ദോഷം?

ഉ- പരിശുദ്ധാവസ്ഥ നഷ്ടപ്പെടുമെന്നുള്ളതാകുന്നു. അക
ന്നു വേർപെട്ടു നില്ക്കാതെ അടുക്കുന്നതിനും ഉടമ്പടിക്കും ആരെ
ല്ലാം പോകയോ പോകുമോ അവർ ആകട്ടെ പരിശുദ്ധവസ്ഥയെ
പാലിപ്പാനും ദൈവത്തെ സേവിപ്പാനും മോക്ഷത്തിനു യോഗ്യരാക
വാനും സാധിച്ചിട്ടില്ല സാധിക്കയുമില്ല. നിത്യനരകത്തിനു അവ
നുഭവം അതുകൊണ്ടു എന്തുതന്നെ അനുഭവിക്കേണ്ടിവന്നാലും
അവയെല്ലാം ക്ഷമയോടെ സഹിച്ചു അവരുടെ ഇടയിൽ നിന്നു പു
റപ്പെട്ടു വേർപെട്ടു നില്ക്കതന്നെ വേണം. അശുദ്ധമായതു തി
നൊട്ടുകയുമരുതു. (ഉല്പത്തി 3: 6—8; എബ്രായർ. 12: 14; യെശ
യ്യാ, 52: 11, 12; ഫിലിപ്പിയർ. 1: 29, 30; വി. മത്തായി. 24: 13.)

9 ചോ- ഈ ശത്രുക്കളെ വേർപാടെന്നും എങ്ങിനെ സാ
ധിക്കാം?

ഉ- മനുഷ്യരായിട്ട ദൈവത്താൽ കൃപയോടെ ഒന്നാം
ചെയ്യപ്പെട്ട പരിശുദ്ധ [illegible] വിശ്വാസം, പ്രത്യാശ, സ്നേ

ഹാ എന്നിവയാൽ പരിശുദ്ധത സായൂജ്യവും സാധിക്കും. (1 കോറി. 13: 13; വി. യോഹന്നാൻ. 16: 13)

10 ചോ. ആദ്യമാതാപിതാക്കളായ ആദാമിനെ അടക്കുവാൻ കുഴിവെട്ടിയപ്പോൾ ഒരു തലയോടും അസ്ഥികളും കണ്ടെത്തു. അവ ആരുടെയായിരുന്നു?

ഉ. ആദാമിന്റെ രണ്ടാമത്തെ മകനായ ഹാബേലിന്റെ ആണ്. (ഉല്പത്തി 49: 28—33)

11 ചോ. ഹാബേൽ തന്റെ അപ്പനുമുമ്പു മരിപ്പാൻ കാരണമെന്തു?

ഉ. കായേന്റെ ബലി ദൈവം കൈക്കൊണ്ടില്ല. ഹാബേലിന്റെതു കൈക്കൊണ്ടു. ഇതു നിമിത്തമുണ്ടായ അസൂയയാൽ കായേൻ അവനെ അടിച്ചുകൊന്നതാണ്. (ഉല്പത്തി 4: 3—8)

12 ചോ. കായേനും ഹാബേലും ബലി അണപ്പാൻ അവർ പുരോഹിതന്മാരായിരുന്നുവോ?

ഉ. അവർ രണ്ടു പുരോഹിതന്മാരുടെ മുൻഗാമികളായ നിഴൽ പുരോഹിതന്മാരായിരുന്നു. (ഉല്പത്തി 4: 3—5)

13 ചോ. ആ രണ്ടു പുരോഹിതന്മാർ ആരാകുന്നു?

ഉ. 1 ദൈവപുത്രനായ മിശിഹാ എന്ന മഹാ പുരോഹിതനും, 2 ആകർക്കൂസാപുത്രനായ അന്തി മിശിഹാ എന്ന മഹാ പുരോഹിതനും ആകുന്നു. (ഉല്പത്തി 3: 15; 1 യോഹ-4: 3; 2: 18;19)

14 ചോ. ദൈവപുത്രനായ മിശിഹാ (ക്രിസ്തു) മഹാപുരോഹിതനെന്നു കേട്ടിട്ടുണ്ട്. അന്തിമിശിഹാ (അന്തിക്രിസ്തു) മഹാപുരോഹിതനെന്നു ഇതു പുതുതായിട്ടാണു കേട്ടതു. വിശദമായി പറഞ്ഞു മനസ്സിലാക്കാമൊ?

ഉ. ദൈവപുത്രനായ മിശിഹാ മഹാപുരോഹിതൻ മാത്രമല്ല മഹാനബിയും മഹാരാജാവും കൂടെയായിട്ടാണ് മിശിഹാ എന്ന പേരിൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതു. ആ മൂന്നു സ്ഥാനങ്ങളിലും ദൈവത്തിന്റെ അഭിഷിക്തനായിരുന്നു

വി. പറുദെസാ സഭയുടെ അധിപനമായിരുന്നു. കല്പനലംഘ
നാമൂലം പ്രസ്തുത നൽവരങ്ങളെ എടുത്തുകൊണ്ടു ദൈവം അവ
നെ തള്ളിക്കളഞ്ഞപ്പോൾ തിരുസന്നിധിയിൽ അർപ്പിച്ച അനുതാ
പവും കണ്ണുനീരും കണ്ടു കാരുണ്യവാനായ ദൈവം മനസ്സലിഞ്ഞു
നിവൃത്തിമാർഗ്ഗം നിശ്ചയിച്ചുകൊണ്ടാണു തന്റെ വാത്സല്യ മകനെ
വിമോചകനായി മേല്പറഞ്ഞ നൽവരങ്ങളിൽ അഭിഷേകം ചെയ്
തു അതായതു പട്ടം കൊടുത്തതു. അപ്പോഴതന്നെ പിശാചിനും
സേനകൾക്കും സംഭ്രമമായി എങ്കിലും അകന്നിടത്തോളം എതൃ
ക്കണം. നാശമുണ്ടാക്കണം എന്നുറച്ചുകൊണ്ടു ഒട്ടും താമസിയാ
തെ അവന്റെ മകനു അന്തിമിശിഹാ അതായതു അന്തിക്രിസ്തു എ
ന്നു വച്ചാൽ എതൃക്രിസ്തു എന്ന പേരിൽ വിമോചകനായി അവ
നും അഭിഷേകംചെയ്തു അതായതു പട്ടം കൊടുത്തു. പിതാവാം
ദൈവം പരിശുദ്ധാത്മാവിനാലും പിശാചോ അശുദ്ധാത്മാവിനാ
ലും പട്ടംകൊടുത്തു. ക്രിസ്തു പാപത്തിൽ നിന്നും പിശാചിൽനി
ന്നും നരകത്തിൽനിന്നും വിമോചിച്ചു സ്വർഗ്ഗപ്രാപ്തി നൽകുന്നു. എ
ന്നാൽ അന്തിക്രിസ്തുവോ പുണ്യത്തിൽനിന്നും ദൈവത്തിൽനിന്നും
മോക്ഷത്തിൽനിന്നും വിമോചിച്ചു നരകപ്രാപ്തി നൽകുന്നു. (എ
ബ്രായ. 2: 14—18, 2 തെസ്സ 2: 9—12)

15 ചോ- ക്രിസ്തുവിന്റേതിനു എന്ന പോലെ അന്തിക്രിസ്തു
വിന്റേതിനും പട്ടംകൊട എന്നു പറയുന്നതു എന്തുകൊണ്ടു?

ഉ- പട്ടംകൊട എന്ന പദത്തിനു സുറിയാനിയിൽ മശ്രു
ഹോനൂസോ എന്നും പട്ടം കൊടുത്തു എന്നതിനു അശ്രാഹ് എ
ന്നുമാണു പറയുന്നതു. ഇവ: ശ്രാഹ് എന്ന ധാതുവിൽ നിന്നുള
വിച്ചവയാണ്. ഇതിനു പല അർത്ഥങ്ങളുണ്ടു. ആശയഗതി അ
നുസരിച്ചു അശ്രാഹ് എന്ന വാക്കിനു മുതലപ്പെടുത്തി, ദാനം
ചെയ്തു, പട്ടംകൊടുത്തു എന്നെല്ലാം പറയാം. പൊതുവെ അർത്ഥം ക
റാമപ്പെടുത്തി എന്നും മറ്റുമാകുന്നു. പട്ടംപാപം എന്നും, ലംഘിച്ചു
[illegible] ശിക്ഷാർഹനുമായ വലിയ മുതലകളിൽ [illegible]

സ്ഥാനത്തെ അർഹരിക്കുന്നവനാകുന്നു. കൃത്യനിഷ്ഠയോടുകൂടെ നിറവേറാഞ്ഞാൽ കുററപ്പെടുത്തും എന്നല്ല ശിക്ഷിക്കുകൂടെ ചെയ്യും എന്നുള്ള ഗൗരവമായ ശാസനായിന്മേൽ ചുമതലപ്പെടുത്തുന്നതുകൊണ്ടാകുന്നു പട്ടം കൊടുക്കുന്നതിനു കുററപ്പെടുത്തി എന്നർത്ഥമുള്ള അസ്രാഹ് എന്ന പദം ഉപയോഗിപ്പാനിടയായതു. ആദാം ചുമതല ലംഘിച്ചപ്പോൾ ദൈവം അവനെ കുററപ്പെടുത്തുകയും ശിക്ഷിക്കയും ചെയ്തല്ലൊ. ദൈവം വീണ്ടെടുപ്പിൻ ജോലിക്കായി തൻെറ പുത്രനെ മിശിഹാ എന്ന പേരിൽ പരിശുദ്ധാത്മാവിനാൽ പട്ടാഭിഷേകം ചെയ്തു ചുമതലപ്പെടുത്തി. എന്നാൽ, ആ അഭിഷിക്തനോടു എതിർത്തു പ്രവർത്തിക്കുന്നതിനു ആകൽക്കറൂസാ അവൻെറ പുത്രനെ അന്തിമിശിഹാ എന്ന പേരിൽ അശുദ്ധാ(ദുരാ)ത്മാവിനാലും പട്ടാഭിഷേകം ചെയ്തു ചുമതലപ്പെടുത്തി. ഈ തത്വമനുസരിച്ചു രണ്ടിനും പട്ടംകൊട എന്നു പറയാം. (അടുത്ത മുകളിലുള്ള സാക്ഷികൾതന്നെ)

16 ചോ- ഇരുവരും താന്താൻെറ ചുമതല നിറവേററിയോ? അതോ ആദാമിനെപ്പോലെ ലംഘിച്ചുവൊ?

ഉ- ഇല്ല. ലംഘിച്ചില്ല. നിറവേററുകയത്രെ ചെയ്തതു; എന്തെന്നാൽ, മിശിഹാ തൻെറ സേനയും മൻശാമിയുമായി ഹാബേലിനെ നിയമിച്ചു ജോലി ആരംഭിച്ചു. അന്തിമിശിഹാ അവൻെറ സേനയും മൻശാമിയുമായി കായേനെ നിയമിച്ചു അവനും എതിരു പ്രവർത്തിപ്പാൻ തുടങ്ങി. (സാക്ഷി 11-ാം ചോദ്യോത്തരത്തിൻേറതുതന്നെ)

17 ചോ- ഇതിനെ സംബന്ധിച്ചായിരിക്കുമൊ കായേനും ഹാബേലും നിഴൽ പുരോഹിതന്മാരെന്നോ മററോ മുകളിൽ പറഞ്ഞതു?

ഉ- അതെ. അങ്ങിനെതന്നെ. ആഹാ! ഇപ്പഴാണ് വാസ്തവം വെളിക്കുവന്നതു. ആദാം ഭ്രഷ്ടനായപ്പോൾ നൽവരങ്ങൾ അവനിൽനിന്നു എടുക്കപ്പെട്ടു എന്നും അവനിൽനിന്നു ആക്കം

അവ കിട്ടിയിട്ടില്ലെന്നും കിട്ടാൻ നിവൃത്തിയില്ലെന്നും മക്കളോടുള്ള ആദാമിൻെറ പ്രബോധനം മൂലം—വിമോചകനായി പട്ടമേററ മിശിഹായെക്കുറിച്ചുള്ള പ്രബോധനംമൂലം—അവനിലെ വിശ്വാസത്താലും അവൻെറ മദ്ധ്യസ്ഥതയാലും നിഴൽ പൗരോഹിത്യാവകാശവും മററും ഹാബേലിനും പിന്നെ ശേതിനും ഇങ്ങിനെയാഞു ടുന്നുപോന്നതെന്നും സ്പഷ്ടമായി. കായേൻ എളുകക്ഷി ആയിരുന്നതിനാൽ പ്രബോധനം വിശ്വസിച്ചില്ല. അവൻ ശാപഗ്രസ്തനായിതീന്നു. സു: ശ്ഹിമാ നമസ്കാരം വെള്ളിയാഴ്ച സൂത്താറായിലെ ബോവൂസായിലുള്ള ആദാമിൻെറ പ്രബോധനാ വാക്യങ്ങൾ ഓമ്മയിൽ വരുന്നു. അവയിൽ ഒന്നു "തള്ളപ്പെട്ട പുരോഹിതനു ബലി അണപ്പാൻ അധികാരമില്ല" എന്നിപ്രകാരമാകുന്നു. ബലി അണപ്പാൻ അധികാരമില്ലാത്ത ആൾക്കു പട്ടംകൊടുക്കുന്നതിനും അധികാരമില്ലല്ലൊ. അതിനാൽ പട്ടത്വം, പകരം പട്ടമേററ മിശിഹാ മൂലം ഹാബേൽ വഴിയാണെന്നുള്ളതു നിസ്തക്കമത്രെ. (ഉല്പത്തി. 4: 25, 26)

18 ചോ. മേല്പറഞ്ഞ രണ്ടു ക്രിസ്തുക്കളും അനുയായികളും തമ്മിലുള്ള വത്തനകൾ എങ്ങിനെ?

ഉ- അടികലശലുകൾ, കൊലപാതകങ്ങൾ, നയവഞ്ചന, വശികരണങ്ങൾ ആദിയായവയാണു ആദിമുതല്ക്കേ ഉള്ള അവരുടെ അന്യോന്യ വത്തനകൾ.

19 ചോ. അങ്ങിനെയെങ്കിൽ ക്രിസ്തുവും ക്രിസ്തുവിൻെറ ഭാഗത്തുള്ളവരുംകൂടെ അക്രമികളും, അന്യായക്കാരും, വഞ്ചകന്മാരും എന്നു വരുന്നില്ലയൊ?

ഉ- ഇല്ല. ക്രിസ്തു പാപം തീണ്ടിട്ടുപോലുമില്ലാത്തവനാകുന്നു. എങ്കിലും അക്രമികളും അന്യായക്കാരുമായ ആദാമ്യ വംശത്തിനുവേണ്ടി അവരെ പാപങ്ങളിൽ നിന്നുംമററും വിമോചിപ്പിച്ചുകൊള്ളുവാൻ ജാമ്യക്കാരനായി തീന്നുകൊണ്ടു തങ്കലേക്കുനോക്കി അവക്കുനുറ ബോധവും മാനസാന്തരവും ഉണ്ടാകേണ്ടതിനു അവരുടെ വേഷ

ത്തിൽ ആധിപത്യമെന്നെയുള്ളൂ, എന്നാൽ തന്റെ അനുയായികൾ കുററക്കാരനായ ആദാമിന്റെ മക്കളും പാപികളുമാക കൊണ്ടു ബലഹീനത നിമിത്തം വിഷ്ടതാഷ്ടകൾ അവരിൽ ഉണ്ടായിക്കൊണ്ടിരിക്കാം. എങ്കിലും ക്രിസ്തു അവയെ എല്ലാം ശാസിച്ചു നീക്കംചെയ്തും അസത്യവാദിയും ദ്രോഹിയുമായ ആകൽക്കറുസായോടു പോരാടുവാൻ തന്റെ പരിശുദ്ധ കാൽച്ചുവടുകളിൽ സൂക്ഷിച്ചു അനുഗമിക്കുന്നതിനു ഉപദേശിച്ചും നടത്തിവരുന്നു. (ഫിലി- 2: 6, 7; വി. ലൂക്കാ- 22: 35—38,47--53. വി. മത്തായി 26: 51--54)

20 ചോ- ആദിമുതലേ ഇരുഭാഗക്കാരും തമ്മിലുള്ള വത്തനകൾ അടികലശലാദിയായവ എന്നു പറഞ്ഞല്ലൊ, അവയിൽ ചിലതു കേൾക്കട്ടെ?

ഉ- കായേനും ഹാബേലും തമ്മിലുള്ളതു (ഉല്പ. 4: 8) അന്തിക്രിസ്തു ഭാഗക്കാർ ജഡികമായ ആദായ മംഗ്ളങ്ങളും മററും കാണിച്ചുകൊണ്ടുള്ള വശീകരണം. (ഉല്പ. 4: 20—22; 6: 1, 2) ക്രിസ്തു ഭാഗക്കാർ ആത്മികമായ ആദായങ്ങൾ അതായതു വി. വീണ്ടുംജനനം മൂലമുള്ള സ്വർഗ്ഗീയ ആദായങ്ങൾ കാണിച്ചുകൊണ്ടു അന്തിക്രിസ്തു ഭാഗത്തേക്കു ചാഞ്ഞുപോകുന്നവരെ ക്രിസ്തുഭാഗത്തേക്കു ആകർഷിക്കുക. (ഉല്പ. 30: 25--43; 29-ം 30-ം അദ്ധ്യായങ്ങൾ മുഴുവനും വായിക്കേണ്ടുന്നതു) (കഷ്ടാനുഭവ ആഴ്ചയിൽ ബുധനാഴ്ച രാവിന്റെ 3-ാം കൌമ്മാ പ്രമിയോൻ എടോ ശ്ലെമ്മാച്ചാ! തനിക്കു കുറേശ്ശെ സുറിയാനി അറിയാമല്ലൊ വായിച്ചുനോക്കുക) ക്രിസ്തുഭാഗത്തുള്ളവരെ വേശ്യാവൃത്തിയാലും വിഗ്രഹാരാധനയാലും മററും വശീകരിച്ചു മറുഭാഗത്താക്കുക, ആ ദുർവൃത്തിനേയും തന്നിമിത്തമുള്ള ബാധകളേയും ശാപങ്ങളേയും ഇല്ലായ്മചെയ്തു അനുഗ്രഹിതരാക്കുവാനായിട്ടു ക്രിസ്തുഭാഗത്തുനിന്നുള്ള എത്രയും വൈരാഗ്യമേറിയ പിനഹാസ്സിന്റെ നിഗ്രഹം എന്നിവയാകുന്നു. (സംഖ്യ 25-ാം അദ്ധ്യായം; 2 പത്രോ. 2: 15, 16; യഹൂ 11; വെളി. 2: 14) യേശുമിശിഹായെ കൂടെ നിഗ്രഹിക്കുന്നതിനു അന്തിക്രിസ്തു ഭാഗ

ഏറ്റനായി, താൻ ക്ഷമയോടെ
ജൂനിന്നു നേരിട്ടുള്ള അക്രമങ്ങളും ഏറ്റം പിശാചിന്റെ മേലചത
അനുഭവിച്ച പീഡകളും മരണവും ... പിശാചിന്റെ മേലചത
ച്ച മനുഷ്യകുലത്തെ വീണ്ടെടുത്തു വിജയം പ്രാപിച്ചതും നാലു ഏ(വ)
വൻഗേലിയോനിൽ നിന്നു അറിയ മല്ലൊ.

21 ചോ- ഇങ്ങിനെയുള്ള അക്രമങ്ങളുടെ പരമാന്ത്യം ഏവി ടെ? പരമ വിജയം ആർക്ക്?

ഉ- അതു. ഇപ്പോൾ പറയുമ്പോലെ അത്രക്ക അടുത്തും നാശപുത്രനായ അന്തിക്രിസ്തുവിന്റെ അവതാര സന്ദർഭം ഏത്രക്ക ദീപ്തിപ്പിക്കുന്നുവൊ അത്രക്ക അകലും ആണിരിക്കുന്നതു. കഴി യുമെങ്കിൽ തെരിഞ്ഞെടുക്കപ്പെട്ടവരെയും വഞ്ചിപ്പാൻ തക്ക ഉഗ്ര ക്കൊടും, മൃഷ്ടോടും, അത്ഭുത അടയാളങ്ങളോടും, നയോപായ വ ഞ്ചനകളോടും, ദോഷങ്ങളോടും കൂടിയതായി അവന്റെ അവ താരാനന്തര നടപടികൾ നടന്നുകൊണ്ടിരിക്കവെ ദൈവപുത്രനാ യ യേശുമിശിഹാ വാഗ്ദത്ത പ്രകാരമുള്ള തന്റെ രണ്ടാമത്തെ ഏ ഴുന്നെള്ളത്തിൽ പ്രത്യക്ഷപ്പെടുകയും, ആ അധൎമ്മമൂൎത്തിയേയും സേനകളേയും അവരുടെ ദുർവ്യാപാരങ്ങളോടുകൂടെ നിശ്ശേഷമായും നിത്യമായും നശിപ്പിക്കയും അവരേയും അവരുടെ വശീകരണ ങ്ങളാൽ പക്ഷംചേൎന്ന സകലമാന പേരേയും നരകത്തിൽ തള്ളുക യുംചെയ്യും(൨. തെസ്സ. ൨: ൩-൧൨; വി. മത്താ. ൨൪: ൨൦--൨൫)

22 ചോ- ഇസ്രായേല്യരും ഇതര ജാതികളും തമ്മിലുണ്ടായിട്ടു ള്ള യുദ്ധങ്ങളും ഇതിലേക്ക സാക്ഷ്യങ്ങളല്ലയൊ?

ഉ- ഒ അതെ അങ്ങിനെ തന്നെ ഞാൻ അതു ഓൎത്തുമി ല്ല. പറഞ്ഞുമില്ല ഏതിനോയുമല്ല. ഓരോരുത്തരിലും ഏറിയവും അ ടുത്തു നടക്കുന്ന ജഡവും ആത്മാവും തമ്മിലുള്ള പോരുപക്ഷങ്ങളും പോരാട്ടങ്ങളും രണ്ടു ക്രിസ്തുക്കളേയും നേതൃത്വത്തിൽ നടക്കുന്നവ യാകയാൽ സൎവ്വപ്രധാനമായി അവയും ഈ കൂട്ടത്തിൽ പരിഗണി ക്കപ്പെടേണ്ടിയിരിക്കുന്നു.

23 ചോ- മുടക്കപ്പെട്ടവരും ഈ കൂട്ടുകാരും തങ്ങളോടു ഉള്ളട ങ്ങിയവരായി സത്യഭാഗങ്ങളും ... ക്കില്ലാതെയും നില്ക്കുന്ന ആളുക.

കളുമെത്രെ ഇവർ അവരൊടനുകൂലിച്ചും ചില കർമ്മങ്ങൾ നടത്തിക്കൊണ്ടു മുഴുവനായിപ്പൊയി യാതൊരു ന്യൂനതയുമില്ല എന്നിങ്ങനെ ഇരുകൂട്ടരും കൃതാർത്ഥരായി തൃപ്തിപ്പെടുവാനുണ്ടല്ലൊ. ഇക്കാര്യത്തിലുള്ള വാസ്തവസ്ഥിതി എങ്ങിനെ?

ഉ- കൈക്കൂടുന്നതിൽ കുറവു പിടിച്ചുംവച്ച് വിടുത്തിനൊക്കിയാലെന്നപോലെ യാതൊരു പ്രയോജനവുമില്ലെന്നു മാത്രമല്ല നേരെ മറിച്ചു ഇരുകൂട്ടർക്കും സഹകരിക്കുന്നയാളുകൾക്കും പ്രത്യേകിച്ചും സംശയംവിനാ മാലിന്യങ്ങൾ പറ്റുകയും ചെയ്യും (റങ്ങുഷി വ: ൫൦--൫൭)

24 ചോ- മുടക്കുകൊണ്ടു പട്ടത്വം പോകുമെന്നു പറയുന്നതിനാൽ മുടക്കപ്പെട്ട ഒരാളിൽ നിന്നു് നൽവരം പുറത്തുപോകുമെന്നാണൊ മനസ്സിലാക്കേണ്ടതു?

ഉ- അല്ല. എന്നാലൊ പട്ടംകൊടുക്കുന്നുയെന്നു് പറയുന്നതിനാൽ പട്ടമേല്ക്കുന്ന ആളിലേക്കു് പരിശുദ്ധാത്മാവിനെയൊ നൽവരത്തെയൊ തൽസമയം ആവസിപ്പിക്കയല്ല. വി: മാമ്മോദീസാമൂലം വ്യക്തിപരമായി പാർക്കുന്നതൊ ആ ആളിൽ വസിക്കുന്ന പരിശുദ്ധാത്മാവിന്റെ പട്ടത്വവരപ്രസാദത്തെ അവനിൽ പ്രദീപിപ്പിച്ചു് വ്യാപരിപ്പിപ്പാൻ പരിശുദ്ധാത്മാവിനോടും പുത്രൻ തമ്പുരാനോടും ആ പരിശുദ്ധ മൂർത്തികളുടെ മാദ്ധ്യസ്ഥംമൂലം പിതാവാം ദൈവത്തോടും ശരിയായ കൈവെപ്പും അനുമതിയുമുള്ള ആൾ വി: കർമ്മംനടത്തി അപേക്ഷിച്ചു് കൈവയ്ക്കുമ്പോൾ പരിശുദ്ധ റൂഹാ തന്റെ വരപ്രസാദത്തെ അവനിലേക്കു് ഒഴുക്കുകയും അവൻ വഴി മറ്റുള്ളവരിലേക്കു യഥാക്രമം വ്യാപരിപ്പിക്കുന്നതിന് അനുമതിനൽകുകയും ചെയ്യുന്നുയെന്നാകുന്നു മനസിലാകുന്നതും മനസിലാക്കേണ്ടതും. അതിനെതന്നെ അയോഗ്യനായി കാണപ്പെടുമ്പോൾ ക്രമാനുസരണം വ്യാപാരം അതായതു് കൂദാശനടത്തൽ തടയുകയൊ മറ്റൊ ചെയ്യുകയും * വരപ്രസാദം പിൻവലി

* ഇതിനു പട്ടത്വം പോകയില്ല.

ക്കയും പരിശുദ്ധാത്മാവിനേയുംകൂടെ എടുത്തുകൊണ്ട് വി. സഭയിൽ
നിന്ന് ശപിച്ചുതള്ളുകയും* ചെയ്യുന്നതിനെപ്പററിയും മനസ്സിലാ
കുന്നതും മനസ്സിലാക്കേണ്ടതുമാകുന്നു. ഈ കാരണത്താൽ അ
ത്രെ കൈവെപ്പുകൊണ്ട് മാമ്മോദീസായും പട്ടത്വവും കിട്ടുമെന്നും
മുടക്കുകൊണ്ട് അവ പോകുമെന്നുമെല്ലാം സാധാരണ പറഞ്ഞു വ
രുന്നതു്. എന്നാൽ ഏതു പദത്തിലുള്ള വരപ്രസാദമാണ് നൽ
കിയിരിക്കുന്നതു? അല്ലെങ്കിൽ ഏതു വിധത്തിലുള്ള മുടക്കാണ് ന
ടത്തിയിരിക്കുന്നതു? എന്നു തൽസംബന്ധമായുള്ള റിക്കാർഡുകൾ
കൊണ്ട് മനസ്സിലാക്കാവുന്നതുമാണ്. (അ. പ്ര. ൬: ൬—൬;
൮: ൨൩—൨൯; ൨: ൧൯, ൧൭, ൨൭—൩൧; ൨. തിമോ. ൧
൬, ൯; ൨: ൧—൩; ൧. തിമോ. ൪: ൧൪—൧൬; തിത്തൊ ൧: ൫;
വി. ലൂക്കൊ-ൻ: ൧—൬; ൧൦: ൧—൧൬; വി മത്താ. ൨൮, ൧൮
—൨൦; വി. യോഹ. ൧൯: ൨൧, ൨൩; ൧, കോറി ൫ ൫;
തിമോ. ൧. ൧൯, ൨൦; ൫: ൧൯—൨൨; ൨. തെസ്സ ൩: ൧൪, ൧൫;
൨ യോഹ. ൧൦; ൧൧; വി. മത്താ, ൧൮. ൧൫—൨൦)

25 ചോ- അത്മായർ വൈദികർ എന്നീഗണങ്ങളിൽ നി
ന്നു മുടക്കപ്പെടുകയോ, നൽവരങ്ങൾ ഉരിയപ്പെടുകയോ, സഭ
യിൽനിന്നു ഭ്രഷ്ടാക്കപ്പെടുകയോ ചെയ്യുന്ന ആളുകൾ മാനസാന്ത
രപ്പെട്ടു വരുമ്പോൾ അവരോടുള്ള വി. സഭയുടെ മുറ എന്താകുന്നു?

ഉ- അവരുടെ മാനസാന്തരം, വിശ്വാസസ്ഥിരത, കാര്യപ്രാപ്തി,
സ്വഭാവപ്രകൃതി എന്നിവയുടെ ഗുരുലാഘവാനുസാരം, ശു
ദ്ധോധനക്കാരെ കർമ്മത്തിനനുവദിച്ചും നൽവരഭ്രംശകരെയും
സഭാഭ്രംശകരെയും അവരുടെ കുററങ്ങൾക്കു തക്കവണ്ണം ചില
ഉപേക്ഷകൾ, ഏററുപറച്ചിലുകൾ മുതലായവ ചെയ്യിച്ചു പ്രത്യേ
ക പ്രാർത്ഥന, കൈവെയ്പു എന്നിവ നടത്തിയും കല്പനകൊടുത്തു
യഥാസ്ഥാനത്തും, ചിലപ്പോൾ ഉപരിസ്ഥാനത്തും, എന്നാൽ ചി

¶ഇതിനു പട്ടത്വം പോയി കേവലം അത്മേനിയായി തീരും.
*ഇതിനു മാമ്മോദീസായും പോയി ക്രിസ്ത്യാനി അല്ലാതാകും.

പിപ്പാൽ തെഴിന്ന സ്ഥാനത്തു കീഴ്ജീവനത്തിലും നിയമിക്കയും ചെയ്യും. ഏതു ... പാപസംസർഗ്ഗത്തിനും മോക്ഷപ്രാപ്തിക്കും തടസ്ഥമായിരിക്കുന്ന ... ശാപം മാററി പുത്രസ്ഥാനമാകുന്ന മാമൂദീസാപ്പട്ടം ... ഉണ്ടെങ്കിൽ അനുവദിക്കാതിരിക്കയില്ല എന്നു പ്രമാണം (മുല്ല ൧൧: ൨൧, ൨൨; ആവ. ൩൩:൩. ... (എഴുവർ വായിക്കുന്നതു നന്നു) ൨ കോ: ൨: ... വി. ലൂക്കാ. ൨൩: ൪൩; വി. യോഹ. ... ൨: ...)

26 ചോ- ഈ പുസ്തകത്തിൽ ആദ്യമായി ചേർത്തിരിക്കുന്ന എഴുത്തിൽ വി. സിംഹാസനത്തിന്റെ ആത്മിക ലൌകിക മേലധികാരങ്ങൾക്കു എതിരായുള്ള ഈ വ്യാപാരം ദൈവത്തോടു മത്സരികളായിത്തീന്നു തള്ളപ്പെട്ടു, പൈശാചിക ഗണങ്ങളായി, നരകാവകാശികളായിത്തീന്നിരിക്കുന്ന പ്രധാന ദൂതന്മാരുടെ പ്രേരണയാൽ മാത്രം നടക്കുന്നതാണെന്നു തിരുമനസ്സുകൊണ്ടു അടങ്ങിയിരുന്നു ആലോചിച്ചാലറിയാവുന്നതാണ്" എന്നു ൨. തെസ്സ- ൨:൩-ൽ പറയുന്ന സംഭവം ഇക്കാലത്തായിരിക്കുമൊ നടക്കാനിരിക്കുന്നതു എന്നു തോന്നിപ്പോകുന്നു" എന്നും വായിച്ചിട്ടുള്ളതു ഈ അവസരത്തിൽ ഒരു മിൽപാരിക്കും മത്സരക്കാരായ വട്ടശ്ശേരി മെത്രാച്ചനേയും കൂട്ടരേയും കൂടെ അന്തിക്രിസ്തുവിന്റെ ഭാഗത്തല്ലൊ പരിഗണിച്ചിരിക്കുന്നതെന്നു ആകപ്പാടെ ഒന്നു മനസ്സിലാകയും ചെയ്തു അതങ്ങിനെ തന്നെയൊ?

ഉ- ഈ രണ്ടുമൂന്നു ഭാഗങ്ങൾ കൊണ്ടു മാത്രമല്ല വേറെ ഭാഗങ്ങളിൽനിന്നും അങ്ങിനെതന്നെ എന്നു ഗ്രഹിപ്പാൻ കഴിയുന്നതാണു. യേശുമിശിഹാ എന്ന മഹാപുരോഹിതന്റെ സ്ഥാനത്തു സഭയുടെ ശ്രേഷ്ഠതലവനായ വി: പാത്രിയക്കീസു ബാവാ തിരുമേനിക്കും ശ്ലൈഹിക സിംഹാസനത്തിനും എതിരായിട്ടല്ലോ മെത്രാച്ചന്റെയും കൂട്ടരുടേയും ഇതുപര്യന്തമുള്ള സ്പഷ്ടമായ നില. ഇപ്പോഴെങ്കിലും സംഗതിയുടെ വാസ്തവം ഗ്രഹിച്ചു താനും കൂടെ മത്സരക്കാരുടെ മനസ്സുതിരിവിനും അങ്ങിനെ സത്യമാർഗ്ഗേ സഭയേ

ടെ സമാധാനത്തിന്നു വേണ്ടി മുട്ടിപ്പായി പ്രാൎത്ഥിക്കണമെന്നു ആഗ്രഹിക്കുന്നു.

27 ചോ- നിഴൽ പൌരോഹിത്യം വംശാനുക്രമമായി ലേവിഗോത്രത്തിൽ നിന്നു അഹരോൻവഴിയായി തുടൎച്ചയായി നിലനിന്നു പോന്നതെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലൊ. എന്നാൽ ആ പൌരോഹിത്യം അഹരോൻ മൂശയാൽ [illegible] കൈക്കൊണ്ടു എന്നു പറഞ്ഞിരിക്കുന്നതിന്റെ സാരമെന്തു? ഇരുവരും ഒരു സമയത്തും ഒരേ സ്ഥാനത്തും പട്ടമേറ്റു എന്നാകുന്നൊ?

ഉ- അല്ല മുമ്പും പിമ്പുമായിട്ടു ഒരുകാലത്തു എന്നും വ്യത്യസ്തതയിലുമാണു. മൂശക്കു അവൻ ദൈവപുത്രനായ ശ്രേഷ്ഠമഹാപുരോഹിതന്റെ സ്ഥാനത്തു അല്ലെങ്കിൽ അവതരണത്തിൻ മുൻഗാമി ആകയാൽ ദൈവം നേരിട്ടും ഉയൎന്ന സ്ഥാനത്തും (പുറ- [illegible]; അ: പ്ര- [illegible]; പുറ [illegible]; സംഖ്യാ- [illegible]) അഹരോൻ മുതലായവൎക്കാകട്ടെ മൂശവഴിയായിട്ടും താഴ്ന്ന നിലയിലുമത്രെ പട്ടം കൊടുത്തിട്ടുള്ളതു. മൂശയെ ആരെക്കൊണ്ടും അഭിഷേകം ചെയ്യിച്ചതായി പറയുന്നില്ലല്ലൊ (പുറ. [illegible])

28 ചോ- അങ്ങിനെയെങ്കിൽ മൂശ മുൻകുറിക്കുന്ന ദൈവപുത്രനു യോഹന്നാൻ വഴി കൊടുത്തു എന്നുള്ള അൎത്ഥത്തിൽ "യോഹന്നാൻ കൎത്താവിന്നു" എന്നു പറയുന്നതിന്റെ കാരണമെന്തു? മുൻകുറിക്കാരനു നേരിട്ടും അവൻ ആരെ മുൻകുറിക്കുന്നുവൊ ആ ദൈവപുത്രനു മദ്ധ്യസ്ഥം വഴിയും എന്നു പറഞ്ഞു വെച്ചിരിക്കുന്നൊ?

ഉ- വചനമായ ദൈവപുത്രനു ദൈവം നേരിട്ടതന്നെയാണു കൊടുത്തിട്ടുള്ളതു, വചനം ജഡമായിതീൎന്ന മനുഷ്യപുത്രനോ താൻ, അവിവേകത്താൽ ലംഘനംമൂലം നൽവരങ്ങൾ നഷ്ടപ്പെടുത്തിയ ആദാമ്യവംശത്തിന്റെ പിണയാളിയും രണ്ടാമത്തെ ആദാമും ആകകൊണ്ടു മാദ്ധ്യസ്ഥം മൂലം കൊടുത്തിട്ടുള്ളതാകുന്നു, തന്നിക്കു രണ്ടു അഭിഷേകങ്ങളുണ്ടു. ഒന്നു ദൈവപ്രകാരം വേറൊ

നു മനുഷ്യപ്രകാരവുമത്രെ എന്നു ഗ്രഹിക്കണം. (എബ്രാ. ൫: ൫, ൬; വി. മത്താ. ൯: ൧൯—൧൬)

29 ചോ- മനുഷ്യപ്രകാരമുള്ളതു മാദ്ധ്യസ്ഥം വഴികൊടുത്തതിന്റെ രഹസ്യം എന്താകുന്നു?

ഉ- അവിശ്വാസവും അസ്ഥിരതയും കാണിച്ച ഏതു കാരണത്താൽ ആ വംശക്കാരുടെ മാദ്ധ്യസ്ഥം വഴിയല്ലാതെ മേലാൽ ഒരു നന്മയും ദൈവത്തിൽ നിന്നു ലഭിക്കയില്ലെന്നും ആത്മനിശ്ചയത്താൽ അഹങ്കരിച്ചു തെളിവുകളെയൊ സ്വന്തത്തിൽ ആശ്രയിക്കയൊ ചെയ്യാതെ വിനയബുദ്ധ്യാ മാദ്ധ്യസ്ഥം വഴിമാത്രം--എല്ലാവരുടേയും ശ്രേഷ്ഠതലവൻ വഴി താഴോട്ടുള്ള പദവി ക്രമാനുസരണമായ മാദ്ധ്യസ്ഥം വഴിമാത്രം--ദൈവസഖ്യം ആശംസിച്ചും അനുഭവിച്ചുംകൊണ്ടു കീഴ്വണക്കത്തിലിരിക്കണമെന്നും അതതു മാദ്ധ്യസ്ഥംമൂലം അഹങ്കാരം ബഹിഷ്കരിക്കപ്പെടുകയും അനുസരണം പ്രതിഷ്ഠിക്കപ്പെടുകയും ചെയ്യുമെന്നും പഠിപ്പിപ്പാനാകുന്നു. (ഉല്പ. ൯: ൧൫; ലേവ്യ. ൮: ൭, ൮; എബ്രാ. ൭: ൨൫; വി. യോഹ. ൧൭: ൬; വി. മത്താ. ൧൮: ൫)

30 ചോ- മൂശ യേശുമിശിഹായുടെ മുൻഗാമിയും പഴയ നിയമകാലത്തെ ശ്രേഷ്ഠതലവനും ആയിരുന്നതുപോലെ പുതിയനിയമകാലത്തു തന്റെ (ക്രിസ്തുവിന്റെ) പിൻഗാമിയും ശ്രേഷ്ഠതലവനുമായി ഒരാൾ വേണമെന്നു വരുന്നല്ലൊ അതാരാണ്?

ഉ- ഇതിനെപ്പററി ഈ പുസ്തകത്തിലെ ൧൪, ൫൦; ൭൧—൭൨, ൧൭൯—൧൮൩ എന്നീ ഭാഗങ്ങളിൽ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതു വായിച്ചു ഗ്രഹിച്ചുകൊള്ളുക.

31 ചോ- മാലിന്യമില്ലാത്ത മുത്തു എന്നർത്ഥമുള്ള "മർഗോനീസാ ദ്ലൊമ്മോ" എന്നൊരു നാമം വി. ദൈവമാതാവിനുള്ളതുകൊണ്ടു അവിടുന്നു പാപം കൂടാതെ ഉത്ഭവിച്ചവളാണെന്നും "ദ്ലോമ്മോ" (എന്നുവച്ചാൽ മാലിന്യമില്ലാത്ത) എന്ന വിശേഷണപദം, ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവരെ മാത്രമെ ഉപയോഗിക്കയു

ള്ളു. അങ്ങിനെയുള്ളവർ മിശിഹായും തന്റെ മാതാവും മാത്രമാണ്. അതിനാൽ അവർക്കു മാത്രമെ ഈ വിശേഷണം യോജിക്കയുള്ളു എന്നും മററും ദൈവമാതാവിന്റെ അമലോത്ഭവം സംബന്ധിച്ചു കോട്ടയം കാത്തോലിക് മിഷ്യൻ പ്രസ്സിൽ നിന്നു "A. M. D. G. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ" എന്ന പേരിൽ "സത്യസ്നേഹി" പരസ്യപ്പെടുത്തിയ ചെറുലേഖയിൽ കാണുന്നു. സ്വഭാവത്തിനപ്പുറമയുള്ള ജനനംമൂലം മിശിഹാ അമലോത്ഭവനാണെന്നു എനിക്കു പൂർണ്ണബോദ്ധ്യമുണ്ടു. അപ്പനിൽനിന്നു കൂടെ ജാതയായ വി: മാതാവും അങ്ങിനെ തന്നെയാണെന്നു സത്യസ്നേഹി പറയുന്നതിന്റെ യഥാർത്ഥം എങ്ങിനെയാണു?

ഉ- എന്റെ ശെമ്മാച്ചാ! ഞാൻ തന്നോടു വളരെ കൃതാർത്ഥനായിരിക്കുന്നു. ഈ പുസ്തകത്തിൽ "യേശുമിശിഹായുടെ ബുദ്ധി ഇവർക്കു സ്വല്പമെങ്കിലുമുണ്ടൊ?" എന്നുള്ള ആവർത്തന ചോദ്യങ്ങളിൽ ൪-ാം ചോദ്യത്തിനു മറുപടിയായി അമലോത്ഭവത്തെ പററി പറഞ്ഞിരിക്കുന്നിടത്തു ഈ കാര്യം കൂടെ പറവാനിടയാകാഞ്ഞതു അശ്രദ്ധപോയതുകൊണ്ടാണ്. ഓർപ്പിച്ചതു വളരെ നന്നായി എന്നു നന്ദി പറഞ്ഞു മറുപടി തരുന്നു. "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോക സ്ഥാപനത്തിന്നുമുമ്പെ നമ്മെ അവനിൽ തെരിഞ്ഞെടുത്തു" എന്നു എപ്പെ. ൧: ൪-ലും, "കറ, ചുളുക്ക മുതലായതു ഒന്നുമില്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നെ തേജസ്സോടെ മുൻനിർത്തേണ്ടതിന്നും താനെത്താൻ അവൾക്കുവേണ്ടി ഏല്പിച്ചുകൊടുത്തു" എന്നു ൫: ൨൭-ലും, "വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ നിങ്ങൾ അനിന്ദ്യരും, പരമാർത്ഥികളും, ദൈവത്തിന്റെ നിഷ്കളങ്കമക്കളും ആകേണ്ടതിന്നു" എന്നു ഫിലി. ൨: ൧൫-ലും, "അവന്റെ മുമ്പിൽ നിങ്ങളെ വിശുദ്ധരും, നിഷ്കളങ്കരും കുററമില്ലാത്തവരുമായി നിറുത്തേണ്ടതിന്നു" എന്നു കൊലൊ. ൧: ൨൨-ലും, "പിന്നെ ഞാൻ സിയോൻ മലയിൽ കുഞ്ഞാടും അവനോടുകൂടെ

നൊറിയിൽ അവൻെറ നാമവും പിതാവിൻെറ നാമവും എഴുതി
യിരിക്കുന്ന നൂററിനാല്പത്തിനാലായിരം പേരും നില്ക്കുന്നതുകണ്ടു...
.............കുഞ്ഞാടു പോകുന്നേടത്തൊക്കെയും അവർ അവനെ അ
നുഗമിക്കുന്നു, അവർ ദൈവത്തിന്നും കുഞ്ഞാടിന്നും ആദ്യഫലമാ
യി മനുഷ്യരുടെ ഇടയിൽ നിന്നു വിലെക്കു വാങ്ങപ്പെട്ടിരിക്കുന്നു. ഭോഷ്ക്ക
അവരുടെ വായിൽ ഉണ്ടായിരുന്നില്ല, അവർ കളങ്കമില്ലാത്തവർ ത
ന്നെ" എന്നു വെളി. 14-ാം അ—5. വാക്യങ്ങളിലും കാണുന്നു. പ്ര
സ്തുത വേദഭാഗങ്ങളിൽ നിഷ്കളങ്കം, കന്യാത്വം, മാലിന്യമില്ലാ
യ്മ എന്നീ അർത്ഥങ്ങൾക്കു കൊടുത്തിരിക്കുന്നതു "നമ്മുടെ കർത്താ
(ക്രിസ്തു) വിനും മാതാവിനും (ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവ
ർക്കു") മാത്രമേ "യോജിക്കയുള്ളു" എന്നു സത്യസ്നേഹി പറയുന്ന
"ശ്ലോമും" എന്ന പദം തന്നെയാണു. ഈ വാക്യങ്ങളിൽ പറ
യുന്ന ആളുകളും ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവരായിരിക്ക
മൊ? ഇവിടെ കുറിച്ചിരിക്കുന്ന വെളി. 14: 1—5. വാക്യങ്ങ
ളിൽ "ശ്ലോമ്മ"കളായ എന്നു പറഞ്ഞാൽ. മാലിന്യമില്ലാത്തവരാ
യ നൂററിനാല്പത്തിനാലായിരം പേർ കുഞ്ഞാടു (ക്രിസ്തു) പോകു
ന്നേടത്തൊക്കെയും അവനെ അനുഗമിക്കുന്നവരായി പറയപ്പെട്ടിരി
ക്കുന്നു. ഈ കൂട്ടത്തിൽ വി. മാതാവില്ലായിരിക്കുമൊ? മാതാവും മ
കനുമായുള്ള യോജിപ്പിനെ വിളക്കും ദീപവും തമ്മിലുള്ള യോജി
പ്പിനോടു സാമ്യപ്പെടുത്തിയിരിക്കെ വിളക്കാകുന്ന മാതാവു ദീപമാ
കുന്ന മകനായ കുഞ്ഞാടിനോടുകൂടെ മേല്പറഞ്ഞ നൂററിനാല്പത്തി
നാലായിരത്തിൽ കാണുകയില്ലെന്നു വരാമൊ? യോജിപ്പിൻ ശ
ക്തിനോക്കിയാൽ ആ തള്ളയാണു പ്രഥമസ്ഥാനത്തു അവനോടു ചേ
ന്നുനില്ക്കേണ്ടതു. അവളല്ലോ ആകാശത്തോളം എത്തുന്ന ഗോവ
ണിയായിതിന്നു/ആ കുഞ്ഞാടിനെ ഭൂമിയിലേക്കു ഇറക്കിക്കൊണ്ടുവ
ന്നതു. ലോകാരംഭത്തിനു മുമ്പു തെരിഞ്ഞെടുക്കപ്പെട്ടവരായി എ
പ്പെ 1: 4-ൽ പറയുന്നവരുടെ കൂട്ടത്തിലും ഇല്ലായിരിക്കുമൊ?
ഓ! ഈ കൂട്ടത്തിൽ ആ മാതാവിനെ കാണുകയില്ല. എന്തെന്നാൽ

പ്രസ്തുത സത്യസ്സോദിയുടെ ലഘുലേഖയിൽ "മാതാവൊ സ്വമാതാ വിൽ ഉത്ഭവാകുന്നതിനു മുമ്പു ഉണ്ടായിരുന്ന ആളല്ല" എന്നു പറ ഞ്ഞിരിക്കുന്നു. ലോകാരംഭവു കൂടെ കഴിഞ്ഞ എത്രകാലം ഇങ്ങ പോന്നതിൽ പിന്നിടാണു മാത വുണ്ടായതു? അങ്ങിനെയുള്ള ഒരാളെ ലോകാരംഭത്തിനുമുമ്പു തെരിഞ്ഞെടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ തപ്പിയാൽ കാണുമൊ? ഒരിക്കലുമില്ല. എന്റെ പ്രിയപ്പെട്ട ശെമ്മാച്ചാ! ഇക്കൂട്ടക്ക ഉഗ്ര്യാഗ്രഹം മോഷ്ടക്ക ആശ്ചര്യവക ണ്ടു കണ്ണറിയാൻ വഹിയാതായിപ്പോയി. നിശ്ചയം. വേണ്ടതുപോലെ ള്ള ദൈവിക സ്മരണയൊ ഗ്രന്ഥമൊ ഇവക്കില്ലെന്നു ഇതു വക സമ്പ്രദായങ്ങൾകൊണ്ടു മനസ്സിലാക്കാമല്ലൊ. ഇവരുടെ ഉപദേശം എച്ചിൽ സമാനം ഗവറു കുപ്പയിൽ തള്ളേണ്ടതാണു.

32 ചോ- അങ്ങനെ പറഞ്ഞാൽ മതിയാവുകയില്ല. വി: ദൈവമാതാവു് അമലോത്ഭവയെന്നു് റോമർ പറയുന്നതു തക്കകാരണത്തിന്മേലാണു് "കന്യകയിൽ നിന്നു സ്വാഭാവിക നിയമത്തിനു് വിരുദ്ധമായ രീതിയിൽ ജനിപ്പിക്കാമെന്നുണ്ടെങ്കിൽ ഇതും (അമലോത്ഭവയായി ജനിപ്പിക്കുന്നതും) ദൈവത്തിനു് അസാദ്ധ്യമല്ലെന്നു നമുക്കു മനസ്സിലാകും" എന്നു് ദൈവത്തിന്റെ സർവ്വശക്തിയെ ആധാരമാക്കിക്കൊണ്ടത്രെ സത്യസ്സേവി സംസാരിക്കുന്നതു. ദൈവം സകലത്തിനും മതിയായവൻ എന്നുള്ള കാര്യത്തിൽ നമുക്കു് തക്കമില്ലല്ലൊ. ആ സ്ഥിതിക്കു് അവരെപ്പോലെ നാം ദൈവത്തിന്റെ സർവ്വശക്തിയിൽ ആശ്രയിച്ചുകൊണ്ടു ദൈവ മാതാവു് അമലോത്ഭവയെന്നു് വിശ്വസിക്കുകയല്ലയൊ വേണ്ടതു?

ഉ- അയ്യോ! എന്റെ ശെമ്മാച്ചാ അറിയാതെയെങ്കിലും താൻ ഈ കാര്യത്തിൽ അല്പം വശീകരിക്കപ്പെട്ടുപോയില്ലയൊ എന്നു് വ്യസനിക്കുന്നു. ദൈവം സർവ്വശക്തൻ എന്നുള്ളതു് ചില കാര്യങ്ങളിലും ചിലെടത്തും ചിലപ്പോഴും ക്ലിപ്തകാലത്തേയ്ക്കും മാത്രമല്ല എല്ലാ കാര്യങ്ങളിലും എല്ലായിടത്തും എല്ലായിപ്പോഴും അന്തമില്ലാതെ എന്നേക്കും അല്ലൊ. എന്നാൽ ഈ കാര്യത്തിൽ റോമാക്കാർ മറിച്ചാണെന്നു് സ്പഷ്ടംതന്നെ. കോപൈശകന്മാരും സ്വ

ബന്ധിച്ച് എല്ലാ കാൎയ്യത്തിലും എന്നപോലെ പെസഹാ കാൎയ്യത്തിലും അതിന്റെ മുറകൾ ഈഷൽഭേദം വരുത്താതെ അതേപ്രകാരം പൂൎണ്ണമായി നിറവേററിയുംവെച്ച് ജീവനെ പ്രദ്യോദിപ്പിക്കുന്ന പുളിപ്പില്ല (അമ്മിറാ) അപ്പത്താൽ വി: കുൎബാന ഏൎപ്പെടുത്തിയെന്നു ഉ പരമ സത്യം മനഃപൂൎവം വിസ്മരിച്ചുകൊണ്ടു് വി: കുൎബാനമൂലം ആൾപിടിച്ചുപണംതട്ടാൻ പാതിരിയും അമ്മീറായും അനുവദിച്ചിരിക്കുന്നതു കാണുക. പ്രസ്തുത വിഷയത്തിൽ അവർ രക്ഷകന്റെ സൎവ്വശക്തിയും മോശെക്കു സൂചനാനിതിയ്ക്കു് ഏതെല്ലാം ഭംഗം വരുത്താതെ മുഴുവനായി നിറവേററിയതിനുശേഷം പൊരുളായ ജീവന്റെ പൂളിമാവാകുന്ന അമ്മീറാ അപ്പത്താൽ തിരുദേഹബലിയുടെ സ്മാരകമായി തന്റെ ശരീരരക്തങ്ങളാകുന്ന വി: കുൎബാന ഏൎപ്പെടുത്തലും ആദായമൂലം കാണാൻ കണ്ണും വിശ്വസിപ്പാൻ ഹൃദയവും ഇല്ലെന്നും; എന്നാൽ, ദൈവമാതാവിനെ ആദായമാൎഗ്ഗമാക്കേണ്ടതു് എങ്ങിനെയെന്നാലോചിച്ചതിൽദൈവം സൎവ്വശക്തനാണെന്നും തനിക്കൊന്നും അസാദ്ധ്യമല്ലെന്നും അവകളെ അന്ധമായി വിശ്വസിക്കുന്നവരാക്കിക്കൊണ്ടാണു് അവളിൽതാൻ ജാതനായതെന്നും ദൈവനീതിക്കും ദൈവസത്യത്തിനും എതിരായി പറഞ്ഞുനടത്താൻ തക്ക ശങ്കുറപ്പുണ്ടെന്നും വന്നതു് വിസ്മയംതന്നെ. ദൈവം സൎവ്വശക്തനെങ്കിലും ആ ശക്തി നീതിവിരുദ്ധമായും സത്യത്തിന്നെതിരായും ഒരിക്കലും ഉപയോഗിച്ചിട്ടില്ല ഉപയോഗിക്കുകയുമില്ല. എന്നാൽ, അവിടുന്നു കൃപയോടെ ദാനംചെയ്തിട്ടുള്ള രക്ഷാകര വിശ്വാസ വിഷയങ്ങളിൽ ഉള്ളവണ്ണം വിശ്വസിപ്പാൻ ചുരുക്കംപേരെങ്കിലും ഉണ്ടായേക്കുമെന്നും അവർമാത്രമെ ദൈവത്തിന്റെ അനുഗ്രഹിക്കപ്പെട്ട മക്കളായിരിക്കുകയുള്ളുയെന്നും അറിയാതിരിക്കത്തക്കവണ്ണം ദോഷ്ക്കുകളുടെ പിതാവു ഇവരുടെ ബോധത്തെ ഇരുളാക്കിക്കളഞ്ഞു കഷ്ടം!) മൂന്നുനാലും ആവൎത്തന ചോദ്യോത്തരങ്ങൾ സൂക്ഷിച്ചുവായിക്കുക.)

33 ചോ:— വി. ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസുശ്ലീഹായ്ക്കു മററു ശ്ലീഹന്മാരെ അപേക്ഷിച്ചു പ്രാധാന്യതയും പരമാ

ധികാരവും ഉണ്ടെന്നും താൻ കർത്താവിന്റെ സ്ഥാനത്തു എല്ലാവരുടേയും തലവനാണെന്നും ആ സ്ഥാനത്തു തന്നെയാണ പാത്രിയക്കീസന്മാർ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതെന്നും ശേഷം മേല്പട്ടക്കാർ പാത്രിയക്കീസന്മാരുടെ കിഴുള്ളവരാണെന്നും ആണല്ലൊ വി. സഭ പഠിപ്പിക്കുന്നതു. എന്നാൽ നമ്മിൽതന്നെ ചിലർ അ ങ്ങിനെയല്ലാ അവർ സമന്മാരാണ. ഇവരേക്കാൾ അധികം നീ എന്നെ സ്നേഹിക്കുന്നുവൊ? എന്ന മൂന്ന ആവർത്തന ചോദ്യങ്ങളും "എന്റെ കുഞ്ഞാടുകളെ മേയിക്കാ" എന്നും മററുമുള്ള മൂന്ന ഭരമേല്പിക്കലുകളും ശ്ലീഹാ മൂന്നുവട്ടം കർത്താവിനെ തള്ളിപ്പറകനിമിത്തം സംഭവിച്ച കുറവുകൾ മൂന്നുവട്ടം ഏററു പറയിച്ചു കൊണ്ടു പൂർത്തിയാക്കിയെന്നല്ലാതെ ആ സംഭവത്താൽ അവനെ എല്ലാവരുടേയും തലവനാക്കുകയായിരുന്നു എന്നു വിശ്വസിക്കുന്നതു ഭോഷത്വമാണെന്നു പറയുന്നുമുണ്ടല്ലൊ. വി. സഭയുടെ പഠിപ്പിക്കൽ ഭോഷത്വമെന്നുവരുമോ? വിശദമായി പറഞ്ഞു സംശയനിവൃത്തി വരുത്തിത്തരുവാനപേക്ഷ?

ഉ- വി. സഭയുടെ ഉപദേശം ഭോഷത്വമാകയില്ല നിശ്ചയം. വി. യോഹന്നാൻ ൨൧: ൧൫—൧൭ വാക്യങ്ങളിൽ പറഞ്ഞിരിക്കുന്ന ആവർത്തന ചോദ്യങ്ങളും ഭരമേല്പിക്കലുകളും കൊണ്ടു ശ്ലീഹായെ എല്ലാവരുടേയും തലവനും പരമാധികാരിയും ആക്കുക തന്നെ ആയിരുന്നു എന്നുള്ളതു വാസ്തവമായ ഒരു സത്യമത്രെ എന്നു പ്രസ്തുത ചോദ്യങ്ങൾ തന്നെ സ്പഷ്ടമായി തെളിയിക്കുന്നുണ്ടു. എങ്ങിനെയെന്നാൽ, ആ കൂട്ടത്തിൽ കർത്തൃ മാർവിൽ ചാരിയവനും ഇവൻ എന്തായിത്തീരുമെന്നു പത്രോസ ശ്ലീഹാ അതിശയമാന്നു ചോദിപ്പാൻ തക്കവണ്ണം അത്രക്കു കർത്താവിനോടു അടുപ്പമുള്ളവനും, കഴുകനു തുല്യം യേശുമിശിഹായുടെ ദിവ്യാവസ്ഥയെ ദർശിച്ചറിഞ്ഞ ദിഷ്ടിയുള്ളവനും, സ്നേഹത്തിൻ ശിഷ്യനെന്നു പേർ പെട്ടവനുമായ വി. യോഹന്നാൻ ശ്ലീഹാപോലും പത്രോസ ശ്ലീഹായേപ്പോലെ കർത്താവിനെ സ്നേഹിച്ചിരുന്നില്ലെന്നുള്ള സംശങ്ക. കർത്താവു മാത്രമേ അറിഞ്ഞിരുന്നുള്ളു എന്നും ആ കാര്യം എല്ലാവ

ഭരയും ഗ്രഹിപ്പിപ്പാനും അങ്ങിനെ സ്നേഹിക്കുന്ന ആളാക കൊണ്ടു അവനെ മേൽസ്ഥാനിയും പരമാധികാരിയും ആക്കിയിരിക്കുന്നു എന്നു സ്പഷ്ടമാകുവാനും ആയിട്ടാകുന്നു "നി ഇവരേക്കാൾ അധികം" എന്ന വിശേഷണം ചെയ്തു ചോദിച്ചു കൊണ്ടു കീഴ്ഭരണത്തിനേൽപ്പെട്ട ജ്ഞാന ആട്ടിൻ കൂട്ടത്തെ മുഴുവനും അവനെ ഭരമേല്പിച്ചതു. ക്നാനായക്കാരിയുടെ 'വലിയ' വിശ്വാസം ലോകസമക്ഷം പ്രത്യക്ഷമാക്കാൻ തിരുമനസ്സായതും ഇങ്ങിനെയത്രെ. ദൈവപുത്രനോടുള്ള പത്രോസു ശ്ലീഹായുടെ, എല്ലാവരുടേതിനേക്കാൾ കൂടുതലായ സ്നേഹത്തെ പിതാവാം ദൈവം മുൻകൂട്ടി കണ്ടുകൊണ്ടാകുന്നു "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു" എന്നു സ്പഷ്ടമായി ധൈര്യസമേതം പൂർണ്ണ വിശ്വാസത്തോടെ പറയാൻതക്കവണ്ണം അവനു തന്റെ പുത്രനെ വെളിപ്പെടുത്തിക്കൊടുത്തതും നമ്മുടെ കർത്താവു അവനു ഭാഗ്യവും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളും ശ്രേഷ്ഠാധികാരാവകാശങ്ങളും കൊടുത്തിട്ടുള്ളതും എന്നു എവരും കൈകൂപ്പി സമ്മതിക്കേണ്ട കാര്യമാണു. (വി മത്താ-൧൬; ൧൭—൧൯) വി. ശ്ലീഹായുടെ കാര്യത്തിൽ, ശ്ഹീമ്മോ നമസ്കാരം വ്യാഴാഴ്ച രാവിന്റെ മൂന്നാം കൌമ്മായുടെ ഹാലേലുയ്യാക്കു ശേഷമുള്ള 'കോലോ' എന്നു പറയുന്ന ലയത്തിന്റെ പ്രാസങ്ങളിൽ (നിത്തുകളിൽ) ഒന്നിൽ "ഞാൻ കടലോരത്തൂടെ സഞ്ചരിച്ചു (സമുദ്ര യാത്ര ചെയ്തു) ശെമ്ഊ (പത്രോസി)ന്റെ കപ്പൽപോലെ വേറെ ഒരു കപ്പൽ ഞാൻ കണ്ടില്ല. എന്തെന്നാൽ അതു ദിഷ്ണാശിമാരെ വഹിച്ചിരിക്കുന്നതും ശ്ലീഹന്മാരെ ഭരിച്ചു നടത്തുന്നതും അനുഗ്രഹീതരായ സഹോദരന്മാരെ ചുമക്കുന്നതും അവരെ സ്വർഗ്ഗപ്രാപ്തരാക്കുന്നതുമായ കപ്പലാകുന്നു" എന്നു പറഞ്ഞിരിക്കുന്നു. ഈ നിത്തിലെ പേരു പാമ്പാക്കുടെ അച്ചടിച്ച പുസ്തകത്തിൽ "മാർ തോമ്മാശ്ലീഹാ" എന്നാകുന്നു കാണുന്നതു. ഇങ്ങിനെ വരാൻകാരണം അതതു ഇടവകകൾ, അതതു പള്ളികൾ ആരാൽ വിശ്വസിക്കുന്നതിനും ആരുടെ നാമത്തിൽ സ്ഥാപിക്കപ്പെടുന്നതിനും സംഗതിയായിത്തീർന്നുവോ അതതു ആളുകളുടെപേർ

ന്നവിടവിടെ പ്രത്യേകംപറഞ്ഞ പ്രാൎത്ഥിക്ക എന്നൊരു സാധാ
രണ പതിവുള്ളതനുസരിച്ച ആശയം ഓൎക്കാതെ ഈ നിത്തിലും
മലങ്കര ഇടവകയുടെ പ്രത്യേകന്മാൎ മാർ തോമ്മാശ്ലീഹാ ആണ
ല്ലൊ എന്നുമാത്രം ഓൎത്തു അച്ചടിച്ചു പോയെന്നേയുള്ളു. ഇതിലും
ഇതുപോലെ വേറെചില നിത്തുകളിലും വി. പത്രോസ ശ്ലീഹായു
ടെപേരല്ലാതെ മററുപേർ പറഞ്ഞ കൂടാത്തതാകുന്നു. ഈ പ്രാസ
ത്തിന്റെ ആരംഭം "ആൽയാമൊ എബ്റേസ് ഉ ആൽ ഗാലൗ
ദാശെസ്" എന്നാകുന്നു. ഇതിന്റെ ആശയ ഗതിയനുസരിച്ച
ള്ള തെളിവു വി. ലൂക്കോസിന്റെ സുവിശേഷം ൨൨: ൨൯-൩൨ വാക്യ
ങ്ങളിൽനിന്നു ഗ്രഹിക്കാം. വി. ലൂക്കോസുതന്നെ ൨൨ാം അദ്ധ്യാ
യം ൨൪--൩൦-ം; വി.മത്താ- ൨൦: ൨൫-൨൮-ം; ൨൩: ൨൨—൨൭-ം; വി
മൎക്കോ- ൧൦: ൩൫--൪൫-ം-വേറെ ചില ഭാഗങ്ങളും സൂക്ഷിച്ചു വായി
ച്ചാൽ എല്ലാവരേയും ഒന്നുപോലെ സമന്മാരായിട്ടല്ല പ്രത്യുത എ
ല്ലാവരുടേയും മേലാവും ഭരണകൎത്താവുമായി രക്ഷകൻ തന്റെസ്ഥാ
നത്തു ഒരാളെ നിയമിക്കാനിരിക്കുന്നു എന്നും അവൻ കൎത്താവിനെ
പോലെ എല്ലാവരുടേയും ശുശ്രൂഷകനും, എല്ലാവൎക്കും വേണ്ടി ത
ന്നെത്തന്നെ ചിലവഴിക്കുന്നവനും ആയിരിക്കണമെന്നും വി: യോ
ഹന്നാന്റേയും വി. ലൂക്കോസിന്റേയും മേല്പറഞ്ഞ ഭാഗങ്ങളിൽ
നിന്നു ആൾ വി പത്രോസ ശ്ലീഹായാണെന്നു (വി മത്താ-൧൬:
൧൮-൧൯) മുതലായ വാക്യങ്ങളിൽ കുറിച്ചിരിക്കുന്നതിൽനിന്നും പത്രോസിന്റെ സ്ഥാന
ത്തു തുടൎച്ചയായി വരുന്ന ആളുകളിൽ കൂടെ അവൻ കൎത്താവു പിടിച്ചു മ
ത്തു ഇരിക്കുമെന്നും വി ലൂ
ഖ്യേ നിന്തിയ ഇഗ്നാത്തിയോസ് കുന്നു ആ ഗിരിക്കുമെന്നും വി ലൂ
ക്കോ- ൧൯: ൧൩-൧൪) ആ പേരിൻ അന്ത്യോഖ്യാ പാത്രിയൎക്കീസ
ന്മാർ നാമകരണം ചെയ്യപ്പെട്ട വി. പത്രോസിനുള്ള സിംഹാസ
നത്തെ അലങ്കരിക്കണമെന്നു കൎത്താവു നിശ്ചയിച്ചിരുന്നു എന്നും
വ്യക്തമാകുന്നുണ്ടു. അങ്ങിനെയായിരിക്കെ പത്രോസ ശ്ലീഹായും പ്ര
ധാന ശ്ലീഹന്മാരുമായിട്ടും പത്രോസിന്റെ സ്ഥാനത്തുള്ള പാത്രിയ
ൎക്കീസും ശേഷം കൎത്താവിക്കാ അഥവാ ... ഇ ...

മേല്പട്ടക്കാരും തമ്മിലും സമന്മാരാണെന്നും മററും പറഞ്ഞു ധിക്കാരാകുട്ടുന്ന കൂട്ടരേക്കുറിച്ചു അവർ കേവലം പിഴയാളികളെന്നല്ലാതെ എന്റെ ശെമ്മാച്ചാ! ഞാനൊന്നും പറവാൻ കാണുന്നില്ലാ. എല്ലാവരേക്കാൾ അധികം സ്നേഹിക്കുന്നവനെ എല്ലാവരേക്കാൾ കൂടുതൽ വിശ്വസിക്കും, എല്ലാവരേക്കാൾ കൂടുതൽ വിശ്വസിക്കുന്നവങ്കൽ എല്ലാം എന്നല്ല എത്ര വില പിടിച്ച വസ്തുവും ഏല്പിക്കും. മനുഷ്യാത്മാക്കളോളം വില പിടിച്ച സാധനം വേറെ ഇല്ല. അതിൽ ഒരൊററ ആത്മാവിനു ലോകം മുഴുവനുംകൂടിയാലും ഈടം കയ്യമില്ല. അത്ര വിലയേറിയ സാധനങ്ങളാകുന്ന കുഞ്ഞാടുകൾ, മുട്ടാടുകൾ, പെണ്ണാടുകൾ ഇങ്ങിനെ മനുഷ്യകുലം മുഴുവനുമടങ്ങിയ ജ്ഞാന ആട്ടിൻകൂട്ടത്തെ ആരു അല്ലെങ്കിൽ എങ്ങിനെയുള്ളവൻ എന്നുള്ള പരിശോധനകൂടാതെ കണ്ടമാനം വല്ലവരേയും ഏല്പിക്കാനല്ല രക്ഷകൻ ദൈവത്തിന്റെ ജ്ഞാനം എന്നുള്ളപേർഎടുത്തിരിക്കുന്നതു; പിന്നയൊ ഇവരേക്കാൾ അധികം നീ എന്നെ സ്നേഹിക്കുന്നുവൊ എന്നു പ്രസ്തുത ആട്ടിൻകൂട്ടത്തിന്റെ വിഭാഗങ്ങൾക്കനുസരണമായി മൂന്നു പ്രാവശ്യം ആവർത്തിച്ചു ചോദിച്ചു വി. പത്രോസിന്റെ അത്രക്കു വലിയ സ്നേഹത്തെപ്രസ്പഷ്ടമാക്കിക്കൊണ്ടത്രെ എല്ലാം ശ്ലീഹായെ ഭരമേല്പിച്ചതെന്നും അവനെ സഭയുടെ സർവ്വാധികാരി ആക്കിയതെന്നും അതാണു പിന്തുടർച്ചയായി ഇങ്ങ് നിലനിന്നു പോരുന്നതെന്നും എവനും സമ്മതിച്ചു കീഴ്വഴങ്ങിയെ തീരു.

34 ചോ. പ്രമാണം ലംഘിച്ചു നാല്ക്കാലികളെ പോലെയും. വേണ്ടിടത്തോട്ടും വേണ്ടിടത്തുനിന്നുമുള്ള ആലോചനയും അനുമതിയുമില്ലാതേയും യഥേഷ്ടം മാറിക്കെട്ടുകയും കെട്ടിക്കയും ചെയ്യുന്നതു പൂർവ്വികവും പരിപാവനവുമായ നമ്മുടെസഭയ്ക്കു ചേരുന്നതാണൊ? തത്സംബന്ധമായി ചുമതലയുള്ളവർ മൌനം ദീക്ഷിക്കുന്നതു കൊള്ളാമൊ?

ഉ- ഇതെപ്പററി വിസ്തരിച്ചുപറയാൻ സമയമില്ലാത്തതുകൊ

ണ്ട ചുരുക്കത്തിൽ മാത്രംപറയുന്നു. അഗാധമമ്മങ്ങളടങ്ങിയവിവാഹമെന്ന പരിശുദ്ധ ഐക്യബാന്ധവത്തിൻെറ സ്ഥാപകൻ സവ്വേശ്വരൻതമ്പുരാൻ ആകകൊണ്ടും (ഉല്പ. ൨: ൨൧—൨൪) പഴയ നിയമത്തിൻെറ അന്ത്യമാകുന്ന മലാഖിപ്രവാചകൻ മൂലം സവ്വേശ്വരൻ തമ്പുരാൻ തന്നെ "ഉപേക്ഷണം ഞാൻ വെറുക്കുന്നു" എന്നുംകൂടെ കശനമായി കല്പിച്ചിട്ടുള്ളതുകൊണ്ടും (മലാ. ൨: ൧൪, ൧൬) പഴയനിയമ തലവനും അവതാരപുരുഷനായിമഹാപുരോഹിതനായ ദൈവ പുത്രൻെറ മുൻഗാമിയുമായ മൂശ ആ സ്ഥാപനത്തെ ഒന്നു സ്പശിച്ചു പോയതു ആ കാലന കണ്ണന്മാരായ യൂദന്മാരുടെ ഹൃദയകാഠിന്യം നിമിത്തമാകയാൽ ആ പരിശുദ്ധ പുത്രൻ അവനെ ശിക്ഷിച്ചില്ലെങ്കിലും വ്യഭിചാരക്കുററം കൊണ്ടല്ലാതെ ഭാൎയ്യയെ ഉപേക്ഷിപ്പാൻ യാതൊരുത്തനും അധികാരമില്ലെന്നുംമററും കല്പിക്കയും ദൈവം ഇണചേൎത്തതിനെ മനുഷ്യർ വേർപിരിക്കരുതെന്നും ആജ്ഞാപിച്ചു അതിനെ പുതുക്കി യഥാസ്ഥിതിയിൽ പുനഃ സ്ഥാപിക്കയുംചെയ്തതുകൊണ്ടും (വി. മത്താ. ൧൯: ൩—൧൨) മൂന്നാം സ്വൎഗ്ഗത്തോളം എടുത്തുകൊള്ളപ്പെട്ട് അവൎണ്ണനീയ സ്തുതിപ്പുകളും കീൎത്തനങ്ങളും കേൾപ്പാൻതക്ക പുണ്യപുരുഷനായിത്തീൎന്ന വി. പൗലോസ്ശ്ലീഹാ (൨. കോറി. ൧൨: ൧—൧൨) "ഈ രഹസ്യം വലിയതാകുന്നു." എന്നു പറഞ്ഞു ക്രിസ്തുവിനോടും തൻെറ സഭയോടും അവരെ (മണവാളനേയും, മണവാട്ടിയേയും) സാമ്യപ്പെടുത്തിയിരിക്കകൊണ്ടും (എപ്പെ. ൫: ൨൨—൩൩) വിവാഹത്തിൻെറ വായന) പരിശുദ്ധാത്മ ആവേശിതരായ വി. പിതാക്കന്മാർ അത്രക്ക ഒഴിച്ചുകൂടാത്ത കാരണങ്ങളാലല്ലാതെ ഒരിക്കലും വിവാഹമോചനം അനുവദിക്കത്തക്കതല്ലെന്നു നിശ്ചയിച്ചു നിശ്ചയം ചെയ്തിട്ടുള്ളതുകൊണ്ടും വി. വിവാഹബാന്ധവം കാതോലിക്കാസഭയുടെ അടിസ്ഥാനത്തെ സ്പൎശിക്കുന്നതെന്നല്ല അടിസ്ഥാനംനായവേരുമാകകൊണ്ടും ദൈവപുത്രനായ മഹാപുരോഹിതൻെറ പിൻഗാമിയായ വി. മോറാൻ പാത്രിയക്കീസ്ബാവാ സ്ഥാനത്തു

തിരുമനസ്സുകൊണ്ടു നേരിട്ടോ (പുറപ്പാട്. ൧൮: ൨൨; സംഖ്യ. ൧൧:
൧൭) താഴെയുള്ള മേല്പട്ടക്കാരുടെ അന്വേഷണ നടപടിയിൻ റി
പ്പോർട്ടിന്മേലോ വി. വേദാനുസരണം സഭാനിയമപ്രകാരം ആകു
ന്ന പക്ഷം അവലംബമില്ലാത്തതോ ന്യായരഹിതമായി പ്രവൎത്തിക്കുന്ന
തിൽ ചുമതലയുള്ളവർ മൗനം ദീക്ഷിക്കുന്നതു അനുഗ്രഹക്കേടി
നും വി. സഭയുടെ നാശത്തിനും കാരണമാകയാൽ ശിക്ഷാർഹമാ
യിട്ടുള്ളതും ആകുന്നു.

എന്നാൽ മത്സരബുദ്ധികൾക്കു മേൽവിവരിച്ചതുപോലെ ന്യാ
യാനുസരണം പ്രവൎത്തിക്കുന്നതു എന്നല്ല ഇങ്ങിനെയൊക്കെ കേ
ൾക്കുന്നതുതന്നെ മൎമ്മഭേദകമാണു. അവൎക്കു ചില കുതന്ത്രങ്ങൾ പ്ര
യോഗിച്ചും ദുരാത്താശകൾ കൊടുത്തു രജിസ്റ്റ് പ്രമാണം നിൎമ്മി
ച്ചും അന്യായം പ്രവൎത്തിച്ചു അനുഗ്രഹക്കേടും സഭയിൽ കുഴപ്പ
വും നാശവും ഉണ്ടാക്കണമെന്നേ വിചാരമുള്ളു. ഇത്തരക്കാർ മൂല്ല
ത്തം അടുത്തുവരുമ്പോൾ. തങ്ങൾക്കു പങ്കില്ലെന്നുള്ള ഭാവേന അ
യൽവക്കത്തു നിന്നു വിദൂരപ്രദേശത്തേക്കു കടന്നു കളകയും, വല്ലവ
രും സങ്കടം ബോധിപ്പിച്ചാൽ നല്ല ആളായിട്ടു റിപ്പോർട്ടിനയക്കു
യും, പിള്ളമാമ്മൂദീസാ ആകുമ്പോഴേക്കും സ്ഥലത്തെത്തി മന്ത്രിമാരു
മായി കൂടി ആലോചിച്ചു അവാസ്തവവും അസത്യകാൎയ്യവുമായ
റിപ്പോർട്ടെഴുതിച്ചും ഇക്കാലത്തു ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ മൗന
വ്രതമനുഷ്ഠിക്കയല്ലാതെ ഗത്യന്തരമില്ലെന്നു മറുപടികൊടുത്തും കേ
സ്സുതള്ളി വിധികല്പിക്കയും ചെയ്യും.

35 ചോ- ഒരത്യാവശ്യകാൎയ്യംകൂടെ ചോദിച്ചു കൊള്ളട്ടെ.
വട്ടശ്ശേരിൽ മെത്രാച്ചൻ ഗവൎമ്മെണ്ടുവിധി മൂലം വിജയം പ്രാപി
ച്ചും വി. പാത്രിയൎക്കീസു ബാവാ തിരുമേനിയാൽ മുടക്കിൽ നിന്നു
വിമോചനം പ്രാപിച്ചും, എന്നാൽ പ്രസ്തുത സംഭവങ്ങൾക്കു മു
മ്പുണ്ടായിരുന്നതിനേക്കാൾ മത്സര വികടതകളിൽ മുതിൎന്നും ഇരി
ക്കുന്ന ഈ ഘട്ടത്തിൽ അദ്ദേഹത്തോടും "പുര കത്തിയ്ക്കു ശത്രുവി
ന്റെ വാഴത്തോട്ടം നശിപ്പിക്കാനവസരം" എന്ന മട്ടിൽ, വി.

ത്രിയക്കീസു ബാവാ തിരുമനസ്സ് കൊണ്ടു കാലം ചെയ്തു തന്റെ വി
കൃതചേഷ്ടകളാകുന്ന ചാപല്യങ്ങൾ അരങ്ങത്താക്കാൻ തക്കം
കിക്കൊണ്ടു തുള്ളിക്കളിച്ചു തുടങ്ങിയിരിക്കുന്ന തിമോഥെയോസു തി
രുമേനിയോടും എങ്ങിനെയാണു നാം പെരുമാറേണ്ടതു?

ഉ- കൂദാശ അല്ലെങ്കിൽ ആരാധനാ സംബന്ധമല്ലാത്ത വല്ല
തെങ്കിലും ഒഴിച്ചുകൂടാത്ത ആവശ്യമൊ അതുപോലുള്ള മറവു വല്ല
ഭവിഷ്യമൊ നേരിട്ടിട്ടു കാണ്മാൻ സംഗതിയായാൽ മുടക്കില്ലെന്നുള്ള
കാരണത്തിന്മേൽ കൈമുത്തുക, മറവു വേഷധാരികളൊ മുടക്ക
പ്പെട്ടവരൊ കൂടാതെ അവിടന്നു തനിച്ചു നടത്തുന്ന കർമ്മങ്ങളിൽ
സംബന്ധിക്കയൊ ചെയ്യുന്നതുകൊണ്ടു ദോഷം ഇല്ലെന്നല്ലാതെ
ദൈവകൃപയാൽ, സത്യഭാഗത്തു ആത്മവിഷ്യതികൾ നടത്താൻ ആ
വശ്യത്തിനു ധാരാളം മെത്രാച്ചന്മാരും മറവു വൈദികന്മാരും ഉള്ള
പ്പോൾ കൈക്കിട്ടുകേറിച്ചെന്നൊ ഏഴുന്നെള്ളിച്ചു കൊണ്ടുവന്നൊ
ഉമ്മമുത്തുകയൊ മററൊ ചെയ്യാൻ ഒരിക്കലും ആവശ്യമി
ല്ലാത്തതാകുന്നു. മുടക്കതിന്നില്ലൊ എന്നു കാരണം പറഞ്ഞുകൊ
ണ്ടു കൈക്കിട്ടുകേറി പ്രവർത്തിക്കുന്നവരുടെ പേരിൽ അതു കുററകര
മായിരിക്കും. മുടക്കതിരുന്നതിനുമുമ്പു അദ്ദേഹത്തെ ആദരിച്ചുകൊ
ണ്ടു നടന്നവരല്ലാതെ കാര്യവിവരമുള്ളവരും സൽവൃദ്ധികളും അ
വിടത്തെ ഈ ശപിക്കപ്പെട്ടമത്സരനിലയിൽ കൂട്ടുകൂടുകയില്ലെന്നു
നിശ്ചയമാണു.

മാർ തിമൊഥെയോസു മെത്രാച്ചന്റെ ചപ്പടാവച വിളയാട്ടു
ചാപല്യം ചില സഹൃദയന്മാരുടെ ശക്തിമത്താ... സദ്ഗുണദോ
ഷാനിമിത്തം കെട്ടുമെന്നങ്കിലും "............ ...."
എന്നു പായുപോലെയാണു ഇപ്പോഴത്തെ പ്രകൃതി. ഇതിനു ല
ക്ഷ്യമായി കോലഞ്ചേരി പ്രദേശത്തെക്കു വീക്ഷിക്കുന്ന ഏവക്കും
വിഷമംകൂടാതെ ഗ്രഹിപ്പാൻ കഴിയും. പിന്നെ എന്തിനാ ശെ
മ്മാച്ചാ! എന്നെ ബുദ്ധിമുട്ടിക്കുന്നതു? അദ്ദേഹം ഇപ്പോൾ, ദുർബു
ദ്ധ്യാ തീണ്ടിതിന്നവരോടു മററാളുകളെ ഓരോ സൂത്രങ്ങളും വഞ്ചന
കളും പ്രയോഗിച്ചു തൊട്ടുതീററി മലിനന്മാരും മത്സരികളും ആക്കു

കയാണ. ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ, അവനവന്റെ മെത്രാച്ചനാണ എന്നു ഒഴികഴിവുപറഞ്ഞു കണ്ണടച്ചുകൊണ്ടു വഴിപ്പെടുകയൊ മൌനം ദീക്ഷിക്കയൊ ചെയ്യുന്നവർ സത്യവാന്മാരെന്നു പറവാൻ ഒരിക്കലും നിവൃത്തിയില്ല എന്നു പറഞ്ഞുകൊണ്ടു നിൎത്തുന്നു.

താൻ ആലുവായിൽ കയറി തിരുമേനിയേയും കണ്ടിട്ടല്ലാതെ വടക്കോട്ടു പോകയില്ലല്ലൊ. കണ്ടിട്ടേ പോകയുള്ളു. എന്നാൽ എനിക്കും തൊകലനച്ചനും ഒരു വിധം സുഖമാണെന്നും ഞങ്ങൾ തിരുമനസ്സിലെ പ്രാൎത്ഥനയും അനുഗ്രഹവും അപേക്ഷിക്കുന്നു എന്നും കൂടെ തിരുമനസ്സറിയിക്കണം. കേട്ടൊ, ഓ അങ്ങിനെ ചെയ്യാം. ഇനി താമസിക്കയല്ല. പോകുന്നു. അങ്ങിനെ ആകട്ടെ.

സമാപ്തി

ശുദ്ധിപത്രം

പുറം.	വരി	അശുദ്ധം	ശുദ്ധം
7	9	നെയിൽ	തെയിൽ
8	25	കാലത്തു അവർ	കാലത്തുള്ളവർ
11	20	തമ്മുടെ	നമ്മുടെ
20	8	സുഭാ 6: 10;	സുഭാ. 9: 10;
"	22	ശവു	ശമ്മ
22	14	അളവിൻ	അറിവിൻ
27	5	ൽ ആണ...	ം ആണ...
42	28	ഇരിക്കുമ്പോൾ മെസേഴ്സു	ഇരിക്കുമ്പോൾ ഇതാമെ..
52	27	1 കോറി. 9: 18—22	1 കോറി. 9:18—23
55	7	നാലാമമത്തെ	നാലാമത്തെ
82	8	അൻങ്ങക്ക പട്ടതാ ..	അൻങ്ങക്കമേല്പട്ടതാ...
99	5	ഇവരെ	ഇവയെ
100	12	നിഷേധിച്ചിതന്നവനുമായ	നിഷേധിച്ചിട്ടിതന്നവനുമായ
111	29	കൂടപ്പെട്ടിരിക്കുന്ന	കൂടപ്പെട്ടിരുന്ന
113	17	മസൂർ 131	മസൂർ 138
125	2	പാനിയപ്പെട്ടിരിക്കുന്ന	പാനിയമാളിരിക്കുന്ന
134	26	കളയാമെന്ന	കളയാമെന്നാണ
140	19	1524 മകരം 52	1924 മകരം 25
146	14	അവന്റെ	തന്റെ
150	1	ചെയ്യാനുള്ള	ചെയ്യാളുള്ള

N. B. 100-ാംപുറം 4-ാം വരിയിൽ 'അടിയന്തിരങ്ങൾ' എന്നക ഴിഞ്ഞ 'നേർച്ചകാഴ്ചകൾ' എന്നും 148-ാംപുറം 24-ാം വരിയി ൽ 'കൂടക്കകൊണ്ടു' എന്നു കഴിഞ്ഞു 'പോയിട്ടില്ലെന്നും' കൂടി ചേർത്തു വായിക്കേണ്ടതാണ.

Compiled by Joice Thottackad for the glory of God and for the benefit of humankind